सत्यमेव जयते

# ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട്

# കേരള സർവകലാശാലയുടെ പ്രവർത്തനം

लोकहितार्थ सत्यनिष्ठा
Dedicated to Truth in Public Interest

## കേരള സർക്കാർ

## 2022 വർഷത്തെ റിപ്പോർട്ട് നമ്പർ 4

2022 ജൂലൈ 20-ന് നിയമസഭയിൽ വെച്ചത്

# ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട്

# കേരള സർവകലാശാലയുടെ പ്രവർത്തനം

## കേരള സർക്കാർ

## 2022 വർഷത്തെ റിപ്പോർട്ട് നമ്പർ 4

# ഉള്ളടക്കം


| ഖണ്ഡിക | വിവരണം | പുറം |
|---|---|---|
| | ആമുഖം | v |
| | മുഖ്യ സംഗ്രഹം | vii |
| | **അദ്ധ്യായം I – അവതാരിക** | |
| 1.1 | ഘടന | 1 |
| 1.2 | ഓഡിറ്റ് ലക്ഷ്യങ്ങൾ | 3 |
| 1.3 | ഓഡിറ്റ് മാനദണ്ഡം | 3 |
| 1.4 | ഓഡിറ്റിന്റെ വ്യാപ്തിയും രീതിയും | 4 |
| 1.5 | കൃതജ്ഞത | 5 |
| 1.6 | ഓഡിറ്റ് കണ്ടെത്തലുകൾ | 5 |
| | **അദ്ധ്യായം II – ആസൂത്രണം, അക്കാദമിക് പ്രവർത്തനങ്ങൾ, സാമ്പത്തിക നിർവ്വഹണം** | |
| **എ) ആസൂത്രണവും അക്കാദമിക് പ്രവർത്തനങ്ങളും** | | |
| 2.1 | അംഗീകൃത മാസ്റ്റർ പ്ലാനിന്റെ അഭാവം | 7 |
| 2.2 | കോളേജ് ഡെവലപ്മെന്റ് കൗൺസിലിന്റെ പ്രവർത്തനം | 8 |
| 2.3 | അക്കാദമിക് പ്രവർത്തനങ്ങൾ | 10 |
| 2.4 | അഫിലിയേറ്റഡ് കോളേജുകൾ | 14 |
| **ബി) സാമ്പത്തിക നിർവ്വഹണം** | | |
| 2.5 | പൊതു വികസന സഹായ ഗ്രാന്റിന്റെ നഷ്ടം | 17 |
| 2.6 | സ്ഥിരനിക്ഷേപത്തിലെ ₹21 കോടിയുടെ പലിശ വരുമാന നഷ്ടം | 18 |
| 2.7 | സർക്കാരിൽ നിന്ന് ശമ്പള പരിഷ്കരണ കുടിശ്ശിക ലഭിക്കാത്തത് | 20 |
| 2.8 | ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റിൽ നിന്ന് ₹19.09 കോടി പാട്ട വാടക ഈടാക്കാത്തത് | 22 |
| 2.9 | വാർഷിക അഡ്മിനിസ്ട്രേഷൻ ഫീസ് ആയ ₹11.63 കോടി ഈടാക്കാത്തത് | 24 |
| 2.10 | സ്വാശ്രയ സ്ഥാപനങ്ങൾ | 25 |
| 2.11 | ഡിമാൻഡ് കളക്ഷൻ ബാലൻസ് സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കാത്തതും ബാങ്ക്/ട്രഷറി ഇടപാടുകളുടെ റിക്കൺസിലിയേഷൻ നടത്താത്തതും | 26 |
| 2.12 | തീർപ്പാക്കാത്ത അഡ്വാൻസുകളുടെ ക്രമീകരണം | 28 |
| 2.13 | റിസർച്ച് ഫെലോഷിപ്പും ശമ്പളവും സ്വീകരിച്ചത് | 29 |
| 2.14 | സർവകലാശാല പ്രോവിഡന്റ് ഫണ്ട് | 31 |
| 2.15 | മലയാളം ശബ്ദകോശം പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട വിഫലമായ ചെലവ് | 31 |
| 2.16 | തമിഴ് – മലയാളം നിഘണ്ടു തയ്യാറാക്കൽ | 32 |
| 2.17 | ഉപസംഹാരം | 33 |
| 2.18 | ശിപാർശകൾ | 34 |

| ഖണ്ഡിക | വിവരണം | പുറം |
| --- | --- | --- |
| | **അദ്ധ്യായം III – മാനവ വിഭവശേഷി** | |
| 3.1 | മാനവ വിഭവശേഷി | 37 |
| 3.2 | സർവകലാശാലയിലെ ഇന്റേൺഷിപ്പ്/ കൺസൾട്ടൻസി/ സ്റ്റാർട്ട് അപ്പ് പ്രവർത്തനങ്ങൾ | 44 |
| 3.3 | പ്ലേസ്മെന്റ് സെല്ലിന്റെ പ്രവർത്തനം | 45 |
| 3.4 | ഗവേഷണം | 47 |
| 3.5 | ഉപസംഹാരം | 49 |
| 3.6 | ശിപാർശകൾ | 50 |
| | **അദ്ധ്യായം IV – പരീക്ഷ** | |
| 4.1 | പരീക്ഷ നടത്തിപ്പിലും ഫലം പ്രസിദ്ധീകരിക്കുന്നതിലുമുള്ള കാലതാമസം | 51 |
| 4.2 | സിലബസിന് പുറത്ത് നിന്നുള്ള ചോദ്യങ്ങൾ | 52 |
| 4.3 | പരീക്ഷാ നടപടി ക്രമങ്ങളിലെ ന്യൂനതകൾ | 54 |
| 4.4 | കോളേജുകളിൽ/പരീക്ഷാകേന്ദ്രങ്ങളിൽ സൂക്ഷിക്കുന്ന എഴുതാത്ത ഉത്തര പുസ്തകങ്ങളുടെ കണക്കെടുപ്പ് സംവിധാനത്തിലെ ന്യൂനതകൾ | 56 |
| 4.5 | ഉത്തരക്കടലാസുകൾ കാണാതായത് | 57 |
| 4.6 | ടാബുലേഷൻ സോഫ്റ്റ്‌വെയറിൽ പര്യാപ്തമായ നിയന്ത്രണങ്ങൾ ഇല്ലാത്തത് | 58 |
| 4.7 | പുനർമൂല്യനിർണയത്തിലെ കാലതാമസം | 61 |
| 4.8 | സർട്ടിഫിക്കറ്റുകളുടെ വിതരണം | 62 |
| 4.9 | ഉപസംഹാരം | 64 |
| 4.10 | ശിപാർശകൾ | 64 |
| | **അദ്ധ്യായം V – അടിസ്ഥാനസൗകര്യങ്ങൾ** | |
| 5.1 | മാനദണ്ഡങ്ങൾക്ക് അനുസൃതമായുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ലാത്തത് | 67 |
| 5.2 | ആരോഗ്യപരിപാലന സൗകര്യം | 70 |
| 5.3 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സൗകര്യങ്ങൾ | 73 |
| 5.4 | സർവകലാശാലാ സോഫ്റ്റ്‌വെയറിലെ അപര്യാപ്തതകൾ | 75 |
| 5.5 | കേരള സർവകലാശാലയുടെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവൃത്തികളുടെ നടത്തിപ്പിലെ പോരായ്മകൾ | 82 |
| 5.6 | ഉപസംഹാരം | 84 |
| 5.7 | ശിപാർശകൾ | 84 |

| അനുബന്ധങ്ങൾ | | |
|---|---|---|
| **അനുബന്ധം 1.1:** | ഘടനാ ചിത്രം | 87 |
| **അനുബന്ധം 1.2:** | കേരള സർവകലാശാലയിലെ സ്ഥാപനങ്ങളുടെയും സഹായകേന്ദ്രങ്ങളുടെയും പട്ടിക | 88 |
| **അനുബന്ധം 1.3:** | ഓഡിറ്റിൽ ഉൾപ്പെടുത്തിയ സ്ഥാപനങ്ങളുടെ പട്ടിക | 89 |
| **അനുബന്ധം 1.4:** | 2010 മാർച്ച് 31–ന് അവസാനിച്ച വർഷത്തേയ്ക്കുള്ള ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ (സിവിൽ) റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്ന "കേരള സർവകലാശാലയുടെ പ്രവർത്തനം" എന്ന പ്രവർത്തനക്ഷമതാ ഓഡിറ്റിന്റെ ചർച്ചയ്ക്കുശേഷമുള്ള പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ സംഗ്രഹങ്ങളും ശിപാർശകളും | 91 |
| **അനുബന്ധം 2.1:** | മാസ്റ്റർ പ്ലാനിന് കീഴിൽ സർവകലാശാല നിർവ്വഹിച്ച പ്രവർത്തനങ്ങളുടെ പട്ടിക | 95 |
| **അനുബന്ധം 2.2:** | ബോർഡ്സ് ഓഫ് സ്റ്റഡിയുടെ രൂപീകരണത്തിലെ പോരായ്മകൾ | 97 |
| **അനുബന്ധം 2.3:** | മൂന്ന് വർഷത്തിലേറെയായി സിലബസ് പരിഷ്കരിക്കാത്ത കോഴ്സുകളുടെ പട്ടിക | 99 |
| **അനുബന്ധം 3.1:** | സർവകലാശാലയിലെ വിവിധ വിഭാഗങ്ങളിൽ അധ്യാപക ഒഴിവുകളുടെ പട്ടിക, 2021 ഒക്ടോബർ വരെയുള്ളത് | 100 |
| **അനുബന്ധം 4.1:** | പരീക്ഷ നടത്തിപ്പിലും ഫലപ്രസിദ്ധീകരണത്തിലുമുണ്ടായ കാലതാമസം | 104 |
| **അനുബന്ധം 4.2:** | കോളേജുകൾ ചോദ്യപേപ്പർ കെട്ടുകൾ തെറ്റായി തുറന്നത് | 105 |
| **അനുബന്ധം 4.3:** | റദ്ദാക്കിയ ചോദ്യപേപ്പറുകൾ ഉപയോഗിച്ചുള്ള പരീക്ഷാ നടത്തിപ്പ് | 108 |
| **അനുബന്ധം 4.4:** | സർവകലാശാലയിൽ നിന്ന് നഷ്ടപ്പെട്ട ഉത്തരക്കടലാസുകൾ | 109 |
| **അനുബന്ധം 4.5:** | കോളേജിൽ നിന്ന് / മൂല്യനിർണ്ണയത്തിന് നിയോഗിക്കപ്പെട്ട അധ്യാപകരിൽ നിന്ന് നഷ്ടപ്പെട്ട ഉത്തര കടലാസുകൾ | 111 |
| **അനുബന്ധം 4.6:** | വിദഗ്ദ്ധ സമിതിയുടെ ശിപാർശകളിൽ സർവകലാശാല നടപ്പാക്കാത്തവ | 113 |
| **അനുബന്ധം 5.1:** | യു.ഐ.റ്റികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് | 114 |
| **അനുബന്ധം 5.2:** | യു.ഐ.എമ്മുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് | 118 |
| **അനുബന്ധം 5.3:** | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ലഭ്യമായ സൗകര്യങ്ങളുടെ വിശദാംശങ്ങൾ | 120 |
| **അനുബന്ധം 5.4:** | സോഫ്റ്റ്‌വെയർ /വെബ് സൈറ്റുകളുടെ സുരക്ഷാ ഓഡിറ്റുമായി ബന്ധപ്പെട്ട വിവരങ്ങൾ | 121 |
| **അനുബന്ധം 5.5:** | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള അനുമതിയില്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ പട്ടിക | 125 |
| **അനുബന്ധം 5.6:** | കാലതാമസം വന്ന/പൂർത്തിയാകാത്ത പ്രവൃത്തികൾ | 126 |

# ആമുഖം

ഭരണഘടനയുടെ 151(2)-ാം അനുച്ഛേദം അനുസരിച്ച് കേരള നിയമസഭയിൽ വയ്ക്കുന്നതിനായി കേരള ഗവർണ്ണർക്ക് സമർപ്പിക്കാൻ വേണ്ടിയാണ് 2021 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

2016-21 കാലയളവിലെ 'കേരള സർവകലാശാലയുടെ പ്രവർത്തനം' എന്നതിന്റെ പ്രവർത്തനക്ഷമതാ ഓഡിറ്റിന്റെ കണ്ടെത്തലുകൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡ്സ് അനുസരിച്ചാണ് ഓഡിറ്റ് നടത്തിയിട്ടുള്ളത്.

കേരള സർവകലാശാലയും ഉന്നത വിദ്യാഭ്യാസ വകുപ്പും ഓഡിറ്റ് നടപടിക്രമങ്ങളുടെ ഓരോ ഘട്ടത്തിലും നൽകിയ സഹകരണത്തിന് ഓഡിറ്റ് കൃതജ്ഞത രേഖപ്പെടുത്തുന്നു.

റിപ്പോർട്ടിന്റെ മലയാളം പരിഭാഷയിൽ ആശയ വൈരുദ്ധ്യം തോന്നുന്നപക്ഷം ഇംഗ്ലീഷിലുള്ള അസ്സൽ റിപ്പോർട്ടിനെ ആധികാരികമായി കരുതേണ്ടതാണ്.

## മുഖ്യ സംഗ്രഹം

അക്കാദമിക് പ്രവർത്തനങ്ങളുടെ ആസൂത്രണവും നടപ്പാക്കലും, മാനവ വിഭവശേഷിയുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും രൂപീകരണവും വികസനവും, സർവകലാശാലയുടെ സാമ്പത്തിക നിർവ്വഹണം എന്നിവ വിലയിരുത്തുന്നതിനായി 'കേരള സർവകലാശാലയുടെ പ്രവർത്തനം' എന്നതിന്റെ പ്രവർത്തനക്ഷമതാ ഓഡിറ്റ് നടത്തി. പ്രവർത്തനക്ഷമതാ ഓഡിറ്റിന്റെ പ്രധാനപ്പെട്ട കണ്ടെത്തലുകൾ താഴെ കൊടുത്തിരിക്കുന്നു.

### ആസൂത്രണം, അക്കാദമിക് പ്രവർത്തനങ്ങൾ, സാമ്പത്തിക നിർവ്വഹണം

പ്രവർത്തന പുരോഗതി കൃത്യമായി നിരീക്ഷിക്കാൻ കഴിയും വിധം ഒരു അംഗീകൃത മാസ്റ്റർ പ്ലാൻ സർവകലാശാലയ്ക്ക് ഉണ്ടായിരുന്നില്ല. അതിനാൽ, അടിസ്ഥാന സൗകര്യ വികസന പ്രോജക്ടുകൾ, സോഫ്റ്റ്‌വെയർ, സിലബസ് പരിഷ്കരണം മുതലായവ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ പോരായ്മകളുണ്ടായി.

*(ഖണ്ഡിക 2.1)*

അഫിലിയേറ്റഡ് കോളേജുകളുടെ സംയോജിത വികസനം ഉറപ്പാക്കുന്നതിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ വിഭാവനം ചെയ്ത കോളേജ് ഡെവലപ്മെന്റ് കൗൺസിലിൽ ഒരു അംഗം മാത്രമെ ഉണ്ടായിരുന്നുള്ളു. യു.ജി.സി മാർഗ്ഗരേഖകളിൽ പ്രതിപാദിച്ചപോലെ കോളേജുകളുമായി ആശയവിനിമയം നടത്തിയില്ല.

*(ഖണ്ഡിക 2.2)*

അക്രഡിറ്റേഷൻ നേടേണ്ട 17 യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട്സ് ഓഫ് ടെക്നോളജിയിലൊന്നും അക്രഡിറ്റേഷൻ പ്രക്രിയ ആരംഭിച്ചിട്ടില്ല. അക്രഡിറ്റേഷന്റെ അഭാവത്തിൽ, നൽകുന്ന വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം തൽപ്പരകക്ഷികൾക്ക് ഉറപ്പാക്കാനാവുന്നില്ല.

52 ബോർഡ്സ് ഓഫ് സ്റ്റഡിയിൽ അധ്യാപകരുടെ/ വിദഗ്ധരുടെ വേണ്ടത്ര പ്രതിനിധികൾ ഉണ്ടായിരുന്നില്ല.

142 കോഴ്സുകളിൽ 28 കോഴ്സുകളുടെ സിലബസ് കഴിഞ്ഞ മൂന്ന് വർഷത്തിനിടെ പരിഷ്കരിച്ചിട്ടില്ല. അഞ്ച് കോഴ്സുകളുടെ സിലബസ് പരിഷ്കരണത്തിലെ കാലതാമസം എട്ട് മുതൽ 13 വർഷം വരെയും, മറ്റ് 23 കോഴ്സുകളുടെ ഒന്ന് മുതൽ അഞ്ച് വർഷം വരെയും ആയിരുന്നു.

സർവകലാശാല 2013-15 കാലയളവിൽ അംഗീകാരമില്ലാത്ത 10 കോഴ്സുകൾ നടത്തിയതും സത്യവാങ്മൂലം സമർപ്പിക്കാത്തതും കാരണം 2015-16-ലേയും 2016-17-ലേയും വിദൂര വിദ്യാഭ്യാസ പ്രോഗ്രാമുകൾക്ക് അംഗീകാരം പിൻവലിച്ചു.

*(ഖണ്ഡിക 2.3)*

സർവകലാശാല കാലാകാലങ്ങളിൽ അഫിലിയേറ്റഡ് കോളേജുകളുടെ പരിശോധന നടത്തിയില്ല. കൂടാതെ, 1974-ലെ കേരള യൂണിവേഴ്സിറ്റി ആക്ട്

പ്രതിപാദിക്കുന്നപോലെ അഫിലിയേറ്റഡ് കോളേജുകളെക്കുറിച്ച് റിപ്പോർട്ടുകളൊന്നും കേരള സർക്കാറിന് സമർപ്പിച്ചിരുന്നില്ല.

*(ഖണ്ഡിക 2.4)*

അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിൽ സർവകലാശാല പരാജയപ്പെട്ടതിനാൽ 12–ാം പഞ്ചവൽസര പദ്ധതി കാലയളവിലെ (2012–17) യു.ജി.സി പൊതു വികസന സഹായമായി അനുവദിച്ച ₹15.76 കോടിയിൽ നിന്ന് ₹8.70 കോടി മാത്രമാണ് ലഭിച്ചത്.

*(ഖണ്ഡിക 2.5)*

ശമ്പള പരിഷ്കരണ കുടിശ്ശിക വിതരണത്തിനായി സർവകലാശാല ₹14.14 കോടി വിനിയോഗിച്ചെങ്കിലും കേരള സർക്കാരിൽ നിന്ന് ലഭിച്ചത് ₹4.57 കോടി മാത്രമാണ്. ബാക്കി തുകയായ ₹9.57 കോടി സർവകലാശാലയുടെ പദ്ധതിയേതര ഫണ്ടിൽ നിന്നാണ് വിനിയോഗിച്ചത്.

*(ഖണ്ഡിക 2.7)*

35–ാമത് ദേശീയ ഗെയിംസ് സ്റ്റേഡിയം നിർമ്മിക്കുന്നതിനായി സ്ഥലം പാട്ടത്തിനു കൊടുത്ത ഇനത്തിൽ 2014 ഡിസംബർ മുതലുള്ള വാടക കുടിശ്ശിക ₹19.09 കോടി (ജി.എസ്.റ്റി ഒഴിവാക്കി) ഇനിയും ലഭിച്ചിട്ടില്ല.

*(ഖണ്ഡിക 2.8)*

സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വാശ്രയ കോളേജുകളിൽ നിന്നും അൺ എയ്ഡഡ് കോളേജുകളിൽ നിന്നും ₹11.63 കോടി വാർഷിക അഡ്മിനിസ്ട്രേഷൻ ഫീസ് പിരിച്ചെടുക്കാനുണ്ട്.

*(ഖണ്ഡിക 2.9)*

സർവകലാശാല സ്വാശ്രയരീതിയിൽ നടത്തുന്ന കേരള യൂണിവേഴ്സിറ്റി കോളേജസ് ഓഫ് ടീച്ചർ എഡ്യൂക്കേഷനും (കെ.യു.സി.റ്റി.ഇ) യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗും 2016–20 കാലയളവിൽ തുടർച്ചയായി നഷ്ടത്തിലാണ് പ്രവർത്തിച്ചിരുന്നത്.

*(ഖണ്ഡിക 2.10)*

ബാങ്ക്/ട്രഷറി ഇടപാടുകളുടെ സാധുത ഉറപ്പുവരുത്തുന്നതിനും റവന്യൂ പിരിവ് നിരീക്ഷിക്കുന്നതിനും ഡിമാൻഡ് കളക്ഷൻ ബാലൻസ് സ്റ്റേറ്റ്മെന്റിനേയും റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിനേയും ആധാരമാക്കിയിട്ടില്ല.

*(ഖണ്ഡിക 2.11)*

ട്രഷറിയിൽ പരിപാലിക്കുന്ന സർവകലാശാല പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിൽ ₹7.23 കോടിയുടെ കമ്മി ഒരു ദശകത്തിലേറെയായിട്ടും തുടരുന്നു.

*(ഖണ്ഡിക 2.14)*

2016–ൽ പിഴവുകളുള്ള വാല്യം IX പ്രസിദ്ധീകരിച്ചതല്ലാതെ മലയാളം ശബ്ദകോശം വാല്യം VIII പ്രസിദ്ധീകരിച്ച് (2009) 12 വർഷം പിന്നിട്ടെങ്കിലും, അടുത്ത വാല്യം ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല. വൈസ് ചാൻസലറുടെ ഉത്തരവ് പ്രകാരം 2017 ഏപ്രിലിൽ വാല്യം IX–ന്റെ വിൽപ്പന നിർത്തിവച്ചു.

*(ഖണ്ഡിക 2.15)*

## മാനവ വിഭവശേഷി

ഒരു അംഗീകൃത പ്രൊഫസർ തസ്തിക പോലും ഇല്ലാതെ ഒമ്പത് അക്കാദമിക് വിഭാഗങ്ങൾ പ്രവർത്തിച്ചിരുന്നു. നാനോ സയൻസ് ആന്റ് നാനോടെക്നോളജി വിഭാഗം 2016–ൽ സ്ഥാപിതമായത് മുതൽ അംഗീകൃത അധ്യാപക തസ്തികകളൊന്നും ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്.

*(ഖണ്ഡിക 3.1.1)*

കരാർ അടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നത് 10 ശതമാനത്തിൽ കൂടരുത് എന്ന യു.ജി.സി റെഗുലേഷനുകൾക്ക് വിരുദ്ധമായി സർവകലാശാലാ വിഭാഗങ്ങളിൽ മൊത്തം അധ്യാപക ശേഷിയുടെ 23 ശതമാനത്തിൽ കൂടുതൽ അധ്യാപകരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചു. കൂടാതെ, 34 യു.ഐ.റ്റികൾ, 10 കെ.യു.സി.റ്റി.ഇകൾ, ഏഴ് യു.ഐ.എമ്മുകൾ, യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് എന്നിവിടങ്ങളിലെ മൊത്തം 335 അധ്യാപകരെയും കരാർ അടിസ്ഥാനത്തിലായിരുന്നു നിയമിച്ചിരുന്നത്.

34 യു.ഐ.റ്റികളിലെ 174 അധ്യാപകരിൽ 108 അധ്യാപകരെ എൻ.ഇ.റ്റി/എസ്.ഇ.റ്റി/പി.എച്ച്.ഡി യോഗ്യത ഇല്ലാതെയാണ് നിയമിച്ചത്. ഇത് യു.ജി.സിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

*(ഖണ്ഡിക 3.1.2)*

## പരീക്ഷ

അഫിലിയേറ്റഡ് കോളേജുകളിൽ 2016, 2017 വർഷങ്ങളിൽ യു.ജി പ്രോഗ്രാമിന്റെ അവസാന സെമസ്റ്റർ മൂല്യനിർണ്ണയത്തിലെ കാലതാമസം പരീക്ഷാ കലണ്ടറുമായി താരതമ്യപ്പെടുത്തുമ്പോൾ ഒരു കേസിൽ 200 ദിവസത്തിന് മുകളിലും രണ്ട് കേസുകളിൽ 100 മുതൽ 200 ദിവസം വരെയുമായിരുന്നു.

ഫലം പ്രസിദ്ധീകരിക്കുന്നതിലെ കാലതാമസം രണ്ട് കേസുകളിൽ 300 ദിവസത്തിന് മുകളിലും, നാല് കേസുകളിൽ 200 മുതൽ 300 ദിവസം വരെയും നാല് കേസുകളിൽ 100 മുതൽ 200 ദിവസം വരെയുമായിരുന്നു.

*(ഖണ്ഡിക 4.1)*

എഴുതാത്ത ഉത്തര പുസ്തകങ്ങളുടെ കണക്കെടുപ്പ് സംവിധാനത്തിൽ ന്യൂനതകൾ ഉണ്ടായിരുന്നു. 297 പരീക്ഷാകേന്ദ്രങ്ങളിൽ ആറെണ്ണത്തിൽ മാത്രമേ പരിശോധന കഴിഞ്ഞിരുന്നുള്ളൂ.

*(ഖണ്ഡിക 4.4)*

വിദഗ്ദ്ധസമിതിയുടെ ശിപാർശകളുണ്ടായിട്ടും ടാബുലേഷൻ സോഫ്റ്റ്‌വെയറിലെ പോരായ്മകൾ ഭാഗികമായി മാത്രമെ നികത്തിയുള്ളു. സുരക്ഷാ ഓഡിറ്റ് ഇനിയും നടത്തിയിട്ടില്ല.

*(ഖണ്ഡിക 4.6)*

അപേക്ഷകൾ സ്വീകരിച്ച അവസാന തീയതി മുതൽ 60 ദിവസത്തിനകം എന്ന മാനദണ്ഡം നിലനിൽക്കുമ്പോൾ ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയത്തിന് 21,800–ൽ പരം കേസുകളിൽ 120 ദിവസത്തിലേറെ സമയം എടുത്തു. 7,700–ൽ പരം കേസുകളിൽ ഈ പ്രക്രിയയ്ക്ക് 240 ദിവസത്തിലേറെ സമയം എടുത്തു.

*(ഖണ്ഡിക 4.7)*

## അടിസ്ഥാനസൗകര്യങ്ങൾ

ഒൻപത് യു.ഐ.റ്റികളും രണ്ട് യു.ഐ.എമ്മുകളും പരിശോധിച്ചപ്പോൾ ഭൂമിയുടെ ലഭ്യത കുറവ് കൂടാതെ വിശ്രമമുറികൾ, സെമിനാർ ഹാളുകൾ, കാന്റീൻ ഹാളുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം വെളിപ്പെട്ടു.

*(ഖണ്ഡിക 5.1.1)*

സമയം, ചെലവ്, അധ്വാനം എന്നിവ ലാഭിക്കുക, വസ്തുവിവരപ്പട്ടികാ നിയന്ത്രണവും സ്റ്റോക്ക് പരിശോധനയും സുഗമമാക്കുക, തിരക്ക് കുറയ്ക്കുക തുടങ്ങിയവയ്ക്കായി നേടാൻ വിഭാവനം ചെയ്ത 2013 ആഗസ്റ്റിൽ അനുമതി ലഭിച്ച 'കേരള സർവകലാശാല ലൈബ്രറിയിൽ സ്മാർട്ട് കാർഡ് സംവിധാനം' എന്ന പദ്ധതി എട്ട് വർഷം പിന്നിട്ടിട്ടും പൂർത്തിയായിട്ടില്ല.

*(ഖണ്ഡിക 5.1.2)*

അടിയന്തര പരിചരണം നൽകാൻ ലക്ഷ്യമിട്ടിരുന്ന സർവകലാശാലാ ആരോഗ്യകേന്ദ്രങ്ങളിൽ ഒരെണ്ണം പ്രവർത്തനരഹിതമായിരുന്നു, മറ്റേത് ജീർണിച്ച കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്.

*(ഖണ്ഡിക 5.2)*

സർവകലാശാലാ വിഭാഗങ്ങളിലും, സർവകലാശാലയുടെ മറ്റു സ്ഥാപനങ്ങളിലും റാമ്പുകൾ, ലിഫ്റ്റുകൾ, പ്രത്യേക ശൗചാലയങ്ങൾ എന്നിവ ഉൾപ്പെടെ ഭിന്നശേഷിയുള്ളവർക്കായുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ഉണ്ടായിരുന്നു.

സർവകലാശാലാ ലൈബ്രറിയിൽ 'കാഴ്ച വൈകല്യം നേരിടുന്ന ഉപയോക്താക്കൾക്കായി റിസോഴ്സ് സെന്റർ' സ്ഥാപിക്കുന്നതിനുള്ള സിവിൽ, ഇലക്ട്രിക്കൽ ജോലികൾ പൂർത്തീകരിച്ചെങ്കിലും, ലിഫ്റ്റ് സ്ഥാപിക്കൽ ആരംഭിച്ചിട്ടില്ല. കൂടാതെ കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടില്ല.

*(ഖണ്ഡിക 5.3)*

59 സോഫ്റ്റ്‌വെയർ/ വെബ്സൈറ്റുകളിൽ, ഒരു വെബ്സൈറ്റിന്റെ മാത്രമേ സുരക്ഷാഓഡിറ്റ് പൂർത്തികരിച്ചിട്ടുള്ളൂ, മറ്റൊരെണ്ണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ക്യാഷ് കൗണ്ടർ സോഫ്റ്റ്‌വെയർ, ഓൺലൈൻ പെയ്മെന്റ് പോർട്ടൽ മുതലായവയുടെ സുരക്ഷാഓഡിറ്റ് ചെയ്തിട്ടില്ല.

***(ഖണ്ഡിക 5.4.4)***

2011–17–ൽ തുടങ്ങിയ ₹9.70 കോടി ചെലവുള്ള അഞ്ച് പ്രധാന അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ ഇനിയും പൂർത്തീകരിച്ചിട്ടില്ല.

***(ഖണ്ഡിക 5.5.2)***



# അദ്ധ്യായം I
# അവതാരിക

# 1 അവതാരിക

തിരുവിതാംകൂർ മഹാരാജാവിന്റെ 1937–ലെ വിളംബരത്തിലൂടെയാണ് കേരള സർവകലാശാല (സർവകലാശാല) തിരുവിതാംകൂർ സർവകലാശാല എന്ന പേരിൽ സ്ഥാപിതമായത്. കേരള സർവകലാശാല ആക്ട് (1957–ലെ 14–ാം ആക്ട്)[1] നിലവിൽ വന്നതിനെ തുടർന്ന് ഇത് കേരള സർവകലാശാല എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു. നിലവിൽ, 1974–ലെ കേരള സർവകലാശാല ആക്ടും (1974–ലെ 17–ാം ആക്ട്) കേരള സർവകലാശാലയുടെ ഫസ്റ്റ് സ്റ്റാറ്റ്യൂറ്റ്സും സർവകലാശാലയുടെ പ്രവർത്തനത്തിനാവശ്യമായ ചട്ടക്കൂട് നൽകുന്നു.

## 1.1. ഘടന

കേരള ഗവർണറാണ് സർവകലാശാലയുടെ ചാൻസലർ. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയാണ് പ്രോചാൻസലർ. ഗവർണർ നിയമിക്കുന്ന വൈസ് ചാൻസലറാണ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനും (യു.ജി.സി) ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യൂക്കേഷനും (എ.ഐ.സി.റ്റി.ഈ) വിദ്യാഭ്യാസ മേഖലയിലെ മറ്റു നിയന്ത്രണസ്ഥാപനങ്ങളും പുറപ്പെടുവിക്കുന്ന മാർഗനിർദ്ദേശങ്ങളും റെഗുലേഷനുകളും വിജ്ഞാപനങ്ങളും അനുസരിച്ചാണ് അക്കാദമിക് പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്.

നയപരമായ തീരുമാനങ്ങളെടുക്കുകയും നടപ്പാക്കുകയും ചെയ്യുന്നത് സെനറ്റ്, അക്കാദമിക് കൗൺസിൽ, സിൻഡിക്കേറ്റ് എന്നീ മൂന്ന് സുപ്രധാന സ്ഥാപനങ്ങളാണ്. സർവകലാശാലയുടെ ഘടനാനില താഴെ കൊടുത്തിരിക്കുന്നു. വിശദമായ ഘടനാനില **അനുബന്ധം** 1.1–ൽ നൽകിയിട്ടുണ്ട്.

[1] ഏകീകൃത കേരള സംസ്ഥാനം 1956–ൽ നിലവിൽ വന്നു.




കേരള സർവകലാശാലയിൽ അദ്ധ്യയനത്തിനും ഗവേഷണത്തിനുമായി 43 വകുപ്പുകളും, ഒരു വിദൂര വിദ്യാഭ്യാസ വിഭാഗവുമുണ്ട്. ഇവയിൽ ഒട്ടു മിക്കതും കാര്യവട്ടം ക്യാമ്പസിലാണ് സ്ഥിതി ചെയ്യുന്നത്. കൂടാതെ, 381 മറ്റു സ്ഥാപനങ്ങളും സഹായകേന്ദ്രങ്ങളുമുണ്ട് (**അനുബന്ധം 1.2**). ഇവയിലെല്ലാമായി (വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ ഒഴികെ) 9,000-ൽ അധികം വിദ്യാർത്ഥികൾ ഉണ്ട്. വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ ഏകദേശം 20,000 വിദ്യാർത്ഥികളുണ്ട്. സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത 187 കോളേജുകളിലായി 1,30,000-ൽ അധികം വിദ്യാർത്ഥികളുണ്ട്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് റാങ്കിങ് ഫ്രെയിംവർക്കിന്റെ (എൻ.ഐ.ആർ.എഫ്) സർവകലാശാലാവിഭാഗത്തിൽ 2020-ൽ കേരള സർവകലാശാലയ്ക്ക് അഖിലേന്ത്യാടിസ്ഥാനത്തിൽ 23-ാം സ്ഥാനമുണ്ട്. കൂടാതെ, നാഷണൽ അസ്സസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ (എൻ.എ.എ.സി) എ ഗ്രേഡ്[2] അംഗീകാരം 2020 മാർച്ച് വരെയുണ്ടായിരുന്നു.

സർവകലാശാലയ്ക്ക് ത്രിതല അക്കാദമിക് സംവിധാനമാണുള്ളത്. സിലബസ് രൂപവൽക്കരിക്കാനും അക്കാദമിക് വിഷയങ്ങളിലെല്ലാമുള്ള പ്രവർത്തനങ്ങൾ നിർദ്ദേശിക്കാനുമായി ഓരോ വിഷയത്തിലും ഒരു ബോർഡ് ഓഫ് സ്റ്റഡീസ് ഉണ്ട്. ബന്ധപ്പെട്ട വിഷയങ്ങളുടെ ഒരു കൂട്ടത്തെ ഒന്നിച്ച് ഒരു ഫാക്കൽറ്റിയായി നിർവ്വചിച്ചിരിക്കുന്നു. സർവകലാശാലയിൽ 16 ഫാക്കൽറ്റികളുണ്ട്. അക്കാദമിക് കൗൺസിലാണ് പരമോന്നത അക്കാദമിക് സ്ഥാപനം. സർവകലാശാല എല്ലാ ബിരുദാനന്തര

2 എ++, എ+, എ, ബി++, ബി+, ബി, സി എന്നിങ്ങനെ അവരോഹണക്രമത്തിൽ വിവിധ ഗ്രേഡുകളിൽ 4.0 മുതൽ 1.51 വരെ ക്യൂമുലേറ്റീവ് ഗ്രേഡ് പോയിന്റ് ആവറേജ് (സി.ജി.പി.എ) അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ എൻ.എ.എ.സി അക്രഡിറ്റ് ചെയ്യുന്നു. 1.50-ഓ അതിലും കുറവോ സി.ജി.പി.എ ഉള്ളവ ഡി ഗ്രേഡ് ആയതിനാൽ അവയെ അക്രഡിറ്റ് ചെയ്യുന്നില്ല. എ-യുടെ ഗ്രേഡ് പൊയിന്റ് 3.01 മുതൽ 3.25 വരെയാണ്.

(മാസ്റ്റേഴ്സ്) പ്രോഗ്രാമുകൾക്കും, ബിരുദ (ബാച്ചിലേഴ്സ്) പ്രോഗ്രാമുകൾക്കും ചോയ്സ് ബേസ്ഡ് ക്രഡിറ്റ് ആന്റ് സെമസ്റ്റർ സംവിധാനം (സി.ബി.സി.എസ്.എസ്) പിന്തുടരുന്നു.

## 1.2. ഓഡിറ്റ് ലക്ഷ്യങ്ങൾ

താഴെ പറയുന്നവ വിലയിരുത്തുകയെന്നതായിരുന്നു ഈ പ്രവർത്തനക്ഷമതാ ഓഡിറ്റിന്റെ ലക്ഷ്യം.

- സർവകലാശാല അതിന്റെ അക്കാദമിക് പ്രവർത്തനങ്ങൾ ഫലപ്രദമായി ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്തോ എന്നും
- മാനവ വിഭവശേഷിയുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും രൂപീകരണവും വികസനവും ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകുന്നതിന് പര്യാപ്തമായിരുന്നോ എന്നും അവ മാനദണ്ഡങ്ങളനുസരിച്ച് ആയിരുന്നോ എന്നും
- സർവകലാശാലയുടെ സാമ്പത്തിക നിർവ്വഹണം കാര്യക്ഷമവും ഫലപ്രദവുമായിരുന്നോ എന്നും

## 1.3. ഓഡിറ്റ് മാനദണ്ഡം

താഴെപറയുന്ന രേഖകളിൽ നിന്നും ഉരുത്തിരിഞ്ഞ മാനദണ്ഡങ്ങളെയാണ് ഓഡിറ്റ് നിരീക്ഷണങ്ങൾക്ക് അടിസ്ഥാനമാക്കിയത്:

| ലക്ഷ്യം | മാനദണ്ഡം |
|---|---|
| സർവകലാശാല അതിന്റെ അക്കാദമിക് പ്രവർത്തനങ്ങൾ ഫലപ്രദമായി ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്തോ എന്ന് | • 1974-ലെ കേരള സർവകലാശാല ആക്ടും അതിന് കീഴിലുണ്ടാക്കിയ സ്റ്റാറ്റ്യൂട്ടുകളും ഓർഡിനൻസുകളും പരീക്ഷാ മാനുവലും<br>• യു.ജി.സി, എൻ.എ.എ.സി തുടങ്ങിയ വിവിധ റെഗുലേറ്ററി അതോറിറ്റികൾ പുറപ്പെടുവിച്ച മാർഗനിർദ്ദേശങ്ങളും റെഗുലേഷനുകളും<br>• 2020-ലെ ദേശീയ വിദ്യാഭ്യാസ നയം |

| ലക്ഷ്യം | മാനദണ്ഡം |
| --- | --- |
| മാനവ വിഭവശേഷിയുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും രൂപീകരണവും വികസനവും ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകുന്നതിന്, പര്യാപ്തമായിരുന്നോ എന്നും അവ മാനദണ്ഡങ്ങളനുസരിച്ച് ആയിരുന്നോ എന്ന് | • 1974-ലെ കേരള സർവകലാശാല ആക്ടും അതിന് കീഴിലുണ്ടാക്കിയ സ്റ്റാറ്റ്യൂട്ടുകളും ഓർഡിനൻസുകളും<br>• യു.ജി.സി, എ.ഐ.സി.ടി.ഇ, എൻ.എ.എ.സി തുടങ്ങിയ വിവിധ റെഗുലേറ്ററി അതോറിറ്റികൾ പുറപ്പെടുവിച്ച മാർഗനിർദ്ദേശങ്ങളും റെഗുലേഷനുകളും<br>• 1995-ലെ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ട്<br>• കേരള സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ<br>• കേരള ഫിനാൻഷ്യൽ കോഡ്<br>• പൊതുമരാമത്ത് വകുപ്പ് മാനുവൽ<br>• 1999-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് |
| സർവകലാശാലയുടെ സാമ്പത്തിക നിർവ്വഹണം കാര്യക്ഷമവും ഫലപ്രദവുമായിരുന്നോ എന്ന് | • 1974-ലെ കേരള സർവകലാശാല ആക്ടും അതിന് കീഴിലുണ്ടാക്കിയ ചട്ടങ്ങളും ഓർഡിനൻസുകളും<br>• യു.ജി.സി പുറപ്പെടുവിച്ച മാർഗനിർദ്ദേശങ്ങളും റെഗുലേഷനുകളും<br>• കേരള സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ<br>• കേരള ഫിനാൻഷ്യൽ കോഡ് |

## 1.4. ഓഡിറ്റിന്റെ വ്യാപ്തിയും രീതിയും

ഈ പ്രവർത്തനക്ഷമതാ ഓഡിറ്റിൽ 2016-17 മുതൽ 2020-21 വരെയുള്ള കാലയളവ് ഉൾപ്പെടുന്നു. ഓഡിറ്റിൽ ഉൾപ്പെടുത്തിയ വിവിധ സ്ഥാപനങ്ങളും വകുപ്പുകളും **അനുബന്ധം 1.3**-ൽ കൊടുത്തിരിക്കുന്നു.

ഓഡിറ്റിൽ സർവകലാശാലയിലെ പ്രസക്തരേഖകളുടെ സൂക്ഷ്മ പരിശോധനയും പ്രവൃത്തികളുടെ സംയുക്ത ഭൗതികപരിശോധനയും ഉൾപ്പെട്ടു. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള അഡീഷണൽ ചീഫ് സെക്രട്ടറി, പ്രോ-വൈസ് ചാൻസലർ, സർവകലാശാലയിലെ മറ്റ് ഉദ്യോഗസ്ഥർ എന്നിവരുമായി 2021 ഫെബ്രുവരി 24-ന് നടത്തിയ പ്രാരംഭ കൂടിക്കാഴ്ചയിൽ ഓഡിറ്റിന്റെ വ്യാപ്തി, ലക്ഷ്യങ്ങൾ, മാനദണ്ഡങ്ങൾ, സാമ്പിൾ തെരഞ്ഞെടുക്കുന്നതുൾപ്പെടെയുള്ള രീതിശാസ്ത്രം എന്നിവ ചർച്ച ചെയ്തു. 2021 നവംബർ 30-ന് വീഡിയോ കോൺഫറൻസിലൂടെ അന്തിമ കൂടിക്കാഴ്ച നടത്തി. കേരള സർക്കാർ നൽകിയ മറുപടികൾ യഥോചിതം ഉൾപ്പെടുത്തിയിട്ടുണ്ട്.

2010 മാർച്ച് 31-ന് അവസാനിച്ച വർഷത്തേക്കുള്ള ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ (സിവിൽ) റിപ്പോർട്ടിൽ 'കേരള സർവകലാശാലയുടെ പ്രവർത്തന'ത്തെക്കുറിച്ചുള്ള ഒരു പ്രവർത്തനക്ഷമതാ ഓഡിറ്റ് ഉൾക്കൊള്ളിച്ചിട്ടുണ്ടായിരുന്നു. ഫണ്ട് മാനേജ്മെന്റ്, പരീക്ഷ നടപടിക്രമം തുടങ്ങിയവ ഉൾപ്പെടെയുള്ളവയെക്കുറിച്ചുള്ള ചർച്ചകളുടെ അടിസ്ഥാനത്തിൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (പി.എ.സി) അതിന്റെ

2011-14 വർഷത്തെ 43-ാമത് റിപ്പോർട്ടിൽ 22 ശിപാർശകൾ നൽകിയിട്ടുണ്ടായിരുന്നു (**അനുബന്ധം 1.4**). കേരള സർക്കാർ ഈ ശിപാർശകളിൻമേലുള്ള 'സ്റ്റേറ്റ്മെന്റ് ഓഫ് ആക്ഷൻ ടേക്കൻ (എസ്.ഒ.എ.റ്റി)' സമർപ്പിക്കാനുള്ള ഒരുക്കത്തിലാണ്. അതിനാൽ എസ്.ഒ.എ.റ്റിയിൻ മേലുള്ള അന്തിമ റിപ്പോർട്ട് പി.എ.സി ഇനിയും നൽകിയിട്ടില്ല (2022 മാർച്ച്).

## 1.5. കൃതജ്ഞത

പ്രവർത്തനക്ഷമതാ ഓഡിറ്റിനു വേണ്ടി ഉന്നത വിദ്യാഭ്യാസ വകുപ്പും കേരള സർവകലാശാലയും നൽകിയ സഹകരണത്തിന് ഓഡിറ്റ് കൃതജ്ഞത രേഖപ്പെടുത്തുന്നു.

## 1.6. ഓഡിറ്റ് കണ്ടെത്തലുകൾ

താഴെക്കൊടുത്തിരിക്കുന്ന അദ്ധ്യായങ്ങളിലായി ഓഡിറ്റ് കണ്ടെത്തലുകളെ വിഭജിച്ചിരിക്കുന്നു.

- അദ്ധ്യായം 2: ആസൂത്രണം, അക്കാദമിക് പ്രവർത്തനങ്ങൾ, സാമ്പത്തിക നിർവ്വഹണം
- അദ്ധ്യായം 3: മാനവവിഭവശേഷി
- അദ്ധ്യായം 4: പരീക്ഷ
- അദ്ധ്യായം 5: അടിസ്ഥാന സകര്യങ്ങൾ




# അദ്ധ്യായം II
# ആസൂത്രണം, അക്കാദമിക് പ്രവർത്തനങ്ങൾ, സാമ്പത്തിക നിർവ്വഹണം

# 2 ആസൂത്രണം, അക്കാദമിക് പ്രവർത്തനങ്ങൾ, സാമ്പത്തിക നിർവ്വഹണം

## എ) ആസൂത്രണവും അക്കാദമിക് പ്രവർത്തനങ്ങളും

അക്കാദമിക് പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നതിനായി ഒരു സർവകലാശാലയ്ക്ക് അതിന്റെ സാമ്പത്തിക, മാനവ വിഭവശേഷി കൈകാര്യം ചെയ്യുന്നതിന് ആസൂത്രണം അത്യന്താപേക്ഷിതമാണ്.

## 2.1. അംഗീകൃത മാസ്റ്റർ പ്ലാനിന്റെ അഭാവം

നാഷണൽ അസ്സസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ (എൻ.എ.എ.സി) ഗുണനിലവാര സൂചിക ചട്ടക്കൂടിലെ ഒരു പ്രധാന സൂചകമായ ഇൻസ്റ്റിറ്റ്യൂഷണൽ മാസ്റ്റർ പ്ലാനിന്റെ ലഭ്യത, സ്ഥാപനത്തിന്റെ ലക്ഷ്യങ്ങളിലേയ്ക്ക് പുരോഗമിക്കാനുതകും വിധമുള്ള ഒരു പ്രത്യേക, ഇടത്തരം അല്ലെങ്കിൽ ദീർഘകാല പ്രവർത്തനാധിഷ്ഠിത പദ്ധതിയായി നിർവചിക്കപ്പെടുന്നു. എന്നാൽ, സർവകലാശാലയ്ക്ക് ഒരു അംഗീകൃത മാസ്റ്റർ പ്ലാൻ ഇല്ലെന്ന് കണ്ടെത്തി.

സർവകലാശാലയുടെ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ (ഐ.ക്യു.എ.സി) ഒരു മാസ്റ്റർ പ്ലാനിലൂടെ എട്ട് ഫോക്കൽ ഏരിയകൾക്ക്[3] കീഴിൽ 350 പോയിന്റുകൾ മെച്ചപ്പെടുത്തുന്നതിനായി കണ്ടെത്തി (2015). ഇവയെ ഹ്രസ്വം, ഇടത്തരം, ദീർഘകാലം എന്നീ പ്ലാൻ ശീർഷകങ്ങളിൽ തരംതിരിച്ചു. മാസ്റ്റർ പ്ലാനിന് സിൻഡിക്കേറ്റിന്റെയോ സെനറ്റിന്റെയോ അംഗീകാരം ലഭിച്ചതായി കണ്ടില്ല. പദ്ധതിയ്ക്ക് കീഴിലുള്ള പുരോഗതിയുടെ രേഖാമൂലമുള്ള അവലോകനം ചില ഇനങ്ങളിൽ മാത്രമായി പരിമിതപ്പെട്ടിരുന്നു.

"വിഷൻ, ഫ്രെയിംവർക്ക്, ബെഞ്ച്മാർക്കിംഗ്" (ഉപശീർഷകം – വിഷൻ, മിഷൻ, നയങ്ങൾ, ചാർട്ടറുകൾ) എന്ന പ്രധാന മേഖലയ്ക്ക് കീഴിൽ, ഗുണനിലവാര നയം, വിപുലീകരണ നയം, ലൈബ്രറി നയം, നവീകരണ നയം, സൈബർ നയം, അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള നയം, 60 + നയം, ലിംഗഭേദ നയം എന്നിവ 2015–ൽ രൂപീകരിച്ച മാസ്റ്റർ പ്ലാനിൽ സൂചിപ്പിച്ചിരുന്നെങ്കിലും, ഇന്നുവരെ (2021 ഒക്ടോബർ) അത്തരം നയങ്ങളൊന്നും രൂപപ്പെടുത്തുകയോ അംഗീകരിക്കുകയോ ചെയ്തിട്ടില്ല.

സർവകലാശാലയ്ക്ക് ഹ്രസ്വകാല പദ്ധതികളായി അക്കാദമിക് കലണ്ടറുകളും വാർഷിക പദ്ധതി നിർദ്ദേശങ്ങളും ഉണ്ട്. എന്നാൽ മാസ്റ്റർ പ്ലാനിലെ ഹ്രസ്വകാല പദ്ധതി വിഭാഗത്തിന് കീഴിൽ സൂചിപ്പിച്ചിരിക്കുന്ന ഇനങ്ങളുമായി ഇവ ബന്ധപ്പെടുത്താൻ കഴിയില്ല, കാരണം ഇവ ആനുകാലിക

---

[3] 1) വിഷൻ, ഫ്രെയിംവർക്ക്, ബെഞ്ച്മാർക്കിംഗ് 2) ഗവേഷണവും നവീകരണവും 3) പരിശീലനം, പഠനം, മൂല്യനിർണ്ണയം 4) സ്കൂളുകൾ, വിഭാഗങ്ങൾ, കേന്ദ്രങ്ങൾ, സ്ഥാപനങ്ങൾ 5) വിദ്യാർത്ഥി പുരോഗമനം 6) ഭരണം 7) വിപുലീകരണം 8) മറ്റുള്ളവ

അടിസ്ഥാനത്തിൽ അവലോകനം ചെയ്യുകയോ പരിഷ്കരിക്കുകയോ ചെയ്തിട്ടില്ല.

ഓരോ സ്ഥാപനവും പാഠ്യപദ്ധതി മെച്ചപ്പെടുത്തൽ മുതൽ ക്ലാസ് റൂം പ്രവർത്തനങ്ങളുടെ ഗുണനിലവാരം വരെയുള്ള അക്കാദമിക് പദ്ധതികൾ – അതിന്റെ വിപുലമായ സ്ഥാപന വികസന പദ്ധതിയിലേയ്ക്ക് സമന്വയിപ്പിക്കുമെന്ന് ദേശീയ വിദ്യാഭ്യാസ നയം 2020 വിഭാവനം ചെയ്യുന്നു. കേരള സർവകലാശാല ഇതുവരെ ഇത്തരമൊരു സമഗ്രവും സംയോജിതവുമായ സ്ഥാപന വികസന പദ്ധതി ഉണ്ടാക്കുകയോ അതിന്റെ അടിസ്ഥാനത്തിൽ പുരോഗതി നിരീക്ഷിക്കുകയോ ചെയ്തിട്ടില്ല.

ചില ഇനങ്ങൾക്കായി രേഖാമൂലമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തതായി ഐ.ക്യു.എ.സി ഡയറക്ടർ ഓഡിറ്റിനെ അറിയിച്ചു (2021 ഒക്ടോബർ). സർവകലാശാല നടത്തുന്ന അത്തരം പ്രവർത്തനങ്ങളുടെ പട്ടിക **അനുബന്ധം 2.1**–ൽ നൽകിയിരിക്കുന്നു.

സംസ്ഥാന പ്ലാൻ ഗ്രാന്റിനു കീഴിൽ അനുവദിച്ച സംരംഭങ്ങൾ/പദ്ധതികൾ നടപ്പിലാക്കുന്നതിനായി സർവകലാശാല സംസ്ഥാന ആസൂത്രണ ബോർഡിന് സമർപ്പിച്ച പഞ്ചവത്സര പദ്ധതി രേഖയും ഓരോ സാമ്പത്തിക വർഷത്തിനായും സമർപ്പിച്ച വാർഷിക പദ്ധതി രേഖയും സർവകലാശാലയുടെ മാസ്റ്റർ പ്ലാൻ ആയി വർത്തിക്കുന്നതായി സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13). 2020–21 കാലയളവിൽ സി.ഇ.റ്റിയുടെ[4] ആർക്കിടെക്ചറൽ വിഭാഗത്തിന്റെ പിന്തുണയോടെ പാളയം കാമ്പസിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരുന്നു. കാര്യവട്ടം കാമ്പസിനായും സമാനമായ പദ്ധതി തയ്യാറാക്കൽ പുരോഗമിക്കുകയായിരുന്നു.

സമയബന്ധിതമായി നടപ്പിലാക്കപ്പെടേണ്ട സർവകലാശാലയുടെ ലക്ഷ്യങ്ങളും മുൻഗണനകളും തിരിച്ചറിയുന്നതിനുപകരം നിരവധി വ്യക്തിഗത നിർദ്ദേശങ്ങളുടെ ശേഖരണം മാത്രമാണ് മാസ്റ്റർ പ്ലാൻ എന്ന ഓഡിറ്റ് കണ്ടെത്തലിനെപ്പറ്റി സർക്കാരിന്റെ മറുപടിയിൽ പരാമർശിക്കുന്നില്ല. സർവകലാശാലയ്ക്ക് മൊത്തമായൊരു മാസ്റ്റർ പ്ലാൻ ഉണ്ടായിരുന്നെങ്കിൽ, അടിസ്ഥാന സൗകര്യങ്ങൾ, സോഫ്റ്റ്‌വെയർ എന്നിവയുടെ വ്യവസ്ഥാപിതവും സമയബന്ധിതവുമായ വികസനം, സമയബന്ധിതമായ സിലബസ് പരിഷ്കരണം എന്നിവയ്ക്ക് ഉപയോഗപ്രദമാകുമായിരുന്നു; ഈ റിപ്പോർട്ടിന്റെ ഖണ്ഡികകൾ 2.3, 5.1, 5.4 എന്നിവയിൽ ഇതുമായി ബന്ധപ്പെട്ട പോരായ്മകൾ പ്രതിപാദിച്ചിരിക്കുന്നു.

## 2.2. കോളേജ് ഡെവലപ്മെന്റ് കൗൺസിലിന്റെ പ്രവർത്തനം

കോളേജ് ഡെവലപ്മെന്റ് കൗൺസിലിനെ സംബന്ധിച്ച 1985–ലെ പുതുക്കിയ യു.ജി.സി മാർഗ്ഗരേഖകൾ പ്രകാരം, അഫിലിയേറ്റഡ് കോളേജുകളുടെ ശരിയായ ആസൂത്രണവും സംയോജിത വികസനവും

4 കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം

ഉറപ്പാക്കുന്നതിനും കോളേജുകൾക്ക് ആവശ്യമായ സഹായവും മാർഗ്ഗനിർദ്ദേശവും നൽകുന്നതിനും സർവകലാശാല ആസ്ഥാനത്ത് ഉചിതമായ ഒരു ബോഡിയായി കോളേജ് ഡെവലപ്മെന്റ് കൗൺസിൽ (സി.ഡി.സി) രൂപീകരിക്കേണ്ടതാണ്. യു.ജി.സി മാർഗ്ഗരേഖകളിലെ ഖണ്ഡിക 2 അനുസരിച്ച്, സി.ഡി.സിയിൽ വൈസ് ചാൻസലർ, കൗൺസിൽ ഡയറക്ടർ[5], ചില അഫിലിയേറ്റഡ് കോളേജുകളിലെ പ്രിൻസിപ്പൽമാർ, സർവകലാശാല വകുപ്പുകളിലെ മുതിർന്ന അധ്യാപകർ, സംസ്ഥാന സർക്കാരിന്റെ പ്രതിനിധി എന്നിവരാണ് ഉണ്ടായിരിക്കേണ്ടത്. വിവിധ പരിപാടികളുടെയും പ്രവർത്തനങ്ങളുടെയും നടത്തിപ്പ് അവലോകനം ചെയ്യുന്നതിനായി ഒരു അധ്യയന വർഷത്തിൽ രണ്ട് തവണയെങ്കിലും കൃത്യമായ ഇടവേളകളിൽ സി.ഡി.സി യോഗം ചേരേണ്ടതാണ്. വർഷത്തിൽ രണ്ടുതവണയെങ്കിലും ഡയറക്ടർ കോളേജുകൾ സന്ദർശിക്കേണ്ടതും കോളേജുകളുടെ വികസനത്തിനായി സി.ഡി.സിക്ക് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുന്ന മാർഗ്ഗങ്ങളെക്കുറിച്ച് വിശദീകരിക്കാൻ കോളേജുകളിലെ പ്രിൻസിപ്പൽമാരുടെ യോഗങ്ങൾ നടത്തേണ്ടതുമാണ്.

കേരള സർവകലാശാലയിലെ സി.ഡി.സി 1978–ൽ രൂപീകരിക്കുകയും 2007–ൽ പുനഃസംഘടിപ്പിക്കുകയും ചെയ്തു. ഒരു സമ്പൂർണ്ണ സി.ഡി.സി രൂപീകരിച്ചിട്ടില്ലെന്നും നിലവിൽ സി.ഡി.സി ഏകാംഗ സമിതിയാണെന്നും ഓഡിറ്റ് നിരീക്ഷിച്ചു. സി.ഡി.സിക്ക് മുഴുവൻ സമയ ഡയറക്ടർ ഇല്ലായിരുന്നു, ഇസ്‌ലാമിക് സ്റ്റഡീസ് വകുപ്പ് മേധാവിക്ക് അതിന്റെ അധിക ചുമതല നൽകി. വിഭാവനം ചെയ്തതുപോലെയുള്ള ഒരു സി.ഡി.സിയുടെ അഭാവത്തിൽ, ഓഡിറ്റ് കാലയളവിൽ ഒരു യോഗവും നടന്നില്ല. അങ്ങനെ, അഫിലിയേറ്റഡ് കോളേജുകളുടെ ശരിയായതും സമഗ്രവുമായ വികസനം ഉറപ്പാക്കാൻ യു.ജി.സി വിഭാവനം ചെയ്ത ഒരു ഫോറം അനുചിതമായ ഘടനയും യോഗങ്ങൾ നടത്താത്തതും കാരണം ഫലപ്രദമല്ലാതായി.

അഫിലിയേറ്റഡ് കോളേജുകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ കേരള സർവകലാശാലയിലെ കോളേജ് ഡെവലപ്മെന്റ് കൗൺസിൽ വളരെ ഫലപ്രദമായി പ്രവർത്തിച്ചിട്ടുണ്ടെന്ന് സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13). യു.ജി.സി വെബ്സൈറ്റിൽ സി.ഡി.സിയുടെ കൃത്യമായ അംഗബലത്തെയും ഘടനയെയും കുറിച്ച് വിശദാംശങ്ങളൊന്നും ഇല്ലാത്തതിനാൽ സി.ഡി.സിയുടെ ശരിയായ പുനഃസ്ഥാപനത്തിനുള്ള കൃത്യമായ വ്യവസ്ഥകൾ കണ്ടെത്തുന്നതിനായി യു.ജി.സിയുമായി ബന്ധപ്പെടുന്നുണ്ടെന്നും പ്രസ്താവിച്ചു.

ബഹു അംഗസമിതിയായ സി.ഡി.സി രൂപീകരിക്കുന്നതിന്റെ ആവശ്യകതയെപ്പറ്റി യു.ജി.സി മാർഗ്ഗരേഖകളിൽ വ്യക്തമായി പ്രതിപാദിക്കുന്നതിനാൽ മറുപടി സ്വീകാര്യമല്ല. ബഹു അംഗസമിതിയായി ഒരു സി.ഡി.സി രൂപീകരിക്കുന്നതിൽ സർവകലാശാല പരാജയപ്പെട്ടതും

---

5 വിസിയും യുജിസിയുടെ നോമിനിയും സർവകലാശാലയുടെ സിൻഡിക്കേറ്റിന്റെ നോമിനിയും അടങ്ങുന്ന കമ്മിറ്റി ഡയറക്ടറെ തെരഞ്ഞെടുക്കുന്നു ശമ്പളം യുജിസി റീഇംപേഴ്സ് ചെയ്യുന്നതുമാണ്.

ഡയറക്ടറുടെ നേതൃത്വത്തിൽ യോഗങ്ങൾ നടത്താത്തതും സർവകലാശാലയും അഫിലിയേറ്റഡ് കോളേജുകളും തമ്മിലുള്ള ഏകോപനത്തിന്റെയും ആശയവിനിമയത്തിന്റെയും അഭാവത്തിന് കാരണമായി.

## 2.3. അക്കാദമിക് പ്രവർത്തനങ്ങൾ

സർവകലാശാല, അതിന്റെ ദൗത്യത്തിന്റെ ഭാഗമായി, 'സമഗ്രമായ വിദ്യാഭ്യാസത്തിലൂടെയും ശരിയായ കഴിവുകളുടെ വികസനത്തിലൂടെയും അക്കാദമിക് മികവിന്റെ കേന്ദ്രമായി ഉയർന്നുവരാൻ' ലക്ഷ്യമിടുന്നു. മികവിനായി ആസൂത്രണം ചെയ്യുക, അക്കാദമിക് പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുക എന്നിവ ഇതിൽ ഉൾപ്പെടുന്നു. അതിനൊടൊപ്പം വിദ്യാർത്ഥികളുടെയും മറ്റ് തൽപ്പരകക്ഷികളുടെയും താൽപര്യങ്ങളെ പിന്തുണയ്ക്കുന്നതിനായി വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുകയും വേണം. അക്കാദമിക് പ്രവർത്തനങ്ങളുടെ ആസൂത്രണവും നടത്തിപ്പും ഓഡിറ്റ് പരിശോധിച്ച് താഴെ പറയുന്നവ നിരീക്ഷിച്ചു.

- ഏകദേശം 3,970 വിദ്യാർത്ഥികളുടെ വാർഷിക പ്രവേശനം നടക്കുന്ന 34 യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട്സ് ഓഫ് ടെക്നോളജിയിൽ (യു.ഐ.റ്റി), 17 യു.ഐ.റ്റികൾ[6] അക്രഡിറ്റേഷൻ ലഭിക്കാനുള്ളതാണ്. എന്നാൽ ഇവയൊന്നും അക്രഡിറ്റേഷൻ പ്രക്രിയ ആരംഭിച്ചിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അക്രഡിറ്റേഷന്റെ അഭാവത്തിൽ, നൽകുന്ന വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെക്കുറിച്ച് തൽപ്പരകക്ഷികൾക്ക് ഉറപ്പ് ലഭിക്കുന്നില്ല. കൂടാതെ, ഈ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിലെ നിരവധി ക്രമക്കേടുകൾ ഓഡിറ്റ് ശ്രദ്ധിച്ചു, അവ ഈ റിപ്പോർട്ടിന്റെ തുടർന്നുള്ള ഖണ്ഡികകളിൽ വിശദമാക്കിയിട്ടുണ്ട്.

  സർക്കാർ എയ്ഡഡ് കോളേജുകൾ വഴി ബദൽ സൗകര്യങ്ങൾ ലഭ്യമല്ലാത്ത ഗ്രാമീണ മേഖലയിലെയും, അവഗണിക്കപ്പെട്ട വിദൂര പ്രദേശങ്ങളിലെയും സാധ്യതയുള്ള വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുകയെന്ന കാഴ്ചപ്പാടോടെയാണ് കേരള സർവകലാശാല നേരിട്ട് നടത്തുന്ന യു.ഐ.റ്റികൾ സ്ഥാപിച്ചതും പ്രവർത്തിക്കുന്നതും ചെയ്യുന്നതും എന്ന് സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13). കേരള സർവകലാശാല എൻ.എ.എ.സി അംഗീകൃതമായതിനാൽ യു.ഐ.റ്റികൾക്ക് പ്രത്യേക അംഗീകാരം ആവശ്യമില്ല എന്നും പറഞ്ഞു.

---

[6] ശേഷിക്കുന്ന 17 യു.ഐ.റ്റികൾ 2015 ന് ശേഷം സ്ഥാപിച്ചതാണ്, അതിനാൽ അക്രഡിറ്റേഷൻ ഇപ്പോൾ ആവശ്യമില്ല.

1956–ലെ യു.ജി.സി ആക്ട് പ്രകാരം 'കോളേജ്' എന്നതിന്റെ നിർവചനം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ[7] വിഭാഗങ്ങളിൽ ഒന്നിനെപ്പോലും ഒഴിവാക്കാത്തതിനാൽ മറുപടി നിലനിൽക്കില്ല. കൂടാതെ, സർവകലാശാലയുടെ അക്രഡിറ്റേഷൻ സമയത്ത് ഈ സ്വാശ്രയ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ എൻ.എ.എ.സിക്ക് നൽകിയിട്ടില്ലാത്തതിനാൽ സർവകലാശാലയ്ക്ക് അക്രഡിറ്റേഷൻ ഉള്ളത് കാരണം യു.ഐ.റ്റികൾക്ക് പ്രത്യേക അക്രഡിറ്റേഷൻ ആവശ്യമില്ലെന്ന് സർവകലാശാലയ്ക്ക് വാദിക്കാൻ കഴിയില്ല. തങ്ങളുടെ വാദത്തെ സാധൂകരിക്കത്തക്കവിധം ഒരു വിശദീകരണവും സർവകലാശാല യു.ജി.സിയിൽ നിന്ന് ലഭ്യമാക്കിയിട്ടില്ല.

- 1977–ലെ കേരള യൂണിവേഴ്സിറ്റി ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്സിന്റെ 11–ാം അദ്ധ്യായം അനുസരിച്ച്, അതത് വിജ്ഞാന ശാഖകളിലെ ആധുനിക പ്രവണതകളും വികാസങ്ങളും അനുസരിച്ച് സിലബസ് പരിഷ്കരിക്കുന്നതിനും കോഴ്സുകൾ പുനഃക്രമീകരിക്കുന്നതിനുമുള്ള നടപടികൾ എടുക്കുന്നതിനും ബന്ധപ്പെട്ട ഫാക്കൽറ്റികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനുമായി സർവകലാശാലയിലെ ഓരോ പഠന വിഷയത്തിലോ അല്ലെങ്കിൽ വിഷയങ്ങളുടെ ഗ്രൂപ്പുകളിലോ ഒരു ബോർഡ്സ് ഓഫ് സ്റ്റഡി (ബി.ഒ.എസ്) ഉണ്ടായിരിക്കണം. 2020 നവംബർ വരെ സർവകലാശാലയിൽ 90 ബി.ഒ.എസ്സുകൾ[8] ഉണ്ടായിരുന്നു.

  ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്സിൽ വ്യക്തമാക്കിയിരിക്കുന്നപോലെ അധ്യാപകരുടെ/ വിദഗ്ധരുടെ വേണ്ടത്ര പ്രതിനിധികൾ ഉൾപ്പെടുന്ന വിധത്തിൽ 27 ബിരുദകോഴ്സുകളിലെ 25 എണ്ണത്തിലും 27 ബിരുദാനന്തരബിരുദ കോഴ്സുകളിൽ ഒന്നിൽപോലും ബി.ഒ.എസ് രൂപീകരിച്ചിട്ടില്ലെന്ന് ഓഡിറ്റ് കണ്ടെത്തി. വിശദാംശങ്ങൾ **അനുബന്ധം 2.2**–ൽ നൽകിയിരിക്കുന്നു.

  അടിയന്തര സാഹചര്യം കണക്കിലെടുത്ത് ബോർഡിന്റെ കാലാവധി തീർന്നപ്പോൾ ഏറ്റവും കുറഞ്ഞ എണ്ണം അധ്യാപകരെ ഉൾപ്പെടുത്തി പുതിയ ബോർഡ് രൂപീകരിച്ചെന്നും ആവശ്യമെങ്കിൽ പിന്നീട് പുനഃസംഘടിപ്പിക്കുമെന്നും സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13).

  കേരള യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട്സ് അനുസരിച്ച്, മൂന്ന് വർഷത്തിലൊരിക്കൽ സിൻഡിക്കേറ്റ് ബി.ഒ.എസ് പുനഃസംഘടിപ്പിക്കണം. അതിനാൽ, ബി.ഒ.എസ്സിന്റെ കാലാവധി

---

7 ഒരു സർവകലാശാലയിൽ നിന്നും യോഗ്യത നേടാൻ ഉതകുന്ന ഒരു പഠനകോഴ്സ് നൽകുന്നതും അത്തരം ഒരു പഠനകോഴ്സ് നൽകാൻ കഴിവുണ്ടെന്ന് അംഗീകരിക്കപ്പെട്ടതും ആ യോഗ്യത നേടാനായുള്ള പരീക്ഷയ്ക്ക് അത്തരം പഠനകോഴ്സിലെ വിദ്യാർത്ഥികളെ ഹാജരാക്കുന്നതും ആയ ഏതൊരു സ്ഥാപനത്തെയും യു.ജി.സി ആക്ട്, 1956–ന്റെ 12എ(1) സെക്ഷൻ 'കോളേജ്' എന്ന് നിർവചിക്കുന്നു.

8 എഞ്ചിനീയറിംഗ്, മെഡിസിൻ മുതലായവയുമായി ബന്ധപ്പെട്ട ബി.ഒ.എസ്സിനെ കുറിച്ച് ഓഡിറ്റ് വിശകലനം ചെയ്തിട്ടില്ല.

സർവകലാശാലയ്ക്ക് മുൻകൂട്ടി അറിയാമെന്നതിനാൽ അടിയന്തര സാഹചര്യം എന്ന അവകാശവാദം ന്യായീകരിക്കത്തക്കതല്ല.

- മൂന്ന് വർഷം കൂടുമ്പോൾ എല്ലാ അക്കാദമിക് വകുപ്പുകളുടെയും പാഠ്യപദ്ധതി പരിഷ്കരിക്കാൻ യു.ജി.സി ശിപാർശ ചെയ്തിരുന്നുവെങ്കിലും (2017 ജനുവരി) 142 കോഴ്സുകളിൽ 28 കോഴ്സുകളുടെ സിലബസ് കഴിഞ്ഞ മൂന്ന് വർഷത്തിനിടെ (2021 സെപ്റ്റംബർ വരെ) പരിഷ്കരിച്ചിട്ടില്ലെന്ന് ഓഡിറ്റ് ശ്രദ്ധിച്ചു. 23 കോഴ്സുകളുടെ പരിഷ്കരണത്തിലെ കാലതാമസം ഒന്ന് മുതൽ അഞ്ച് വർഷം വരെയും, അഞ്ച് കോഴ്സുകളുടേത് എട്ട് മുതൽ 13 വർഷം വരെയും ആയിരുന്നു. വിശദാംശങ്ങൾ **അനുബന്ധം 2.3**–ൽ കാണിച്ചിരിക്കുന്നു.

  പാഠ്യപദ്ധതി പരിഷ്ക്കരണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിച്ചുവെന്നും (2019 മാർച്ച്) വിവിധ ബി.ഒ.എസ്സുകൾക്ക് അയച്ചതായും സർവകലാശാല (2021 ആഗസ്റ്റ് 12) പ്രസ്താവിച്ചു. ഇതുവരെ ഔട്ട്കം ബേസ്ഡ് എഡ്യൂക്കേഷൻ രീതിയിലേക്ക് പരിഷ്കരിക്കാതെ ശേഷിക്കുന്ന സിലബസ് പരിഷ്കരിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട് എന്നും പ്രസ്താവിച്ചു.

- യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ 2013–14 മുതൽ 2015–16 വരെയുള്ള മൂന്ന് വർഷത്തേക്ക് 45 പ്രോഗ്രാമുകൾ (യു.ജി.സി അംഗീകൃത പ്രോഗ്രാമുകൾ) ഓപ്പൺ ആന്റ് ഡിസ്റ്റൻസ് ലേണിംഗ് മോഡ് വഴി നടത്തുന്നതിന് സർവകലാശാലയ്ക്ക് അംഗീകാരം നൽകുകയും (2013 ആഗസ്റ്റ് 19) ആറ് പ്രോഗ്രാമുകൾ[9] നിരസിക്കുകയും ചെയ്തു. അംഗീകാരത്തിന്റെ നിബന്ധനകൾ അനുസരിച്ച്, 30 ദിവസത്തിനുള്ളിൽ സർവകലാശാല ഒരു സത്യവാങ്മൂലം സമർപ്പിക്കേണ്ടതുണ്ടായിരുന്നു.

  2013–15 കാലയളവിൽ വിദൂര വിദ്യാഭ്യാസ വിഭാഗം (എസ്.ഡി.ഇ) യു.ജി.സി അംഗീകാരം ഇല്ലാത്ത 10 പ്രോഗ്രാമുകൾ[10] നടത്തി എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

  കൂടാതെ യു.ജി.സി ആവശ്യപ്പെടുന്ന സത്യവാങ്മൂലത്തിനു പകരം ഒരു അണ്ടർടേക്കിംഗ് മാത്രമാണ് സർവകലാശാല സമർപ്പിച്ചത് (2014 മാർച്ച്). നിരവധി ഓർമ്മക്കുറിപ്പുകൾ അയച്ചശേഷവും സർവകലാശാല സത്യവാങ്മൂലം സമർപ്പിക്കാത്തതിനാൽ യു.ജി.സി 2015–16 അധ്യയന വർഷത്തെ അംഗീകാരം പിൻവലിച്ചു (2015 ജൂലൈ 15). അതിനാൽ, 2015–16 ലും 2016–17 ലും കോഴ്സുകൾ നടത്താൻ എസ്.ഡി.ഇയ്ക്ക് കഴിഞ്ഞില്ല. സത്യവാങ്മൂലം

---

9 മാനവവിഭവശേഷി വികസന മന്ത്രാലയത്തിന്റെ വിജ്ഞാപനമനുസരിച്ച് (2013 ജൂൺ), ഓപ്പൺ ആന്റ് ഡിസ്റ്റൻസ് ലേണിംഗ് (ഒ.ഡി.എൽ) വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ എല്ലാ ചുമതലകളും യു.ജി.സി, എ.ഐ.സി.റ്റി.ഇ എന്നിവയ്ക്കാണ്.

10 45 അംഗീകൃത പ്രോഗ്രാമുകൾ കൂടാതെ.

സമർപ്പിച്ചതിന് ശേഷം (2016 ഡിസംബർ) 2017–18 അധ്യയന വർഷം മുതൽ അംഗീകാരം പുനഃസ്ഥാപിച്ചു.

ഈ കോഴ്സുകളിൽ വിദ്യാർത്ഥികൾ അതിനകം ചേർന്നു കഴിഞ്ഞതിനാൽ അംഗീകാരം ഇല്ലാതെ ആരംഭിച്ച പ്രോഗ്രാമുകൾ നിർത്താൻ സർവകലാശാലയ്ക്ക് കഴിഞ്ഞില്ലെന്ന് സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13). ഈ വിദ്യാർത്ഥികളെ എസ്.ഡി.ഇയിൽ തന്നെ ഉൾപ്പെടുത്തുന്നതിനും പ്രോഗ്രാമുകൾ പൂർത്തിയാക്കാൻ അവരെ പ്രാപ്തരാക്കുന്നതിനും വേണ്ടി സർവകലാശാലയ്ക്ക് ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടി വന്നതിനാലാണ് വീണ്ടും അംഗീകാരത്തിനായി അപേക്ഷിക്കുന്നതിൽ കാലതാമസമുണ്ടായത്.

യു.ജി.സിയുടെ അംഗീകാരം ലഭിക്കാത്ത കോഴ്സുകൾ തുടർന്നതും, ഉപാധികളും നിബന്ധനകളും പാലിക്കാൻ സത്വര നടപടി സ്വീകരിക്കാത്തതും കാരണം രണ്ടുവർഷത്തേക്ക് അംഗീകാരം പിൻവലിക്കാൻ ഇടയാക്കുകയും, ഇത് വിദ്യാർത്ഥികളുടെ ഭാവിയെ ബാധിക്കുകയും ചെയ്തു എന്ന വസ്തുത നിലനിൽക്കുന്നു.

താഴെ പറയുന്ന ഘടകങ്ങളുടെ അടിസ്ഥാനത്തിൽ 2020–ലെ നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിങ് ഫ്രെയിംവർക്ക് (എൻ.ഐ.ആർ.എഫ്) അനുസരിച്ച് സർവകലാശാല 23–ാം റാങ്ക് നേടിയതായി ഓഡിറ്റ് നിരീക്ഷിച്ചു. സർവകലാശാല നേടിയ സ്കോർ **പട്ടിക 2.1**–ൽ നൽകിയിരിക്കുന്നു.

**പട്ടിക 2.1: എൻ.ഐ.ആർ.എഫ് റാങ്കിങിന്റെ അടിസ്ഥാന ഘടകങ്ങളും കേരള സർവകലാശാല നേടിയ സ്കോറും**

| അടിസ്ഥാന ഘടകങ്ങൾ | വെയ്റ്റേജ് | സ്കോർ |
|---|---|---|
| അധ്യാപനവും, പഠനവും, വിഭവശേഷിയും | 0.30 | 73.77 |
| ഗവേഷണവും പ്രൊഫഷണൽ വ്യവഹാരവും | 0.30 | 19.03 |
| ബിരുദ ഫലങ്ങൾ | 0.20 | 86.00 |
| വ്യാപനവും ഉൾപ്പെടുത്തലും | 0.10 | 51.56 |
| കാഴ്ചപ്പാട് | 0.10 | 21.54 |
| **വെയ്റ്റഡ് മൊത്തം സ്കോർ** | | **52.35** |

*(ഉറവിടം : എൻ.ഐ.ആർ.എഫിൽ നിന്നും ലഭിച്ച ഡേറ്റ)*

ഇൻഡസ്ട്രിയുമായി ഇടപെടലുകൾ താരതമ്യേന കുറവായിരുന്നിട്ടും (ഖണ്ഡിക 3.2), 23 ശതമാനവും കരാർ അധ്യാപക ജീവനക്കാർ ആയിരുന്നിട്ടും (ഖണ്ഡിക 3.1.2) യു.ജി.സി നിർദ്ദേശിക്കുന്ന, നിരവധി സന്ദർഭങ്ങളിൽ അധ്യാപകർക്ക് വേണ്ട ഏറ്റവും കുറഞ്ഞ യോഗ്യത പോലും ഇല്ലാതിരുന്നിട്ടും (ഖണ്ഡിക 3.1.2) വിവിധ വിഭാഗങ്ങളിൽ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് വേണ്ട സൗകര്യങ്ങൾ ഇല്ലാതിരുന്നിട്ടും (ഖണ്ഡിക 5.3) ബിരുദ ഫലങ്ങളിലെ ഉയർന്ന സ്കോറുകൾ പോലുള്ള ഘടകങ്ങൾ കാരണം എൻ.ഐ.ആർ.എഫ് റാങ്കിംഗ് സമ്പ്രദായത്തിന് കീഴിൽ സർവകലാശാലയ്ക്ക് താരതമ്യേന മികച്ച സ്കോർ നേടാൻ കഴിഞ്ഞു. മുൻ വർഷത്തെ രണ്ട് സെമസ്റ്ററുകളിലും പഠിപ്പിച്ചിരുന്ന കരാർ അധ്യാപകരെ എൻ.ഐ.ആർ.എഫ്

സ്കീമിന് കീഴിൽ റഗുലർ ഫാക്കൽറ്റികളായി കണക്കാക്കാൻ കഴിഞ്ഞു. തൽഫലമായി ഫാക്കൽറ്റി വിദ്യാർത്ഥി അനുപാതത്തിൽ സർവകലാശാലയ്ക്ക് മുഴുവൻ സ്കോറും ലഭിച്ചു. വിദ്യാർത്ഥിനികളുടെയും അധ്യാപികമാരുടെയും ശതമാനവും സർവകലാശാലയ്ക്ക് അനുകൂലമായിരുന്നു.

## 2.4. അഫിലിയേറ്റഡ് കോളേജുകൾ

സർവകലാശാലയ്ക്ക് ഏകദേശം 187 അഫിലിയേറ്റഡ് കോളേജുകളുണ്ട്. താഴെ ചർച്ച ചെയ്യുന്നപോലെ ഈ കോളേജുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനുള്ള ഒരു സംവിധാനത്തിന്റെ അഭാവം ഓഡിറ്റ് നിരീക്ഷിച്ചു:

### 2.4.1. അഫിലിയേറ്റഡ് കോളേജുകളിൽ പരിശോധന നടത്താത്തത്

1977-ലെ കേരള യൂണിവേഴ്സിറ്റി ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്സിലെ 24-ാം അദ്ധ്യായത്തിലെ സ്റ്റാറ്റ്യൂട്ട് 36 പ്രകാരം, ഓരോ കോളേജും കാലാകാലങ്ങളിൽ പരിശോധനയ്ക്ക് വിധേയമാക്കുകയും അത്തരം പരിശോധനയുടെ റിപ്പോർട്ട് ബന്ധപ്പെട്ട കോളേജിന്റെ പ്രിൻസിപ്പലിന് കൈമാറേണ്ടതുമാണ്. റിപ്പോർട്ടിൻമേൽ എന്തെങ്കിലും നടപടി സ്വീകരിക്കുന്നതിന് മുൻപ് തന്നെ വിശദീകരണം ലഭ്യമാക്കാൻ ഇത് നൽകിയിരിക്കണം. കോളേജുകൾക്ക്/ പുതിയ കോഴ്സുകൾക്ക് അഫിലിയേഷൻ നൽകുന്നതിന് വേണ്ടി മാത്രമാണ് പരിശോധനകൾ നടത്തിയതെന്ന് നിരീക്ഷിച്ചു.

സ്റ്റാറ്റ്യൂട്ട്സ് അല്ലെങ്കിൽ യു.ജി.സി/ റെഗുലേറ്ററി ബോഡികളുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഉണ്ടായിരിക്കേണ്ട അടിസ്ഥാന സൗകര്യങ്ങളും അധ്യയന സൗകര്യങ്ങളും ഉറപ്പാക്കാനായി അഫിലിയേറ്റ് ചെയ്ത എല്ലാ കോളേജുകളിലും നാല് വർഷത്തിനുള്ളിൽ പരിശോധന നടത്താൻ സിൻഡിക്കേറ്റ് തീരുമാനിച്ചുവെന്ന് (2021 ജൂൺ 11) സർവകലാശാല മറുപടി നൽകി (2021 സെപ്റ്റംബർ 13). പരിശോധനയ്ക്കായുള്ള കമ്മീഷൻ രൂപീകരിക്കുന്നതിന് കോളേജുകളുടെ അഫിലിയേഷൻ സംബന്ധിച്ച സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ കൺവീനറെ ചുമതലപ്പെടുത്തി.

അഫിലിയേറ്റഡ് കോളേജുകളിൽ പരിശോധന നടത്താൻ കമ്മീഷൻ ഇനിയും രൂപീകരിച്ചിട്ടില്ലെന്നും ഇതുവരെ പരിശോധന ആരംഭിച്ചിട്ടില്ലെന്നും നിരീക്ഷിച്ചു.

1977-ലെ കേരള യൂണിവേഴ്സിറ്റി ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്സിലെ 24-ാം അദ്ധ്യായത്തിലെ സ്റ്റാറ്റ്യൂട്ട് 36 അനുശാസിക്കുന്ന പരിശോധനകൾ നാല് വർഷത്തിനുള്ളിൽ നടത്താൻ സർവകലാശാല തീരുമാനിച്ചുവെന്ന് സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13). കോളേജുകളുടെ എണ്ണത്തിലുണ്ടായ വർധനയും സമയക്കുറവും പകർച്ചവ്യാധി സാഹചര്യവും ലോക്ക്ഡൗണും പരിശോധനാ നടത്തിപ്പിനെ പ്രതികൂലമായി ബാധിച്ചു.

അഫിലിയേറ്റഡ് കോളേജുകളിൽ കാലാകാലങ്ങളിൽ പരിശോധന നടത്തുക എന്ന നിയമപരമായ കടമ സർവകലാശാല അവഗണിച്ചത് അധ്യാപന

സൗകര്യങ്ങളുടെ/ അടിസ്ഥാന സൗകര്യങ്ങളുടെ പോരായ്മകൾ റിപ്പോർട്ട് ചെയ്യപ്പെടാതെ പോകാൻ കാരണമായി.

### 2.4.2. സർക്കാരിന് റിപ്പോർട്ടുകൾ സമർപ്പിക്കാത്തത്

1974–ലെ കേരള യൂണിവേഴ്സിറ്റി ആക്ടിലെ സെക്ഷൻ 78 പ്രകാരം, ഓരോ നാല് വർഷം കഴിയുമ്പോഴും, അഫിലിയേറ്റഡ് കോളേജുകളുടെ അവസ്ഥയെക്കുറിച്ച് വൈസ് ചാൻസലർ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കണം. സർക്കാരിനും സർവകലാശാലയ്ക്കും അഫിലിയേറ്റഡ് കോളേജുകളുടെ നിലവിലുള്ള സ്ഥിതിയെക്കുറിച്ചുള്ള വിവരങ്ങൾ അറിയാൻ കഴിയുന്ന ഒരു മാർഗമായതിനാൽ, 'അഫിലിയേറ്റഡ് കോളേജുകളുടെ അവസ്ഥയെക്കുറിച്ച്' വൈസ് ചാൻസലർ സർക്കാരിന് നാല് വർഷം കൂടുമ്പോൾ റിപ്പോർട്ട് സമർപ്പിക്കണമെന്ന് ശ്രീമതി പത്മ രാമചന്ദ്രൻ അധ്യക്ഷ ആയ കമ്മീഷനും[11] ശിപാർശ ചെയ്തു.

എന്നാൽ, അഫിലിയേറ്റഡ് കോളേജുകളെക്കുറിച്ച് അത്തരം റിപ്പോർട്ടുകളൊന്നും സമർപ്പിക്കുന്നില്ലെന്ന് നിരീക്ഷിക്കപ്പെട്ടു.

സർവകലാശാല അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചും ഒരു റിപ്പോർട്ട് എല്ലാ വർഷവും വാർഷിക റിപ്പോർട്ടിന്റെ രൂപത്തിൽ സർക്കാരിന് സമർപ്പിക്കുന്നു എന്നും ഇത് അഫിലിയേറ്റഡ് കോളേജുകളെ സംബന്ധിച്ച മിക്ക വിവരങ്ങളും നൽകുന്നു എന്നും സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13). സർക്കാർ കോളേജുകൾ ഡയറക്ടർ ഓഫ് കൊളീജിയറ്റ് എഡ്യൂക്കേഷന്റെ (ഡി.സി.ഇ) നേരിട്ടുള്ള നിയന്ത്രണത്തിലാണ്. അതിനാൽ പ്രസ്തുത കോളേജുകളെക്കുറിച്ച് സർക്കാരിന് നേരിട്ടുള്ള വിവരങ്ങൾ ലഭിക്കും. കൂടാതെ, സ്വാശ്രയ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുമ്പോൾ, കോഴ്സുകൾ നടത്തുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും മാനവ, ഭൗതിക വിഭവങ്ങളും കോളേജുകളിൽ ഉണ്ടെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ സമർപ്പിക്കുമെന്ന് കോളേജ് മാനേജ്മെന്റിൽ നിന്ന് സർക്കാർ ഉറപ്പ് വരുത്തുന്നു.

വാർഷിക റിപ്പോർട്ടുകളിൽ ഓരോ അഫിലിയേറ്റഡ് കോളേജുകളെക്കുറിച്ചും ഹ്രസ്വ വിവരണം മാത്രമേ ഉള്ളൂ എന്നതിനാലും ബന്ധപ്പെട്ട കോളേജുകളിലെ പ്രിൻസിപ്പൽമാർ നൽകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം തയ്യാറാക്കുന്നു എന്നതിനാലും മറുപടി ന്യായീകരിക്കത്തക്കതല്ല. വാർഷിക റിപ്പോർട്ടുകൾ സർവകലാശാല നടത്തുന്ന പരിശോധനകളുടെ അടിസ്ഥാനത്തിലല്ലാത്തതിനാലും അഫിലിയേഷൻ ലഭിച്ചുകഴിഞ്ഞാൽ പിന്നീട് സൗകര്യങ്ങൾ പരിശോധിക്കാത്തതിനാലും. അതിനാൽ, അഫിലിയേറ്റഡ് കോളേജുകളിലെ അധ്യാപനത്തെക്കുറിച്ചും അടിസ്ഥാന

[11] കേരള സർവകലാശാലയുടെ പ്രവർത്തനത്തെക്കുറിച്ച് പഠിക്കുന്നതിന് 1974–ലെ കേരള സർവകലാശാല ആക്ട് സെക്ഷൻ 71 പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ ഉപയോഗിച്ച് 2000 മാർച്ചിൽ കേരള സർക്കാർ രൂപീകരിച്ച കമ്മീഷൻ മുൻ ചീഫ് സെക്രട്ടറി ശ്രീമതി പത്മ രാമചന്ദ്രന്റെ റിപ്പോർട്ട് 2000 നവംബർ 29–ന് സർക്കാരിന് സമർപ്പിച്ചു.

സൗകര്യങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ ലഭിക്കാനുള്ള സംവിധാനം സർക്കാരിന് നിഷേധിക്കപ്പെടുകയാണ്.

## ബി) സാമ്പത്തിക നിർവ്വഹണം

സാമ്പത്തിക കാര്യങ്ങളുടെ വിവേകപൂർണ്ണമായ നിർവ്വഹണം ഏതൊരു സ്ഥാപനത്തിന്റെയും പ്രവർത്തനത്തിന് നിർണായകമാണ്. ഓഡിറ്റിന്റെ ഭാഗമായി സർവകലാശാലയുടെ സാമ്പത്തികവും അതിന്റെ നിർവ്വഹണവും പരിശോധിച്ചു.

1974-ലെ കേരള സർവകലാശാല ആക്ട് സെക്ഷൻ 45(1) പ്രകാരം, സംസ്ഥാന സർക്കാർ, ഭാരതസർക്കാർ, യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ എന്നിവയിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭിച്ച എല്ലാ ഗ്രാന്റുകളും ലോണുകളും, സർവകലാശാലയുടെ എല്ലാ വരവുകളും, ലഭിച്ച എല്ലാ ഫീസുകളും, സർവകലാശാലയിൽ നിക്ഷിപ്തമായ സ്വത്തുക്കളിൽ നിന്നും ഫണ്ടുകളിൽ നിന്നും ലഭിക്കുന്ന വാടകയും ലാഭവും ഉൾപ്പെടെയുള്ള ആദായങ്ങളും, ഏതെങ്കിലും സ്രോതസ്സിൽ നിന്ന് ലഭിച്ച എല്ലാ എൻഡോവ്മെന്റുകളും സംഭാവനകളും, സർവകലാശാലയുടെ മറ്റെല്ലാ വരവുകളും, സർവകലാശാലയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട എല്ലാ നിക്ഷേപങ്ങളും, റെമിറ്റൻസുകളും, സേവന ഫണ്ടുകളും തുടങ്ങി എല്ലാ വരുമാനങ്ങളും "കേരള യൂണിവേഴ്സിറ്റി ഫണ്ട്" എന്ന പേരിൽ ഒരു ഏകീകൃത ഫണ്ട് സർവകലാശാല രൂപീകരിക്കുകണം. ഈ ആക്റ്റിലും അതിനനുസരിച്ചുള്ള സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, ഉപനിയമങ്ങൾ, ഉത്തരവുകൾ എന്നിവയിലും പറഞ്ഞിരിക്കുന്ന വിധത്തിലും ആവശ്യങ്ങൾക്കും വേണ്ടി ഇത് ഉപയോഗിക്കാവുന്നതാണ്.

2015-16 മുതൽ 2020-21 വരെയുള്ള കാലയളവിലെ വരവുകളുടെയും ചെലവുകളുടെയും വിശദാംശങ്ങൾ **പട്ടിക 2.2**-ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 2.2: 2015-16 മുതൽ 2020-21 വരെയുള്ള കാലയളവിലെ കേരള സർവകലാശാലയുടെ വരവുകളുടെയും ചെലവുകളുടെയും വിശദാംശങ്ങൾ**

***(₹ കോടിയിൽ)***

| വർഷം | വരവ് | | | | ചെലവ് | | | സേവിംഗ്സ് (വരവുകളുടെ ശതമാനം) |
|---|---|---|---|---|---|---|---|---|
| | പദ്ധതിയിതരം | പദ്ധതി | ആഭ്യന്തര വരുമാനം | ആകെ | പദ്ധതിയിതരം | പദ്ധതി | ആകെ | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) = (5) - (8) |
| 2015-16 | 205.42 | 40.40 | 113.56 | **359.38** | 256.25 | 35.77 | **292.02** | 67.36 *(18.74)* |
| 2016-17 | 256.77 | 56.54 | 112.02 | **425.33** | 298.92 | 42.11 | **341.03** | 84.30 *(19.82)* |
| 2017-18 | 288.17 | 29.98 | 109.15 | **427.30** | 331.66 | 53.71 | **385.37** | 41.93 *(9.81)* |
| 2018-19 | 310.05 | 41.51 | 127.86 | **479.42** | 333.12 | 57.91 | **391.03** | 88.39 *(18.44)* |
| 2019-20 | 341.06 | 16.77 | 144.33 | **502.16** | 350.80 | 28.87 | **379.67** | 122.49 *(24.39)* |
| 2020-21 | 277.24 | 16.88 | 136.85 | **430.97** | 348.65 | 18.16 | **366.81** | 64.16 *(14.89)* |
| **ആകെ** | **1678.71** | **202.08** | **743.77** | **2624.56** | **1919.40** | **236.53** | **2155.93** | **468.63** ***(17.85)*** |

*(ഉറവിടം : സർവകലാശാലയുടെ വാർഷിക കണക്കുകൾ)*

സർവകലാശാലയുടെ ധനകാര്യവുമായി ബന്ധപ്പെട്ട ഓഡിറ്റിന്റെ കണ്ടെത്തലുകൾ തുടർന്നുള്ള ഖണ്ഡികകളിൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു.

## 2.5. പൊതു വികസന സഹായ ഗ്രാന്റിന്റെ നഷ്ടം

12–ാം പദ്ധതി കാലയളവിൽ (2012–17), സർവകലാശാലകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ യു.ജി.സി പൊതു വികസന സഹായം (ജി.ഡി.എ) നൽകി. വിവിധ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കാണ് സംസ്ഥാന സർവകലാശാലകൾക്കുള്ള ജി.ഡി.എ പദ്ധതി നടപ്പാക്കുന്നത്. യു.ജി.സി മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, ആദ്യ ഗഡുവായി നീക്കിവച്ച ഫണ്ടിന്റെ 20 ശതമാനവും, രണ്ടാം ഗഡുവും തുടർന്നുള്ള ഗഡുക്കളും പുരോഗതി റിപ്പോർട്ട്, ചെലവുകളുടെ പ്രസ്താവന / മുൻ ഗ്രാന്റിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ലഭിച്ച ശേഷവും നൽകേണ്ടതാണ്.

12–ാം പഞ്ചവത്സരപദ്ധതി കാലയളവിൽ (2012–17) കേരള സർവകലാശാലയ്ക്ക് ജി.ഡി.എ ആയി യു.ജി.സി ₹15.76 കോടി നീക്കിവച്ചിരുന്നു. 2012–13 ലേക്കുള്ള ₹2.50 കോടിയും 2013–14 ലേക്കുള്ള ₹3.80 കോടിയും യു.ജി.സി യഥാക്രമം 2012 ആഗസ്റ്റ് 31 നും 2013 ജൂലൈ 25 നും അനുവദിച്ചു. പന്ത്രണ്ടാം പദ്ധതി ധനസഹായത്തിന്റെ വിനിയോഗ കാലാവധി 2017 സെപ്റ്റംബർ 30 വരെ നീട്ടിയിട്ടുണ്ടെന്നും 2017 മാർച്ച് 31 ന് മുൻപ് ആരംഭിച്ച നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള സഹായം 2020 മാർച്ച് 31 വരെ തുടരുമെന്നും യു.ജി.സി അറിയിച്ചു (2017 ജൂലൈ 25). ഫണ്ട് അനുവദിച്ച തീയതി മുതൽ മൂന്ന് വർഷത്തിന് ശേഷം 2017 ഫെബ്രുവരിയിൽ ₹4.75 കോടിയുടെ വിനിയോഗസാക്ഷ്യപത്രവും 2017 മാർച്ചിൽ ₹6.29 കോടിയ്ക്ക് സംയുക്ത വിനിയോഗസാക്ഷ്യപത്രവും സമർപ്പിച്ചു. ബാക്കി ധനസഹായം ലഭിക്കുമെന്ന പ്രതീക്ഷയിൽ, 2017 സെപ്റ്റംബർ 30 വരെ ₹2.51 കോടി സർവകലാശാല ചെലവഴിച്ചു. വിനിയോഗസാക്ഷ്യപത്രം സമർപ്പിച്ചതിന് ശേഷം യു.ജി.സി അതിൽ ₹2.40 കോടി തിരികെ നൽകി. അങ്ങനെ, ₹8.81 കോടി ചെലവഴിച്ചതിൽ ₹8.70 കോടിയാണ് സർവകലാശാലയ്ക്ക് ലഭിച്ചത്. ആസൂത്രണം ചെയ്ത പ്രകാരം അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിൽ സർവകലാശാല പരാജയപ്പെട്ടതിനാൽ നീക്കിവച്ച ₹15.76 കോടിയിൽ നിന്ന് ₹8.70 കോടി (55 ശതമാനം) മാത്രമാണ് ലഭിച്ചത്. ഇത് മൂലം സർവകലാശാലയ്ക്ക് ₹7.06 കോടിയുടെ പൊതു വികസന സഹായം നഷ്ടമായി. യു.ജി.സി ലഭ്യമാക്കിയ ഫണ്ട് വിനിയോഗിക്കാൻ കഴിയാതിരുന്നിട്ടും അടിസ്ഥാനസൗകര്യ വികസനത്തിനായി സർവകലാശാല സർക്കാരിൽ നിന്ന് കൂടുതൽ ഫണ്ട് ആവശ്യപ്പെടുന്നു[12]. അതേസമയം എന്നത് ശ്രദ്ധേയമാണ്.

[12] ഓരോ വർഷവും കേരള സർക്കാരിന് സമർപ്പിക്കുന്ന ആന്വൽ ആക്ഷൻ പ്ലാനിലൂടെ

2010 മാർച്ച് 31-ന് അവസാനിച്ച വർഷത്തേക്കുള്ള ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ (സിവിൽ) റിപ്പോർട്ടിൽ ഉൾപ്പെടുത്തിയ കേരള സർവകലാശാലയുടെ പ്രവർത്തനങ്ങളുടെ പ്രവർത്തനക്ഷമതാ ഓഡിറ്റ് ചർച്ച ചെയ്യുമ്പോൾ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി 2011-14-ലെ 43-ാം റിപ്പോർട്ടിൽ ഭാവിയിൽ ഫണ്ട് പാഴാകുന്നത് ഒഴിവാക്കാനായി സർവകലാശാലകളുടെ വികസന ആവശ്യങ്ങൾക്കായി യു.ജി.സി അനുവദിക്കുന്ന ഫണ്ട് സമ്പൂർണ്ണവും ഫലപ്രദവുമായി വിനിയോഗിക്കുന്നതിന് നിർണ്ണായകവും കൃത്യവുമായ ആസൂത്രണം സർവകലാശാല അധികാരികൾ ആവിഷ്കരിക്കണമെന്ന് അഭിപ്രായപ്പെട്ടിരുന്നു.

പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി ഫണ്ടിൽ നിന്ന് യു.ജി.സി ₹15.76 കോടി നീക്കിവച്ചിട്ടുണ്ടെന്ന് സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13). ഇതിൽ ₹6.30 കോടി രണ്ട് ഗഡുക്കളായി അനുവദിച്ചു. മിച്ചധനസഹായം പ്രതീക്ഷിച്ച് സർവകലാശാല ചെലവഴിച്ച ₹2.51 കോടി ഉൾപ്പെടെ ₹9.45 കോടി ബാക്കി ധനസഹായം അനുവദിക്കാൻ സർവകലാശാല യു.ജി.സിയോട് അഭ്യർത്ഥിച്ചിരുന്നു (2018 മാർച്ച് 20). അതിൽ ₹2.40 കോടി യു.ജി.സി അനുവദിച്ചു. കൂടാതെ കേരള സർവകലാശാലയുമായി ബന്ധപ്പെട്ട കണക്കുകൾ എല്ലാം തീർപ്പാക്കിയതായി സർവകലാശാലയെ യു.ജി.സി അറിയിച്ചു.

പി.എ.സി ശിപാർശകൾ നൽകിയിട്ടും സർവകലാശാലയ്ക്ക് അനുവദിച്ച ജി.ഡി.എ വിനിയോഗിക്കുന്നതിന് നിർണ്ണായക നടപടികളൊന്നും സ്വീകരിക്കാത്തതിനാൽ സർവകലാശാലയ്ക്ക് ₹7.06 കോടിയുടെ ജി.ഡി.എ നഷ്ടമായി.

## 2.6. സ്ഥിരനിക്ഷേപത്തിലെ ₹21 കോടിയുടെ പലിശ വരുമാന നഷ്ടം

കേരള യൂണിവേഴ്സിറ്റി ഫണ്ടുകളിലെ എല്ലാ പണവും സർക്കാർ ട്രഷറിയിലോ അല്ലെങ്കിൽ സർക്കാറിന്റെ അംഗീകാരത്തോടെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലോ (എസ്.ബി.ഐ) അല്ലെങ്കിൽ അതിന്റെ അനുബന്ധ സ്ഥാപനങ്ങളിലോ സർക്കാർ നിശ്ചയിക്കുന്ന പരിധിവരെ നിക്ഷേപിക്കേണ്ടതാണ്[13].

സർവകലാശാല ഫണ്ടുകൾ സർക്കാർ ട്രഷറിയിലും എസ്.ബി.ഐയിലും അതിന്റെ അനുബന്ധ സ്ഥാപനങ്ങളിലും സ്ഥിര നിക്ഷേപം നടത്തിയിരുന്നു. എസ്.ബി.ഐയിലും അനുബന്ധ സ്ഥാപനങ്ങളിലും ഫണ്ട് നിക്ഷേപിക്കുന്നതിന് സർക്കാരിന്റെ അംഗീകാരം സംബന്ധിച്ച രേഖകളൊന്നും നൽകാൻ സർവകലാശാലയ്ക്ക് കഴിഞ്ഞില്ല. കൂടാതെ, 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലെ സ്ഥിരനിക്ഷേപത്തിന്റെ പലിശ നിരക്ക് 8.25 ശതമാനത്തിൽ നിന്ന് 5.70 ശതമാനമായി കുറഞ്ഞു. അതേ സമയം ട്രഷറി സ്ഥിരനിക്ഷേപങ്ങളുടെ

13 കേരള സർവകലാശാല ആക്റ്റ്, 1974-ലെ അദ്ധ്യായം VII (ധനകാര്യം), സെക്ഷൻ 45(2) പ്രകാരം.

നിരക്ക് ഒൻപത് ശതമാനം മുതൽ 8.5 ശതമാനം[14] വരെ ഉയർന്ന നിലയിൽ തന്നെ തുടർന്നിരുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു. എന്നാൽ, ഉയർന്ന പലിശനിരക്ക് പ്രയോജനപ്പെടുത്തുന്നതിന് ഫണ്ടുകൾ ട്രഷറി സ്ഥിരനിക്ഷേപങ്ങളിലേക്ക് മാറ്റുന്നതിനുള്ള നടപടികളൊന്നും സർവകലാശാല എടുത്തില്ല. പകരം എസ്.ബി.ഐയിലെയും അതിന്റെ അനുബന്ധ സ്ഥാപനങ്ങളിലെയും സ്ഥിരനിക്ഷേപങ്ങളിൽ നിക്ഷേപം തുടർന്നു.

2016–17 മുതൽ 2019–20 വരെയുള്ള കാലയളവിലെ രേഖകൾ പരിശോധിച്ചപ്പോൾ സർക്കാർ അംഗീകാരം ഇല്ലാതെയും പലിശനിരക്ക് കുറഞ്ഞിട്ടും എസ്.ബി.ഐയുടെയും അതിന്റെ അനുബന്ധ സ്ഥാപനങ്ങളിലും സർവകലാശാല ഫണ്ടുകളുടെ നിക്ഷേപം തുടർന്നത് ചുവടെയുള്ള **പട്ടിക 2.3–ൽ** വിശദമാക്കിയിരിക്കുന്നതുപോലെ ₹21.00 കോടിയുടെ പലിശ നഷ്ടത്തിന് കാരണമായി.

**പട്ടിക 2.3: ട്രഷറി സ്ഥിര നിക്ഷേപങ്ങളിൽ ഫണ്ട് നിക്ഷേപിക്കാത്തതിന്റെ ഫലമായി പലിശ വരുമാനത്തിലുണ്ടായ നഷ്ടം**

*(₹ കോടിയിൽ)*

| വർഷം | സ്ഥിര നിക്ഷേപങ്ങളായി സർവകലാശാല നിക്ഷേപിച്ച ആകെ തുക | എസ്.ബി. ഐയിലും അതിന്റെ അനുബന്ധ സ്ഥാപനങ്ങളിലും നിക്ഷേപിച്ച തുക | എസ്.ബി.ഐയിലെയും അതിന്റെ അനുബന്ധ സ്ഥാപനങ്ങളിലെയും സ്ഥിര നിക്ഷേപങ്ങളിൽ നിന്ന് ലഭിച്ച പലിശ* | ട്രഷറിയിൽ നിക്ഷേപിച്ചാൽ ലഭിക്കുന്ന പലിശ# | പലിശ നഷ്ടം |
|---|---|---|---|---|---|
| 2016–17 | 469.28 | 393.36 | 27.48 | 33.04 | 5.56 |
| 2017–18 | 476.67 | 382.61 | 26.52 | 30.66 | 4.14 |
| 2018–19 | 719.19 | 486.36 | 28.41 | 35.37 | 6.96 |
| 2019–20 | 945.66 | 509.79 | 28.23 | 32.57 | 4.34 |
| **ആകെ** | | | | | **21.00** |

* 2016–17 മുതൽ 2019–20 വരെയുള്ള കാലയളവിലെ വാർഷിക അക്കൗണ്ടുകളിൽ നിന്ന് എടുത്ത കണക്കുകൾ.

\# അതാത് കാലയളവിലെ പലിശ നിരക്ക് അടിസ്ഥാനമാക്കി സാധാരണ പലിശ നിരക്ക് രീതി ഉപയോഗിച്ച് കണക്കാക്കിയത്.

*(ഉറവിടം: സർവകലാശാലയുടെ വാർഷിക അക്കൗണ്ടുകൾ)*

അങ്ങനെ, 1974–ലെ കേരള യൂണിവേഴ്സിറ്റി ആക്ടിലെ വ്യവസ്ഥകൾ പാലിക്കാത്തതും കൃത്യമായ സാമ്പത്തിക ആസൂത്രണത്തിന്റെ അഭാവവും 2016–17 മുതൽ 2019–20 വരെയുള്ള കാലയളവിൽ ₹21.00 കോടിയുടെ പലിശ വരുമാന നഷ്ടത്തിന് കാരണമായി.

1974–ലെ കേരള സർവകലാശാല ആക്ട് (സെക്ഷൻ 23 (iv)), 1977–ലെ കേരള യൂണിവേഴ്സിറ്റി ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്സ് (അദ്ധ്യായം 6, സെക്ഷൻ 3(ix), സെക്ഷൻ 4(ഡി)) എന്നിവ പ്രകാരം കാലാകാലങ്ങളിലുള്ള തീരുമാനങ്ങൾക്കനുസരിച്ച് സർവകലാശാലയുടെ ഫണ്ട് നിക്ഷേപിക്കാൻ

[14] ഒരു വർഷത്തിൽ കുറയാത്തതും എന്നാൽ രണ്ട് വർഷത്തിൽ താഴെയുള്ളതുമായ നിക്ഷേപ നിരക്കുകൾ

സിൻഡിക്കേറ്റിന് അധികാരമുണ്ടെന്ന് സർക്കാർ പ്രസ്താവിച്ചു (2021 ഡിസംബർ). 2021 ഫെബ്രുവരി 17-ന് ചേർന്ന സിൻഡിക്കേറ്റ് യോഗത്തിൽ, ശമ്പളം, പെൻഷൻ, പരീക്ഷാ നടത്തിപ്പ് തുടങ്ങിയ അടിയന്തിര ചെലവുകൾ വഹിക്കാൻ മതിയായ ഫണ്ട് എസ്.ബി.ഐയിൽ സൂക്ഷിച്ച ശേഷം ബാക്കി ഫണ്ട് ഘട്ടം ഘട്ടമായി ട്രഷറിയിൽ നിക്ഷേപിക്കുന്നതിന് (ഉയർന്ന പലിശ നിരക്ക് ലഭിക്കുന്നതിന്) തീരുമാനിച്ചതായി പ്രസ്താവിച്ചു.

ഫണ്ടുകൾ വിവേകത്തോടെ നിക്ഷേപിച്ചിരുന്നെങ്കിൽ ഉയർന്ന നിരക്കിലെ പലിശ സർവകലാശാലയ്ക്ക് നഷ്ടപ്പെടില്ലായിരുന്നു. നിക്ഷേപങ്ങൾ കാലാകാലങ്ങളിൽ പുനഃരവലോകനം ചെയ്ത് മെച്ചപ്പെട്ട പലിശ നേടാൻ പര്യാപ്തമായ രീതിയിൽ ഫണ്ടുകൾ നിക്ഷേപിച്ച് ഫണ്ട് മാനേജ്മെന്റിന് സർവകലാശാല മുൻഗണന നൽകേണ്ടതാണ്.

## 2.7. സർക്കാരിൽ നിന്ന് ശമ്പള പരിഷ്കരണ കുടിശ്ശിക ലഭിക്കാത്തത്

സംസ്ഥാനത്തെ കോളേജ്/സർവകലാശാല അധ്യാപകർ, കായിക വിദ്യാഭ്യാസ അധ്യാപകർ, ലൈബ്രേറിയൻമാർ എന്നിവരുടെ ശമ്പള സ്കെയിലുകൾ പരിഷ്ക്കരിക്കുന്നത് ഉൾപ്പെടെ ആറാമത് യു.ജി.സി പദ്ധതി നടപ്പിലാക്കാൻ ആഗ്രഹിക്കുന്ന സംസ്ഥാന സർക്കാരുകൾക്ക് സാമ്പത്തിക സഹായം നൽകാൻ ഭാരതസർക്കാർ തീരുമാനിച്ചു (2008 ഡിസംബർ 31). 2006 ജനുവരി 01 മുതൽ 2010 മാർച്ച് 31 വരെയുള്ള കാലയളവിൽ ശമ്പള പരിഷ്കരണത്തിൽ ഉൾപ്പെട്ട അധിക ചെലവിന്റെ 80 ശതമാനം ഭാരതസർക്കാർ സാമ്പത്തിക സഹായം നൽകേണ്ടിയിരുന്നു. ബാക്കി 20 ശതമാനം സംസ്ഥാന സർക്കാർ വഹിക്കേണ്ടതായിരുന്നു. അതനുസരിച്ച് പുതുക്കിയ യു.ജി.സി പദ്ധതിയിലെ ശമ്പള സ്കെയിലുകൾ അംഗീകരിക്കാൻ കേരള സർക്കാർ തീരുമാനിച്ചു (2010 മാർച്ച് 27). കൂടാതെ 80 ശതമാനം തുക ധനസഹായമായി ഭാരതസർക്കാർ അനുവദിക്കുമ്പോൾ കുടിശ്ശിക അനുവദിക്കുമെന്ന് പ്രസ്താവിച്ചു.

ആറാമത് യു.ജി.സി ശമ്പള പരിഷ്കരണത്തിന്റെ കുടിശ്ശിക തുക നാല് ഗഡുക്കളായി വിതരണം ചെയ്യാൻ കേരള സർക്കാർ തീരുമാനിച്ചു (2013 ഫെബ്രുവരി 22). 2006 ജനുവരി 01 മുതൽ 2007 ജൂൺ 30 വരെയുള്ള കാലയളവിലെ കുടിശ്ശികയുടെ ആദ്യഗഡു വിതരണത്തിനായി കേരള സർവകലാശാലയ്ക്ക് ₹4.57 കോടി സർക്കാർ അനുവദിച്ചു (2014 ജനുവരി). 2007 ജൂലൈ 01 മുതൽ 2008 ജൂൺ 30 വരെയും 2008 ജൂലൈ 01 മുതൽ 2009 ജൂൺ 30 വരെയുമുള്ള കാലയളവിലെ ആറാം യു.ജി.സി ശമ്പള പരിഷ്കരണ കുടിശ്ശിക രണ്ടാമത്തെയും മൂന്നാമത്തെയും ഗഡുവായി സർവകലാശാലയ്ക്ക് ₹7.11 കോടി സർക്കാർ അനുവദിച്ചു (2017 ഏപ്രിൽ 06). തുക സർവകലാശാലയ്ക്ക് അനുവദിച്ചെങ്കിലും, അത് സർവകലാശാലയുടെ പദ്ധതിയേതര ഫണ്ടിൽ നിന്ന് സർക്കാർ തിരിച്ചുപിടിച്ചു. കൂടാതെ, നാലാം ഗഡുവായി ₹2.66 കോടി സർക്കാർ അനുവദിച്ചെങ്കിലും (2019 മാർച്ച് 03) ഈ തുക സർവകലാശാലയ്ക്ക് കൈമാറിയില്ല. പകരം നടപ്പു വർഷത്തെ പദ്ധതിയേതര ബജറ്റ് വിഹിതത്തിൽ നിന്ന് ചെലവുകൾ വഹിക്കാൻ

സർക്കാർ സർവകലാശാലയ്ക്ക് നിർദ്ദേശം നൽകി (2019 ജൂൺ 20). അങ്ങനെ, കുടിശ്ശിക വിതരണത്തിനായി സർവകലാശാല ₹14.14 കോടി വിനിയോഗിച്ചെങ്കിലും കേരള സർക്കാരിൽ നിന്ന് ലഭിച്ചത് ₹4.57 കോടി മാത്രമാണ്. ബാക്കി തുകയായ ₹9.57 കോടി സർവകലാശാലയുടെ പദ്ധതിയേതര ഫണ്ടിൽ നിന്നാണ് വിനിയോഗിച്ചത്.

മാനവ വിഭവശേഷി വികസന മന്ത്രാലയം (എം.എച്ച്.ആർ.ഡി) മാർഗ്ഗരേഖകൾ അനുസരിച്ച് (2010 മേയ് 11), ആറാമത് യു.ജി.സി പദ്ധതി വ്യവസ്ഥകൾ ഉൾപ്പെടുത്തുവാനായി, സർവകലാശാലകളും കോളേജുകളുടെ മാനേജ്മെന്റുകളും അവരുടെ സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, നിയമങ്ങൾ, വ്യവസ്ഥകൾ മുതലായവയിൽ ഉചിതമായ മാറ്റങ്ങൾ വരുത്തേണ്ടത് ആവശ്യമാണ്. കൂടാതെ, അതാതിന്റെ പകർപ്പ് യു.ജി.സിക്കും നൽകണം. കേന്ദ്ര വിഹിതത്തിനായുള്ള അപേക്ഷയോടൊപ്പം പ്രസ്തുത രേഖകളുടെ ഭേദഗതി ചെയ്ത പകർപ്പുകൾ ഉണ്ടായിരിക്കണം. കേരള സർക്കാർ കൈമാറിയ അപേക്ഷകൾക്കൊപ്പം ഭേദഗതി വരുത്തിയ രേഖകളുടെ പകർപ്പുകൾ ഉണ്ടായിരുന്നില്ലാ എന്നതിനാൽ യു.ജി.സി ശമ്പള സ്കെയിലുകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച ഭേദഗതിയുടെ പകർപ്പുകൾ നൽകാൻ എം.എച്ച്.ആർ.ഡി ഓർമ്മക്കുറിപ്പുകൾ നൽകി[15]. എല്ലാ അർത്ഥത്തിലും പൂർണ്ണമായതും 2016 ഡിസംബർ 31–ന് മുൻപ് ലഭിച്ചതുമായ പ്രൊപ്പോസൽ മാത്രമേ പണം തിരിയെ നൽകുന്നതിനായി പരിഗണിക്കൂ എന്ന് 2016 നവംബർ 17–ന്റെ കത്തിലൂടെ എം.എച്ച്.ആർ.ഡി പ്രസ്താവിച്ചു. 2019 ഡിസംബർ 26–ന് മാത്രമാണ് സർവകലാശാല ചട്ടങ്ങളിൽ ഭേദഗതി വരുത്തിയത്, അത് 2020 ജനുവരി 25–ന് കേരള സർക്കാരിന് കൈമാറി. പൂർണ്ണമായ പ്രൊപ്പോസലുകൾ കേരള സർക്കാർ നൽകാത്തതിനാൽ എം.എച്ച്.ആർ.ഡി 2018 ജൂലൈ 11–ലെ കത്തിൽ കേന്ദ്ര വിഹിതം അനുവദിക്കുന്നതിനുള്ള പദ്ധതി അവസാനിപ്പിച്ചതായി അറിയിച്ചു.

സർക്കാർ ഓഡിറ്റ് നിരീക്ഷണങ്ങൾ അംഗീകരിക്കുകയും (2021 ഡിസംബർ) കുടിശ്ശികയുടെ രണ്ടാമത്തെയും മൂന്നാമത്തെയും ഗഡുവായി അനുവദിച്ച ₹7.11 കോടിയുടെ ഫണ്ട് പദ്ധതിയേതര ഗ്രാന്റിൽ നിന്ന് സർക്കാർ കുറച്ചതായി പ്രസ്താവിക്കുകയും ചെയ്തു. തുടർന്ന് 2018–19 വർഷത്തെ പദ്ധതിയേതര വിഹിതത്തിൽ നിന്ന് കുടിശ്ശികയുടെ നാലാം ഗഡു നൽകാൻ സർക്കാർ സർവകലാശാലയോട് നിർദേശിക്കുകയും അതിനനുസരിച്ച് ബാക്കി കുടിശ്ശിക സർവകലാശാല നൽകുകയും ചെയ്തു. യു.ജി.സിയിൽ നിന്ന് അർഹമായ ധനസഹായം[16] കേരള സർക്കാരിന് ലഭിക്കാത്തതിനാൽ, കേരള സർക്കാരിൽ നിന്നുള്ള സഹായം സർവകലാശാലയ്ക്കും നഷ്ടപ്പെട്ടു.

---

15 2016 ഫെബ്രുവരി, 2016 ഏപ്രിൽ

16 സർവകലാശാലകളുടെയും സംസ്ഥാനത്തെ കോളേജ് അധ്യാപകരുടെയും ശമ്പള പരിഷ്കരണ കുടിശ്ശിക ഇനത്തിൽ യു.ജി.സിയിൽ നിന്ന് ₹798.85 കോടി ലഭിക്കാൻ കേരള സർക്കാരിന് അർഹതയുണ്ടായിരുന്നു. എന്നാൽ, ലഭിച്ചത് ₹537.25 കോടി മാത്രമാണ്, ഇതുവഴി ₹261.59 കോടിയുടെ സഹായം നഷ്ടമായി.

## 2.8. ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റിൽ നിന്ന് ₹19.09 കോടി പാട്ട വാടക ഈടാക്കാത്തത്

കേരള സർക്കാരിൽ നിന്ന് ലഭിച്ച നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, 35–ാമത് ദേശീയ ഗെയിംസിന് ആതിഥേയത്വം വഹിക്കുന്നതിന് സ്റ്റേഡിയ സമുച്ചയം നിർമ്മിക്കുന്നതിനായി കാര്യവട്ടത്തെ യൂണിവേഴ്സിറ്റി കാമ്പസിൽ നിന്ന് ഏകദേശം 37 ഏക്കർ സ്ഥലം അനുവദിക്കാൻ കേരള സർവകലാശാലയുടെ സിൻഡിക്കേറ്റ് സമ്മതിച്ച (2010 ഫെബ്രുവരി 25). കാര്യവട്ടത്ത് സർവകലാശാലയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഔട്ട്ഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള പ്രവൃത്തി മെസ്സേഴ്സ് ഐ.എൽ & എഫ്.എസ് ട്രാൻസ്പോർട്ടേഷൻ നെറ്റ്‌വർക്കിന് വാർഷികവേതന അടിസ്ഥാനത്തിൽ നൽകുന്നതിന് കായിക യുവജനകാര്യ വകുപ്പ് അനുമതി നൽകി (2011 സെപ്റ്റംബർ 26). സർവകലാശാല, ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റ് (എൻ.ജി.എസ്), കാര്യവട്ടം സ്പോർട്സ് ഫെസിലിറ്റീസ് ലിമിറ്റഡ്[17], എന്നിവർ തമ്മിൽ 2012 ഏപ്രിൽ 04–ന് ഒരു കൺസഷൻ കരാറിൽ ഏർപ്പെട്ടു. കേരളത്തിൽ നടക്കുന്ന 35–ാം ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് ഉപയോഗിക്കുന്നതിന് രൂപരേഖതയ്യാറാക്കൽ, നിർമ്മാണം, പ്രവർത്തിപ്പിക്കൽ, കൈമാറ്റം (ഡി.ബി.ഒ.ടി) മാതൃകയിൽ പ്രോജക്ട് സൈറ്റിൽ ഗ്രീൻ ഫീൽഡ് സ്റ്റേഡിയം വികസിപ്പിക്കാൻ സർവകലാശാല എൻ.ജി.എസിന് അനുമതി നല്കി.

ഗ്രീൻ ഫീൽഡ് സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 15 വർഷത്തേക്ക് കാര്യവട്ടം കാമ്പസിൽ 37 ഏക്കൽ ഭൂമി നൽകുന്നതിനുള്ള പാട്ടക്കരാർ 2012 ഡിസംബർ 18–ന് സർവകലാശാലയും എൻ.ജി.എസ്സും ഒപ്പു വച്ചു. പാട്ടക്കരാർ വ്യവസ്ഥ (2) പ്രകാരം, എല്ലാ വർഷവും ഡിസംബറിലോ അതിനുമുമ്പോ 37ഏക്കറിന്റെ വിപണി മൂല്യത്തിന്റെ 2.50 ശതമാനത്തിന് തുല്യമായ പാട്ട വാടക മുൻകൂറായി നൽകാമെന്ന് എൻ.ജി.എസ് സമ്മതിച്ചിരുന്നു. ഭൂമിയുടെ വിപണി മൂല്യം വർധിക്കുന്നതിന്റെ അടിസ്ഥാനത്തിൽ മൂന്ന വർഷത്തിലൊരിക്കൽ ശേഷം പാട്ടവാടക കാലാനുസൃതമായി പരിഷ്കരിക്കണം.

മൂല്യനിർണ്ണയ സാക്ഷ്യപത്രം പ്രകാരം ഭൂമിയുടെ വിപണി മൂല്യം ഒരു ആറിന് ₹2.50 ലക്ഷം നിരക്കിൽ[18] മൊത്തം ഭൂമിയുടെ മൂല്യം ₹37.43 കോടിയായിരുന്നു. പാട്ട വാടക പ്രതിവർഷം ₹94 ലക്ഷമായി നിജപ്പെടുത്തി, 2012–13, 2013–14 വർഷങ്ങളിലെ നികുതി ഉൾപ്പെടെ ₹211.24 ലക്ഷം എൻ.ജി.എസ് മുൻകൂറായി അടച്ചു[19]. 2015 ജനുവരി 31–നും 2015 ഫെബ്രുവരി 14–നും ഇടയിൽ 35–ാം ദേശീയ ഗെയിംസിന് കേരളം ആതിഥേയത്വം വഹിച്ചു. 2014 ഡിസംബറിൽ കുടിശ്ശികയായ 2014–15 ലെ പാട്ട വാടക 18 മാസത്തെ കാലതാമസത്തിന് ശേഷം 2016 ജൂണിൽ ഭാഗികമായി ₹82.57 ലക്ഷം അടച്ചു.

---

17 മുംബൈയിലെ ബാന്ദ്രയിലെ ഐ.എൽ & എഫ്.എസ് ഫിനാൻഷ്യൽ സെന്ററിൽ രജിസ്റ്റേർഡ് ഓഫീസ് ഉള്ള ഒരു കമ്പനി

18 ഒരു ഏക്കർ = 40.4685 ആർ

19 2012 ജൂൺ, 2014 മാർച്ച്

ഇതിൽ ₹10.77 ലക്ഷം സേവന നികുതിയായി അടച്ചു. 2015 ഡിസംബർ മുതൽ പാട്ട വാടക പ്രതിവർഷം ₹3.14 കോടിയായി സർവകലാശാല പുതുക്കി നിശ്ചയിച്ചു. 2014 ഡിസംബറിലെ കുടിശ്ശിക ഉൾപ്പെടെ 2015 ഡിസംബർ മുതൽ 2020 ഡിസംബർ വരെയുള്ള വാടക ₹19.09 കോടിയും[20] ജി.എസ്.റ്റി ₹3.40 കോടിയുമാണ്. എന്നാൽ, 2015 ഡിസംബർ മുതലുള്ള പാട്ട വാടക ലഭിച്ചിട്ടില്ല (2021 സെപ്റ്റംബർ).

സർവകലാശാല എൻ.ജി.എസിനോടും സർക്കാരിനോടും പലതവണ വിഷയം ഉന്നയിച്ചിരുന്നു. എൻ.ജി.എസ് പിരിച്ചുവിടാൻ സർക്കാർ ഉത്തരവിട്ടതായും (2016 സെപ്റ്റംബർ) അതിന്റെ കീഴിലുള്ള എല്ലാ ചുമതലകളും കായിക യുവജനകാര്യ ഡയറക്ടറെ ഏൽപ്പിച്ചതായും ഓഡിറ്റ് നിരീക്ഷിച്ചു. ഇതുപ്രകാരം ₹3.27 കോടി (2015 ഡിസംബർ മുതൽ 2017 നവംബർ വരെയുള്ള കാലയളവിലെ പാട്ട വാടക) നൽകാൻ കായിക യുവജനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കായിക യുവജനകാര്യ ഡയറക്ടർക്ക് നിർദേശം നൽകി (2019 നവംബർ 29). എന്നാൽ, തുക ഇതുവരെയും അടച്ചിട്ടില്ല (2021 സെപ്റ്റംബർ).

കരാർ പ്രകാരം, ഓരോ മൂന്ന് വർഷത്തിലും പാട്ട വാടക പുതുക്കി നിശ്ചയിക്കേണ്ടതായിരുന്നു. അതുപ്രകാരം അത് 2018 ഡിസംബറിൽ പുതുക്കേണ്ടതുമായിരുന്നു. എന്നാൽ, നാളിതുവരെ (2021 സെപ്റ്റംബർ) വാടക പുതുക്കിയിട്ടില്ല.

കരാർ അവസാനിപ്പിക്കുന്നതിനോ / പണമടവിന് കാലതാമസം വന്നാൽ പിഴപ്പലിശ ഈടാക്കുന്നതിനോ വ്യവസ്ഥകൾ കരാറിൽ ഇല്ലാത്തതിനാൽ, ഈ വകയിൽ സർവകലാശാലയുടെ നഷ്ടം തുടരുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു.

ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിന്റെ വാടക കുടിശ്ശിക അടയ്ക്കാൻ നിരവധി ഓർമ്മക്കുറിപ്പുകൾ എൻ.ജി.എസിലേക്ക് അയച്ചതായി സർക്കാർ മറുപടി നൽകി (2021 ഡിസംബർ). ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിലെ സ്റ്റേഡിയം മാനേജ്മെന്റ് കമ്മിറ്റി യോഗത്തിൽ (2021 ഫെബ്രുവരി) സർവകലാശാലയ്ക്ക് നൽകാനുള്ള കുടിശ്ശിക തുക നൽകാൻ കായിക യുവജനകാര്യ വകുപ്പിന് നിർദേശം നൽകാൻ തീരുമാനിച്ചു. 2018 മുതൽ മുൻകാല പ്രാബല്യത്തോടെ പാട്ട വാടക പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പാട്ടക്കരാറിൽ പലിശ ഈടാക്കാൻ വ്യവസ്ഥയില്ലെങ്കിലും വാടക കരാർ ആത്യന്തികമായി വാണിജ്യ സ്വഭാവമുള്ളതാണെന്നും അതിനാൽ അത്തരം വ്യവസ്ഥകൾ കരാറുകളിൽ പ്രത്യേകമായി ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും കാലതാമസം നേരിട്ട പണമടവുകൾക്ക് വാണിജ്യപരമായ നിരക്കുകൾ ഈടാക്കാമെന്നും പിഴ നിരക്കുകൾ ഈടാക്കാമെന്നും സ്റ്റാന്റിംഗ് കൗൺസൽ അഭിപ്രായപ്പെട്ടു.

നാളിതുവരെ (2021 ഡിസംബർ) പാട്ടവാടക പോലും ഈടാക്കാൻ സർവകലാശാലയ്ക്ക് കഴിഞ്ഞിട്ടില്ല. സാമ്പത്തിക നഷ്ടം ഒഴിവാക്കുന്നതിനായി

[20] 2014 ഡിസംബറിലെ കുടിശ്ശിക ₹22.20 ലക്ഷം, 2015 ഡിസംബർ മുതൽ 2020 ഡിസംബർ വരെയുള്ള വാടക (പ്രതിവർഷം ₹3,14,45,190 നിരക്കിൽ) ₹18.87 കോടി

ആവശ്യമായ നടപടികൾ ഒരു നിശ്ചിത കാലയളവിനുള്ളിൽ എടുക്കേണ്ടതാണ്.

## 2.9. വാർഷിക അഡ്മിനിസ്ട്രേഷൻ ഫീസ് ആയ ₹11.63 കോടി ഈടാക്കാത്തത്

സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വാശ്രയ കോളേജുകളും അൺ എയ്ഡഡ് കോളേജുകളും വാർഷിക അഡ്മിനിസ്ട്രേഷൻ ഫീസ് (അടിസ്ഥാന സൗകര്യവികസന പരിപാലന ഫീസ്) മുൻകൂറായി എല്ലാ വർഷവും മാർച്ച് 31-ന് മുൻപ് കേരള യൂണിവേഴ്സിറ്റി ഫണ്ട് അക്കൗണ്ടിലേക്ക് അടയ്ക്കേണ്ടതുണ്ട്[21]. വാർഷിക അഡ്മിനിസ്ട്രേഷൻ ഫീസ് ഈടാക്കുന്നതുമായി ബന്ധപ്പെട്ട രേഖകളുടെ സൂക്ഷ്മപരിശോധനയിൽ, ₹11.63 കോടി പിരിച്ചെടുക്കാനുണ്ടെന്ന് (2021 ആഗസ്റ്റ്) കണ്ടെത്തി.

വിവിധ സ്ഥാപനങ്ങൾ നൽകിയ അപ്പീലുകളുടെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ തുകയിൽ ₹6.19 കോടി ഫീസ് അടയ്ക്കുന്നത് ഹൈക്കോടതി സ്റ്റേ ചെയ്തു. എന്നിരുന്നാലും, എൻജിനീയറിങ്, മാസ്റ്റർ ഓഫ് ബിസിനസ് അഡ്മിനിസ്ട്രേഷൻ തുടങ്ങിയ കോഴ്സുകൾ നൽകുന്ന കോളേജുകളിൽ നിന്ന് ₹4.83 കോടിയും മെഡിക്കൽ കോളേജുകൾ, നഴ്സിംഗ് കോളേജുകൾ മുതലായവയുമായി ബന്ധപ്പെട്ട് ₹0.54 കോടിയും പിരിച്ചെടുക്കാനുണ്ടെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. 2015-16 മുതൽ എഞ്ചിനീയറിംഗ്, എം.ബി.എ മുതലായ കോഴ്സുകൾ നൽകുന്ന കോളേജുകളുടെ അഫിലിയേഷൻ കേരള സാങ്കേതിക സർവകലാശാലയിലേക്ക് മാറ്റിയതിനാൽ ഈ കോളേജുകളിൽ നിന്ന് പിരിച്ചെടുക്കേണ്ട തുക 2015-19 കാലഘട്ടവുമായി ബന്ധപ്പെട്ടതാണ്. അതുപോലെ, മെഡിക്കൽ വിദ്യാഭ്യാസം നൽകുന്ന കോളേജുകളുടെ അഫിലിയേഷൻ 2010-11 മുതൽ കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസിലേക്ക് (കെ.യു.എച്ച്.എസ്) മാറ്റിയതിനാൽ ഈ കോളേജുകളിൽ നിന്നുള്ള ഫീസ് 2010-15 കാലഘട്ടത്തിലെയാണ്.

2020 ഡിസംബറിൽ ഡോ. എ.പി.ജെ അബ്ദുൾ കലാം സാങ്കേതികസർവകലാശാലയിലേയ്ക്ക് മാറ്റപ്പെട്ട കോളേജുകളിൽ നിന്നും വാർഷിക അഡ്മിനിസ്ട്രേഷൻ ഫീസിന്റെ ആനുപാതിക തുക ഈടാക്കാൻ അനുമതി നൽകിയെന്ന് സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13). ആനുപാതിക തുക കണക്കാക്കി വരുന്നു. കെ.യു.എച്ച്.എസ്സിലേക്ക് മാറ്റിയ കോളേജുകളെ സംബന്ധിച്ച്, റവന്യൂ റിക്കവറിയുമായി മുന്നോട്ട് പോകാൻ സിൻഡിക്കേറ്റ് തീരുമാനിച്ചു. ട്രെയിനിംഗ് കോളേജുകളെ സംബന്ധിച്ച് ഇടക്കാല ഉത്തരവ് അസാധുവാക്കാൻ സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കൗൺസലിനെ ചുമതലപ്പെടുത്തിയിരുന്നു.

ഇത്തരം തീരുമാനങ്ങൾ ഉണ്ടായിട്ടും സർവകലാശാലയ്ക്ക് ലഭിക്കേണ്ടിയിരുന്ന വരുമാനം ഇതുവരെയും വീണ്ടെടുക്കാനായിട്ടില്ല.

---

[21] 1977-ലെ കേരള യൂണിവേഴ്സിറ്റി ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്സ് അനുസരിച്ച്

## 2.10. സ്വാശ്രയ സ്ഥാപനങ്ങൾ

സർവകലാശാലയിൽ സ്വാശ്രയ തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കാൻ കേരള സർവകലാശാല തീരുമാനിച്ചു (1995 ജനുവരി 20). 34 യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (യു.ഐ.റ്റി), ഏഴ് യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് (യു.ഐ.എം), 10 കേരള യൂണിവേഴ്സിറ്റി കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ (കെ.യു.സി.റ്റി.ഇ), ഒരു യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് എന്നിവയും സ്വാശ്രയരീതിയിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തുന്നതിന് സർവകലാശാല ആരംഭിച്ചു. സർവകലാശാലയിൽ സ്വാശ്രയകോഴ്സുകൾ രൂപീകരിക്കുന്ന സമയത്ത്, കോഴ്സുകളുടെ നടത്തിപ്പിനുള്ള ഫണ്ട് വിദ്യാർത്ഥികളിൽ നിന്ന് കണ്ടെത്തണമെന്ന് വിഭാവനം ചെയ്തിരുന്നു. എന്നാൽ, **പട്ടിക 2.4**–ൽ കാണിച്ചിരിക്കുന്നതുപോലെ കെ.യു.സി.റ്റി.ഇകളും യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗും തുടർച്ചയായി നഷ്ടത്തിലാണ് പ്രവർത്തിച്ചിരുന്നത് എന്ന് ഓഡിറ്റ് ശ്രദ്ധിച്ചു.

**പട്ടിക 2.4: കെ.യു.സി.റ്റി.ഇകളുടെയും യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിന്റെയും വരവ്/ ചെലവുകളുടെ വിശദാംശങ്ങൾ**

*(₹ ലക്ഷത്തിൽ)*

| വർഷം | കെ.യു.സി.റ്റി.ഇകൾ | | | യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് | | |
|---|---|---|---|---|---|---|
| | വരവ് | ചെലവ് | നഷ്ടം | വരവ് | ചെലവ് | നഷ്ടം |
| 2016–17 | 252.08 | 372.21 | (–)120.13 | 203.26 | 234.46 | (–) 31.20 |
| 2017–18 | 261.98 | 385.47 | (–)123.49 | 261.60 | 227.00 | 34.60 |
| 2018–19 | 284.25 | 438.72 | (–)154.47 | 212.20 | 252.16 | (–) 39.96 |
| 2019–20 | 299.90 | 423.00 | (–)123.10 | 198.62 | 271.75 | (–) 73.13 |
| **ആകെ** | **1098.21** | **1619.40** | **(–)521.19** | **875.68** | **985.37** | **(–) 109.69** |

*(ഉറവിടം: കേരള സർവകലാശാലയുടെ വാർഷിക കണക്കുകൾ)*

യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ മൂന്ന് കോഴ്സുകളിലായി ലഭ്യമായ 990 സീറ്റുകളിൽ മെറിറ്റ് ക്വാട്ടയിലെ 495 സീറ്റുകളിൽ 454 എണ്ണം മാത്രമാണ് നികത്തിയതെന്നും ഉയർന്ന ഫീസ് ഈടാക്കുന്ന മാനേജ്മെന്റ് ക്വാട്ടയിൽ 495 സീറ്റുകളിൽ 125 പേർ മാത്രമാണ് ഓഡിറ്റ് കാലയളവിൽ പ്രവേശനം നേടിയതെന്നും ഓഡിറ്റ് കണ്ടെത്തി. ഇത് കോളേജിന്റെ വരുമാനത്തെ പ്രതികൂലമായി ബാധിച്ചു. കെ.യു.സി.റ്റി.ഇകളിൽ മുഴുവൻ സീറ്റുകളും നികത്തിയിരുന്നെങ്കിലും അവയും നഷ്ടത്തിലായിരുന്നു. അങ്ങനെ, സ്വയം സൃഷ്ടിക്കുന്ന വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിലനിർത്താൻ ഉദ്ദേശിച്ച കെ.യു.സി.റ്റി.ഇകളും യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗും, വാസ്തവത്തിൽ സർവകലാശാലയ്ക്ക് അധിക സാമ്പത്തിക ബാധ്യത സൃഷ്ടിക്കുകയായിരുന്നു. സ്വാശ്രയ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തതകൾ ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 5.1–ൽ പരാമർശിച്ചിട്ടുണ്ട്.

കെ.യു.സി.റ്റി.ഇകളുടെ നഷ്ടം സംബന്ധിച്ച വിഷയം സിൻഡിക്കേറ്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്നും വിഷയത്തെക്കുറിച്ച് പഠിക്കാൻ സബ്

കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെന്നും (2021 ജൂൺ 29) സർക്കാർ മറുപടി നൽകി (2021 ഡിസംബർ). സമിതിയുടെ റിപ്പോർട്ട് കാത്തിരിക്കുകയാണെന്നും റിപ്പോർട്ട് ലഭിച്ചാലുടൻ ആവശ്യമായ നടപടികൾ ആരംഭിക്കുമെന്നും പ്രസ്താവിച്ചു

യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിന്റെ നഷ്ടം കുറയ്ക്കാൻ സ്വീകരിച്ച പരിഹാര നടപടികളെക്കുറിച്ച് മറുപടി മൗനം പാലിക്കുകയാണ്. സമിതി അതിന്റെ റിപ്പോർട്ട് ഇനിയും സമർപ്പിച്ചിട്ടില്ല (2022 മാർച്ച്).

## 2.11. ഡിമാൻഡ് കളക്ഷൻ ബാലൻസ് സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കാത്തതും ബാങ്ക്/ട്രഷറി ഇടപാടുകളുടെ റിക്കൺസിലിയേഷൻ നടത്താത്തതും

- കേരളാ ഫിനാൻഷ്യൽ കോഡിന്റെ ആർട്ടിക്കിൾ 5 (1)-ഉം (2)-ഉം പ്രകാരം, നടത്തിയ വിലയിരുത്തലുകളും ഡിമാന്റുകളും തിരിച്ചുപിടിക്കലിന്റെ പുരോഗതിയും സർക്കാരിന് കിട്ടാനുള്ള കുടിശ്ശിക തുകയും കാണിക്കുന്നതിന് ആവർത്തിച്ചുള്ളതോ ആവർത്തിക്കാത്തതോ ആയ എല്ലാ റവന്യൂ ഇനങ്ങളുടെയും ശരിയായ രേഖകൾ സൂക്ഷിക്കേണ്ടതാണ്. വിവിധ ആവശ്യങ്ങൾക്കായി വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കുന്ന ഫീസ് സർവകലാശാലയുടെ തനത് വരുമാനത്തിന്റെ പ്രധാന സ്രോതസ്സുകളിൽ ഒന്നാണ്. കോളേജുകൾ/ യു.ഐ.ടി/ ട്രെയിനിംഗ് കോളേജുകൾ/ യു.ഐ.എമ്മുകൾ എന്നിവയിൽ നിന്ന് ശേഖരിച്ച പരീക്ഷാ ഫീസിന്റെ ഡിമാൻഡ് കളക്ഷൻ ബാലൻസ് (ഡി.സി.ബി) സ്റ്റേറ്റ്മെന്റ് പരീക്ഷാ വിഭാഗങ്ങൾ സൂക്ഷിക്കേണ്ടതാണ്. പരീക്ഷാ ഫീസിന്റെ കാര്യത്തിൽ പരീക്ഷാ വിഭാഗങ്ങൾ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കാത്തത് ശ്രദ്ധയിൽപ്പെട്ടു.

  സ്പെഷ്യൽ ഫീസിന്റെ[22] അക്കൗണ്ടിംഗ് ചുമതലയുള്ള റവന്യൂ ഓഡിറ്റ് വിഭാഗം സ്പെഷ്യൽ ഫീസുകളുടെ ഡിമാൻഡ്, ശേഖരണം എന്നിവയുടെ വിശദാംശങ്ങളടങ്ങിയ ഒരു രജിസ്റ്റർ സൂക്ഷിച്ചിരുന്നു. എന്നാൽ, രജിസ്റ്ററിലെ എൻട്രികൾ ഏതെങ്കിലും ഉദ്യോഗസ്ഥൻ ഒപ്പിടുകയോ ആധികാരികത ഉറപ്പാക്കുകയോ ചെയ്തിട്ടില്ലെന്ന് ഓഡിറ്റ് ശ്രദ്ധിച്ചു. പിന്നീട് മാറ്റാൻ സാധ്യതയുള്ള പെൻസിൽ ഉപയോഗിച്ചുള്ള നിരവധി എഴുത്തുകളും രജിസ്റ്ററിൽ കണ്ടു.

  ഓഡിറ്റ് നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഡി.സി.ബി രജിസ്റ്ററിന് ആധികാരികത നൽകുന്ന രീതി സർവകലാശാല ആരംഭിച്ചതായി സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13). ജോയിന്റ് രജിസ്ട്രാർ (ധനകാര്യം) പ്രതിമാസം/ദ്വൈമാസ അടിസ്ഥാനത്തിൽ രജിസ്റ്റർ പരിശോധിച്ച് മേലൊപ്പചാർത്തണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്റ്റുഡന്റ്

[22] മെഡിക്കൽ ഇൻസ്പെക്ഷൻ ഫീസ്, സ്പോർട്സ് അഫിലിയേഷൻ ഫീസ്, സർവകലാശാല യൂണിയൻ ഫീസ്, സ്റ്റുഡന്റ് എയ്ഡ് ഫണ്ട്, സ്റ്റുഡന്റ് കെയർ ഫണ്ട്, വിമൻസ് സ്റ്റഡി യൂണിറ്റ്, സർവകലാശാല അഫിലിയേഷൻ ഫീസ് എന്നിവയെ സ്പെഷ്യൽ ഫീസ് എന്ന് വിളിക്കുന്നു.

ലൈഫ് സൈക്കിൾ മാനേജ്മെന്റ് സിസ്റ്റത്തിൽ[23], ഡി.സി.ബി സ്റ്റേറ്റ്മെന്റുകൾ ജനറേറ്റുചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തും.

റവന്യൂ കളക്ഷൻ നിരീക്ഷിക്കുന്നതിന് ഒരു ഡി.സി.ബി സ്റ്റേറ്റ്മെന്റ് അത്യാവശ്യമാണ്. ആധികാരികത ഉറപ്പുവരുത്തുന്നതിന്, ഡി.സി.ബി സ്റ്റേറ്റ്മെന്റിലെ എൻട്രികൾ ഒരു സൂപ്പർവൈസറി ഉദ്യോഗസ്ഥൻ ആധികാരികമാക്കേണ്ടത് അത്യാവശ്യമാണ്.

- ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് കാലാകാലങ്ങളിൽ തയ്യാറാക്കുന്നത് ഓരോ സ്ഥാപനത്തിന്റെയും ഫിനാൻസ് ആന്റ് അക്കൗണ്ട്സ് വിഭാഗത്തിന്റെ നിർബന്ധിത പ്രവർത്തനമാണ്. ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നതിന്റെ ഉദ്ദേശ്യം സ്ഥാപനത്തിന്റെയും ബാങ്കിന്റെയും അക്കൗണ്ടിംഗ് രേഖകളിൽ എന്തെങ്കിലും പൊരുത്തക്കേടുകൾ ഉണ്ടെങ്കിൽ കണ്ടെത്തുക എന്നതാണ്. എന്നാൽ സർവകലാശാല റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകളൊന്നും തയ്യാറാക്കുന്നില്ലെന്ന് ഓഡിറ്റ് കണ്ടു (2020 നവംബർ 24). തുടർന്ന്, സർക്കുലർ പ്രകാരം ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റുകൾ ആഴ്ചതോറും പരിശോധിച്ച് എല്ലാ മാസവും റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതാണെന്ന് സർവകലാശാലയിലെ ബന്ധപ്പെട്ട വിഭാഗങ്ങളോട് ഫിനാൻസ് ഓഫീസർ നിർദ്ദേശിച്ചു (2021 ജനുവരി 11). റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കുന്നതിന് ഫിനാൻസ് ഓഫീസർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെങ്കിലും ഇതുവരെ പാലിക്കപ്പെട്ടിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു (2021 സെപ്റ്റംബർ).

  ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്ന ജോലി അതിന്റെ പ്രാരംഭഘട്ടത്തിലാണെന്നും കോവിഡ് 19 മഹാമാരിയും സർക്കാർ ഏർപ്പെടുത്തിയ അനുബന്ധ ലോക്കഡൗണും മറ്റ് നിയന്ത്രണങ്ങളും കാരണം 2020-21 വർഷത്തിൽ പൂർണ്ണമായി പൂർത്തിയാക്കാൻ കഴിഞ്ഞില്ലെന്നും സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13). 2021-22 സാമ്പത്തിക വർഷത്തിൽ ഈ പ്രക്രിയ പൂർണ്ണമായും കാര്യക്ഷമമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. മഹാമാരി തുടങ്ങുന്നതിന് മുൻപേ തന്നെ നോൺ-റിക്കൺസിലിയേഷൻ ഒരു പ്രശ്നമായിരുന്നുവെന്നതിനാൽ മറുപടി അംഗീകരിക്കാനാവില്ല. ഫണ്ട് മാനേജ്മെന്റിനെ തിരിമറിയുടെയും ദുരുപയോഗത്തിന്റെയും സാധ്യതകൾക്ക് വിധേയമാക്കുന്നത് തടയാനായി യഥാസമയ റിക്കൺസിലിയേഷൻ ഉറപ്പാക്കുന്നതിന്

---

[23] ഡെവലപ്മെന്റ് ആന്റ് ഇംപ്ലിമെന്റേഷൻ ഓഫ് സ്റ്റുഡന്റ് ലൈഫ് സൈക്കിൾ മാനേജ്മെന്റ് സിസ്റ്റം (എക്സാമിനേഷൻ മാനേജ്മെന്റ് സോഫ്റ്റ് വെയർ) എന്ന ഒരു പ്രോജക്ട്, ₹1.17 കോടി അംഗീകൃത തുകയ്ക്ക് ഒരു കേന്ദ്രസർക്കാർ സ്ഥാപനമായ പാലക്കാട്ടെ ഐ.റ്റി.ഐ ലിമിറ്റഡിന് നൽകി (2020 ഒക്ടോബർ 30). 2022 ജനുവരിയോടെ ഈ സംവിധാനം സെക്യൂരിറ്റി ചെക്കിംഗിനായി സജ്ജമാവും.

അനുയോജ്യമായ ഒരു സംവിധാനം സർവകലാശാല തയ്യാറാക്കേണ്ടതാണ്.

## 2.12. തീർപ്പാക്കാത്ത അഡ്വാൻസുകളുടെ ക്രമീകരണം

- പ്രൊവിഷണൽ അഡ്വാൻസ് ലഭ്യമാക്കിയ സന്ദർഭങ്ങളിൽ അന്തിമ ബിൽ നൽകുന്നതിന് മൂന്ന് മാസത്തെ സമയപരിധി നിശ്ചയിച്ചിരിക്കുന്നു[24]. അല്ലാത്തപക്ഷം, തുക പിൻവലിച്ച തീയതി മുതൽ തുക തിരിച്ചുപിടിയ്ക്കുന്ന തീയതി വരെ അഡ്വാൻസ് തുകയ്ക്ക് 18 ശതമാനം പലിശ ഈടാക്കും.

  അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ, വർക്ക്ഷോപ്പുകൾ, സെമിനാറുകൾ, ഇന്റർ കൊളീജിയറ്റ്/ യൂണിവേഴ്സിറ്റി ടൂർണമെന്റുകൾ തുടങ്ങി വിവിധ ആവശ്യങ്ങൾക്കായി വകുപ്പ് മേധാവികൾക്കും ജീവനക്കാർക്കും ലഭ്യമാക്കിയ ₹8.81 കോടി (114 കേസുകൾ) അഡ്വാൻസ്, അന്തിമ ബില്ലുകൾ സമർപ്പിക്കാത്തതിനാൽ ഇപ്പോഴും ക്രമപ്പെടുത്തിയിട്ടില്ല എന്ന് നിരീക്ഷിച്ചു. ഈ ₹8.81 കോടിയിൽ ₹1.37 കോടി 10 വർഷത്തിലേറെയായും ₹0.47 കോടി അഞ്ച് വർഷം മുതൽ 10 വർഷത്തിലേറെയായും തീർപ്പാകാതെ അവശേഷിക്കുന്നവയാണ്. അഡ്വാൻസുകൾ തീർപ്പാക്കാത്തതിനാൽ, മുഴുവൻ തുകയും അത് അനുവദിച്ച ആവശ്യത്തിനാണ് വിനിയോഗിച്ചതെന്നും അഡ്വാൻസ് വാങ്ങിയ ഉദ്യോഗസ്ഥൻ തുക ഇപ്പോഴും കൈവശം വച്ചിട്ടില്ലെന്നും ഉറപ്പാക്കാൻ കഴിഞ്ഞില്ല.

- ഓരോ കേന്ദ്രങ്ങളിലെയും ഉപകേന്ദ്രങ്ങളിലെയും പരീക്ഷാ നടത്തിപ്പിന് ആവശ്യമായേക്കാവുന്ന ചെലവുകൾ വിദ്യാർത്ഥികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കുകയും കേന്ദ്രങ്ങൾക്ക് അഡ്വാൻസ് അനുവദിക്കുകയും ചെയ്യുന്നു[25]. കോളേജിന് അഡ്വാൻസ് നൽകുന്നതിനുമുൻപ്, മുൻവർഷങ്ങളിൽ നടത്തിയ പരീക്ഷകൾക്ക് ആ കോളേജിന് നൽകിയ അഡ്വാൻസുകൾ ക്രമപ്പെടുത്തുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കണം. ₹6.65 ലക്ഷം അഡ്വാൻസായി ലഭിച്ച (2013–15) ആറ് കോളേജുകൾ തുക തിരിച്ചടച്ചിട്ടില്ലെന്ന് നിരീക്ഷിച്ചു. അഡ്വാൻസ് ലഭിച്ച ആറ് കോളേജുകളിൽ നാല് കോളേജുകൾക്ക് ഒന്നിൽ കൂടുതൽ അഡ്വാൻസ് നൽകിയിരുന്നു. ആറ് കോളേജുകൾക്ക് നൽകിയ എല്ലാ അഡ്വാൻസുകളും അഞ്ച് വർഷത്തിലേറെയായി തീർപ്പാകാതെ നിൽക്കുകയാണ്.

---

[24] സർക്കാർ ഉത്തരവ് ജി.ഒ (പി) നമ്പർ.419/11/ധന തീയതി 04 ഒക്ടോബർ 2011 പ്രകാരം

[25] കേരള സർവകലാശാല, പരീക്ഷാ മാനുവൽ, അദ്ധ്യായം V – പരീക്ഷാ നടത്തിപ്പ് (കേരള സർവകലാശാലയുടെ ആദ്യ ഓർഡിനൻസസ് 1978, അദ്ധ്യായം VII) അനുസരിച്ച്.

തീർപ്പാകാത്ത കേസുകളുടെ ക്രമപ്പെടുത്തൽ പ്രക്രിയ നടന്നുകൊണ്ടിരിക്കുകയാണെന്ന് സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13). കോളേജുകളിൽ അഫിലിയേഷനായി പരിശോധന നടത്തുന്നതിന് രൂപീകരിച്ച പരിശോധനാ സംഘത്തെ വീഴ്ച വരുത്തിയവരുടെ വിവരങ്ങൾ അറിയിക്കാനും വീഴ്ച വരുത്തിയവർക്കായി ഒറ്റത്തവണ തീർപ്പാക്കലിനായി അദാലത്ത് നടത്താനും സിൻഡിക്കേറ്റ് തീരുമാനിച്ചു. ദീർഘകാലമായി അഡ്വാൻസുകൾ തീർപ്പാകാതെയിരിക്കുന്നതിനാൽ, കാലം കഴിയുന്തോറും ക്രമപ്പെടുത്താൻ ബുദ്ധിമുട്ടുണ്ടാകുമെന്നിരിക്കെ, ഇക്കാര്യത്തിന് മുൻഗണന നൽകേണ്ടതാണ്.

## 2.13. റിസർച്ച് ഫെലോഷിപ്പും ശമ്പളവും സ്വീകരിച്ചത്

ഫെലോഷിപ്പ് സ്വീകരിക്കുമ്പോൾ ഓരോ ഫെലോയും ഒരു മുഴുവൻ സമയഗവേഷണ പ്രവർത്തകനായിരിക്കണം. പ്രതിഫലം ലഭിക്കുന്ന മറ്റ് ജോലികൾ സ്വീകരിക്കാൻ പാടില്ല[26]. സംസ്ഥാന സർക്കാരിൽ[27], നിന്ന് ഫെലോഷിപ്പും കണ്ടിജന്റ് ഗ്രാന്റും ലഭിക്കുന്നവർക്ക്, ഗവേഷകന്റെ പ്രതിമാസ ഹാജരും ഗവേഷണ പ്രവർത്തനങ്ങളും ബന്ധപ്പെട്ട ഗൈഡ്/ എച്ച്.ഒ.ഡി പരിശോധിച്ചുറപ്പിക്കേണ്ടതാണ്. റിസർച്ച് സ്കോളർ ഫെലോഷിപ്പിന് യോഗ്യനാണെന്ന് അവർ നിർണ്ണയിക്കുകയാണെങ്കിൽ, സ്ഥാപന തലത്തിൽ ഫെലോഷിപ്പിനായി ഓൺലൈനായി പ്രതിമാസ ക്ലെയിം ജനറേറ്റ് ചെയ്യുകയും തുക നൽകാനുള്ള ശിപാർശ സഹിതം ജില്ലാ പട്ടികജാതി വികസന ഓഫീസിലേക്ക്[28] അയയ്ക്കുകയും ചെയ്യുന്നതാണ്.

2016 ഒക്ടോബർ മുതൽ ഭാഷാശാസ്ത്ര വിഭാഗത്തിന് കീഴിൽ പി.എച്ച്.ഡി ഗവേഷണം നടത്തുന്ന ഒരു മുഴുവൻ സമയ ഗവേഷകൻ 2020 സെപ്റ്റംബർ വരെ കേരള സർക്കാരിൽ നിന്ന് ഫെലോഷിപ്പും കണ്ടിജന്റ് ഗ്രാന്റും ആയി ₹10.72 ലക്ഷം വാങ്ങിയിട്ടുണ്ട്. ഫെലോഷിപ്പ് വാങ്ങിയിരുന്നപ്പോൾ തന്നെ 2018 ജൂലൈ മുതൽ 2019 സെപ്റ്റംബർ വരെ[29] കരാർ അടിസ്ഥാനത്തിൽ യു.ഐ.റ്റികളിൽ കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിലെ ലക്ചററായി പ്രവർത്തിക്കുകയും 2018 ജൂലൈ മുതൽ 2019 മാർച്ച് വരെ ശമ്പളമായി ₹1.91 ലക്ഷം വാങ്ങുകയും ചെയ്തതായി ഓഡിറ്റ് കണ്ടെത്തി. 2018 ജൂലൈ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ ഭാഷാശാസ്ത്ര വിഭാഗത്തിലും യു.ഐ.റ്റികളിലും ആദ്ദേഹത്തിന് പൂർണ്ണ ഹാജർ ഉണ്ടായിരുന്നു. 2017 ജനുവരി

---

26 കേരള സർവകലാശാലയുടെ ഫസ്റ്റ് ഓർഡിനൻസസ്, 1978–ന്റെ അദ്ധ്യായം 12, ക്രമ നമ്പർ 17

27 യു.ജി.സി/ഗേറ്റ് യോഗ്യത നേടുന്ന വിദ്യാർത്ഥികൾക്ക് യു.ജി.സിയിൽ നിന്ന് ഫെലോഷിപ്പും കണ്ടിജന്റ് ഗ്രാന്റും ലഭിക്കും. യു.ജി.സി/ഗേറ്റ് പാസായിട്ടില്ലെങ്കിലും സർവകലാശാലയിൽ പി.എച്ച്.ഡിക്ക് തെരഞ്ഞെടുക്കപ്പെട്ട പട്ടികജാതി (എസ്.സി)/പട്ടികവർഗം (എസ്.റ്റി) മറ്റ് യോഗ്യതയുള്ള സമുദായങ്ങളിൽ (ഒ.ഇ.സി) പെടുന്ന വിദ്യാർത്ഥികൾക്ക് കേരള സർക്കാരിൽ നിന്നും യു.ജി.സിയിൽ നിലവിലുള്ള നിരക്കിന്റെ 75 ശതമാനം കണ്ടിജന്റ് ഗ്രാന്റും ഫെലോഷിപ്പും ലഭിക്കും.

28 എസ്.സി വികസനവകുപ്പാണ് ഒഇസി പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ സഹായത്തിന്റെ നടപ്പാക്കൽ ഏജൻസി.

29 2018 ജൂലൈ 04 മുതൽ 2019 ജൂൺ 28 വരെ മലയിൻകീഴ് യു.ഐ.റ്റിയിലും 2019 ജൂലൈ 02 മുതൽ 2019 സെപ്റ്റംബർ 05 വരെ മുതുകുളം യു.ഐ.റ്റിയിലും.

മുതൽ 2017 ആഗസ്റ്റ് വരെയും 2018 ഒക്ടോബറിന് ശേഷവും അദ്ദേഹം ഭാഷാശാസ്ത്ര വിഭാഗത്തിൽ ഹാജരായിരുന്നില്ല എന്നും കണ്ടെത്തി. 2019 ജനുവരി മുതൽ ഭാഷാശാസ്ത്ര വിഭാഗത്തിന്റെ ഹാജർ രജിസ്റ്ററിൽ നിന്ന് അദ്ദേഹത്തിന്റെ പേര് നീക്കം ചെയ്തു, എന്നാൽ 2020 സെപ്റ്റംബർ വരെ ഗ്രാന്റ് സ്വീകരിക്കുന്നത് തുടർന്നു. ഭാഷാശാസ്ത്ര വിഭാഗത്തിൽ ഇല്ലാതിരുന്ന സമയത്ത് അദ്ദേഹം ഫെലോഷിപ്പും കണ്ടിജന്റ് ഗ്രാന്റും കൈപ്പറ്റിയിരുന്നു. വിശദാംശങ്ങൾ **പട്ടിക 2.5**–ൽ നൽകിയിരിക്കുന്നു.

**പട്ടിക 2.5: ഹാജർ ഇല്ലാതിരുന്ന സമയത്ത് ഗവേഷകൻ വാങ്ങിയ ഫെലോഷിപ്പും കണ്ടിജന്റ് ഗ്രാന്റും**

| ഹാജരിന്റെ വിവരങ്ങൾ | കാലാവധി | തുക (₹–ൽ) |
|---|---|---|
| ഭാഷാശാസ്ത്ര വിഭാഗത്തിലും യു.ഐ.റ്റികളിലും ഹാജരായിരുന്നത് | 2018 ജൂലൈ മുതൽ സെപ്റ്റംബർ വരെ (മൂന്ന് മാസം) | 57,630 |
| ഭാഷാശാസ്ത്ര വിഭാഗത്തിൽ ഇല്ലാതിരുന്ന സമയത്ത് | 2017 ജനുവരി മുതൽ ആഗസ്റ്റ് വരെ (എട്ട് മാസം), 2018 ഒക്ടോബർ മുതൽ ഡിസംബർ വരെ (മൂന്ന് മാസം) | 2,16,675 |
| ഭാഷാശാസ്ത്ര വിഭാഗത്തിൽ നിന്ന് പേര് നീക്കം ചെയ്തതിന് ശേഷം | 2019 ജനുവരി മുതൽ 2020 സെപ്റ്റംബർ വരെ (21 മാസം) | 5,41,750 |
| **ആകെ** | | **8,16,055** |

*(ഉറവിടം: കേരള സർവകലാശാലയിൽ നിന്നും പട്ടികജാതി വികസന വകുപ്പിൽ നിന്നും ലഭ്യമാക്കിയ ഡേറ്റ)*

ഔപചാരികമായ കരാറിൽ ഏർപ്പെടാതെ കരാർ അടിസ്ഥാനത്തിൽ യു.ഐ.റ്റികളിൽ കമ്പ്യൂട്ടർ സയൻസ് ലക്ചററായി സർവകലാശാല ഗവേഷകനെ നിയമിച്ചതും ശ്രദ്ധയിൽപ്പെട്ടു.

പ്രിൻസിപ്പൽ/ വിദ്യാർത്ഥികളിൽ നിന്ന് ലഭിച്ച നിരവധി പരാതികളുടെ അടിസ്ഥാനത്തിൽ സർവകലാശാലയുമായി ഔപചാരിക കരാറിൽ ഏർപ്പെട്ടിട്ടില്ലെന്ന് സർവകലാശാല (2021 സെപ്റ്റംബർ) മറുപടി നൽകി. ഔപചാരിക കരാറിൽ ഏർപ്പെട്ടതിന് ശേഷം മാത്രമേ നിയമനത്തിന് സാധുതയുള്ളൂ എന്നതിനാൽ ഇത് അംഗീകരിക്കാനാവില്ല. അതിനാൽ ഔപചാരികമായി കരാറിൽ ഏർപ്പെടാതെ കരാർ ജീവനക്കാരന് ₹1.91 ലക്ഷം ശമ്പളം നൽകിയത് ക്രമവിരുദ്ധമാണ്.

ക്രിമിനൽ കുറ്റവുമായി ബന്ധപ്പെട്ട് ഗവേഷകൻ ജയിലിൽ ആണെന്ന് സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13). അതിനാൽ ഗവേഷകനിൽ നിന്ന് വിശദീകരണം ശേഖരിക്കാൻ വകുപ്പിന് കഴിഞ്ഞില്ല. എന്നിരുന്നാലും, ഫെലോഷിപ്പായി ഗവേഷകൻ കൈപ്പറ്റിയ തുക തിരിച്ചുപിടിക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

ഇത്തരം സംഭവങ്ങൾ ഉണ്ടായാൽ ഗവേഷണ ഗ്രാന്റ് ലഭിക്കുന്നവരുമായി സ്ഥാപനങ്ങളുടെ റോളിലുള്ള വ്യക്തികളെ താരതമ്യം ചെയ്ത് പരിശോധിക്കാനുള്ള സംവിധാനം സർവകലാശാലയുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ പോലും നിലവിലില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. സർവകലാശാലയുടെ ഭരണത്തിനു കീഴിലുള്ള രണ്ട് സ്ഥാപനങ്ങളിൽ നിന്ന് ഒരേ സമയം ഔദ്യോഗികമായി പ്രതിഫലം വാങ്ങിയതും പ്രവർത്തിക്കാത്ത കാലയളവുകളിൽ പ്രതിഫലം വാങ്ങുന്നതും സർവകലാശാലയ്ക്കുള്ളിൽ പോലും മതിയായ ആഭ്യന്തര നിയന്ത്രണ സംവിധാനമില്ലെന്ന് സൂചിപ്പിക്കുന്നു.

## 2.14. സർവകലാശാല പ്രോവിഡന്റ് ഫണ്ട്

2010 മാർച്ച് 31-ന് അവസാനിച്ച വർഷത്തേക്കുള്ള ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ (സിവിൽ) റിപ്പോർട്ടിന്റെ ഖണ്ഡിക 1.2.7.6 ആയി സർവകലാശാലയുടെ പ്രോവിഡന്റ് ഫണ്ട് (പി.എഫ്) അക്കൗണ്ടിലെ കമ്മി ഇതിനകം ഇടം പിടിച്ചിട്ടുണ്ട്. 1990-95 കാലയളവിൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് കിഴിവ് ചെയ്ത പ്രോവിഡന്റ് ഫണ്ട് തുക സർവകലാശാല ബാങ്ക് അക്കൗണ്ടിൽ ഒടുക്കാതെ (അതിശക്തമായ സാമ്പത്തിക ഞെരുക്കം കാരണം) സർവകലാശാലയുടെ ചെലവുകൾക്കായി വിനിയോഗിച്ചതിനാൽ ₹30.03 കോടിയുടെ കമ്മി ഉണ്ടായി (2010 ഒക്ടോബർ). രേഖകൾ അനുസരിച്ച് 2021 മാർച്ച് 31-ലെ പി.എഫ് അക്കൗണ്ടിലെ നീക്കിയിരിപ്പ് ₹81.02 കോടിയായിരുന്നു. അതേ സമയം പി.എഫ് തുക നിക്ഷേപിക്കുന്നതിനായി തുറന്ന ട്രഷറി അക്കൗണ്ടിലും ബാങ്ക് അക്കൗണ്ടിലും ഇത് ₹73.79 കോടിയായിരുന്നത് ₹7.23 കോടിയുടെ കമ്മിയ്ക്കും കാരണമാക്കി.

2010 മാർച്ച് 31-ൽ അവസാനിച്ച വർഷത്തേക്കുള്ള ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ (സിവിൽ) റിപ്പോർട്ടിൽ ഉൾപ്പെടുത്തിയ കേരള സർവകലാശാലയുടെ പ്രവർത്തനക്ഷമതാ ഓഡിറ്റിന്റെ കണ്ടെത്തലുകൾ ചർച്ച ചെയ്യവേ, പ്രോവിഡന്റ് ഫണ്ടിലേക്ക് കുടിശ്ശിക എത്രയും വേഗം അടയ്ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പി.എ.സി സർവകലാശാല അധികൃതരോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ, ₹7.23 കോടിയുടെ കമ്മി ഇപ്പോഴും അവശേഷിക്കുന്നു.

ഓഡിറ്റ് നിരീക്ഷണം അംഗീകരിച്ചുകൊണ്ട് ട്രഷറിയിലെ സർവകലാശാലയുടെ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിലെ ₹7.23 കോടിയുടെ കമ്മി ക്രമപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സർവകലാശാല സ്വീകരിക്കുമെന്ന് സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13).

## 2.15. മലയാളം ശബ്ദകോശം പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട വിഫലമായ ചെലവ്

1953 ജൂലൈയിൽ തിരുവിതാംകൂർ-കൊച്ചി സർക്കാരിന്റെയും (അത് മലബാർ പ്രദേശത്തിന്റെ സംയോജനത്തോടെ 1956-ൽ കേരള സർക്കാരായി മാറി) തിരുവിതാംകൂർ സർവകലാശാലയുടെയും (ഇപ്പോൾ

കേരള സർവകലാശാല) കീഴിലാണ് മലയാളം ശബ്ദകോശത്തിന്റെ പ്രവർത്തനം ആരംഭിച്ചത്. 1965–ൽ ആദ്യ വാല്യം പ്രസിദ്ധീകരിച്ചു. പിന്നീട് എട്ട് വാല്യങ്ങൾ[30] കൂടി പ്രസിദ്ധീകരിച്ചു.

2016–ൽ പ്രസിദ്ധീകരിച്ച മലയാളം ശബ്ദകോശം വാല്യം IX–ലെ തെറ്റുകൾ സംബന്ധിച്ച പരാതികൾ കണക്കിലെടുത്ത്, 2017 ഏപ്രിൽ 22–ന് ഇതിന്റെ വിൽപ്പന നിർത്തിവയ്ക്കാൻ വൈസ് ചാൻസലർ ഉത്തരവിട്ടു. ശബ്ദകോശത്തിലെ പിഴവുകൾ പരിശോധിക്കാൻ രൂപീകരിച്ച കമ്മിറ്റി (2017 ജൂൺ) പരാതിയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ശരിയാണെന്ന് കണ്ടെത്തി. അപാകതകൾക്ക് കാരണം സ്ഥിരം എഡിറ്ററുടെ അഭാവവും ശബ്ദകോശം തയ്യാറാക്കുന്നതിനുള്ള മാനുവൽ ഉണ്ടാക്കാത്തതുമാണ് എന്ന് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നു.

ശബ്ദകോശം തയ്യാറാക്കുന്നതിനുള്ള ഒരു മാനുവലും ഇതുവരെ തയ്യാറാക്കിയിട്ടില്ലെന്നും (2021 ആഗസ്റ്റ്) എഡിറ്റർ–ഇൻ–ചീഫ്/ ഡയറക്ടറായി നിയമിക്കപ്പെട്ട (2021 ആഗസ്റ്റ് 13) വ്യക്തി വൈദഗ്ധ്യം നേടിയിരിക്കുന്നത് മലയാളത്തിലല്ലെന്നും വേറൊരു വിഷയത്തിൽ (സംസ്കൃതം) ആണെന്നും ശ്രദ്ധയിൽപ്പെട്ടു.

2021 നവംബർ 16–ന് ഒരു പുതിയ ഉപദേശക സമിതി രൂപീകരിച്ചതായി സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13). മാനുവൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സമിതി അംഗങ്ങളുമായി കൂടിയാലോചിച്ച് അതിന് അന്തിമരൂപം നൽകും. അതിനിടയിൽ, ഏറ്റെടുത്തിരിക്കുന്ന പ്രവർത്തനങ്ങളുടെ മൂല്യവർദ്ധനയ്ക്കായി, ഭാഷാശാസ്ത്രത്തിലും ശബ്ദകോശവുമായി ബന്ധപ്പെട്ട പ്രവർത്തനത്തിലും അനുഭവസമ്പത്തിനൊപ്പം ബഹുഭാഷാ വൈദഗ്ധ്യവും ഉള്ള ഒരു പ്രൊഫസറുടെ സേവനവും സർവകലാശാല പ്രയോജനപ്പെടുത്തുന്നു.

ശബ്ദകോശം വാല്യം VIII പ്രസിദ്ധീകരിച്ച് (2009) 12 വർഷം പിന്നിട്ടെങ്കിലും, അടുത്ത വാല്യം ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല. അടുത്ത വാല്യം പുറത്തിറക്കുന്നതിന് സമയക്രമം നിശ്ചയിക്കുന്നതിനെ കുറിച്ച് സർക്കാരിന്റെ മറുപടി മൗനം പാലിക്കുന്നു.

## 2.16. തമിഴ് – മലയാളം നിഘണ്ടു തയ്യാറാക്കൽ

തമിഴ്–മലയാളം നിഘണ്ടു പ്രസിദ്ധീകരിക്കുന്നതിനായി രണ്ട് വർഷത്തിനുള്ളിൽ പൂർത്തിയാക്കാവുന്ന, ₹11.46 ലക്ഷത്തിന്റെ ഒരു വിശദമായ പ്രോജക്ട് നിർദ്ദേശം (2015 ഏപ്രിൽ) തമിഴ് വിഭാഗത്തിന്റെ മേധാവിയായ അസിസ്റ്റന്റ് പ്രൊഫസർ അയച്ചിരുന്നു. 2015 മേയ് 18–ന് നടന്ന യോഗത്തിൽ സിൻഡിക്കേറ്റിന്റെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് മുമ്പാകെ ഈ നിർദ്ദേശം വെച്ചു. സമിതി, പദ്ധതിയുടെ സാമ്പത്തിക ബാധ്യത ₹10 ലക്ഷമായിരിക്കുമെന്ന് വിലയിരുത്തുകയും ₹ നാല് ലക്ഷം

30 1970–ൽ വാല്യം II, 1976–ൽ വാല്യം III, 1984–ൽ വാല്യം IV, 1985–ൽ വാല്യം V, 1988–ൽ വാല്യം VI, 1997–ൽ വാല്യം VII, 2009–ൽ വാല്യം VIII, 2016–ൽ വാല്യം IX.

അനുവദിക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുകയും ചെയ്തു. തുടർന്ന് ₹ നാല് ലക്ഷം[31] കൂടി അധിക തുകയായി അനുവദിച്ചു.

2019-20 വർഷത്തിൽ, തമിഴ്-മലയാളം നിഘണ്ടു പൂർത്തിയാക്കുന്നതിന് തമിഴ് വിഭാഗം തലവൻ ₹ നാല് ലക്ഷത്തിന്റെ നിർദ്ദേശം സമർപ്പിച്ചു. പ്രോജക്റ്റ് വിലയിരുത്തുന്നതിന് രണ്ട് വിദഗ്ധരെ (തമിഴ്, മലയാളം എന്നിവയിൽ നിന്ന് ഒരാൾ വീതം) ഏർപ്പെടുത്താൻ വൈസ് ചാൻസലറെ അധികാരപ്പെടുത്താൻ സിൻഡിക്കേറ്റ് തീരുമാനിച്ചു (2019 മേയ് 25). കമ്മിറ്റി പദ്ധതി വിലയിരുത്തുകയും (2020 ആഗസ്റ്റ് 13) പദ്ധതി തൃപ്തികരമായി പുരോഗമിക്കുകയാണെന്നും പൂർത്തിയാകുമ്പോൾ മലയാള ഭാഷയ്ക്ക് വലിയ നേട്ടമാകുമെന്നും അഭിപ്രായപ്പെട്ടു. അതിനുശേഷം തുകയൊന്നും അനുവദിച്ചിട്ടില്ലെന്നും പദ്ധതി സ്തംഭനാവസ്ഥയിലാണെന്നും ഓഡിറ്റ് നിരീക്ഷിച്ചു (2021 ആഗസ്റ്റ്).

തമിഴ്-മലയാളം നിഘണ്ടു പൂർത്തിയാക്കുന്നതിനായുള്ള ₹ നാല് ലക്ഷത്തിന്റെ നിർദ്ദേശം സിൻഡിക്കേറ്റിന്റെ അക്കാദമികവും ഗവേഷണവും സംബന്ധിച്ച സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വെച്ചിട്ടുണ്ടെന്ന് സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13).

പദ്ധതി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്ന സമയക്രമം അല്ലെങ്കിൽ ഈ പ്രോജക്റ്റ് എത്രയും വേഗം പൂർത്തിയാക്കി നിഘണ്ടുവോ അല്ലെങ്കിൽ വിദ്യാർത്ഥികൾക്കും സാധാരണക്കാർക്കും ഉപയോഗിക്കുന്നതിന് സോഫ്റ്റ് കോപ്പി രൂപത്തിലുള്ള ഒരു പതിപ്പോ ലഭ്യമാക്കുന്നത് ഉറപ്പാക്കുന്നതിനുള്ള പ്രവർത്തന പദ്ധതി തുടങ്ങിയവ സർക്കാരിന്റെ മറുപടിയിൽ വ്യക്തമാക്കുന്നില്ല. അങ്ങനെ രണ്ടു വർഷങ്ങൾകൊണ്ട് പൂർത്തിയാകേണ്ടിയിരുന്ന ഒരു പദ്ധതി ആറു വർഷങ്ങൾ കഴിഞ്ഞിട്ടും പൂർത്തിയാകാതെ അവശേഷിക്കുന്നു.

## 2.17. ഉപസംഹാരം

1937-ൽ നിലവിൽ വന്ന കേരള സർവകലാശാലയ്ക്ക്, പ്രവർത്തന പുരോഗതി കൃത്യമായി നിരീക്ഷിക്കാൻ കഴിയും വിധം അക്കാദമിക് പാഠ്യപദ്ധതി, ഗവേഷണം, മാനവവിഭവശേഷി, ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ എന്നീ മേഖലകളുടെ വികസനം വിഭാവനം ചെയ്തുകൊണ്ടുള്ള ഒരു അംഗീകൃത മാസ്റ്റർ പ്ലാൻ രൂപീകരിക്കാനായിട്ടില്ല. അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളുടെ ആസൂത്രണവും സംയോജിത വികസനവും ഉറപ്പാക്കേണ്ട കോളേജ് ഡെവലപ്മെന്റ് കൗൺസിൽ വേണ്ട വിധത്തിൽ രൂപീകരിക്കാത്തതിനാൽ ഫലപ്രദമായില്ല. യു.ജി.സി നിർദ്ദേശിച്ച സമയക്രമമനുസരിച്ച് പാഠ്യപദ്ധതി പരിഷ്ക്കരണങ്ങൾ പൂർത്തിയാക്കാനായില്ല. അഫിലിയേറ്റ് ചെയ്ത കോളേജുകളിൽ നിർദ്ദിഷ്ടപരിശോധനകൾ ഉറപ്പാക്കാൻ സർവകലാശാലയ്ക്ക് കഴിഞ്ഞില്ല.

---

31 2016 സെപ്റ്റംബറിൽ ₹ രണ്ട് ലക്ഷവും 2017 ജനുവരിയിലും 2017 സെപ്റ്റംബറിലുമായി ₹ ഒരു ലക്ഷം വീതവും.

ഭാവിയിൽ ഫണ്ട് നഷ്ടമാകാതിരിക്കാൻ വികസന ആവശ്യങ്ങൾക്കായി യു.ജി.സി അനുവദിച്ച ഫണ്ട് പൂർണ്ണവും ഫലപ്രദവുമായി വിനിയോഗിക്കാൻ പി.എ.സി ശിപാർശ ചെയ്തിട്ടും, യു.ജി.സി നൽകുന്ന പൊതുവികസന സഹായഫണ്ട് പരമാവധി വിനിയോഗിക്കുന്നതിൽ സർവകലാശാല പരാജയപ്പെട്ടതോടെ സഹായം നഷ്ടമായി. ഫണ്ടുകൾ മികച്ച പലിശ വരുമാനം നേടുന്നുണ്ടോയെന്ന് സർവകലാശാല അവലോകനം ചെയ്തില്ല. ചട്ടങ്ങൾ ഭേദഗതി ചെയ്യാൻ സർവകലാശാലയുടെ ഭാഗത്തുനിന്നുണ്ടായ കാലതാമസം, ശമ്പള പരിഷ്കരണ കുടിശ്ശികയായി ഭാരത സർക്കാരിൽ നിന്നും ₹9.57 കോടി നഷ്ടപ്പെടുന്നതിന് കാരണമായി. സ്റ്റേഡിയം നിർമ്മാണത്തിന് നൽകിയ ഭൂമിയുടെ പേരിൽ ലഭിക്കേണ്ട പാട്ടവാടക കുടിശ്ശികയാണ്. സർവകലാശാലയ്ക്ക് കീഴിലെ സ്വയം സൃഷ്ടിക്കുന്ന വരുമാനത്തിൽ പ്രവർത്തിക്കേണ്ട സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജും കെ.യു.സി.റ്റി.ഇകളും തുടർച്ചയായി നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. സർവകലാശാല ഡിമാൻഡ്, കളക്ഷൻ ബാലൻസ് രജിസ്റ്റർ പരിപാലിക്കുന്നില്ല. മുൻകൂറായി നൽകിയ തുക സർവകലാശാല ജീവനക്കാരിൽ നിന്നും കോളേജുകളിലെ പ്രിൻസിപ്പൽമാരിൽ നിന്നും വീണ്ടെടുത്ത് തീർപ്പാക്കിയിട്ടില്ല. പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിലേക്ക് കുടിശ്ശിക എത്രയും വേഗം അടയ്ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സർവകലാശാല അധികാരികളോട് പി.എ.സി നിർദ്ദേശിച്ചിട്ടും സർവകലാശാല പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിൽ ₹7.23 കോടിയുടെ കമ്മി ഉണ്ടായിരുന്നു.

## 2.18. ശിപാർശകൾ

- **അക്കാദമിക് പാഠ്യപദ്ധതി, അധ്യാപന രീതികൾ, മാനവവിഭവശേഷി, ഗവേഷണവും നവീകരണവും വിപുലീകരണ പ്രവർത്തനങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ (ഫിസിക്കലും ഡിജിറ്റലും) എന്നിവയുൾപ്പെടെയുള്ള പ്രധാന മേഖലകളിൽ വിഭാവനം ചെയ്തിട്ടുള്ള വികസനങ്ങൾ വിവരിക്കുന്ന മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ പുരോഗതി സർവകലാശാല കാലാകാലങ്ങളിൽ നിരീക്ഷിക്കേണ്ടതാണ്.**

  ***(ഖണ്ഡിക 2.1)***

- **ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ, സർവകലാശാലയുടെ നിയന്ത്രണത്തിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അക്രഡിറ്റേഷൻ നേടിയെടുക്കാനും ഈ സ്ഥാപനങ്ങൾ ഒരു നിശ്ചിത ഗുണനിലവാരം നിലനിർത്തുന്നുവെന്ന് ഉറപ്പാക്കാൻ വേണ്ടി നിലവിലുള്ള പോരായ്മകൾ മറികടക്കാൻ വേണ്ട സാധ്യമായ എല്ലാ പരിഹാര നടപടികളെടുക്കാനും സർവകലാശാല ലക്ഷ്യം വയ്ക്കേണ്ടതാണ്.**

  ***(ഖണ്ഡിക 2.3)***

- കോഴ്സ് ഉള്ളടക്കത്തിന്റെ ഉന്നതനിലവാരവും പ്രസക്തിയും ഉറപ്പാക്കുന്നതിന് യു.ജി.സി നിർദ്ദേശിച്ച നിശ്ചിത സമയപരിധിയ്ക്കുള്ളിൽ കോഴ്സുകളുടെ സിലബസ് പരിഷ്കരിച്ചിട്ടുണ്ടെന്നും ബോർഡ്സ് ഓഫ് സ്റ്റഡി രൂപീകരിക്കുന്ന നിശ്ചിത മാനദണ്ഡങ്ങൾക്കനുസരിച്ചാണെന്നും സർവകലാശാല ഉറപ്പാക്കേണ്ടതാണ്.

*(ഖണ്ഡിക 2.3)*

- പ്രശ്നസാധ്യതാ വിശകലനത്തെ അടിസ്ഥാനമാക്കി സർവകലാശാല അഫിലിയേറ്റഡ് കോളേജുകളിൽ കാലാകാലങ്ങളിൽ പരിശോധന നടത്തേണ്ടതും നൽകുന്ന വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ ദോഷകരമായി ബാധിയ്ക്കുന്ന പ്രശ്നമേഖലകൾ ഉൾപ്പെടുത്തിക്കൊണ്ട് നിർദ്ദിഷ്ട മാതൃകകളിൽ റിപ്പോർട്ട് തയ്യാറാക്കേണ്ടതുമാണ്.

*(ഖണ്ഡിക 2.4)*

- പൊതുവികസന ധനസഹായവും (ജി.ഡി.എ ഗ്രാന്റ്) മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ടും വിനിയോഗിച്ച് ഏറ്റെടുത്ത പ്രവൃത്തികൾ കാലതാമസമില്ലാതെ പൂർത്തിയാക്കുന്നുവെന്ന് ഉറപ്പാക്കാൻ സർവകലാശാല ഫലപ്രദമായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തി പരമാവധി വിദ്യാർത്ഥികൾക്ക് അടിസ്ഥാന സൗകര്യങ്ങളുടെ പ്രയോജനം ലഭ്യമാക്കേണ്ടതാണ്.

*(ഖണ്ഡിക 2.5)*

- പലിശവരുമാനം വർദ്ധിപ്പിക്കുന്നതിന് ഫണ്ടുകൾ നിക്ഷേപിക്കുമ്പോൾ സർവകലാശാല വിവേകപൂർണമായ തീരുമാനങ്ങൾ എടുക്കേണ്ടതാണ്.

*(ഖണ്ഡിക 2.6)*

- (എ) ദീർഘകാലമായി തീർപ്പാക്കാത്ത അഡ്വാൻസുകൾ കാലതാമസം കൂടാതെ തീർപ്പാക്കുന്നുവെന്നും (ബി) ഭാവിയിൽ അഡ്വാൻസുകൾ നൽകുന്നുണ്ടെങ്കിൽ അവ നിശ്ചിത സമയത്തിനുള്ളിൽ തീർപ്പാക്കുന്നുവെന്നും ഉറപ്പാക്കാൻ സർവകലാശാല നടപടികൾ കൈക്കൊള്ളേണ്ടതാണ്.

*(ഖണ്ഡിക 2.12)*

- ഫെലോഷിപ്പ് ഗ്രാന്റ് ലഭിക്കുന്ന മുഴുവൻ സമയ ഗവേഷകർ പ്രതിഫലം ലഭിക്കുന്ന മറ്റ് ജോലികൾ ഏറ്റെടുക്കുന്നില്ലെന്ന് ഉറപ്പാക്കാൻ ഒരു സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

*(ഖണ്ഡിക 2.13)*



# അദ്ധ്യായം III
# മാനവ വിഭവശേഷി

# 3 മാനവ വിഭവശേഷി

## 3.1. മാനവ വിഭവശേഷി

ഓരോ വിഭാഗങ്ങളിലെയും അധ്യാപകരുടെ രൂക്ഷമായ ക്ഷാമം സർവകലാശാല സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു (2019 മേയ്). അധ്യാപകരുടെ കുറവ് അധ്യാപന നിലവാരത്തെ ബാധിച്ചതു കൂടാതെ 'രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ' ഫണ്ടുകൾ[32] (ആർ.യു.എസ്.എ) ഉൾപ്പെടെയുള്ള സംസ്ഥാന/കേന്ദ്ര ഏജൻസികൾ ഫണ്ട് നിഷേധിക്കുന്നതിലും കലാശിച്ചു. സർവകലാശാലയെ ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എമിനൻസ് ആയി പ്രഖ്യാപിക്കാൻ സർവകലാശാല യു.ജി.സിക്ക് അപേക്ഷ സമർപ്പിച്ചിരുന്നു (2017 ഡിസംബർ). ഇത്തരമൊരു പദവി ലഭിച്ചിരുന്നെങ്കിൽ, ₹1,000 കോടിയോ അല്ലെങ്കിൽ സ്ഥാപനം സമർപ്പിച്ച വിശദമായ പദ്ധതിയുടെ 50 മുതൽ 75 ശതമാനം വരെയോ ഏതാണോ കുറവ് അത് സർവകലാശാലയ്ക്ക് ലഭിക്കുമായിരുന്നു. ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എമിനൻസ് പദവിക്കായി ശിപാർശ ചെയ്ത സ്ഥാപനങ്ങളുടെ പട്ടികയിൽ സർവകലാശാലയെ ഉൾപ്പെടുത്തിയിട്ടില്ലെന്ന് 2019 ഒക്ടോബറിൽ യു.ജി.സി അറിയിച്ചു. യു.ജി.സി ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എമിനൻസ് നഷ്ടപ്പെടാനുള്ള പ്രധാന കാരണം അധ്യാപകരുടെ കുറവാണെന്ന് സർവകലാശാല ചൂണ്ടിക്കാട്ടി.

### 3.1.1. പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ എന്നീ തസ്തികകൾ അനുവദിക്കാത്തത്

സർവകലാശാലകളിലെയും കോളേജുകളിലെയും അധ്യാപകരുടെയും മറ്റ് അക്കാദമിക് ജീവനക്കാരുടെയും നിയമനത്തിനുള്ള ഏറ്റവും കുറഞ്ഞ യോഗ്യതയും ഉന്നത വിദ്യാഭ്യാസ നിലവാരം കാത്തുസൂക്ഷിക്കുന്നതിനുള്ള നടപടികളും സംബന്ധിച്ച യു.ജി.സി റെഗുലേഷനുകൾ, 2010 പ്രകാരം, സർവകലാശാലകളിലെ അധ്യാപക തസ്തികകൾ പിരമിഡൽ ക്രമത്തിൽ സൃഷ്ടിക്കാവുന്നതാണ്. ഉദാഹരണത്തിന്, ഒരു വിഭാഗത്തിൽ ഓരോ പ്രൊഫസറുടെ തസ്തികയ്ക്കും രണ്ട് അസോസിയേറ്റ് പ്രൊഫസർമാരുടെയും നാല് അസിസ്റ്റന്റ് പ്രൊഫസർമാരുടെയും തസ്തികകൾ ഉണ്ടായിരിക്കണം. കേരള സർവകലാശാലയിലെ അധ്യാപക ജീവനക്കാരുടെ വിവരങ്ങൾ **പട്ടിക 3.1**–ൽ കൊടുത്തിരിക്കുന്നു.

---

[32] ആർ.യു.എസ്.എ ഫണ്ട് ലഭിക്കുന്നതിനുള്ള മുൻഉപാധികളിൽ ഉന്നത വിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക സംഭാവന – ജി.എസ്.ഡി.പിയുടെ ശതമാനമായി, സംസ്ഥാന ഫണ്ടിംഗ്– പ്രതിബദ്ധത, സമയക്രമം, ഫാക്കൽറ്റി ഒഴിവ് നികത്തൽ, അക്കാദമിക് പരീക്ഷാ പരിഷ്കാരങ്ങൾ മുതലായവ ഉൾപ്പെടുന്നു

**പട്ടിക 3.1: കേരള സർവകലാശാലയിലെ അധ്യാപക ജീവനക്കാരുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ**

| വർഷം (അതാത് വർഷങ്ങളിലെ മാർച്ച് വരെയുള്ളത്) | പ്രൊഫസർ | | അസോസിയേറ്റ് പ്രൊഫസർ | | അസിസ്റ്റന്റ് പ്രൊഫസർ | | | ആകെ | | അധ്യാപക ജീവനക്കാരുടെ കുറവ് (ശതമാനത്തിൽ) |
|---|---|---|---|---|---|---|---|---|---|---|
| | അനുവദിച്ചത് | നിലവിലുള്ളത് | അനുവദിച്ചത് | നിലവിലുള്ളത് | അനുവദിച്ചത് | റെഗുലർ | കരാർ | അനുവദിച്ചത് | നിലവിലുള്ളത് | |
| 2017 | 35 | 7 | 55 | 25 | 201 | 160 | 41 | 291 | 233 | 19.93 |
| 2018 | 35 | 10 | 55 | 20 | 201 | 158 | 45 | 291 | 233 | 19.93 |
| 2019 | 36 | 8 | 57 | 24 | 205 | 160 | 56 | 298 | 248 | 16.78 |
| 2020 | 36 | 14 | 57 | 23 | 205 | 168 | 65 | 298 | 270 | 9.40 |
| 2021 | 36 | 15 | 57 | 26 | 205 | 169 | 70 | 298 | 280 | 6.04 |

*(ഉറവിടം: കേരള സർവകലാശാലയിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങൾ)*

റെഗുലേഷൻ ഉണ്ടായിരുന്നിട്ടും, കേരള സർവകലാശാലയിലെ ഒമ്പത് അക്കാദമിക് വിഭാഗങ്ങളിലേക്ക്[33] പ്രൊഫസർ തസ്തിക അനുവദിച്ചിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. കൂടാതെ, ഏഴ് വിഭാഗങ്ങളിലേയ്ക്ക്[34] അസോസിയേറ്റ് പ്രൊഫസർ തസ്തികയും രണ്ട് വിഭാഗങ്ങളിലേയ്ക്ക്[35] അസിസ്റ്റന്റ് പ്രൊഫസർ തസ്തികയും അനുവദിച്ചിട്ടില്ല. നാനോ സയൻസ് ആന്റ് നാനോടെക്നോളജി വിഭാഗം 2016-ൽ സ്ഥാപിതമായത് മുതൽ അധ്യാപക തസ്തികകളൊന്നും അനുവദിക്കാതെ പൂർണമായും കരാർ അധ്യാപകരുടെ സേവനങ്ങളെ ആശ്രയിച്ചാണ് പ്രവർത്തിക്കുന്നത്. വിഭാഗങ്ങളിൽ സ്ഥിരം അധ്യാപകരില്ലാത്തത് വിദ്യാഭ്യാസ നിലവാരത്തെ പ്രതികൂലമായി ബാധിക്കും.

2010 മാർച്ച് 31-ന് അവസാനിച്ച വർഷത്തേക്കുള്ള ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ (സിവിൽ) റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള 'കേരള സർവകലാശാലയുടെ പ്രവർത്തനം' എന്നതിന്റെ പ്രവർത്തനക്ഷമതാ ഓഡിറ്റ് ഖണ്ഡിക ചർച്ച ചെയ്യവേ ഫാക്കൽറ്റി തസ്തികകൾ അനുവദിക്കുന്നതിലെ വിട്ടുവീഴ്ച അഭിലഷണീയമല്ലെന്നും പരിമിതികൾ എന്തുതന്നെയായാലും ആവശ്യമായ അധ്യാപക തസ്തികകൾ അനുവദിക്കണമെന്നും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി വ്യക്തമാക്കിയിരുന്നു.

സർവകലാശാലാവിഭാഗങ്ങളിൽ അധ്യാപക തസ്തികകൾ വർഷങ്ങൾക്ക് മുൻപ് സൃഷ്ടിച്ചതാണെന്നും അതിനാൽ നിർദ്ദിഷ്ട ഘടന പാലിക്കുന്നതിനായി മാത്രം അധിക തസ്തികകൾ സൃഷ്ടിക്കുന്നത്, സാമ്പത്തിക പ്രത്യാഘാതങ്ങളുണ്ടാക്കുമെന്നതിനാൽ പ്രായോഗികമല്ലെന്നും ഓഡിറ്റ്

---

33 1. ബയോടെക്നോളജി, 2. നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി, 3. ഫിലോസഫി, 4. റഷ്യൻ, 5. എൻവയോൺമെന്റൽ സയൻസ്, 6. ഫ്യൂച്ചേഴ്സ് സ്റ്റഡീസ്, 7. ജിയോളജി, 8. സ്റ്റാറ്റിസ്റ്റിക്സ്, 9. എസ്.ഡി.ഇ

34 1. നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി, 2. ജർമ്മൻ, 3. ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും മാനുസ്ക്രിപ്റ്റ് ലൈബ്രറിയും, 4. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരള 5. ഇസ്ലാമിക് ഹിസ്റ്ററി, 6. നിയമം, 7. എസ്.ഡി.ഇ

35 1. നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി, 2. സംഗീതം

നിരീക്ഷണം അംഗീകരിച്ചുകൊണ്ട് (2021 ഡിസംബർ) സർക്കാർ കൂട്ടിച്ചേർത്തു. ചില വിഭാഗങ്ങളിൽ പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ സർവകലാശാല നേരത്തെ തന്നെ കൊടുത്തിരുന്നു.

### 3.1.2. കരാർ അടിസ്ഥാനത്തിൽ/നിർദ്ദിഷ്ട യോഗ്യതയില്ലാതെ നിയമിച്ച അധ്യാപകർ

- സർവകലാശാലകളിലെയും കോളേജുകളിലെയും അധ്യാപകരുടെയും മറ്റ് അക്കാദമിക് ജീവനക്കാരുടെയും നിയമനത്തിനുള്ള ഏറ്റവും കുറഞ്ഞ യോഗ്യതയും ഉന്നത വിദ്യാഭ്യാസ നിലവാരം കാത്തുസൂക്ഷിക്കുന്നതിനുള്ള നടപടികളും സംബന്ധിച്ച യു.ജി.സി റെഗുലേഷനുകൾ, 2010 പ്രകാരം, തീർത്തും അടിയന്തിരമായി വരുമ്പോഴും വിദ്യാർത്ഥി–അധ്യാപക അനുപാതം നിർദ്ദിഷ്ട മാനദണ്ഡങ്ങൾക്കനുസൃതമല്ലാത്തപ്പോഴും മാത്രമേ കരാർ അടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കാവൂ. എന്നാൽ ഒരു കാരണവശാലും ഇത്തരം നിയമനങ്ങളുടെ എണ്ണം, മൊത്തം കോളേജ്/ സർവകലാശാല അധ്യാപക തസ്തികയുടെ 10 ശതമാനത്തിൽ കൂടരുത്. ഈ വ്യവസ്ഥയ്ക്ക് വിരുദ്ധമായി സർവകലാശാലയിൽ 43 വിഭാഗങ്ങളിലും വിദൂര വിദ്യാഭ്യാസ വിഭാഗത്തിലുമായി കരാർ അടിസ്ഥാനത്തിൽ 70 അധ്യാപകരുണ്ടായിരുന്നു. ഇത് മൊത്തം അധ്യാപക ശേഷിയുടെ 23 ശതമാനത്തിൽ കൂടുതലാണ്. ഓഡിറ്റ് കാലയളവിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ച അധ്യാപകരുടെ നിരക്ക് വർദ്ധിക്കുന്ന പ്രവണതയാണ് കണ്ടതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. വിശദാംശങ്ങൾ **പട്ടിക 3.2**–ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 3.2: കരാർ അടിസ്ഥാനത്തിൽ നിയമിച്ച അധ്യാപകരുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ**

| വർഷം (അതാത് വർഷങ്ങളിലെ മാർച്ച് വരെയുള്ളത്) | അനുവദിച്ചത് | നിലവിലുള്ളത് | | |
|---|---|---|---|---|
| | | റെഗുലർ (ശതമാനം) | കരാർ (ശതമാനം) | ആകെ |
| 2017 | 291 | 192 (65.98) | 41 (14.08) | 233 |
| 2018 | 291 | 188 (64.60) | 45 (15.46) | 233 |
| 2019 | 298 | 192 (64.43) | 56 (18.79) | 248 |
| 2020 | 298 | 205 (68.79) | 65 (21.81) | 270 |
| 2021 | 298 | 210 (70.47) | 70 (23.49) | 280 |

*(ഉറവിടം: കേരള സർവകലാശാലയിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങൾ)*

34 യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട്സ് ഓഫ് ടെക്നോളജി (യു.ഐ.റ്റി), 10 കേരള യൂണിവേഴ്സിറ്റി കോളേജസ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ (കെ.യു.സി.റ്റി.ഇ), ഏഴ് യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട്സ് ഓഫ് മാനേജ്മെന്റ് (യു.ഐ.എം), ഒരു യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് എന്നിവ സർവകലാശാല സ്വാശ്രയ രീതിയിൽ

നടത്തുന്നു. ഈ 52 സ്ഥാപനങ്ങളിലായി[36] 335 അധ്യാപക ജീവനക്കാരുണ്ടായിരുന്നെന്നും അവയെല്ലാം കരാർ നിയമനങ്ങളായിരുന്നെന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. യു.ജി.സി റെഗുലേഷൻസ് അനുസരിച്ച്, കരാർ അധ്യാപകർക്ക് നൽകുന്ന നിശ്ചിത വേതനം സ്ഥിര നിയമനം ലഭിച്ച അസിസ്റ്റന്റ് പ്രൊഫസറുടെ പ്രതിമാസ മൊത്ത ശമ്പളത്തിനേക്കാൾ കുറവാകാൻ പാടില്ല. കരാർ അധ്യാപകർക്ക് നൽകുന്ന പ്രതിമാസ ശമ്പളം സ്ഥിര നിയമനം ലഭിച്ച അസിസ്റ്റന്റ് പ്രൊഫസറുടെ പ്രതിമാസ മൊത്ത ശമ്പളത്തെക്കാൾ കുറവായിരുന്നെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. അസിസ്റ്റന്റ് പ്രൊഫസറുടെ വേതനത്തിന് അർഹരായ കരാർ അധ്യാപകർക്ക് നൽകിയിരുന്ന പ്രതിമാസ ശമ്പളം ₹19,500 മുതൽ ₹37,500 വരെയാണ്. അതേസമയം, ഏഴാം കേന്ദ്ര ശമ്പള കമ്മീഷൻ പ്രകാരം അസിസ്റ്റന്റ് പ്രൊഫസറുടെ തുടക്ക ശമ്പളം ₹57,700 ആണ്. അടുത്ത ബുള്ളറ്റ് പോയിന്റിൽ വിശദമാക്കിയിരിക്കുന്നത് പോലെ ഈ ഫാക്കൽറ്റികളിൽ പലർക്കും നിശ്ചിത യോഗ്യതകൾ ഉണ്ടായിരുന്നില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അധ്യാപകരുടെയും മറ്റ് അക്കാദമിക് ജീവനക്കാരുടെയും നിയമനത്തിനുള്ള കുറഞ്ഞ യോഗ്യതയുമായി ബന്ധപ്പെട്ട യു.ജി.സി റെഗുലേഷനുകൾ സ്വാശ്രയ സ്ഥാപനങ്ങൾ പാലിക്കേണ്ടതില്ലെന്ന് കാണിക്കുന്നതിനുള്ള രേഖകളൊന്നും സർവകലാശാല നൽകിയിട്ടില്ല.

- അതുപോലെ സർവകലാശാലകളിലെയും കോളേജുകളിലെയും അധ്യാപകരുടെയും മറ്റ് അക്കാദമിക് ജീവനക്കാരുടെയും നിയമനത്തിനുള്ള ഏറ്റവും കുറഞ്ഞ യോഗ്യതയും ഉന്നത വിദ്യാഭ്യാസ നിലവാരം കാത്തുസൂക്ഷിക്കുന്നതിനുള്ള നടപടികളും സംബന്ധിച്ച 2010-ലെ യു.ജി.സി റെഗുലേഷനുകളിലെ ക്ലോസ് 3.3.0 പ്രകാരം അസിസ്റ്റന്റ് പ്രൊഫസറായി നിയമിക്കപ്പെടുന്നതിനുള്ള ഏറ്റവും കുറഞ്ഞ യോഗ്യത ബന്ധപ്പെട്ട/ അനുബന്ധ വിഷയത്തിൽ 55 ശതമാനം മാർക്കോടെയുള്ള ബിരുദാനന്തര ബിരുദമാണ്. കൂടാതെ ഉദ്യോഗാർത്ഥി ദേശീയ യോഗ്യതാ പരീക്ഷ (എൻ.ഇ.റ്റി) പാസായിരിക്കണം അല്ലെങ്കിൽ ഒരു അക്രഡിറ്റ് ചെയ്യപ്പെട്ട പരീക്ഷ (സംസ്ഥാനതല യോഗ്യതാ പരീക്ഷ എസ്.എൽ.ഇ.റ്റി/എസ്.ഇ.റ്റി) ജയിച്ചിരിക്കണം, എന്നാൽ പി.എച്ച്.ഡി ലഭിച്ച വിദ്യാർത്ഥികളെ കുറഞ്ഞ യോഗ്യതയായ എൻ.ഇ.റ്റി/എസ്.എൽ.ഇ.റ്റി/ എസ്.ഇ.റ്റിയിൽ നിന്നും ഒഴിവാക്കാവുന്നതാണ്. അധ്യാപകരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനാവശ്യമായ യോഗ്യതയും തെരഞ്ഞെടുപ്പ് നടപടിക്രമവും, സ്ഥിരമായി നിയമിക്കപ്പെടുന്ന ഒരു അധ്യാപകന് ബാധകമായതിന് തുല്യമായിരിക്കണം. സ്വാശ്രയ രീതിയിൽ ബിരുദ കോഴ്സുകളും ബിരുദാനന്തര ബിരുദ കോഴ്സുകളും പ്രദാനം ചെയ്യുന്നതിനായി

---

[36] യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് (1) : 46 ഫാക്കൽറ്റികൾ, യു.ഐ.റ്റി (34) : 174 ഫാക്കൽറ്റികൾ, കെ.യു.സി.റ്റി.ഇ (10) : 91 ഫാക്കൽറ്റികൾ, യു.ഐ.എം (7) : 24 ഫാക്കൽറ്റികൾ

സർവകലാശാല 34 യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട്സ് ഓഫ് ടെക്നോളജീസ് (യു.ഐ.റ്റി) നടത്തുന്നു. യു.ഐ.റ്റികളിലെ എല്ലാ അസിസ്റ്റന്റ് പ്രൊഫസർമാരെയും കരാർ അടിസ്ഥാനത്തിലാണ് നിയമിച്ചത്. 2021 മാർച്ച് വരെ 174 അധ്യാപകരിൽ 108 അധ്യാപകരെ എൻ.ഇ.റ്റി/എസ്.ഇ.റ്റി/ പി.എച്ച്.ഡി യോഗ്യതയില്ലാതെ നിയമിച്ചതായും ഓഡിറ്റ് നിരീക്ഷിച്ചു. വിശദാംശങ്ങൾ **പട്ടിക 3.3**–ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 3.3: യു.ഐ.റ്റികളിൽ യോഗ്യതയില്ലാതെ നിയമിച്ച അധ്യാപകരുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ**

| വർഷം (അതാത് വർഷങ്ങളിലെ മാർച്ച് വരെയുള്ളത്) | യു.ഐ.റ്റി കളുടെ ആകെ എണ്ണം | അധ്യാപകരുടെ ആകെ എണ്ണം | എൻ.ഇ.റ്റി / എസ്.ഇ.റ്റി/ പി.എച്ച്.ഡി യോഗ്യതയുള്ള അധ്യാപകരുടെ എണ്ണം | എൻ.ഇ.റ്റി / എസ്.ഇ.റ്റി/ പി.എച്ച്.ഡി യോഗ്യതയില്ലാത്ത അധ്യാപകരുടെ എണ്ണം |
|---|---|---|---|---|
| 2017 | 17 | 177 | 64 | 113 |
| 2018 | 28 | 174 | 60 | 114 |
| 2019 | 34 | 177 | 70 | 107 |
| 2020 | 34 | 181 | 69 | 112 |
| 2021 | 34 | 174 | 66 | 108 |

*(ഉറവിടം: കേരള സർവകലാശാലയിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങൾ)*

യു.ജി.സി നിർദേശിച്ചിട്ടുള്ള യോഗ്യതയില്ലാത്ത അധ്യാപകരെ നിയമിക്കുന്നത് അധ്യാപന നിലവാരത്തെ പ്രതികൂലമായി ബാധിക്കുകയും അതുവഴി ഈ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ഭാവിയെ ബാധിക്കുകയും ചെയ്യും.

യു.ഐ.റ്റികൾ 'ലാഭ നഷ്ട രഹിത' അടിസ്ഥാനത്തിൽ കേരള സർവകലാശാല നേരിട്ട് നടത്തുന്ന അനുബന്ധ കേന്ദ്രങ്ങളാണെന്ന് സർക്കാർ മറുപടി നൽകി (2021 ഡിസംബർ). ഈ സ്ഥാപനങ്ങൾ സാമൂഹിക പ്രതിബദ്ധത നിറവേറ്റുന്നതിനായും വിദൂര, ഗ്രാമ പ്രദേശങ്ങളിൽ താങ്ങാനാവുന്ന ചെലവിൽ വിദ്യാഭ്യാസം നൽകുന്നതിനായും ആരംഭിച്ചതിനാൽ വിദ്യാർത്ഥികളുടെ ഫീസ് വർദ്ധിപ്പിക്കാൻ കഴിയില്ല. യു.ഐ.റ്റികളിലെ ജീവനക്കാരുടെ വേതന വർദ്ധന നടപ്പാക്കിയാൽ, അത് സർവകലാശാലയ്ക്ക് അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കിയേക്കാം. ഇനി മുതൽ യു.ജി.സി നിർദ്ദേശിച്ചിട്ടുള്ള യോഗ്യതയുള്ള അധ്യാപകജീവനക്കാരുടെ നിയമനം ഉറപ്പു വരുത്താൻ സിൻഡിക്കേറ്റ് തീരുമാനിച്ചതായും സർക്കാർ അറിയിച്ചു.

യു.ഐ.ടികൾ സർവകലാശാല നടത്തുന്ന സ്ഥാപനങ്ങളായതിനാൽ കരാർ അടിസ്ഥാനത്തിൽ നിയമിതരാകുന്ന അധ്യാപകരുടെ വേതനം സംബന്ധിച്ച യു.ജി.സി ചട്ടങ്ങൾ പാലിക്കാൻ ബാധ്യസ്ഥരാണെന്നതു കൊണ്ട് മറുപടി ന്യായീകരിക്കാനാവുന്നതല്ല.

### 3.1.3. സർവകലാശാലാവിഭാഗങ്ങളിൽ അധ്യാപക ജീവനക്കാരുടെ കുറവ്

സർവകലാശാലകളിലെയും കോളേജുകളിലെയും അധ്യാപകരുടെയും മറ്റ് അക്കാദമിക് ജീവനക്കാരുടെയും നിയമനത്തിനുള്ള കുറഞ്ഞ യോഗ്യതയും ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം കാത്തുസൂക്ഷിക്കുന്നതിനുള്ള നടപടികളും സംബന്ധിച്ച 2010-ലെയും, 2018-ലെയും യു.ജി.സി റെഗുലേഷനുകൾ അനുസരിച്ച്, സർവകലാശാലാ സംവിധാനത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ളതും അംഗീകരിച്ചതുമായ എല്ലാ തസ്തികകളും അടിയന്തിരമായി നികത്തേണ്ടതാണ്. ഗസ്റ്റ്/കരാർ അധ്യാപകരുടേയും അനധ്യാപക ജീവനക്കാരുടേയും എണ്ണത്തിലുള്ള ആധിക്യം സ്ഥാപനപരമായ ദൗർബല്യമാണെന്ന് സർവകലാശാലയുടെ ഇൻസ്റ്റിറ്റ്യൂഷണൽ അക്രഡിറ്റേഷൻ (സെക്കൻഡ് സൈക്കിൾ) സംബന്ധിച്ച പിയർ ടീം റിപ്പോർട്ടിൽ (2015) ചൂണ്ടിക്കാണിച്ചിരുന്നു. പല വിഭാഗങ്ങളും പ്രൊഫസർമാരില്ലാതെയും ചില വിഭാഗങ്ങൾ ഒരൊറ്റ അധ്യാപകനെ ആശ്രയിച്ചുമാണ് പ്രവർത്തിക്കുന്നത്. ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ പിയർ ടീം റിപ്പോർട്ട് ശിപാർശ ചെയ്തു. സർവകലാശാലാവിഭാഗങ്ങളിലെ അധ്യാപകരുടെ കുറവ് ഓഡിറ്റ് പരിശോധിച്ചതിന്റെ ഫലങ്ങൾ ചുവടെ വിശദമായി പ്രതിപാദിക്കുന്നു.

- **പട്ടിക** 3.1-ൽ കാണിച്ചിരിക്കുന്ന പോലെ 43 അക്കാദമിക് വിഭാഗങ്ങൾക്കും വിദൂര വിദ്യാഭ്യാസ വിഭാഗത്തിനുമായി 298 സ്ഥിരം അധ്യാപക തസ്തികകൾ അനുവദിക്കപ്പെട്ടിരുന്നതിൽ 2021 മാർച്ചിലെ കണക്കനുസരിച്ച് 210 സ്ഥിരം അധ്യാപകർ (70.47 ശതമാനം) മാത്രമേ ഉണ്ടായിരുന്നുള്ളൂ. 70 കരാർ അധ്യാപകരെ പരിഗണിച്ചാൽപോലും അനുവദിക്കപ്പെട്ട തസ്തികകളുടെ 93.96 ശതമാനമാണ് ആകെ ജീവനക്കാരുടെ എണ്ണം. അനുവദിക്കപ്പെട്ട 36 പ്രൊഫസർ തസ്തികകളിൽ 21-ഉം 57 അസോസിയേറ്റ് പ്രൊഫസർ തസ്തികകളിൽ 31-ഉം ഒഴിവുകളുണ്ടായിരുന്നു. അതുപോലെ, അസിസ്റ്റന്റ് പ്രൊഫസർമാരുടെ കാര്യത്തിൽ, അനുവദിക്കപ്പെട്ട 205 തസ്തികകളിൽ 36 തസ്തികകൾ ഒഴിഞ്ഞു കിടന്നിരുന്നു.

- 2021 ഒക്ടോബറിൽ, നാല് മാസം മുതൽ 37 വർഷം വരെയുള്ള കാലയളവുകളിലായി തുടരുന്ന അധ്യാപക ഒഴിവുകൾ **അനുബന്ധം** 3.1-ൽ വിവരിച്ചിരിക്കുന്നു.

അധ്യാപക തസ്തികകളിലെ ഒഴിവുകൾ നിലനിൽക്കുന്നതും കരാർ അധ്യാപകരെ അമിതമായി ആശ്രയിക്കുന്നതും അധ്യാപന നിലവാരത്തെയും അക്കാദമിക് ഫലങ്ങളെയും പ്രതികൂലമായി ബാധിക്കുന്നതിനാൽ, സർക്കാരും സർവകലാശാലയും സുസ്ഥിരമായ പ്രതിവിധികൾ (സാമ്പത്തിക പരിമിതികൾ കണക്കിലെടുത്ത്) രൂപപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. യോഗ്യതയുള്ള ഫാക്കൽറ്റികളുടെ എണ്ണത്തിലെ കുറവ് കാരണം അക്കാദമിക് നിലവാരം മോശമാകുന്നില്ലെന്ന് ഉറപ്പാക്കാൻ കഴിയുന്ന വിധത്തിലുള്ളതാവണം അത്.

### 3.1.4. കെ.യു.സി.റ്റി.ഇകളിൽ അക്കാദമിക് ഫാക്കൽറ്റികളെ അധികമായി നിയമിച്ചത്

സ്വാശ്രയ രീതിയിൽ സർവകലാശാല അതിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ 10 കേരള യൂണിവേഴ്സിറ്റി കോളേജസ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ (കെ.യു.സി.റ്റി.ഇ) ആരംഭിച്ചു[37]. ഈ കെ.യു.സി.റ്റി.ഇകളുടെ പ്രിൻസിപ്പലിനെയും മറ്റ് അധ്യാപക ജീവനക്കാരെയും കരാർ അടിസ്ഥാനത്തിലാണ് നിയമിച്ചത്. നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ (അംഗീകാര മാനദണ്ഡങ്ങളും നടപടിക്രമങ്ങളും) റെഗുലേഷനുകൾ, 2014 അനുസരിച്ച്, ബാച്ചിലർ ഓഫ് എഡ്യൂക്കേഷൻ (ബി.എഡ്) ബിരുദത്തിലേക്ക് നയിക്കുന്ന ബാച്ചിലർ ഓഫ് എഡ്യൂക്കേഷൻ പ്രോഗ്രാമിനെ സംബന്ധിച്ച് മൊത്തം വിദ്യാർത്ഥികളുടെ എണ്ണം 200 ആണെങ്കിൽ, 16 മുഴുവൻ സമയ ഫാക്കൽറ്റികൾ ഉണ്ടായിരിക്കണം; രണ്ട് വർഷത്തെ വിദ്യാർത്ഥികളുടെ എണ്ണം 100 മാത്രമാണെങ്കിൽ, അധ്യാപകരുടെ എണ്ണം എട്ടായി കുറയേണ്ടതാണ്. ഈ കെ.യു.സി.റ്റി.ഇകൾക്കെല്ലാം പ്രതിവർഷം 50 വിദ്യാർത്ഥികളുള്ള ഓരോ ബാച്ച് വീതമുണ്ട്. പ്രോഗ്രാമിന് രണ്ട് വർഷത്തെ ദൈർഘ്യമുള്ളതിനാൽ, ഈ കെ.യു.സി.റ്റി.ഇകളിലെ മൊത്തം വിദ്യാർത്ഥികളുടെ എണ്ണം 100 വീതമാണ്. അതിനാൽ, ഈ കെ.യു.സി.റ്റി.ഇകളിലെ ഫാക്കൽറ്റികളുടെ എണ്ണം എട്ട് മാത്രമായിരിക്കണം. 2020–21 കാലയളവിൽ പത്തിൽ എട്ട് കെ.യു.സി.റ്റി.ഇകളിൽ എട്ടിലധികം അക്കാദമിക് ഫാക്കൽറ്റികളുണ്ടായിരുന്നുവെന്ന് ഓഡിറ്റ് കണ്ടെത്തി. ഈ 10 സ്ഥാപനങ്ങളിൽ 80 ഫാക്കൽറ്റികൾ വേണ്ട സ്ഥാനത്ത് 91 ഫാക്കൽറ്റികൾ ഉണ്ടായിരുന്നതിനാൽ പ്രതിവർഷം ₹23.64 ലക്ഷം അധികച്ചെലവുണ്ടായി.

ഓഡിറ്റ് റിപ്പോർട്ടിൽ അധികം എന്ന് പരാമർശിച്ചിരിക്കുന്ന അക്കാദമിക് ഫാക്കൽറ്റിയുടെ എണ്ണം, ഭാഷയും സയൻസ് വിഷയങ്ങളും ഒറ്റ യൂണിറ്റായി എടുത്താണ് കണക്കാക്കിയതെന്നും എന്നാൽ കെ.യു.സി.റ്റി.ഇകൾ ഒന്നിലധികം ഭാഷകളും, സയൻസ് വിഷയങ്ങളും ഐച്ഛികമായി വാഗ്ദാനം ചെയ്യുന്നുണ്ടെന്നും സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13). ക്ലാസുകൾ എടുക്കുന്നതിന് ഓരോ വിഷയത്തിനും ഒരു പ്രത്യേക ഫാക്കൽറ്റിയെ നിയോഗിക്കേണ്ടതിനാൽ, അത് അധിക അക്കാദമിക് ഫാക്കൽറ്റിയായി കണക്കാക്കാനാകില്ല.

രണ്ട് വർഷത്തെ മൊത്തം വിദ്യാർത്ഥികളുടെ എണ്ണം 100 ആണെങ്കിൽ അധ്യാപകരുടെ എണ്ണം എട്ടായി കുറയ്ക്കണമെന്ന് എൻ.സി.റ്റി.ഇ മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യക്തമായി വ്യവസ്ഥ ചെയ്തിരുന്നെങ്കിലും ഇത് കെ.യു.സി.റ്റി.ഇ പാലിച്ചില്ല. പത്തിൽ എട്ട് കെ.യു.സി.റ്റി.ഇകളിലും എട്ടിൽ കൂടുതൽ ജീവനക്കാരുണ്ട്.

---

[37] 1990 മുതൽ 1998 വരെയുള്ള കാലയളവിൽ

## 3.2. സർവകലാശാലയിലെ ഇന്റേൺഷിപ്പ്/ കൺസൾട്ടൻസി/ സ്റ്റാർട്ട് അപ്പ് പ്രവർത്തനങ്ങൾ

ഒരു ഉപദേഷ്ടാവിന്റെ മാർഗനിർദേശ പ്രകാരം ഒരു സ്ഥാപനത്തിൽ ജോലി ചെയ്യുന്നത് ഉൾപ്പെടെയുള്ള നിർദ്ദിഷ്ട പ്രവർത്തനങ്ങളാണ് ഇന്റേൺഷിപ്പുകൾ. വിദ്യാർത്ഥികളെ, അവരുടെ അറിവും വൈദഗ്ധ്യവും വ്യത്യസ്ത സ്ഥാപനങ്ങളിൽ പ്രയോഗിക്കാനും പ്രൊഫഷണൽ സ്വഭാവങ്ങളും ധാർമ്മികതയും വളർത്തിയെടുക്കാനും പ്രാപ്തരാക്കുക എന്നതാണ് ലക്ഷ്യം.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിലയിരുത്തലിലും അക്രഡിറ്റേഷൻ പ്രക്രിയയിലും എൻ.എ.എ.സി ഉപയോഗിക്കുന്ന പ്രധാന സൂചകങ്ങളിൽ ഒന്നാണിത്.

2016–21 കാലയളവിൽ ഇന്റേൺഷിപ്പ് നേടിയ വിദ്യാർത്ഥികളുടെ എണ്ണം ചുവടെയുള്ള **പട്ടിക 3.4**–ൽ പ്രസ്താവിച്ചിരിക്കുന്നു:

**പട്ടിക 3.4: 2016 മുതൽ 2021 വരെയുള്ള കാലയളവിൽ ഇന്റേൺഷിപ്പ് നേടിയ വിദ്യാർത്ഥികളുടെ എണ്ണം**

| വർഷം | സർവകലാശാലയിൽ പി.ജിയ്ക്ക് ചേർന്ന വിദ്യാർത്ഥികൾ | ഇന്റേൺഷിപ്പ് വാഗ്ദാനം ചെയ്ത വിഭാഗങ്ങളുടെ എണ്ണം | ഇന്റേൺഷിപ്പ് എടുത്ത വിദ്യാർത്ഥികളുടെ എണ്ണം | ശതമാനം |
|---|---|---|---|---|
| 2016–17 | 652 | 1 | 14 | 2.14 |
| 2017–18 | 628 | 1 | 11 | 1.75 |
| 2018–19 | 621 | 2 | 21 | 3.38 |
| 2019–20 | 733 | 5 | 41 | 5.59 |
| 2020–21 | 824 | 3 | 17 | 1.94 |
| **ആകെ** | 3508 | | 104 | 2.96 |

*(ഉറവിടം: സർവകലാശാല നൽകിയ ഡാറ്റ)*

മുകളിലുള്ള പട്ടിക പ്രകാരം സർവകലാശാലയിൽ എൻറോൾ ചെയ്ത ആകെ 3,508 വിദ്യാർത്ഥികളിൽ 2.96 ശതമാനം പേർ മാത്രമാണ് ഇന്റേൺഷിപ്പുകൾ എടുത്തത്. കൂടാതെ 2016–21 കാലയളവിൽ സർവകലാശാലയിലെ അഞ്ച് വിഭാഗങ്ങളിലെ[38] വിദ്യാർത്ഥികൾ മാത്രമാണ് ഇന്റേൺഷിപ്പുകൾ എടുത്തതെന്ന് ശ്രദ്ധയിൽപ്പെട്ടു.

2001–ൽ സർവകലാശാലയിൽ ഒരു കൺസൾട്ടൻസി സെൽ രൂപീകരിച്ചു. അതുപോലെ, 2006 മുതൽ സർവകലാശാലയിൽ ഒരു ഇൻഡസ്ട്രി ഇൻകുബേഷൻ സെന്റർ അതായത് കേരള യൂണിവേഴ്സിറ്റി ടെക്നോളജി ആന്റ് ബിസിനസ് സ്റ്റാർട്ട് അപ്പ് സെന്റർ പ്രവർത്തിക്കുന്നുണ്ട്. ഈ രണ്ട് സെല്ലുകളിലും ഡയറക്ടർമാർ മാത്രമാണുള്ളതെന്നും സപ്പോർട്ടിംഗ് സ്റ്റാഫുകളില്ലാതെയാണ് പ്രവർത്തിക്കുന്നതെന്നും ഓഡിറ്റിന്റെ

[38] 1. ഒപ്റ്റോഇലക്ട്രോണിക്സ്, 2. എൻവയോൺമെന്റൽ സയൻസ്, 3. ജിയോളജി, 4. സുവോളജി, 5. അക്വാട്ടിക് ബയോളജി ആന്റ് ഫിഷറീസ്

ശ്രദ്ധയിൽപ്പെട്ടു. ഓഡിറ്റ് കാലയളവിൽ 24 ഇടപാടുകാർക്ക് നൽകിയ കൺസൾട്ടൻസി ജോലികളിലൂടെയും സ്റ്റാർട്ട് അപ്പ് കമ്പനികളും സർവകലാശാലയും തമ്മിൽ ഏഴ് ധാരണാപത്രങ്ങൾ ഒപ്പിട്ടതിലൂടെയും ₹90.73 ലക്ഷം ലഭിച്ചതായി സർവകലാശാല അറിയിച്ചു (2021 സെപ്റ്റംബർ).

ഇന്റേൺഷിപ്പുകളിലൂടെ തങ്ങളുടെ വിദ്യാർത്ഥികളെ പ്രായോഗിക പഠനത്തിലേക്ക് കൊണ്ടുവരാനും കൺസൾട്ടൻസി, സ്റ്റാർട്ട് അപ്പ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിലൂടെ വിദ്യാർത്ഥികളുടെ തൊഴിൽ ക്ഷമത കൈവരിക്കുന്ന പ്രവർത്തനങ്ങൾ ആരംഭിക്കാനും സർവകലാശാല ഗൗരവമായ ശ്രമങ്ങൾ നടത്തിയിട്ടില്ലെന്ന വസ്തുത ഓഡിറ്റ് കണ്ടെത്തലുകൾ എടുത്തുകാണിക്കുന്നു.

സർവകലാശാല തങ്ങളുടെ വിദ്യാർത്ഥികൾക്ക് പ്രായോഗിക പഠനം, ഫീൽഡ് പ്രോജക്ടുകൾ, സമ്മർ ഇന്റേൺഷിപ്പ് എന്നിവയുള്ള അവസരങ്ങൾ നൽകാറുണ്ട് എന്ന് സർക്കാർ പ്രസ്താവിച്ചു (2021 ഡിസംബർ 13). വാസ്തവത്തിൽ, എല്ലാ മാസ്റ്റേഴ്സ് പ്രോഗ്രാമുകൾക്കും കുറഞ്ഞത് ഒരു സെമസ്റ്ററിലെങ്കിലും ഇത് ഉണ്ടായിരിക്കേണ്ടത് നിർബന്ധമാണ്. മിക്കവാറും എല്ലാ വിദ്യാർത്ഥികളും ഇന്റേൺഷിപ്പ്/ ഫീൽഡ് വിസിറ്റ് എടുക്കുന്നതിനാൽ പട്ടികയിൽ നൽകിയിരിക്കുന്ന കണക്കുകൾ ശരിയല്ലെന്ന് സർക്കാർ പ്രസ്താവിച്ചു.

**പട്ടിക** 3.4–ൽ ഉൾപ്പെടുത്തിയിട്ടുള്ള കണക്കുകൾ സർവകലാശാല നൽകിയതിനാൽ, സർക്കാരിന്റെ മറുപടിയിൽ സർവകലാശാലയിൽ നിന്ന് ഓഡിറ്റ് വിശദീകരണം തേടി (2022 ജനുവരി 13). പട്ടികയിൽ നൽകിയിരിക്കുന്ന കണക്കുകൾ ഇന്റേൺഷിപ്പിന് മാത്രം ബാധകമാണ് എന്നും ഫീൽഡ് പ്രോജക്ടുകളും പ്രത്യേക പ്രോജക്ടുകളും അതിൽ ഉൾപ്പെടുന്നില്ല എന്നും സർവകലാശാല അറിയിച്ചു (2022 ജനുവരി 25). മൂന്ന് വിഭാഗങ്ങളിൽ മാത്രമേ ഇന്റേൺഷിപ്പ് നിർബന്ധമുള്ളൂവെന്നും മറ്റ് വിഭാഗങ്ങളിലേയ്ക്കും ഇന്റേൺഷിപ്പ് നീട്ടുന്നതിനുള്ള നയം സർവകലാശാല രൂപീകരിക്കുകയാണെന്നും പ്രസ്താവിച്ചു.

സർവകലാശാലയുടെ ഇന്റേൺഷിപ്പിന് വിധേയരായ വിദ്യാർത്ഥികളുടെ എണ്ണം തുച്ഛമാണെന്ന ഓഡിറ്റ് കണ്ടെത്തലിനെ സർവകലാശാലയുടെ മറുപടി സാധൂകരിക്കുന്നു.

## 3.3. പ്ലേസ്മെന്റ് സെല്ലിന്റെ പ്രവർത്തനം

ഒരു സ്ഥാപനത്തിന്റെ അക്രഡിറ്റേഷൻ സമയത്ത്, കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ആ സ്ഥാപനത്തിൽ നിന്ന് പഠിച്ചിറങ്ങിയ വിദ്യാർത്ഥികളുടെ പ്ലേസ്മെന്റിന്റെ ശരാശരി ശതമാനം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഗ്രേഡ് ചെയ്യുന്നതിനുള്ള ഘടകങ്ങളിലൊന്നായി എൻ.എ.എ.സി കണക്കാക്കുന്നു.

കാമ്പസ് റിക്രൂട്ട്മെന്റ് കൈകാര്യം ചെയ്യുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമായി 'പെർമനന്റ് പ്ലേസ്മെന്റ് സെൽ' രൂപീകരിക്കുന്നതിന് സർവകലാശാല അംഗീകാരം നൽകി (2012 നവംബർ). കൂടാതെ സെനറ്റ്

ഹൗസ് കാമ്പസിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരള (ഐ.എം.കെ) യുടെ പഴയ കെട്ടിടത്തിൽ പ്ലേസ്മെന്റ് സെല്ലിനായി സ്ഥിരം പ്ലേസ്മെന്റ് ഓഫീസ് ക്രമീകരിക്കാനും കാമ്പസ് റിക്രൂട്ട്മെന്റിനായി വിദ്യാർത്ഥികളുടെ ഓൺലൈൻ രജിസ്ട്രേഷനുള്ള സോഫ്റ്റ്വെയർ വികസിപ്പിക്കുന്നതിന് യൂണിവേഴ്സിറ്റി കമ്പ്യൂട്ടർ സെന്റർ ഡയറക്ടറെ ചുമതലപ്പെടുത്തുന്നതിനും അംഗീകാരം നൽകി. എന്നാൽ ഇത് യാഥാർത്ഥ്യമായിട്ടില്ല. ജീവനക്കാരും ഓഫീസും ഇല്ലാതെയാണ് സർവകലാശാലയിൽ പ്ലേസ്മെന്റ് സെൽ പ്രവർത്തിക്കുന്നത്. സാമ്പത്തികശാസ്ത്ര വിഭാഗത്തിലെ അസോസിയേറ്റ് പ്രൊഫസറായിരുന്നു പ്ലേസ്മെന്റ് സെല്ലിന്റെ കൺവീനർ. പ്ലേസ്മെന്റ് പ്രവർത്തനങ്ങൾ നടത്തുന്നതിന് സെൽ പിന്തുടരേണ്ട നടപടിക്രമങ്ങൾ/കലണ്ടർ ഒന്നും ഉണ്ടായിരുന്നില്ല. 2016-21 വർഷങ്ങളിൽ, പ്ലേസ്മെന്റ് സെല്ലിലൂടെ ഇന്റർവ്യൂവിന് ഹാജരാവുകയും ജോലിയിൽ പ്രവേശിക്കുകയും ചെയ്ത ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളുടെ എണ്ണം **പട്ടിക 3.5**-ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 3.5: പ്ലെയ്സ്മെന്റ് സെല്ലിലൂടെ ഇന്റർവ്യൂവിൽ പങ്കെടുത്ത് ജോലിയിൽ പ്രവേശിച്ച ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളുടെ എണ്ണം**

| വർഷം | സർവകലാശാല വിഭാഗങ്ങളിലെ പിജി കോഴ്സുകളിലേക്ക് പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം | പ്ലേസ്മെന്റിനായി രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ എണ്ണം | ജോലിയിൽ പ്രവേശിച്ച വിദ്യാർത്ഥികളുടെ എണ്ണം | പരാമർശങ്ങൾ |
|---|---|---|---|---|
| 2016-17 | 652 | 25 | 5 | പ്ലേസ്മെന്റ് ഒരു ശതമാനത്തിൽ താഴെ |
| 2017-18 | 628 | 26 | 3 | |
| 2018-19 | 621 | 25 | 0 | പ്ലേസ്മെന്റ് ഇല്ല |
| 2019-20 | 733 | 0 | 0 | |
| 2020-21 | 874 | 0 | 0 | |

*(ഉറവിടം: കേരള സർവകലാശാലയിലെ പ്ലേസ്മെന്റ് സെൽ നൽകിയ വിവരങ്ങൾ)*

സർവകലാശാലയിൽ ഒരു പ്ലേസ്മെന്റ് സെൽ നിലവിലുണ്ടായിട്ടുപോലും, കഴിഞ്ഞ അഞ്ച് വർഷത്തിനിടെ പ്ലെയ്സ്മെന്റ് സെല്ലിലൂടെ എട്ട് വിദ്യാർത്ഥികൾക്ക് മാത്രമാണ് ജോലി ലഭിച്ചത്.

ദേശീയ വിദ്യാഭ്യാസ നയം, 2020 അനുസരിച്ച്, ഉന്നത വിദ്യാഭ്യാസ പരിപാടികളുടെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടപടികൾ കൈക്കൊള്ളേണ്ടതാണ്. എന്നാൽ ഫലപ്രദമായ ഒരു പ്ലേസ്മെന്റ് സെൽ സർവകലാശാലയ്ക്ക് ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു.

സർവകലാശാലയുടെ പല വിഭാഗങ്ങളും തങ്ങളുടെ വിദ്യാർത്ഥികളെ സ്വകാര്യ കമ്പനികളിൽ നിയമിക്കാൻ മുൻകൈ എടുത്തിട്ടുണ്ടെന്നും കേരള സർവകലാശാലയിലെ അധ്യാപന വകുപ്പുകൾ വാഗ്ദാനം ചെയ്യുന്ന പ്രോഗ്രാമുകളുടെ തൊഴിൽ സാധ്യത വളരെ ഉയർന്നതാണെന്നും വിദ്യാർത്ഥികൾക്ക് അവരുടെ പ്രോഗ്രാമുകൾ പൂർത്തിയാക്കിയ ഉടൻ തന്നെ ജോലി ലഭിക്കുന്നുണ്ട് എന്നും സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13). സെല്ലിന്റെ പിന്തുണയില്ലാതെ തന്നെ പ്ലേസ്മെന്റ് ലഭിക്കുന്നതിനാൽ ഗണ്യമായ എണ്ണം വിദ്യാർത്ഥികൾ പ്ലേസ്മെന്റ് സെല്ലിന്റെ സേവനം സ്വീകരിച്ചില്ലെന്നും കൂടാതെ, പ്ലേസ്മെന്റ് ഓഫീസർ വേണ്ടിയിരുന്ന ഈ സെൽ കഴിഞ്ഞ അഞ്ച് വർഷമായി തുടർച്ചയായി സജീവമായിരുന്നില്ല എന്നും പ്രസ്താവിച്ചു. സർവകലാശാല അതിന്റെ അധ്യാപന വകുപ്പുകളിൽ മാസ്റ്റേഴ്സ് പ്രോഗ്രാം മാത്രമേ വാഗ്ദാനം ചെയ്യുന്നുള്ളൂ. അവിടെ വിദ്യാർത്ഥികൾക്ക് പൊതുവെ ഗവേഷണത്തിന്റെയും അധ്യാപനത്തിന്റെയും ഒരു കരിയർ പാത ഉള്ളതിനാൽ അതിനു വേണ്ടി അവർ എം.ഫിലും പി.എച്ച്.ഡിയും ഉപരിപഠനം നടത്തേണ്ടതായിട്ടുണ്ട്. അതിനാൽ പ്ലെയ്സ്മെന്റുകളുമായി താരതമ്യപ്പെടുത്തുമ്പോൾ ഉന്നത പഠനത്തിനായി പോകുന്നവരുടെ എണ്ണം വളരെ ഉയർന്നതാണ്.

ഫലപ്രദമായ പ്ലേസ്മെന്റ് സെൽ രൂപീകരിക്കാത്തതിനെ കുറിച്ചും വിദ്യാർത്ഥികൾക്ക് പ്ലേസ്മെന്റ് നൽകുന്നതിൽ നിലവിലുള്ള പ്ലേസ്മെന്റ് സെല്ലിന്റെ തുച്ഛമായ സംഭാവനയെ കുറിച്ചും മറുപടിയിൽ പരാമർശങ്ങളൊന്നുമില്ല.

## 3.4. ഗവേഷണം

### 3.4.1. പി.എച്ച്.ഡി പ്രോഗ്രാമിലേയ്ക്കുള്ള വിദ്യാർത്ഥികളുടെ തെരഞ്ഞെടുപ്പ്

യു.ജി.സി (പി.എച്ച്.ഡി/എം.ഫിൽ നൽകുന്നതിനുള്ള മിനിമം മാനദണ്ഡങ്ങളും നടപടിക്രമങ്ങളും) റെഗുലേഷൻസ് 2016–ൽ എം.ഫിൽ/പി.എച്ച്.ഡിയ്ക്കുള്ള വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള പ്രവേശന പരീക്ഷയ്ക്ക് 70 ശതമാനവും അഭിമുഖത്തിലെ/ വാചാപരീക്ഷയിലെ പ്രകടനത്തിന് 30 ശതമാനവും വെയിറ്റേജ് യു.ജി.സി അവതരിപ്പിച്ചു (2018 ഒക്ടോബർ 16–ലെ ഭേദഗതി).

മേൽപ്പറഞ്ഞ യു.ജി.സി നിർദ്ദേശങ്ങൾ സർവകലാശാല ഇതുവരെ നടപ്പിലാക്കിയിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു (2021 ആഗസ്റ്റ്). 2018–ൽ ഭേദഗതി ചെയ്ത യു.ജി.സി റെഗുലേഷൻ പാലിക്കാതെ, 2019–21 കാലയളവിൽ 1029 സ്കോളർമാരെ പി.എച്ച്.ഡിയ്ക്ക് തെരഞ്ഞെടുക്കുകയും 677 വിദ്യാർത്ഥികൾക്ക് എം.ഫില്ലിൽ അഡ്മിഷൻ നൽകുകയും ചെയ്തു. സർവകലാശാല ഇപ്പോഴും യു.ജി.സി റെഗുലേഷൻ 2016 ആണ് പിന്തുടരുന്നത്. പി.എച്ച്.ഡി പ്രോഗ്രാമിലെ വിദ്യാർത്ഥികൾക്ക് സർവകലാശാല നടത്തുന്ന ഒരു പ്രവേശന പരീക്ഷ, തുടർന്ന് ഡിപ്പാർട്ട്മെന്റൽ ഡോക്ടറൽ കമ്മിറ്റി നടത്തുന്ന അഭിമുഖം എന്നീ രണ്ട്–

ഘട്ട പ്രക്രിയയിലൂടെ രജിസ്ട്രേഷൻ അനുവദിക്കുന്നു. എന്നാൽ ഈ നടപടി ക്രമത്തിൽ രണ്ടു ഘട്ടങ്ങളിലും നൽകേണ്ട വെയ്റ്റേജുകൾ വ്യക്തമാക്കുന്നില്ല. വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള റാങ്ക് പട്ടിക സർവകലാശാല തയ്യാറാക്കുന്നില്ല. റാങ്ക് പട്ടിക ഇല്ലാത്തതിനാൽ തെരഞ്ഞെടുപ്പിന്റെ സുതാര്യത വിലയിരുത്താനാവില്ല.

ഡോക്ടറൽ കമ്മിറ്റി വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് വിദ്യാർത്ഥികൾ സമർപ്പിച്ച സിനോപ്സിസിന്റെ ഗുണത്തിന്റെയും ഇന്റർവ്യൂവിൽ വിദ്യാർത്ഥിക്ക് ഗവേഷണത്തിനുള്ള കഴിവുണ്ടോ എന്നും ഗവേഷണ കേന്ദ്രത്തിൽ ഉചിതമായ രീതിയിൽ ഗവേഷണം നടത്താൻ കഴിയുമോ എന്നും നിർദിഷ്ട ഗവേഷണത്തിന് പുതിയ/അധിക അറിവുകൾ സംഭാവന ചെയ്യാൻ കഴിയുമോ എന്നും വിലയിരുത്തുന്നതിന്റെ അടിസ്ഥാനത്തിലാണെന്ന് സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13).

പ്രവേശന പരീക്ഷയ്ക്ക് 70 ശതമാനവും അഭിമുഖം/ വാചാ പരീക്ഷയ്ക്ക് 30 ശതമാനവും വെയിറ്റേജ് നൽകിയായിരിക്കണം ഉദ്യോഗാർത്ഥികളുടെ തെരഞ്ഞെടുപ്പ് (എം.ഫിൽ/പി.എച്ച്.ഡി) എന്ന് യു.ജി.സി ഭേദഗതിയിൽ വ്യക്തമായി പറഞ്ഞിരുന്നത് സർവകലാശാല പാലിക്കാതിരുന്നതിനാൽ സർക്കാരിന്റെ മറുപടി ന്യായീകരിക്കാനാവില്ല.

### 3.4.2. ഗവേഷകർ ഗവേഷണ പ്രവർത്തനങ്ങൾ തുടരാതിരുന്നത്

1977-ലെ കേരള യൂണിവേഴ്സിറ്റി ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്സ് അനുസരിച്ച് പ്രബന്ധം സമർപ്പിക്കാൻ പരമാവധി സമയം അനുവദിച്ചിരിക്കുന്നത് മുഴുവൻ സമയ ഗവേഷണ വിദ്യാർത്ഥികൾക്ക് അഞ്ച് വർഷവും പാർട്ട് ടൈം ഗവേഷണ വിദ്യാർത്ഥികൾക്ക് എട്ട് വർഷവുമാണ്. ചില സന്ദർഭങ്ങളിൽ, മേൽപ്പറഞ്ഞ സമയപരിധി ഒരു വർഷത്തേക്ക് കൂടി നീട്ടാവുന്നതാണ്. 1978-ലെ കേരള യൂണിവേഴ്സിറ്റി ഫസ്റ്റ് ഓർഡിനൻസസ് അനുസരിച്ച്, ഒരു റിസർച്ച് ഫെല്ലോ തന്റെ ഫെല്ലോഷിപ്പ് കാലയളവിൽ തന്റെ നിയമനം രാജിവയ്ക്കുകയോ സിൻഡിക്കേറ്റിന്റെ അനുമതി വാങ്ങാതെ ഗവേഷണ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുകയോ ചെയ്യരുത്. അങ്ങനെയായാൽ അയാൾക്ക് ലഭിച്ച മുഴുവൻ ഫെലോഷിപ്പ് തുകയോ അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും ഭാഗമോ തിരികെ നൽകേണ്ടിവരും. ഇത്തരം സന്ദർഭങ്ങളിൽ തുകയുടെ തിരിച്ചടവ് സിൻഡിക്കേറ്റിന് ഒഴിവാക്കാവുന്നതുമാണ്.

43 സർവകലാശാലാവിഭാഗങ്ങളിലെ ഗവേഷകരെ സംബന്ധിച്ച വിശദാംശങ്ങളുടെ വിശകലനത്തിൽ 22 പേർ ഗവേഷണം നിർത്തുകയോ 88 പേർ നിശ്ചിത സമയത്തിനുള്ളിൽ പ്രബന്ധം സമർപ്പിക്കാതിരിക്കുകയോ ചെയ്തുവെന്ന് നിരീക്ഷിക്കപ്പെട്ടു. ഈ 110 ഗവേഷകർ 2005 മുതൽ 2014 വരെയുള്ള കാലയളവിലാണ് ഗവേഷണം ആരംഭിച്ചത്. റിസർച്ച്

സൂപ്പർവൈസർ/കോ-സൂപ്പർവൈസർ എന്നിവർക്ക് ഗൈഡ്[39] ചെയ്യാൻ കഴിയുന്ന റിസർച്ച് ഫെല്ലോകളുടെ പരിധി യു.ജി.സി റെഗുലേഷൻസ്, 2016 ൽ വ്യക്തമാക്കിയിട്ടുണ്ട്. ഫാക്കൽറ്റികളുടെ കുറവ് ഗവേഷണ ഫലത്തെ പ്രതികൂലമായി ബാധിക്കുന്നു എന്ന വിഷയം സർവകലാശാല സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു (2019 മേയ്). ഈ കുറവുണ്ടായിട്ടും, അർഹരായ മറ്റ് വ്യക്തികൾക്ക് അവസരം നൽകുന്നതിനായി ഇത്തരം റിസർച്ച് സ്കോളർമാരുടെ രജിസ്ട്രേഷൻ റദ്ദാക്കുന്നതിൽ സർവകലാശാല പരാജയപ്പെട്ടു.

2009-ലെ യു.ജി.സി റെഗുലേഷനുകൾ (2016 ഫെബ്രുവരി) മുൻകാല പ്രാബല്യത്തോടെ നടപ്പിലാക്കിയതിനാലും പ്രസ്തുത റെഗുലേഷനുകൾ കർശനമായി പാലിക്കാൻ യു.ജി.സി നിർദ്ദേശിച്ചതിനാലും 2009 മുതൽ രജിസ്ട്രേഷൻ അനുവദിച്ചിട്ടുള്ള റിസർച്ച് സ്കോളർമാർക്ക് അവരുടെ ഗവേഷണ പ്രവർത്തനങ്ങളിൽ വളരെയധികം ബുദ്ധിമുട്ടുകൾ നേരിട്ടതായി സർക്കാർ പ്രസ്താവിച്ചു (2021 ഡിസംബർ 13). ഗവേഷകർ അഭിമുഖീകരിക്കുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരമെന്നനിലയിലും അവർ നടത്തിയ വിലപ്പെട്ട ഗവേഷണ പ്രവർത്തനങ്ങൾ പരിഗണിച്ചും സർവകലാശാല കാലാകാലങ്ങളിൽ ഗവേഷകർക്ക് അധികസമയം[40] അനുവദിച്ചിരുന്നു. നിശ്ചിത പരമാവധി ഗവേഷണ കാലയളവ് അവസാനിച്ചിരുന്ന മിക്ക ഗവേഷകരും അവരുടെ പ്രബന്ധം സമർപ്പിക്കുന്നതിന് സർവകലാശാല അനുവദിച്ച അധികസമയം ഫലപ്രദമായി വിനിയോഗിച്ചതായും പ്രസ്താവിച്ചു.

ജോലി ലഭിച്ചത് ഉൾപ്പെടെയുള്ള വിവിധ കാരണങ്ങളാൽ ഗവേഷണം നിർത്തിയ/നിശ്ചിത സമയപരിധിക്കുള്ളിൽ പ്രബന്ധം സമർപ്പിക്കാത്ത 110 ഗവേഷകരുടെ രജിസ്ട്രേഷൻ നാളിതുവരെ (2021 ഡിസംബർ) റദ്ദാക്കിയിട്ടില്ലാത്തതിനാൽ മറുപടി ന്യായീകരിക്കാനാവില്ല.

## 3.5. ഉപസംഹാരം

സർവകലാശാലയിലെ അധ്യാപകരുടെ/ഫാക്കൽറ്റികളുടെ കുറവ് വർഷങ്ങളായി നിലനിൽക്കുന്ന ഒരു സ്ഥാപനപരമായ പ്രശ്നമാണ്. ആവശ്യമായ എണ്ണം അധ്യാപക തസ്തികകൾ അനുവദിക്കണമെന്ന് പി.എ.സി ശിപാർശ ചെയ്തിരുന്നെങ്കിലും അധ്യാപക തസ്തികകൾ അനുവദിക്കാതെ തന്നെ പല വിഭാഗങ്ങളും പ്രവർത്തിച്ചു. കരാർ അടിസ്ഥാനത്തിൽ നിയമിച്ച ഫാക്കൽറ്റികളുടെ എണ്ണം നിശ്ചിത

---

39 ഒരു പ്രൊഫസറിന് ഒരേസമയം പരമാവധി മൂന്ന് എം.ഫിൽ വിദ്യാർത്ഥികളേയും എട്ട് പി.എച്ച്.ഡി വിദ്യാർത്ഥികളേയും ഒരു അസോസിയേറ്റ് പ്രൊഫസറിന് പരമാവധി രണ്ട് എം.ഫിൽ വിദ്യാർത്ഥികളേയും ആറ് പി.എച്ച്.ഡി വിദ്യാർത്ഥികളേയും ഗൈഡ് ചെയ്യാം. റിസർച്ച് സൂപ്പർവൈസർ എന്ന നിലയിൽ ഒരു അസിസ്റ്റന്റ് പ്രൊഫസർക്ക് പരമാവധി ഒരു എം.ഫിൽ വിദ്യാർത്ഥിയേയും ഒപ്പം നാല് പി.എച്ച്.ഡി വിദ്യാർത്ഥികളേയും ഗൈഡ് ചെയ്യാം.

40 യു.ജി.സി റെഗുലേഷൻസ് 2009 അനുസരിച്ച് റെഗുലർ റിസർച്ച് സൂപ്പർവൈസർമാരുടെ കീഴിലുള്ള ഗവേഷകർക്ക് പുനർവിന്യാസം കാരണം നേരിട്ട പ്രശ്നങ്ങൾ മറികടക്കാൻ 2017 മുതൽ 2019 വരെ അധികസമയം നൽകി. കോവിഡ് 19 മഹാമാരി കണക്കിലെടുത്ത് 2020-21 മുതൽ പ്രബന്ധം സമർപ്പിക്കുന്നതിനുള്ള അധികസമയം നീട്ടി നൽകിയിട്ടുണ്ട്.

പരിധിയേക്കാൾ കൂടുതലായിരുന്നു. ഗസ്റ്റ്/ കരാർ അധ്യാപകരുടെയും അനധ്യാപകരുടെയും എണ്ണത്തിലുള്ള ആധിക്യം സ്ഥാപനപരമായ ദൗർബല്യം ആണെന്ന് സർവകലാശാലയുടെ ഇൻസ്റ്റിറ്റ്യൂഷണൽ അക്രഡിറ്റേഷൻ (സെക്കൻഡ് സൈക്കിൾ) സംബന്ധിച്ച പീയർ ടീം റിപ്പോർട്ടിൽ (2015) ചൂണ്ടിക്കാണിച്ചിരുന്നു. പല വിഭാഗങ്ങളും പ്രൊഫസർമാരില്ലാതെയും ചില വിഭാഗങ്ങൾ ഒരൊറ്റ അധ്യാപകനെ ആശ്രയിച്ചുമാണ് പ്രവർത്തിക്കുന്നത്. പ്ലേസ്മെന്റ് സെല്ലിന്റെ ജോബ് പ്ലേസ്മെന്റ് റെക്കോർഡ് ഒട്ടും ആശാവഹമായിരുന്നില്ല. നിരവധി വിദ്യാർത്ഥികൾക്ക് സർവകലാശാല മുഖേനയുള്ള ഇന്റേൺഷിപ്പ് അവസരങ്ങൾ ലഭിച്ചില്ല.

## 3.6. ശിപാർശകൾ

- **ഗവേഷകരുടെയും, പ്രസിദ്ധീകരിച്ച റിസർച്ച് പേപ്പറുകളുടെയും പേറ്റന്റുകളുടെയും എണ്ണം വർദ്ധിപ്പിക്കുന്നത് ഉൾപ്പെടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന്, സർവകലാശാലയുമായി കൂടിയാലോചിച്ച് അതിന്റെ സ്ഥാപനങ്ങളിൽ യോഗ്യതയുള്ള ആവശ്യമായ എണ്ണം അധ്യാപകരുടെ സേവനം സർക്കാർ ഉറപ്പാക്കേണ്ടതാണ്.**

*(ഖണ്ഡിക 3.1)*

- **വിദ്യാർത്ഥികൾക്കുള്ള ഇന്റേൺഷിപ്പ് അവസരങ്ങളും പ്ലെയ്സ്മെന്റുകളും (പഠിച്ചിറങ്ങിയ വിദ്യാർത്ഥികൾക്ക്) സംബന്ധിച്ച സർവകലാശാലയുടെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിന് പ്രത്യേക പ്രാധാന്യം നൽകേണ്ടതുണ്ട്.**

*(ഖണ്ഡികകൾ 3.2-ഉം 3.3-ഉം)*




# അദ്ധ്യായം IV
# പരീക്ഷ

# 4 പരീക്ഷ

പരീക്ഷാ നടത്തിപ്പ്, യഥാസമയം ഫലം പ്രസിദ്ധീകരിക്കൽ, വിജയിച്ച വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യൽ എന്നിവയുടെ ചുമതല കേരള സർവകലാശാലയുടെ പരീക്ഷാ വിഭാഗത്തിനാണ്. ഓരോ വർഷവും ഏകദേശം 10,000 പരീക്ഷകൾ സർവകലാശാല നടത്തുന്നു. ഓരോ കോഴ്സിനും വർഷത്തിൽ രണ്ട് തവണയെങ്കിലും പരീക്ഷകൾ നടത്തേണ്ടതാണ്. പരീക്ഷാ പ്രക്രിയയെക്കുറിച്ചുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

## 4.1. പരീക്ഷ നടത്തിപ്പിലും ഫലം പ്രസിദ്ധീകരിക്കുന്നതിലുമുള്ള കാലതാമസം

എല്ലാ കോഴ്സുകളുടെയും എല്ലാ സെമസ്റ്ററുകളിലെയും അവസാന സെമസ്റ്റർ മൂല്യനിർണ്ണയം (ഇ.എസ്.ഇ) സർവകലാശാല നടത്തുകയും[41] പരീക്ഷയുടെ അവസാന ദിവസം മുതൽ 45 ദിവസത്തിനുള്ളിൽ ഫലങ്ങൾ പ്രസിദ്ധീകരിക്കുകയും (നിർദ്ദിഷ്ട പരീക്ഷാ കലണ്ടറിനെ[42] അടിസ്ഥാനമാക്കി) ചെയ്യേണ്ടതാണ്.

അഫിലിയേറ്റഡ് കോളേജുകളിൽ 2016, 2017 വർഷങ്ങളിൽ ത്രിവത്സര യു.ജി പ്രോഗ്രാമിന് പ്രവേശനം നേടിയ വിദ്യാർത്ഥികൾക്കുള്ള 12 ഇ.എസ്.ഇകളുടെ പരീക്ഷാ തീയതികളുടെയും ഫലം പ്രസിദ്ധീകരിക്കുന്ന തീയതികളുടെയും രേഖകൾ ഓഡിറ്റ് സൂക്ഷ്മമായി പരിശോധിച്ചു. പരീക്ഷാ കലണ്ടറുമായി താരതമ്യപ്പെടുത്തുമ്പോൾ ഒരു കേസിൽ 200 ദിവസത്തിന് മുകളിലും രണ്ട് കേസുകളിൽ 100 മുതൽ 200 ദിവസം വരെയും മൂന്ന് കേസുകളിൽ 50 മുതൽ 100 ദിവസം വരെയുമാണ് പരീക്ഷാ നടത്തിപ്പിലെ കാലതാമസം കണ്ടെത്തിയത്. രണ്ട് കേസുകളിൽ 300 ദിവസത്തിന് മുകളിലും, നാല് കേസുകളിൽ 200 മുതൽ 300 ദിവസം വരെയും നാല് കേസുകളിൽ 100 മുതൽ 200 ദിവസം വരെയുമാണ് ഫലം പ്രസിദ്ധീകരിക്കുന്നതിൽ കാലതാമസം നേരിട്ടത് (**അനുബന്ധം 4.1**).

അടുത്ത ഉയർന്ന സെമസ്റ്ററിൽ വിദ്യാർത്ഥികൾ പഠിക്കുന്ന സമയത്താണ് ഇ.എസ്.ഇ നടത്തിയിരുന്നതെന്നും ഓഡിറ്റ് നിരീക്ഷിച്ചു. ഉദാഹരണത്തിന്, 2017 നവംബർ 24-ന് അടുത്ത സെമസ്റ്ററിലേയ്ക്കുള്ള ക്ലാസുകൾ ആരംഭിച്ചിരുന്നുവെങ്കിലും 2017 നവംബർ 08-നും 2017 നവംബർ 22-നും ഇടയിൽ ഷെഡ്യൂൾ ചെയ്തിരുന്ന 2017-18 അഡ്മിഷന്റെ ഒന്നാം സെമസ്റ്ററിലെ ഇ.എസ്.ഇ 2018 മാർച്ച് 26-നും 2018 ഏപ്രിൽ 09-നും ഇടയിലാണ് നടത്തിയത്. അതിലുപരിയായി ഏതെങ്കിലും സെമസ്റ്റർ പേപ്പറുകളിൽ പരാജയപ്പെട്ട/ഹാജരാകാത്ത/മെച്ചപ്പെട്ട മാർക്കിനായി

---

41 അഫിലിയേറ്റഡ് കോളേജുകളിലെ ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് ആന്റ് സെമസ്റ്റർ (സി.ബി.സി.എസ്) സമ്പ്രദായത്തിന് കീഴിലുള്ള ഫസ്റ്റ്-ഡിഗ്രി പ്രോഗ്രാമുകളുമായി ബന്ധപ്പെട്ട കേരള യൂണിവേഴ്സിറ്റി റെഗുലേഷൻസ്, 2013-ന്റെ ക്ലോസ് 9.3 പ്രകാരം

42 യൂണിവേഴ്സിറ്റി ലെവൽ മോണിറ്ററിംഗ് കമ്മിറ്റി (യു.എൽ.എം.സി) തയ്യാറാക്കിയത്

വീണ്ടും എഴുതുന്ന വിദ്യാർത്ഥികൾക്ക്[43] അടുത്ത സമാന പരീക്ഷ മാത്രമേ എഴുതാൻ കഴിയൂ (അതായത്, അടുത്ത ബാച്ചിനായി നടത്തുന്ന പരീക്ഷ). പരീക്ഷാ ഫലങ്ങളിൽ അനാവശ്യമായ കാലതാമസം ഉണ്ടാകുന്നതു മൂലം, വിദ്യാർത്ഥികൾക്ക് അവരുടെ യഥാർത്ഥ പരീക്ഷാ ഫലങ്ങളെക്കുറിച്ച് അറിയാതെ തന്നെ നില മെച്ചപ്പെടുത്തലിനായി/ പരീക്ഷകൾ വിജയിക്കുന്നതിനായി വീണ്ടും എഴുതുകയോ/ പുനഃപരീക്ഷയ്ക്ക് തയ്യാറെടുക്കുകയോ ചെയ്യേണ്ടിവരുന്നു, ഇത് വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു.

പ്രളയവും കോവിഡ്-19 മഹാമാരിയും ആണ് പരീക്ഷ വൈകിയതിന് കാരണമായി സർക്കാർ അവരുടെ മറുപടിയിൽ പറഞ്ഞത് (2021 ഡിസംബർ 13). ഉത്തരക്കടലാസുകൾക്ക് ഫാൾസ് നമ്പർ നൽകുന്ന മാനുവൽ സംവിധാനമാണ് സർവകലാശാല പിന്തുടരുന്നതെന്നും ഒരു സെമസ്റ്ററിൽ സർവകലാശാലയ്ക്ക് 2.5 ലക്ഷത്തിലധികം ഉത്തരക്കടലാസുകൾക്ക് ഫാൾസ് നമ്പർ നൽകേണ്ടതുണ്ടെന്നും അതിന് ഏകദേശം 25 ദിവസം എടുക്കും എന്നും മറുപടിയിൽ പറഞ്ഞു. ഇത് കാലതാമസത്തിന് ആക്കം കൂട്ടുന്നു. സർവകലാശാല ഇതിനകം തന്നെ പ്രശ്നം തിരിച്ചറിഞ്ഞിട്ടുണ്ടെന്നും സ്റ്റുഡന്റ് ലൈഫ് സൈക്കിൾ മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തി പരീക്ഷയും മൂല്യനിർണ്ണയവും സമയബന്ധിതമായി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണെന്നും സർക്കാർ വ്യക്തമാക്കി.

പ്രളയത്തിനും കോവിഡ്-19 നും മുമ്പുതന്നെ പരീക്ഷ നടത്തുന്നതിനും ഫലം പ്രസിദ്ധീകരിക്കുന്നതിനും കാലതാമസം ഉണ്ടായിരുന്നതിനാൽ മറുപടി ന്യായീകരിക്കാനാവില്ല.

## 4.2. സിലബസിന് പുറത്തു നിന്നുള്ള ചോദ്യങ്ങൾ

പരീക്ഷാ മാനുവലിലെ നാലാം അധ്യായത്തിലെ ക്ലോസുകൾ 9, 10 പ്രകാരം, വൈസ് ചാൻസലറുടെ അംഗീകാരത്തോടെ പരീക്ഷാ കൺട്രോളർ ഓരോ വർഷവും ഓരോ വിഷയത്തിനും അല്ലെങ്കിൽ വിഷയങ്ങളുടെ ഗ്രൂപ്പിനും ചോദ്യപേപ്പറുകൾ പരിശോധിക്കുന്നതിനും നിശ്ചിത നിലവാരമുള്ളതാണോ എന്ന് പരിശോധിക്കുന്നതിനും ചോദ്യങ്ങൾ നിശ്ചിത സിലബസിന്റെ പരിധിയിലാണോ എന്ന് പരിശോധിക്കുന്നതിനും ചോദ്യപേപ്പർ തയ്യാറാക്കുന്നവരുടെ ഒരു ബോർഡ് രൂപീകരിക്കണം. ചോദ്യങ്ങൾ നിർദ്ദിഷ്ട സിലബസിനും പരീക്ഷാ സ്കീമിനും അനുസൃതമാണെന്ന് ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നിലവാരം നിലനിർത്തുന്നതിനും പരീക്ഷാ കൺട്രോളർ ഒരു പരിശോധനാ ബോർഡ് രൂപീകരിക്കണം.

ഇത്തരമൊരു സംവിധാനം നിലവിലുണ്ടായിരുന്നെങ്കിലും, 2016-2021 കാലയളവിൽ വിവിധ വിഷയങ്ങളിലെ 389 പേപ്പറുകളിൽ 'സിലബസിന് പുറത്തു നിന്നുള്ള' ചോദ്യങ്ങളെ സംബന്ധിച്ച പരാതികൾ ലഭിച്ചതായി ഓഡിറ്റ് കണ്ടെത്തി. മൂല്യനിർണ്ണയം ഉദാരമാക്കൽ, ബാക്കിയുള്ള ചോദ്യങ്ങൾക്ക്

---

[43] ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് സെമസ്റ്റർ സമ്പ്രദായത്തിലുള്ള

മാർക്ക് വീതിച്ചു നൽകൽ, ഗ്രേസ് മാർക്ക് നൽകൽ തുടങ്ങിയ വ്യത്യസ്ത നടപടിക്രമങ്ങൾ സ്വീകരിച്ചാണ് ഈ പ്രശ്നം പരിഹരിച്ചതെന്ന് പരീക്ഷാ കൺട്രോളർ പറഞ്ഞു. 'സിലബസിന് പുറത്തു നിന്നുള്ള' ചോദ്യങ്ങൾ ചോദ്യപേപ്പറിൽ ഉൾപ്പെടുത്തിയതിന്റെ പേരിൽ 13 പേർക്കെതിരെ (ചെയർമാൻ/ ചോദ്യപേപ്പർ തയ്യാറാക്കുന്നവർ) സർവകലാശാല നടപടിയെടുത്തതായും അറിയിച്ചു.

എന്നാൽ, പരിശോധനകൾ കഴിഞ്ഞ് പരാതികൾ സ്ഥിരീകരിച്ച കേസുകളുടെ എണ്ണം സർവകലാശാല ഓഡിറ്റിന് നൽകിയില്ല. 2019 ഏപ്രിൽ 30-ലെ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് അനുസരിച്ച്, ഓരോ പരിശോധനാ ബോർഡും 20 മുതൽ 40 ചോദ്യപേപ്പറുകൾ വരെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. ധാരാളം ചോദ്യപേപ്പറുകൾ പരിശോധിക്കേണ്ടതിനാൽ, കാര്യക്ഷമമായ പരിശോധന ഉറപ്പാക്കാൻ കഴിയുന്നില്ല. അതിനാൽ, പരിശോധനയ്ക്ക് വിധേയമാക്കുന്ന ചോദ്യപേപ്പറുകളിൽ പരീക്ഷയ്ക്ക് ശേഷം പിശകുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നു.

സിലബസിന് പുറത്തു നിന്നുള്ള ചോദ്യങ്ങളെക്കുറിച്ചുള്ള പരാതികൾ പരിശോധിക്കാൻ 2019 മേയ് 04 മുതൽ, ഒരു പ്രീ-വാല്യുവേഷൻ ബോർഡ് രൂപീകരിച്ചു എന്ന് പരീക്ഷാ കൺട്രോളർ മറുപടി നൽകി (2020 നവംബർ). പരീക്ഷ സമാപിച്ചതിന് ശേഷം ഉത്തരക്കടലാസുകളുടെ മൂല്യനിർണയത്തിന് മുൻപ് 'സിലബസിന് പുറത്തു നിന്നുള്ള' ചോദ്യങ്ങളെക്കുറിച്ചുള്ള പരാതികൾ പ്രീ-വാല്യുവേഷൻ ബോർഡ് പരിഗണിക്കുകയും സിലബസിൽ ഉൾപ്പെടാത്ത മേഖലകളിൽ നിന്ന് എന്തെങ്കിലും ചോദ്യമുണ്ടെങ്കിൽ അതിനുള്ള മാർക്ക് മറ്റുള്ള ചോദ്യങ്ങൾക്ക് ആനുപാതികമായി വീതിച്ചു നൽകുകയും ചെയ്യുന്നു.

'സിലബസിന് പുറത്തു നിന്നുള്ള' ചോദ്യങ്ങൾ ഒഴിവാക്കുന്നതിൽ പരിശോധനാ ബോർഡ് ഫലപ്രദമായിരുന്നില്ലെന്ന് സിൻഡിക്കേറ്റ് മീറ്റിംഗിന്റെ മിനിറ്റ്സ് സൂചിപ്പിക്കുന്നു, 'സിലബസിന് പുറത്തു നിന്നുള്ള' ചോദ്യങ്ങൾ ഉൾപ്പെടുത്തുന്നത് വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാക്കുകയും ഭരണപരമായ നടപടികൾ അനാവശ്യമായി നീളാൻ കാരണമാവുകയും ചെയ്യുന്നു.

സ്റ്റുഡന്റ് ലൈഫ് സൈക്കിൾ മാനേജ്മെന്റ് സംവിധാനത്തിലെ ക്വസ്റ്റ്യൻ ബാങ്ക് മൊഡ്യൂൾ ഈ പ്രശ്നത്തിന് പരിഹാരമാകുമെന്ന് സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13). സർവകലാശാലയ്ക്കുള്ളിലും പുറത്തുമുള്ള താൽപ്പര്യമുള്ള എല്ലാ ഫാക്കൽറ്റി അംഗങ്ങളിൽ നിന്നും ചോദ്യങ്ങളും സ്കീമും സ്വീകരിച്ച് ഒരു ചോദ്യ ബാങ്ക് തയ്യാറാക്കാൻ നിർദ്ദേശിച്ചു, മാത്രമല്ല സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ചോദ്യങ്ങളുടെ ഇരട്ടിപ്പ് ഒഴിവാക്കി ചോദ്യ ബാങ്കിൽ നിന്ന് ആവശ്യാനുസരണം ചോദ്യപേപ്പറുകൾ തയ്യാറാക്കാവുന്നതുമാണ്.

എന്നാൽ, ഓഡിറ്റ് കാലയളവിൽ, 'സിലബസിന് പുറത്തു നിന്നുള്ള' ചോദ്യങ്ങൾ എന്ന പ്രശ്നം സർവകലാശാലയുടെ പരീക്ഷാ സംവിധാനത്തെ ബാധിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചു.

## 4.3. പരീക്ഷാ നടപടി ക്രമങ്ങളിലെ ന്യൂനതകൾ

- ചോദ്യപേപ്പറുകൾ കോളേജുകളിലേയ്ക്ക് കൈമാറുന്നതിനും അത് തുറക്കുന്നതിനും ഉള്ള നടപടിക്രമം സർവകലാശാലയുടെ പരീക്ഷാ മാനുവലിൽ വിശദമായി നൽകിയിരിക്കുന്നു. പ്രസ്സിൽ നിന്ന് ലഭിക്കുന്ന അച്ചടിച്ച ചോദ്യപേപ്പറുകൾ പരീക്ഷാ കൺട്രോളറുടെ ഓഫീസിലെ ചോദ്യപേപ്പർ റൂമിൽ സൂക്ഷിക്കുകയും ചോദ്യപേപ്പറുകൾ അടങ്ങുന്ന സീൽ ചെയ്ത കവറുകൾ കളക്ഷൻ ആന്റ് ഡിസ്ട്രിബ്യൂഷൻ യൂണിറ്റ് (സി.ഡി യൂണിറ്റ്) മുഖേന പരീക്ഷാ കേന്ദ്രങ്ങളിൽ പരീക്ഷ ആരംഭിക്കുന്ന തീയതിക്ക് മൂന്ന് ദിവസം മുൻപ് വിതരണം ചെയ്യുകയും ചെയ്യും. ചോദ്യപേപ്പറുകൾ അടങ്ങിയ കവറുകൾ അഡീഷണൽ സൂപ്രണ്ടിന്റെ, സീനിയർ അസിസ്റ്റന്റ് സൂപ്രണ്ടിന്റെ, രണ്ട് അസിസ്റ്റന്റ് സൂപ്രണ്ടുമാരുടെ, സാന്നിധ്യത്തിൽ പരിശോധിക്കണം. കവറുകൾ ശരിയായ നിലയിലാണെന്ന് സ്വയം ബോധ്യപ്പെട്ടതിന് ശേഷം സീനിയർ അസിസ്റ്റന്റ് സൂപ്രണ്ടും അഡീഷണൽ ചീഫ് സൂപ്രണ്ടും ചീഫ് സൂപ്രണ്ടും കവറുകളിൽ ഒപ്പിടണം. ഈ സുരക്ഷാ മാർഗങ്ങൾ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും, **അനുബന്ധം** 4.2–ൽ വിശദമാക്കി–യിരിക്കുന്നതുപോലെ എട്ട് അഫിലിയേറ്റഡ് കോളേജുകളിൽ ചോദ്യപേപ്പർ പാക്കറ്റുകൾ തെറ്റായ രീതിയിൽ തുറന്നതിന്റെ 10 സന്ദർഭങ്ങൾ ഓഡിറ്റ് ശ്രദ്ധിച്ചു.

  പത്ത് കേസുകളിലും തെറ്റായ രീതിയിൽ തുറന്ന ചോദ്യപേപ്പറുകൾ വൈസ് ചാൻസലർ റദ്ദാക്കിയെങ്കിലും **അനുബന്ധം** 4.3–ൽ കാണിച്ചിരിക്കുന്നതുപോലെ മൂന്ന് കോളേജുകൾ റദ്ദാക്കിയ ചോദ്യപേപ്പറുകൾ ഉപയോഗിച്ച് പരീക്ഷ നടത്തിയതായി ഓഡിറ്റ് നിരീക്ഷിച്ചു.

  സർവകലാശാലയ്ക്കുണ്ടായ സാമ്പത്തിക നഷ്ടത്തിന്റെ തോത് വിലയിരുത്തുന്നതിനും ബന്ധപ്പെട്ട കോളേജുകളിലെ പ്രിൻസിപ്പൽമാരിൽ നിന്നും ചീഫ് സൂപ്രണ്ടുമാരിൽ നിന്നും വിശദീകരണം തേടുന്നതിനും (2020 ജൂലൈ) പരീക്ഷാ കൺവീനറെയും കൺട്രോളറെയും ചുമതലപ്പെടുത്താൻ സിൻഡിക്കേറ്റ് തീരുമാനിച്ചു. സർവകലാശാലയ്ക്ക് ഉണ്ടായ സാമ്പത്തിക നഷ്ടത്തിന്റെ തോത് കണക്കാക്കുന്നതിനുള്ള പ്രക്രിയ ഇനിയും പൂർത്തിയായിട്ടില്ലെന്ന് സർവകലാശാല ഓഡിറ്റിനെ അറിയിച്ചു (2021 സെപ്റ്റംബർ 10).

  ചോദ്യപേപ്പറുകൾ തെറ്റായ രീതിയിൽ തുറക്കുന്നതിലൂടെ ഉണ്ടാകുന്ന സാമ്പത്തിക പ്രത്യാഘാതങ്ങൾക്ക് പുറമെ, പുതിയ ചോദ്യപേപ്പറുകൾ അച്ചടിച്ച് എല്ലാ പരീക്ഷാ കേന്ദ്രങ്ങളിലും വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ വിതരണം ചെയ്യേണ്ടിവരുന്ന സംഭവങ്ങൾ സർവകലാശാലയ്ക്ക് വെല്ലുവിളികൾ സൃഷ്ടിക്കുന്നു.

ഇത്തരം സംഭവങ്ങൾ പ്രധാനമായും അശ്രദ്ധാമൂലമോ മാനുഷിക പിഴവുകളാലോ സംഭവിക്കുന്നതാണെന്ന് സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13).

പരീക്ഷാ കേന്ദ്രങ്ങളിൽ ചോദ്യപേപ്പർ പാക്കറ്റുകൾ തെറ്റായ രീതിയിൽ തുറന്നത് ചുരുക്കം ചില സന്ദർഭങ്ങളിൽ മാത്രമായിരുന്നെങ്കിലും, പരീക്ഷാ മാനുവലിൽ നിർദ്ദേശിച്ചിട്ടുള്ള സുരക്ഷാ മാനദണ്ഡങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് സർവകലാശാല ഉറപ്പു വരുത്തേണ്ടതുണ്ട്.

- പരീക്ഷാ മാനുവലിലെ ആറാം അദ്ധ്യായം അനുസരിച്ച്, ഉത്തരക്കടലാസ് മൂല്യനിർണയം ചെയ്യുന്ന പരിശോധകൻ പരീക്ഷാർത്ഥികളുടെ വ്യക്തിവിവരം അറിയുന്നത് തടയുന്നതിനായി ഉത്തരക്കടലാസുകൾക്ക് ഫാൾസ് നമ്പറുകൾ നൽകുന്നു. ഫാൾസ് നമ്പറുകൾ നൽകുന്ന പ്രക്രിയ അതീവ രഹസ്യമായാണ് ചെയ്യേണ്ടത്. കൂടാതെ പരീക്ഷയുടെ ഒരു പ്രത്യേക സെഷനിൽ ഒരു വിഭാഗത്തിന്[44] നൽകുന്ന ഫാൾസ് നമ്പർ മറ്റേതെങ്കിലും വിഭാഗത്തിന് നൽകാൻ പാടില്ല. അതുപോലെ, ഒരു വിഭാഗത്തിലെ ഒരു പേപ്പറിന് നൽകുന്ന ഫാൾസ് നമ്പർ മറ്റൊരു വിഷയത്തിന്റെയും മറ്റേതെങ്കിലും പേപ്പറിനും നൽകരുത്.

  ഒരേ മാസം തന്നെ നടത്തിയ പരീക്ഷകളിൽ (വ്യത്യസ്ത വിഷയങ്ങളുടെ) ഉപയോഗിച്ച ഉത്തരക്കടലാസുകൾക്ക് ഒരേ ഫാൾസ് നമ്പറുകൾ നൽകിയിരുന്നതായി ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തി. 2016 ജനുവരി മുതൽ 2020 മേയ് വരെയുള്ള സി.ബി.സി.എസ്.എസ് കോഴ്സുകളിൽ, ഒരേ മാസം തന്നെ 1,00,399 ഫാൾസ് നമ്പറുകൾ ഇരട്ടിപ്പായി നൽകിയിട്ടുണ്ടായിരുന്നു, ഇതിൽ 2,669 ഫാൾസ് നമ്പറുകൾ ഒരേ കോഴ്സിനുള്ളതാണെന്ന് ഡാറ്റാ വിശകലനത്തിൽ ശ്രദ്ധയിൽപ്പെട്ടു.

  നിലവിലെ ടാബുലേഷൻ സമ്പ്രദായത്തിൽ, ഒരേ പ്രോഗ്രാമിലെ രണ്ട് വ്യത്യസ്ത പരീക്ഷകൾക്ക് ഒരേ ഫാൾസ് നമ്പറുകൾ സാധ്യമാണെന്നും വ്യത്യസ്ത പരീക്ഷകൾക്ക് വ്യത്യസ്ത സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുന്നതിനാൽ, വ്യത്യസ്ത പരീക്ഷകളിൽ ഫാൾസ് നമ്പറുകളുടെ ഇരട്ടിപ്പ് ഉണ്ടെന്നും അത് അനുവദനീയവുമാണ് എന്നും സർക്കാർ നൽകിയ മറുപടിയിൽ (2021 ഡിസംബർ 13) പറയുന്നു. നിർദ്ദിഷ്ട സ്റ്റുഡന്റ് ലൈഫ് സൈക്കിൾ മാനേജ്മെന്റ് സോഫ്റ്റ്‌വെയർ നിലവിൽ വരുന്നതോടെ ഈ പ്രശ്നങ്ങൾ ഇല്ലാതാകുമെന്ന് സർക്കാർ പ്രസ്താവിച്ചു.

[44] പരീക്ഷകൾ കൈകാര്യം ചെയ്യുന്ന ഒന്നിലധികം വിഭാഗങ്ങളുണ്ട്

### 4.4. കോളേജുകളിൽ/പരീക്ഷാകേന്ദ്രങ്ങളിൽ സൂക്ഷിക്കുന്ന എഴുതാത്ത ഉത്തര പുസ്തകങ്ങളുടെ കണക്കെടുപ്പ് സംവിധാനത്തിലെ ന്യൂനതകൾ

പരീക്ഷാ മാനുവലിലെ അഞ്ചാം അദ്ധ്യായത്തിൽ പരീക്ഷകൾ നടത്തുന്നതിന് സർവകലാശാല പാലിക്കേണ്ട നടപടിക്രമങ്ങൾ വിവരിക്കുന്നു. 2016–21 കാലയളവിൽ, ഉത്തരപുസ്തകങ്ങളുടെ ദുരുപയോഗം/ കൃത്രിമം നടത്തിയ 19 സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നതായി സർവകലാശാല ഓഡിറ്റിനെ അറിയിച്ചു. കോളേജുകളിൽ/ പരീക്ഷാകേന്ദ്രങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന എഴുതാത്ത ഉത്തരപുസ്തകങ്ങളുടെ കണക്കെടുപ്പ് ശക്തിപ്പെടുത്തുന്നതിനായി, കോളേജുകളിൽ/ പരീക്ഷാകേന്ദ്രങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന ഉത്തരപുസ്തകങ്ങളുടെ പരിശോധന ആരംഭിക്കുന്നതിനും പരിശോധനാ റിപ്പോർട്ട് സമർപ്പിക്കുന്നതിനും ഒരു സംഘത്തെ രൂപീകരിക്കാൻ സിൻഡിക്കേറ്റ് തീരുമാനിച്ചു (2019 ആഗസ്റ്റ് 01). അതുകൂടാതെ കാലഹരണപ്പെട്ടതും കേടായതുമായ ഉത്തരപുസ്തകങ്ങൾ തിരികെ വാങ്ങാനും ശേഷിക്കുന്ന ഉത്തരപുസ്തകങ്ങൾ ആ കോളേജിന്റെ/പരീക്ഷാ കേന്ദ്രത്തിന്റെ തുടർ അക്കൗണ്ടിംഗിനുള്ള പ്രാരംഭ നീക്കിയിരിപ്പ് ആക്കാനും തീരുമാനിച്ചു. കൂടാതെ, കോളേജുകൾ/പരീക്ഷാകേന്ദ്രങ്ങൾ എന്നിവയ്ക്ക് നൽകുന്ന ഉത്തരപുസ്തകങ്ങളുടെ ദൈനംദിന ഉപയോഗത്തിന്റെ മേൽനോട്ടം വഹിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി ഒരു പുതിയ വിഭാഗം (സി.ഇ–III) രൂപീകരിക്കുന്നതിന് അനുമതി നൽകി (2019 ആഗസ്റ്റ്). 2020 ജനുവരി 06 മുതൽ നവംബർ 12 വരെ ഉത്തര പുസ്തകങ്ങളുടെ പരിശോധന നടത്തിയെന്നും സർവകലാശാലയുടെ 297 പരീക്ഷാകേന്ദ്രങ്ങളിൽ ആറെണ്ണം മാത്രമേ പരിശോധിക്കുവാൻ കഴിഞ്ഞിരുന്നുള്ളൂ എന്നും ഓഡിറ്റ് നിരീക്ഷിച്ചു. പരിശോധന പൂർത്തിയാകാത്തതിനാൽ, കോളേജുകൾ/ പരീക്ഷാകേന്ദ്രങ്ങൾ പരീക്ഷാ കൺട്രോളർക്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് കൈമാറുന്ന തീയതിയിൽ ഓപ്പണിംഗ് സ്റ്റോക്ക് ആയി കയ്യിലുള്ള സ്റ്റോക്ക് രേഖപ്പെടുത്തി. ഇതിനകം കാണാതായ ഉത്തരപുസ്തകങ്ങൾ ദുരുപയോഗം ചെയ്യാനുള്ള സാധ്യത ഇപ്പോഴും നിലനിൽക്കുന്നു.

ഉത്തരപുസ്തകങ്ങളുടെ ദൈനംദിന ഉപയോഗം നിരീക്ഷിക്കാൻ സർവകലാശാല സി.ഇ–III വിഭാഗം രൂപീകരിച്ചു. കോളേജുകൾ/പരീക്ഷാ കേന്ദ്രങ്ങൾ അവരുടെ ഉത്തര പുസ്തകങ്ങളുടെ വിനിയോഗ വിവരങ്ങൾ ഇ–മെയിൽ വഴി അയക്കുന്നു. ഉത്തര പുസ്തകങ്ങളുടെ പ്രതിദിന ഉപയോഗം അറിയിക്കുന്നുണ്ടെങ്കിലും നൽകിയ ഉത്തര പുസ്തകങ്ങളുടെ (പ്രധാന പുസ്തകത്തിന്റെയും അധിക പുസ്തകത്തിന്റെയും) ക്രമ നമ്പറുകൾ, പരീക്ഷയ്ക്ക് ഹാജരായ വിദ്യാർത്ഥികളുടെ എണ്ണം തുടങ്ങിയ വിശദാംശങ്ങൾ ശേഖരിക്കുന്നില്ല. ഈ വിശദാംശങ്ങളുടെ അഭാവത്തിൽ, എഴുതാത്ത ഉത്തര പുസ്തകങ്ങളുടെ നിരീക്ഷണം ഫലപ്രദമാകണമെന്നില്ല.

മൂന്ന് മാസത്തിനുള്ളിൽ പരിശോധന പൂർത്തിയാക്കാൻ 2021 ജൂലായ് 23–ലെ സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചിരുന്നുവെങ്കിലും കോവിഡ് കാരണം വൈകിയതായും 'സ്റ്റുഡന്റ് ലൈഫ് സൈക്കിൾ മാനേജ്മെന്റ് സിസ്റ്റം

സോഫ്റ്റ്‌വെയർ' അവതരിപ്പിച്ചതിന് ശേഷം വിശദാംശങ്ങൾ നിരീക്ഷിക്കുമെന്നും സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13).

പൂർണ്ണമായി അക്കൗണ്ട് ചെയ്യാത്ത ഉത്തര പുസ്തകങ്ങളുടെ ദുരുപയോഗത്തിനെതിരെ പഴുതടച്ചുള്ള സുരക്ഷാ സംവിധാനങ്ങളൊന്നും ഇപ്പോഴും നിലവിലില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. 297 പരീക്ഷാ കേന്ദ്രങ്ങളിൽ 48 എണ്ണത്തിന്റെ (16.16 ശതമാനം) പരിശോധന മാത്രമാണ് ഇതുവരെ (2022 മാർച്ച് 30) പൂർത്തിയായതെന്നും ഓഡിറ്റ് നിരീക്ഷിച്ചു.

## 4.5. ഉത്തരക്കടലാസുകൾ കാണാതായത്

മൂല്യനിർണ്ണയ പ്രക്രിയയുടെ പല ഘട്ടങ്ങളിലും വിദ്യാർത്ഥികളുടെ ഉത്തരക്കടലാസുകൾ കാണാതായ സന്ദർഭങ്ങൾ ഉണ്ടായിരുന്നെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. എന്നാൽ, ചുവടെ വിശദീകരിച്ചിരിക്കുന്നതുപോലെ മിക്ക കേസുകളിലും സർവകലാശാല ഗൗരവമുള്ള നടപടികളൊന്നും സ്വീകരിച്ചില്ല.

### 4.5.1. സർവകലാശാലയിൽ നിന്ന് നഷ്ടപ്പെട്ട ഉത്തരക്കടലാസുകൾ

പരീക്ഷാ മാനുവലിലെ എട്ടാം അദ്ധ്യായം അനുസരിച്ച്, "ഒരു ഉത്തര പുസ്തകം നഷ്ടപ്പെട്ടാൽ, അതത് ക്യാമ്പിൽ ജോലി ചെയ്യുന്ന എല്ലാ ജീവനക്കാരും ഒന്നിച്ചോ ഒറ്റയ്ക്കൊറ്റയ്ക്കോ വീഴ്ചയ്ക്ക് ഉത്തരവാദികളായിരിക്കും. ശിക്ഷയിൽ സെൻഷർ അല്ലെങ്കിൽ സസ്പെൻഷൻ ചുമത്തുന്നതും ഉൾപ്പെട്ടേക്കാം". അതത് ക്യാമ്പിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്ന് ഓരോ പേപ്പറിനും ₹5,000 വീതം പിഴ ഈടാക്കണം. കൂടാതെ, ഒരു പരിശോധകൻ സർവകലാശാലയ്ക്ക് ഉത്തരപുസ്തകം തിരികെ നൽകുന്നതിൽ പരാജയപ്പെട്ടാൽ, യൂണിവേഴ്സിറ്റി എക്സാമിനറുടെ ചുമതലകൾ ഏറ്റെടുക്കുന്നതിൽ നിന്ന് ശാശ്വതമായി ഡീബാർ ചെയ്യപ്പെടും. കൂടാതെ കാണാതായ / കേടായ ഓരോ പേപ്പറിനും ₹5,000 പിഴ ചുമത്തുകയും ചെയ്യും. ശിക്ഷയിൽ അധ്യാപകരുടെ നിയമനം/പ്രമോഷൻ തടഞ്ഞുവയ്ക്കുന്നതും ഉൾപ്പെട്ടേക്കാം. ഉത്തരക്കടലാസ് വീണ്ടെടുക്കാൻ പറ്റാത്തതാണെന്ന് കണ്ടെത്തുകയാണെങ്കിൽ, പരീക്ഷാ ഫീസ് ഈടാക്കാതെ തന്നെ അതേ സ്കീമിനും സിലബസിനും അനുസൃതമായി വീണ്ടും പരീക്ഷ എഴുതാൻ വിദ്യാർത്ഥിക്ക് മറ്റൊരു അവസരം നൽകാം.

2013-14 മുതൽ 2020-21 വരെയുള്ള കാലയളവിൽ, 98 വിദ്യാർത്ഥികളുടെ (19 പരീക്ഷകൾ) ഉത്തരക്കടലാസുകൾ സർവകലാശാലയിൽ നിന്ന് കാണാതായതായി റിപ്പോർട്ട് ചെയ്യപ്പെട്ടു. **അനുബന്ധം 4.4, അനുബന്ധം 4.5** എന്നിവയിൽ വിശദമാക്കിയിരിക്കുന്നതുപോലെ സർവകലാശാല, കോളേജ്, എക്സാമിനർ എന്നിവരിൽ നിന്നും ഉത്തരക്കടലാസുകൾ നഷ്ടപ്പെട്ടിട്ടുണ്ട്. ഒരു സന്ദർഭത്തിൽ തെറ്റ് ചെയ്ത ഉദ്യോഗസ്ഥനിൽ നിന്നും പുനഃപരീക്ഷ നടത്തുന്നതിനുള്ള തുകയായ ₹10,000 ഈടാക്കാൻ തീരുമാനിച്ചതൊഴികെ മറ്റൊന്നിലും തെറ്റ് ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുത്തിട്ടില്ലായിരുന്നുവെന്ന് പരിശോധനയിൽ കണ്ടെത്തി. തെറ്റ് ചെയ്ത ഉദ്യോഗസ്ഥർക്കെതിരെയുള്ള നടപടികൾ, താക്കീത് നൽകൽ/

പരീക്ഷാ ഡ്യൂട്ടിയിൽ നിന്ന് ഡീബാർ ചെയ്യൽ എന്നിവയിൽ പരിമിതപ്പെടുത്തി.

കോളേജുകൾ ഉത്തരക്കടലാസുകൾ പായ്ക്ക് ചെയ്യുമ്പോൾ പരീക്ഷാ മാനുവലിലെ നിർദ്ദേശങ്ങൾ പാലിക്കാത്തതാണ് ഉത്തരക്കടലാസുകൾ നഷ്ടപ്പെടാനുള്ള പ്രധാന കാരണം എന്ന് സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13). അശ്രദ്ധമായി കൈകാര്യം ചെയ്യുന്ന മൂല്യനിർണ്ണേതാക്കൾക്കെതിരെ സിൻഡിക്കേറ്റ് തീരുമാനിക്കുന്ന നടപടികൾ സ്വീകരിക്കുമെന്നും സർക്കാർ വ്യക്തമാക്കി.

കേരള സർവകലാശാലയുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള പ്രവർത്തനക്ഷമതാ ഓഡിറ്റ് ഉൾപ്പെട്ട 2010 മാർച്ച് 31-ന് അവസാനിച്ച വർഷത്തേയ്ക്കുള്ള ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ (സിവിൽ) റിപ്പോർട്ട് ചർച്ച ചെയ്തപ്പോൾ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി 2011-14-ലെ 43-ാമത് റിപ്പോർട്ടിൽ സർവകലാശാലയിലെ ഉത്തര പുസ്തകങ്ങൾ നഷ്ടപ്പെട്ടതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടികളുടെ വിശദാംശങ്ങൾ നൽകാൻ ഉന്നത വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ഉത്തരക്കടലാസ് നഷ്ടമാവുന്ന നിരവധി കേസുകൾ ഇപ്പോഴും റിപ്പോർട്ട് ചെയ്യപ്പെടുന്നതും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ ഒരു നടപടിയും സ്വീകരിക്കാത്തതും സർവകലാശാലയുടെ ഭാഗത്തുനിന്നുള്ള ഗൗരവമില്ലായ്മ ചൂണ്ടിക്കാണിക്കുന്നു.

## 4.6. ടാബുലേഷൻ സോഫ്റ്റ്‌വെയറിൽ പര്യാപ്തമായ നിയന്ത്രണങ്ങൾ ഇല്ലാത്തത്

കാലങ്ങളായി സർവകലാശാലയിൽ തന്നെ വികസിപ്പിച്ച (2001 മുതൽ) ടാബുലേഷൻ സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് സർവകലാശാലയിലെ ടാബുലേഷൻ സെക്ഷനുകൾ പരീക്ഷാ മാർക്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നത്. പരീക്ഷാ കൺട്രോളറുടെ ഐ.ടി സെൽ സൂക്ഷിക്കുന്ന, 2016-21 കാലയളവിലെ റഗുലർ കോഴ്സുകളുടെ 18 ടാബുലേഷൻ ഡാറ്റാബേസുകളിൽ 11 എണ്ണം ഓഡിറ്റ് വിശകലനം ചെയ്തു.

സർവകലാശാല നൽകിയ ബാക്കപ്പ് ഡാറ്റയുടെ വിശകലനത്തിൽ നിന്നും താഴെപറയുന്ന പോരായ്മകൾ ഓഡിറ്റ് നിരീക്ഷിച്ചു -

- പരിശോധിച്ച ഒരു ടാബുലേഷൻ സോഫ്റ്റ്‌വെയറിലും വർക്ക്ഫ്ലോ അംഗീകാരരീതി (താഴത്തെ അധികാരിയിൽ നിന്നും ഉയർന്ന അധികാരിയിലേക്ക് ഫയൽ കൈമാറ്റം ചെയ്യുന്നതിനു തത്തുല്യമായ ഡിജിറ്റൽ രീതി) ഉൾപ്പെടുത്തിയിട്ടില്ല. യൂസർ നെയിമും പാസ്‌വേഡും അടിസ്ഥാനമാക്കിയ നിയന്ത്രണം മാത്രമാണ് ഉൾപ്പെടുത്തിയിരുന്നത്.

  വലിയ അളവിലുള്ള ഡാറ്റ, സോഫ്റ്റ്‌വെയർ സംവിധാനത്തിന്റെ സങ്കീർണ്ണത, ജീവനക്കാരുടെ കുറവ്, 2001 ൽ വികസിപ്പിച്ചെടുത്ത സോഫ്റ്റ്‌വെയറിനെ അടിസ്ഥാനമാക്കി നിർമ്മിച്ച സോഫ്റ്റ്‌വെയർ

എന്നിവയാണ് വർക്ക് ഫ്ലോ അംഗീകാര രീതി സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്താൻ കഴിയാത്തതിന് കാരണമായി സർക്കാർ മറുപടിയിൽ പറഞ്ഞത് (2021 ഡിസംബർ 13). സ്റ്റുഡന്റ് ലൈഫ് സൈക്കിൾ മാനേജ്മെന്റ് സംവിധാനമെന്ന നിർദ്ദിഷ്ട സോഫ്റ്റ്‌വെയർ സംവിധാനം വർക്ക്ഫ്ലോ അംഗീകാര രീതിയിലധിഷ്ഠിതമായിരിക്കുമെന്നും സർക്കാർ പ്രസ്താവിച്ചു.

- ഒരു വിദ്യാർത്ഥിയ്ക്ക് അവസാന സെമസ്റ്റർ മൂല്യനിർണ്ണയത്തിൽ ലഭിക്കുന്ന മാർക്ക് ([ടി_മാർക്ക്] ടേബിളിൽ ഉള്ള), ഗ്രേസ് മാർക്ക്/ മോഡറേഷൻ അല്ലെങ്കിൽ പുനർമൂല്യനിർണ്ണയം/ സൂക്ഷ്മപരിശോധന എന്നിവയുടെ അടിസ്ഥാനത്തിൽ പരിഷ്കരിക്കാവുന്നതും നേരത്തെയുണ്ടായിരുന്ന മാർക്ക് റെക്കോർഡ് ലോഗിലേയ്ക്ക് മാറ്റാവുന്നതുമാണ്. കാരണങ്ങളൊന്നും രേഖപ്പെടുത്താത്തതിനാൽ ([ടി_മാർക്ക്] ടേബിളിലും ലോഗിലും) മാർക്കിലുണ്ടായ മാറ്റത്തിന്റെ കാരണം കണ്ടെത്താൻ കഴിയില്ല. ഇത് സംവിധാനം ദുരുപയോഗം ചെയ്യാൻ സാധ്യതയുള്ളതാക്കുന്നു. ടേബിൾ ലെവൽ ലോക്കുകൾ (പരീക്ഷ രജിസ്ട്രേഷനിലും മാർക്കിന്റെ വിശദാംശങ്ങളിലും അനധികൃതമായി കടന്നുകയറുന്നത് തടയുന്നതിന് വേണ്ടി) ബാക്ക്എൻഡിൽ കൂടി മറികടക്കുന്നതിലൂടെ വിദ്യാർത്ഥികളുടെ പരീക്ഷാ രജിസ്ട്രേഷനിലും മാർക്ക് വിവരങ്ങളിലും തിരുത്തലുകൾ വരുത്താമെങ്കിലും ഇത്തരം മാറ്റങ്ങളുടെ ലോഗ് വിവരങ്ങൾ സൂക്ഷിക്കുന്നില്ല. ഇത്തരം ലോഗ് വിവരങ്ങൾ മാർക്ക് തിരുത്തൽ കണ്ടെത്തുന്നതിനും തടയുന്നതിനും അത്യന്താപേക്ഷിതമാണ്.

  ബാക്ക്എൻഡിലൂടെ ഒരിക്കലും മാർക്ക് രേഖപ്പെടുത്തൽ ലോക്ക് തുറന്നിട്ടില്ലെന്ന് സർക്കാർ പ്രസ്താവിച്ചു (2021 ഡിസംബർ 13). ഫയലുകളുടെ രൂപത്തിൽ ലഭിച്ച പരീക്ഷാകൺട്രോളറുടെ പ്രത്യേക ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് ഫ്രണ്ട് എൻഡ് ഇന്റർഫേസുകൾ ഇതിനായി ഉപയോഗിച്ചത്. മാർക്കിലുള്ള എല്ലാ മാറ്റങ്ങളും ഏതു സമയത്തും വീണ്ടെടുക്കാവുന്നതാണ്. ഡെപ്യൂട്ടി രജിസ്ട്രാർ തലത്തിലെ ഉപയോക്താക്കൾക്കായുള്ള മാർക്ക് അൺലോക്കിങ്ങ് ഇന്റർഫേസിൽ ലോഗിങ്ങ് അടുത്തിടെയായി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ടെന്നും മാർക്കിലെ ഇത്തരം മാറ്റങ്ങളുമായി ബന്ധപ്പെട്ട അഭിപ്രായങ്ങൾ രേഖപ്പെടുത്താൻ സർവകലാശാല പദ്ധതിയിടുന്നുണ്ടെന്നും സർക്കാർ വ്യക്തമാക്കി. ഗ്രേസ് മാർക്ക് ചേർക്കാനുള്ള ഓൺലൈൻ സംവിധാനം നിലവിലില്ലെന്നും സർക്കാർ വ്യക്തമാക്കി. വിദ്യാർത്ഥികളിൽ നിന്നും നേരിട്ട് ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് പരീക്ഷാ കൺട്രോളറിൽ നിന്നും നിശ്ചിത ഉത്തരവുകൾ നേടിയശേഷം ബന്ധപ്പെട്ട സെക്ഷനുകൾ നിശ്ചിത ഇന്റർഫേസുകളിലൂടെ സോഫ്റ്റ്‌വെയർ സംവിധാനത്തിൽ ഗ്രേസ് മാർക്ക് രേഖപ്പെടുത്തും.

സോഫ്റ്റ്‌വെയർ സ്ഥാപിച്ചതിനു ശേഷം വേണ്ട സാങ്കേതിക സഹായങ്ങൾ നൽകുന്ന പ്രോഗ്രാമർമാർക്ക് ഡാറ്റാബേസിൽ പൂർണ്ണമായ ആക്സസ് ഉണ്ടായിരിക്കുന്നതിനാലും ഏറ്റവും ഉയർന്ന പ്രിവിലേജുകൾ ഉണ്ടായിരിക്കുന്നതിനാലും മാർക്ക് ലോക്കും ലോക്ക് റിലീസും ഫ്രണ്ട് എൻഡ് ഇന്റർഫേസിൽ മാത്രം പരിമിതമല്ലാത്തതിനാലും മറുപടി ന്യായീകരിക്കാനാവില്ല. മാർക്കിലുണ്ടാവുന്ന വ്യത്യാസങ്ങൾ ലോഗുചെയ്ത് സൂക്ഷിച്ചെങ്കിലും മാറ്റങ്ങൾക്കിടയാക്കിയ കാരണങ്ങൾ രേഖപ്പെടുത്തിയില്ല. കൂടാതെ ഗ്രേസ് മാർക്ക് ചേർക്കുന്നതിന് അംഗീകാരം നൽകുന്നതിനാവശ്യമായ മാറ്റങ്ങൾ ഇതേ വരെ സോഫ്റ്റ്‌വെയർ കോഡിൽ വരുത്തിയിട്ടില്ല.

മുകളിൽ വ്യക്തമാക്കിയിട്ടുള്ളതുപോലെ സർവകലാശാല ഉപയോഗിക്കുന്ന വിവിധ സോഫ്റ്റ്‌വെയറുകൾക്ക് നിരവധി പോരായ്മകൾ ഉണ്ടായിരുന്നു. വിദ്യാർത്ഥികളുടെ മാർക്കിലെ അനധികൃത മാറ്റങ്ങൾക്കിടയാക്കിയ സോഫ്റ്റ്‌വെയറിലെ പോരായ്മകളുടെ ഗുരുതരാവസ്ഥ ചുവടെ വിവരിച്ചിരിക്കുന്ന ഒരു സംഭവത്തിൽ നിന്ന് മനസ്സിലാക്കാം (ചുവടെയുള്ള വസ്തുതകൾ പ്രാഥമിക അന്വേഷണസമിതി റിപ്പോർട്ടിന്റേയും വിദഗ്ദ്ധസമിതി റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിലാണ്).

2018 ജനുവരിയിലും നവംബറിലും ബി.ബി.എ ബിരുദ കോഴ്‌സിലെ ഫിനാൻഷ്യൽ അക്കൗണ്ടിംഗ് എന്ന വിഷയത്തിന്റെ പരീക്ഷ എഴുതി പരാജയപ്പെട്ട ഒരു വിദ്യാർത്ഥിയുടെ 2019 നവംബറിലെ സപ്ലിമെന്ററി പരീക്ഷയ്ക്ക് തനിയ്ക്ക് രജിസ്റ്റർ ചെയ്യാൻ കഴിഞ്ഞില്ലെന്ന പരാതി പരിശോധിച്ച (2019 ഒക്ടോബർ), ഐ.ടി സെൽ ഇ.എസ് – I സെക്ഷനെ അറിയിച്ചത് പ്രസ്തുത വിദ്യാർത്ഥി 2016 ഡിസംബറിൽ തന്നെ വിജയിച്ചിരുന്നുവെന്നാണ്. 2016 ഡിസംബറിൽ വിജയിച്ച ഒരു വിദ്യാർത്ഥിയ്ക്ക് 2018 ജനുവരിയിലും നവംബറിലും എങ്ങനെ പരീക്ഷയിൽ പങ്കെടുക്കാൻ കഴിഞ്ഞു എന്ന് പരിശോധിക്കാതെ, ഇ.എസ് – I സെക്ഷൻ, വിദ്യാർത്ഥിയുടെ പ്രൊഫൈലിൽ മാർക്ക് ലിസ്റ്റ് അപ് ലോഡ് ചെയ്തു.

തുടർന്ന്, മറ്റു കുറച്ചു വിദ്യാർത്ഥികൾ സമാന പ്രശ്നങ്ങളുമായി ഇ.എസ് – I സെക്ഷനെ സമീപിച്ചപ്പോൾ, സെക്ഷൻ ടാബുലേഷൻ ഷീറ്റുകൾ പരിശോധിച്ചു. പരിശോധനയിൽ, 'പാസ്' ബോർഡ് നിശ്ചയിച്ച 2016 ഡിസംബറിലെ കോർ പേപ്പറുകളുടെ മോഡറേഷനിൽ മാറ്റം വരുത്തിയിരുന്നതായി ശ്രദ്ധയിൽപ്പെട്ടു (ബി.ബി.എ കോഴ്‌സിന്റെ കാര്യത്തിൽ ആറിൽ നിന്നും 10 ആയും, ബി.സി.എ കോഴ്‌സിന്റെ കാര്യത്തിൽ രണ്ടിൽ നിന്നും എട്ടായും ബി.എസ്.സി ഇലക്ട്രോണിക്സിന്റെ കാര്യത്തിൽ നാലിൽ നിന്നും ആറ് ആയും).

വൈസ് ചാൻസലർ ത്രിതല അന്വേഷണത്തിന് ഉത്തരവിട്ടു (2019 നവംബർ 13). കരിയർ അധിഷ്ഠിത പ്രോഗ്രാമുകളുടെ 16 പേപ്പറുകളുടെ മോഡറേഷനിൽ അനാവശ്യ വർദ്ധനവ് വരുത്തിയതായി നിരീക്ഷിച്ചു. വിദഗ്ദ്ധസമിതിയുടെ ശിപാർശയുടെ (2019 നവംബർ 21) അടിസ്ഥാനത്തിൽ 23 വിദ്യാർത്ഥികൾക്ക് നൽകിയ ബിരുദം റദ്ദാക്കാൻ സിൻഡിക്കേറ്റ് തീരുമാനിച്ച

(2020 ഏപ്രിൽ). ഇതിനായി ചേർന്ന സെനറ്റിന്റെ പ്രത്യേകയോഗം (2021 ആഗസ്റ്റ് 26) സർവകലാശാലാ സ്റ്റാറ്റ്യൂട്ട്സിന്റെ ഭേദഗതി അംഗീകരിക്കുകയും ബഹുമാനപ്പെട്ട ചാൻസലറുടെ അംഗീകാരത്തിന് സമർപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു. മോഡറേഷൻ മാർക്ക് പുതുക്കുന്നതുമായി ബന്ധപ്പെട്ട സോഴ്സ് കോഡിലെ ഗുരുതമായ പിഴവ് വിദഗ്ധസമിതി ചൂണ്ടിക്കാട്ടി. മേൽപ്പറഞ്ഞ പിഴവ് കാരണം, പ്രസ്തുത കമ്പ്യൂട്ടർ പ്രോഗ്രാം പ്രവർത്തിപ്പിച്ചപ്പോൾ കോഴ്സിന്റെ എല്ലാ വർഷങ്ങളിലേയും എല്ലാ സെമസ്റ്ററുകളിലേയും (ഒരേ വിഷയകോഡുള്ള) മോഡറേഷന് മാറ്റം വന്നു.

വിദഗ്ധ സമിതി റിപ്പോർട്ട് (2019 നവംബർ) പ്രകാരം, ഡാറ്റയ്ക്ക് കേന്ദ്രീകൃത ഭരണ നിയന്ത്രണം ഇല്ലായിരുന്നു. യൂസർ നെയിമും പാസ് വേഡും ഉപയോഗിച്ചുള്ള സുരക്ഷ മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നു മാത്രമല്ല സർവകലാശാല സുരക്ഷാ പ്രോട്ടോക്കോളുകൾ ഒന്നും തയ്യാറാക്കിയിട്ടില്ലാത്തതിനാൽ യൂസർ ഐ.ഡി ഏതെങ്കിലും പ്രോട്ടോക്കോൾ അനുസരിച്ചുള്ളതായിരുന്നില്ല. പാസ് വേഡ് ലോഗ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലായിരുന്നു. കൂടാതെ 2019 നവംബർ 16-ന് ഇ.എസ് സെക്ഷനുകളിലെ 39 ജീവനക്കാർക്കായി 68 പാസ് വേഡുകൾ ഉപയോഗത്തിലുണ്ടായിരുന്നു. വിദഗ്ധസമിതി നൽകിയ (2019 നവംബർ) 11 ശിപാർശകളിൽ ഏഴെണ്ണം നാളിതുവരെയും നടപ്പാക്കിയിട്ടില്ലെന്ന ഓഡിറ്റ് നിരീക്ഷണം (2021 സെപ്റ്റംബർ) **അനുബന്ധം 4.6**-ൽ വിശദമാക്കിയിരിക്കുന്നു.

മോഡറേഷന്റെ പേരിൽ മാർക്കിൽ വ്യതിയാനം വരുത്തുന്ന അവസരത്തിൽ പ്രസ്തുത പരീക്ഷാ കൂടെ കണക്കിലെടുക്കുന്നതിൽ സോഫ്റ്റ്‌വെയർ സംവിധാനം പരാജയപ്പെട്ടതായി സർക്കാർ പ്രസ്താവിച്ചു (2021 ഡിസംബർ 13). മോഡറേഷനിൽ മാറ്റം വരുത്തുന്നതിനുള്ള മൊഡ്യൂളിൽ മാത്രമാണ് പിഴവ് സംഭവിച്ചത്, അത് വിദഗ്ധസമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുത്തുകയും ചെയ്തു.

വിദഗ്ധസമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, സോഫ്റ്റ്‌വെയറിലെ പിഴവ് തിരുത്തിയെന്ന് സർക്കാർ പ്രസ്താവിച്ചെങ്കിലും, പിഴവ് സംഭവിച്ച സോഫ്റ്റ്‌വെയറിന്റെ സുരക്ഷാ ഓഡിറ്റ് ഉൾപ്പെടെയുള്ള വിദഗ്ധ സമിതിയുടെ 11 ശിപാർശകളിൽ ഏഴ് എണ്ണം നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് മറുപടിയിൽ മൗനം പാലിക്കുന്നു.

## 4.7. പുനർമൂല്യനിർണയത്തിലെ കാലതാമസം

പരീക്ഷാ മാനുവൽ അനുസരിച്ച്, പുനർമൂല്യനിർണ്ണയത്തിനുള്ള അപേക്ഷകൾ സ്വീകരിച്ച അവസാന തീയതി മുതൽ 60 ദിവസത്തിനകം പുനർമൂല്യനിർണ്ണയ പ്രക്രിയകൾ പൂർത്തിയാക്കണം. സി.ബി.സി.എസ്.എസ് കോഴ്സുകളെ സംബന്ധിച്ച് 49,914 രേഖകൾ പരിശോധിച്ചതിൽ, 2016–21 കാലയളവിലെ 44,613 കേസുകളിൽ (89 ശതമാനം) പുനർമൂല്യനിർണ്ണയം പൂർത്തിയാക്കാൻ 60 ദിവസത്തിലധികം സമയമെടുത്തതായി ഓഡിറ്റ് കണ്ടെത്തി. പുനർമൂല്യനിർണ്ണയഫലം പ്രസിദ്ധീകരിക്കാനായി 22,780

കേസുകളിൽ 61 മുതൽ 120 ദിവസം വരെയും 14,072 കേസുകളിൽ 121 മുതൽ 240 ദിവസം വരെയും 7,761 കേസുകളിൽ 241 മുതൽ 597 ദിവസം വരെയും സമയമെടുത്തു.

ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയത്തിനുള്ള അസാധാരണമായ കാലതാമസവും അതിലൂടെ വിദ്യാർത്ഥികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും ഒഴിവാക്കുന്നതിന് സർവകലാശാലയുടെ പരീക്ഷാ മാനുവലിൽ വിഭാവനം ചെയ്തിരിക്കുന്നതുപോലെ ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയം സമയബന്ധിതമായി പൂർത്തിയാക്കണമെന്ന്, 2010 മാർച്ച് 31-ന് അവസാനിച്ച വർഷത്തേയ്ക്കുള്ള ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ (സിവിൽ) റിപ്പോർട്ടിൽ ഉൾപ്പെട്ട 'കേരള സർവകലാശാലയുടെ പ്രവർത്തനം' എന്നതിന്റെ പ്രവർത്തനക്ഷമതാ ഓഡിറ്റ് ചർച്ച ചെയ്തപ്പോൾ പി.എ.സി ശക്തമായി അഭിപ്രായപ്പെട്ടിരുന്നു.

പുനർമൂല്യനിർണ്ണയത്തിലെ കാലതാമസം നിമിത്തം അന്തിമ ഫലപ്രഖ്യാപനം വൈകുന്നത് വിദ്യാർത്ഥികളുടെ ഭാവി വിദ്യാഭ്യാസ/തൊഴിൽ സാധ്യതകളെ ബാധിക്കും. ഇത്തരത്തിലുള്ള കാലതാമസം, സർവകലാശാല നൽകുന്ന വിദ്യാഭ്യാസ സേവനങ്ങളുടെ ഗുണനിലവാരത്തേയും മോശമായി ബാധിക്കുന്നു.

വിവിധ സ്ഥലങ്ങളിൽ നിന്ന് ഉത്തരക്കടലാസുകൾ ശേഖരിക്കുന്നതിനും ആദ്യമൂല്യനിർണ്ണയം നടത്തിയ മൂല്യനിർണ്ണേതാവിൽ നിന്നും വ്യത്യസ്തനായ പുതിയ ഒരു മൂല്യനിർണ്ണേതാവിന് ഉത്തരക്കടലാസ് നൽകിയെന്ന് ഉറപ്പാക്കുന്നതിനും വേണ്ട സമയം, കോവിഡ് മഹാമാരി എന്നിവ കാരണമാണ് പുനർമൂല്യനിർണ്ണയത്തിൽ ഓഡിറ്റ് ചൂണ്ടിക്കാണിച്ച കാലതാമസമുണ്ടായതെന്ന് സർക്കാർ മറുപടിയിൽ പ്രസ്താവിച്ചു (2021 ഡിസംബർ). കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകളും ക്യൂ.ആർ കോഡു ചെയ്ത ഉത്തരപുസ്തകങ്ങളും സ്റ്റുഡന്റ് ലൈഫ് സൈക്കിൾ മാനേജ്മെന്റ് സംവിധാനത്തിലെ പ്രത്യേക മൊഡ്യൂളും പുനർമൂല്യനിർണ്ണയ പ്രക്രിയ വേഗത്തിലാക്കുമെന്ന് സർക്കാർ പ്രസ്താവിച്ചു.

## 4.8. സർട്ടിഫിക്കറ്റുകളുടെ വിതരണം

### 4.8.1. സർട്ടിഫിക്കറ്റുകൾ നൽകുന്നതിലെ കാലതാമസം

അസ്സൽ ഡിഗ്രി സർട്ടിഫിക്കറ്റുകൾ കൃത്യസമയത്ത് നൽകുന്നതുമായി ബന്ധപ്പെട്ട യു.ജി.സി നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട്, അപേക്ഷ സ്വീകരിച്ച തീയതി മുതൽ 15 ദിവസത്തിനകം ഡിഗ്രി സർട്ടിഫിക്കറ്റുകൾ അയച്ചുകൊടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്താനും കാലതാമസത്തിന് ഉത്തരവാദികളായവർക്കെതിരെ നടപടിയെടുക്കാനും വൈസ് ചാൻസലർ ഉത്തരവിടുകയും (2016 ജൂലൈ) അതനുസരിച്ച് ഒരു സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തിരുന്നു (2016 ജൂലൈ 30).

ഓഡിറ്റിന് നൽകിയ വിശദാംശങ്ങൾ അനുസരിച്ച് 2016-17 മുതൽ 2019-20 വരെയുള്ള കാലയളവിലേക്ക് ബി.എ (വാർഷികം), എം.ബി.എ, ബി.ആർക്,

എം.സി.എ, എം.ടെക്, പുനഃക്രമീകരിച്ച ബി.ടെക് പാർട്ട് ടൈം എന്നീ കോഴ്സുകൾക്കായി ലഭിച്ച 16,796 അപേക്ഷകളിൽ 707 സർട്ടിഫിക്കറ്റുകൾ മാത്രമാണ് (നാല് ശതമാനം) നിശ്ചിത 15 ദിവസത്തിനുള്ളിൽ നൽകിയിട്ടുള്ളത്. 3,537 സർട്ടിഫിക്കറ്റുകൾ (21 ശതമാനം) ഒരു മാസത്തിനുള്ളിലും 12,238 സർട്ടിഫിക്കറ്റുകൾ (73 ശതമാനം) ആറ് മാസത്തിനുള്ളിലും 209 സർട്ടിഫിക്കറ്റുകൾ ഒരു വർഷത്തിനുള്ളിലും വിതരണം ചെയ്തു. 105 കേസുകളിൽ കാലതാമസം ഒരു വർഷം കവിഞ്ഞു.

വിദ്യാർത്ഥികൾക്ക് സർവകലാശാലയിൽ നിന്നും സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള സമയം ചുരുക്കുന്നതിനായി സേവനാവകാശ നിയമത്തിന്റെ കരട് സിൻഡിക്കേറ്റ് അംഗീകരിച്ചതായി സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13). സർട്ടിഫിക്കറ്റുകൾ യഥാസമയം വിതരണം ചെയ്യുന്നതിനുള്ള ഉത്തരവുകൾ സർവകലാശാല പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും, നാളിതുവരെ (2021 ഡിസംബർ) അത് നടപ്പാക്കിയിട്ടില്ലെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

### 4.8.2. ഡിഗ്രി സർട്ടിഫിക്കറ്റ് നൽകുന്നതിന് ഫാസ്റ്റ് ട്രാക്ക് സംവിധാനം നടപ്പാക്കാത്തത്

ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 4.8.1–ൽ സർവകലാശാലയുടെ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിലെ കാലതാമസം പരാമർശിച്ചിട്ടുണ്ട്. അപേക്ഷ സ്വീകരിച്ച് ഏഴ് പ്രവൃത്തി ദിനങ്ങൾക്കുള്ളിൽ ₹1,000 അധിക ഫീസ് ഈടാക്കി യോഗ്യരായ വിദ്യാർത്ഥികൾക്ക് ബിരുദ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള ഫാസ്റ്റ് ട്രാക്ക് സംവിധാനം ഏർപ്പെടുത്താൻ 2016 ഒക്ടോബർ 21–ന് ചേർന്ന സിൻഡിക്കേറ്റ് തീരുമാനിച്ചെങ്കിലും തീരുമാനം സെനറ്റിന്റെ പരിഗണനയ്ക്ക് (2021 മാർച്ച്) വച്ചിട്ടില്ലാത്തതിനാൽ ഇതുവരെ നടപ്പാക്കിയിട്ടില്ല.

ഫാസ്റ്റ് ട്രാക്ക് സംവിധാനം ഏർപ്പെടുത്തുന്നത് വിദ്യാർത്ഥികൾക്കിടയിൽ വിവേചനം സൃഷ്ടിച്ചേക്കാമെന്നും അത് സർവകലാശാല പിന്തുടരുന്ന ധാർമ്മിക തത്വങ്ങൾക്ക് കോട്ടം വരുത്തുമെന്നും സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13).

കേരളത്തിലെ മഹാത്മാഗാന്ധി സർവകലാശാല പോലെയുള്ള സർവകലാശാലകളിൽ ഒരു ഫാസ്റ്റ് ട്രാക്ക് സംവിധാനം ഇതിനകം നിലവിലുണ്ടെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. കേരള സർവകലാശാലയിൽ നിന്ന് ബിരുദം നേടുന്ന, അസ്സൽ ഡിഗ്രി സർട്ടിഫിക്കറ്റുകൾ മുൻഗണനാടിസ്ഥാനത്തിൽ ലഭിക്കുന്നതിനുള്ള സൗകര്യം പ്രയോജനപ്പെടുത്തേണ്ട വിദ്യാർത്ഥികൾക്ക് ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിന്റെ അഭാവം ദോഷകരമായി ഭവിച്ചേക്കാം. പ്രത്യേകിച്ചും, ഉന്നതപഠനത്തിന്/ ജോലി ലഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾക്ക് ഇത്തരം സൗകര്യം ഉപയോഗപ്രദമാകും.

## 4.9. ഉപസംഹാരം

പരീക്ഷാ മാനുവലിൽ വിഭാവനം ചെയ്തിരിക്കുന്നതുപോലെ ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയം സമയബന്ധിതമായി പൂർത്തീകരിക്കണമെന്ന് പി.എ.സി നിർദ്ദേശിച്ചിരുന്നെങ്കിലും പരീക്ഷാ നടത്തിപ്പിലും പരീക്ഷാപേപ്പറുകളുടെ പുനർമൂല്യനിർണ്ണയത്തിലും ഫലപ്രഖ്യാപനത്തിലും സർവകലാശാലയ്ക്ക് കാലതാമസം നേരിട്ടു. ചോദ്യപേപ്പർ നിർദ്ദിഷ്ട സിലബസിന് അനുസൃതമാണെന്ന് ഉറപ്പാക്കാൻ ഒരു പരിശോധനാ ബോർഡ് ഉണ്ടായിരുന്നിട്ടും 'സിലബസിന് പുറത്തു നിന്നുള്ള' ചോദ്യങ്ങൾ എന്ന പ്രശ്നം പരീക്ഷാ സംവിധാനത്തെ ബാധിക്കുന്നത് തുടരുന്നു. പരീക്ഷാ കേന്ദ്രങ്ങളിൽ ചോദ്യപേപ്പർ പാക്കറ്റുകൾ തെറ്റായി തുറന്നത് പരീക്ഷ റദ്ദാക്കുന്നതിന് കാരണമാകുകയും ഇത് വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്തു. കോളേജുകൾക്കും പരീക്ഷാകേന്ദ്രങ്ങൾക്കും നൽകിയിട്ടുള്ള എഴുതാത്ത ഉത്തരക്കടലാസുകൾ ദുരുപയോഗം ചെയ്യുന്നില്ലെന്ന് ഉറപ്പ് വരുത്താൻ ആവശ്യമായ നിയന്ത്രണ നടപടികൾ സർവകലാശാലയ്ക്ക് ഉണ്ടായിരുന്നില്ല. സർവകലാശാലയിലെ ഉത്തരക്കടലാസ് നഷ്ടമായതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടികളുടെ വിശദാംശങ്ങൾ പി.എ.സി, ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഉത്തരക്കടലാസ് കാണാതായ നിരവധി സംഭവങ്ങൾ ഇപ്പോഴും റിപ്പോർട്ട് ചെയ്യുന്നുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടിയെന്നും സ്വീകരിക്കാത്തത് പ്രശ്നം പരിഹരിക്കുന്നതിൽ സർവകലാശാലയുടെ ഭാഗത്തു നിന്നുള്ള ഗൗരവമില്ലായ്മയെ സൂചിപ്പിക്കുന്നു. സർവകലാശാല ഉപയോഗിക്കുന്ന ടാബുലേഷൻ സോഫ്റ്റ്‌വെയറിന് നിരവധി പോരായ്മകൾ ഉണ്ടായിരുന്നത് മനഃപൂർവ്വമോ അല്ലാതെയോ ഉള്ള ഡാറ്റാ കൃത്രിമത്തിന് ഇടയാക്കുന്നു. സർവകലാശാല സർട്ടിഫിക്കറ്റുകൾ നൽകുന്നതിലും കാലതാമസമുണ്ടായിരുന്നു.

## 4.10. ശിപാർശകൾ

- **വിദ്യാർത്ഥികളുടെ ഭാഗത്തുനിന്നു നോക്കുമ്പോഴുള്ള അനിശ്ചിതത്വങ്ങൾ കുറയ്ക്കുന്നതിന്, പരീക്ഷാകലണ്ടർ കർശനമായി പാലിക്കുന്നുണ്ടെന്നും സമയബന്ധിതമായി ഫലങ്ങൾ പ്രഖ്യാപിക്കുന്നുവെന്നും സർവകലാശാല ഉറപ്പാക്കേണ്ടതാണ്.**

  *(ഖണ്ഡിക 4.1)*

- **കോളേജുകളിലും പരീക്ഷാ കേന്ദ്രങ്ങളിലും സൂക്ഷിക്കുന്ന എഴുതാത്ത ഉത്തരക്കടലാസുകളുടെ പരിശോധന വേഗത്തിലാക്കുകയും അവയുടെ കാലികമായ അക്കൗണ്ട് സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്. എഴുതാത്ത ഉത്തരക്കടലാസുകളുടെ ദുരുപയോഗത്തിനും ഉത്തരക്കടലാസുകൾ നഷ്ടപ്പെട്ടതിനും ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി**

സ്വീകരിക്കുന്ന കാര്യം സർക്കാർ/സർവകലാശാല പരിഗണിക്കേണ്ടതാണ്.

*(ഖണ്ഡികകൾ 4.4-ഉം 4.5-ഉം)*

- വിദ്യാർത്ഥികളുടെ പരീക്ഷാഫലത്തിന്റെ സമയോചിതവും കൃത്യവുമായ പ്രഖ്യാപനത്തിൽ നിലവിലുപയോഗിക്കുന്ന ടാബുലേഷൻ പ്രോഗ്രാമുകളുടെ നിർണ്ണായകമായ പങ്ക് കണക്കിലെടുത്ത്, നിലവിലുപയോഗിക്കുന്ന ടാബുലേഷൻ സോഫ്റ്റ്‌വെയറുകൾക്ക് പകരമായി ഒരു നിശ്ചിത സമയത്തിനുള്ളിൽ ഒരൊറ്റ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ ഉപയോഗിക്കേണ്ടതാണ്. പുതിയ സോഫ്റ്റ്‌വെയർ സ്ഥാപിക്കുന്നതുവരെ നിലവിലുള്ള ടാബുലേഷൻ സോഫ്റ്റ്‌വെയറിനെ ആശ്രയിക്കുന്നത്, വിദഗ്ധസമിതിയുടെ ശിപാർശകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും യഥാവിധി അംഗീകരിക്കപ്പെട്ട ഒരു പ്രക്രിയയിലൂടെ സ്ഥിരീകരിക്കുകയും ചെയ്തതിനുശേഷം ആയിരിക്കണം.

*(ഖണ്ഡിക 4.6)*



# അദ്ധ്യായം V
# അടിസ്ഥാനസൗകര്യങ്ങൾ

# 5 അടിസ്ഥാനസൗകര്യങ്ങൾ

## 5.1. മാനദണ്ഡങ്ങൾക്ക് അനുസൃതമായുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ലാത്തത്

ഓഡിറ്റ് ചെയ്ത കാലയളവിൽ മാനദണ്ഡങ്ങൾക്കനുസൃതമായി അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത താഴെപറയുന്ന സന്ദർഭങ്ങളിൽ ശ്രദ്ധയിൽപ്പെട്ടു.

### 5.1.1. യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട്സ് ഓഫ് ടെക്നോളജിയിലെയും യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട്സ് ഓഫ് മാനേജ്മെന്റിലെയും അടിസ്ഥാന സൗകര്യങ്ങൾ

- 2009-ലെ യു.ജി.സി മാനദണ്ഡങ്ങൾ (കോളേജുകൾ സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്യുന്നതിനുള്ള) അനുസരിച്ച് സർവകലാശാലകളോട് അഫിലിയേറ്റ് ചെയ്യുന്നതിന് ഒരു കോളേജിന് ഭരണപരവും മറ്റ് പ്രവർത്തനങ്ങളും നടത്തുന്നതിനായുള്ള കെട്ടിടങ്ങൾ കൂടാതെ മെട്രോപൊളിറ്റൻ നഗരത്തിൽ രണ്ട് ഏക്കറിൽ കുറയാത്തതും മറ്റ് പ്രദേശങ്ങളിൽ അഞ്ച് ഏക്കറിൽ കുറയാത്തതുമായ ഭൂമിയുടെ തർക്കരഹിത ഉടമസ്ഥതയും കൈവശാവകാശവും ആവശ്യമാണ്.

  സർവകലാശാല 34 യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട്സ് ഓഫ് ടെക്നോളജി (യു.ഐ.റ്റികൾ) സ്വാശ്രയ രീതിയിൽ നടത്തുന്നു. ഈ യു.ഐ.റ്റികൾ ബി.ബി.എ, ബി.കോം, ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് തുടങ്ങിയ ബിരുദ കോഴ്സുകളും ചില യു.ഐ.റ്റികൾ ബിരുദാനന്തര ബിരുദ കോഴ്സുകളും വാഗ്ദാനം ചെയ്യുന്നു. പരിശോധനയിൽ 19 യു.ഐ.റ്റികൾ[45] സ്വന്തം കെട്ടിടത്തിലും ആറ് യു.ഐ.റ്റികൾ[46] വാടകക്കെട്ടിടങ്ങളിലും അഞ്ച് യു.ഐ.റ്റികൾ[47] തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലും മൂന്ന് യു.ഐ.റ്റികൾ[48] സ്കൂൾ കെട്ടിടങ്ങളിലും ഒരു യു.ഐ.റ്റി[49] വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നതെന്ന് കണ്ടെത്തി.

---

45 യു.ഐ.റ്റി തിരുവനന്തപുരം, യു.ഐ.റ്റി പിരപ്പൻകോട്, യു.ഐ.റ്റി വക്കം, യു.ഐ.റ്റി വെള്ളറട, യു.ഐ.റ്റി കാഞ്ഞിരംകുളം, യു.ഐ.റ്റി വേളി, യു.ഐ.റ്റി തൊളിക്കോട്, യു.ഐ.റ്റി മലയിൻകീഴ്, യു.ഐ.റ്റി കട്ടായിക്കോണം, യു.ഐ.റ്റി കൊല്ലം, യു.ഐ.റ്റി പത്തനാപുരം, യു.ഐ.റ്റി ഏരൂർ, യു.ഐ.റ്റി കൊട്ടാരക്കര, യു.ഐ.റ്റി തെന്മല, യു.ഐ.റ്റി മുഖത്തല, യു.ഐ.റ്റി ഇട്ടിവ, യു.ഐ.റ്റി പറവൂർ, യു.ഐ.റ്റി റീജണൽ സെന്റർ, കുരവാറ്റ, യു.ഐ.റ്റി റീജിയണൽ സെന്റർ മുതുകുളം

46 യു.ഐ.റ്റി നെയ്യാറ്റിൻകര, യു.ഐ.റ്റി കല്ലറ, യു.ഐ.റ്റി അഴൂർ, യു.ഐ.റ്റി പള്ളിക്കൽ, യു.ഐ.റ്റി അടൂർ, യു.ഐ.റ്റി മണ്ണടി

47 യു.ഐ.റ്റി ശാസ്താംകോട്ട (വാടകക്ക്), യു.ഐ.റ്റി ആലപ്പുഴ, യു.ഐ.റ്റി മണ്ണാഞ്ചേരി, യു.ഐ.റ്റി ചെങ്ങന്നൂർ, യു.ഐ.റ്റി ചാരമംഗലം

48 യു.ഐ.റ്റി ഭരണിക്കാവ്, യു.ഐ.റ്റി അരൂർ, യു.ഐ.റ്റി പത്തിയൂർ

49 യു.ഐ.റ്റി മാന്നാർ

സർവകലാശാലയിൽ അഫിലിയേഷൻ ചെയ്യുന്നതിന് മുൻകൂർ വ്യവസ്ഥയായി, മെട്രോപൊളിറ്റൻ നഗരങ്ങളിൽ രണ്ട് ഏക്കറും മറ്റ് പ്രദേശങ്ങളിൽ അഞ്ച് ഏക്കറും ഭൂമിയുടെ ലഭ്യത, കെട്ടിടം, അടിസ്ഥാനസൗകര്യങ്ങൾ തുടങ്ങിയ മാനദണ്ഡങ്ങൾ കോളേജുകൾ പോലും പാലിക്കേണ്ടിവരുമ്പോൾ, കേരള സർവകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന യു.ഐ.റ്റികളും അടിസ്ഥാന സൗകര്യങ്ങളുടെ മാനദണ്ഡങ്ങൾ ന്യായമായും പാലിക്കപ്പെടേണ്ടതായിരുന്നു.

ആകെയുള്ള 34 യു.ഐ.റ്റികളിൽ ഒൻപത് യു.ഐ.റ്റികളിൽ നടത്തിയ പരിശോധനയിൽ, **അനുബന്ധം 5.1**–ൽ വിശദമാക്കിയിരിക്കുന്നതു പോലെ വിശ്രമമുറികൾ, സെമിനാർ ഹാളുകൾ, കാന്റീൻ ഹാളുകൾ, ലൈബ്രറി പുസ്തകങ്ങൾ തുടങ്ങിയവയ്ക്കുള്ള മുറികളുടെ കുറവുണ്ടെന്ന് കണ്ടെത്തി.

വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന യു.ഐ.റ്റികൾക്ക് അടിസ്ഥാന സൗകര്യങ്ങളുടെ പരിമിതിയും സ്ഥലത്തിന്റെ കുറവും സുഗമമായ പ്രവർത്തനത്തിന് തടസ്സമായി. ഇക്കാര്യം യു.ഐ.റ്റികളിലെ പ്രിൻസിപ്പൽമാർ സർവകലാശാലയെ അറിയിച്ചെങ്കിലും പ്രശ്നം പരിഹരിക്കാൻ നടപടികളൊന്നും ഉണ്ടായിട്ടില്ല. വേളി യു.ഐ.റ്റി യുടെ കാര്യത്തിൽ, മതിയായ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം മൂലം 2018–19 അധ്യയന വർഷത്തിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ ഒരാഴ്ചയ്ക്കുള്ളിൽ കോഴ്സുകൾ ഉപേക്ഷിച്ചതായി ശ്രദ്ധയിൽപ്പെട്ടു. 2019–20 കാലയളവിൽ ഒരു വിദ്യാർത്ഥിയെയും പ്രവേശിപ്പിച്ചിട്ടില്ല. ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകുന്നതിന് മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഒരു ആവശ്യകതയാണ്.

- എ.ഐ.സി.ടി.ഇ അപ്രൂവൽ പ്രോസസ് ഹാൻഡ്ബുക്ക് 2019–20 അനുസരിച്ച് മാനേജ്മെന്റ് കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങൾ, സാങ്കേതിക സ്ഥാപനങ്ങൾക്കായുള്ള ഭൂമി, ബിൽറ്റ്–അപ്പ് ആവശ്യകതകൾ, കമ്പ്യൂട്ടർ, സോഫ്റ്റ്‌വെയർ, ഇന്റർനെറ്റ്, പ്രിന്റർ, ലബോറട്ടറി ഉപകരണങ്ങൾ എന്നിവയ്ക്കുള്ള മാനദണ്ഡങ്ങൾ പാലിക്കണം. സാങ്കേതിക സ്ഥാപനങ്ങൾക്ക് അനിവാര്യവും അഭിലഷണീയവുമായ ആവശ്യകതകൾക്കുള്ള മാനദണ്ഡങ്ങൾ അപ്രൂവൽ പ്രോസസ് ഹാൻഡ്ബുക്ക് അനുബന്ധം 4, 5, 6 എന്നിവയിൽ നൽകിയിരിക്കുന്നു. നിർബന്ധിത അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയെക്കുറിച്ച് ഓഡിറ്റ് നടത്തിയ പരിശോധനയിൽ രണ്ട് യു.ഐ.എമ്മുകളിൽ[50] (ഏഴ് എണ്ണത്തിൽ) **അനുബന്ധം** 5.2–ൽ വിശദമാക്കിയിരിക്കുന്നതുപോലെ ഭൂമി, ട്യൂട്ടോറിയൽ മുറികൾ, ചോദ്യോത്തര പേപ്പറുകൾ സൂക്ഷിക്കുന്നതിനുള്ള സ്ട്രോങ് റൂമുകൾ, കമ്പ്യൂട്ടറുകൾ തുടങ്ങിയവയുടെ കുറവ് കണ്ടെത്തി.

50 യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആലപ്പുഴയിലും അടൂരിലും

ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളില്ലാതെ യു.ഐ.എമ്മുകൾ പ്രവർത്തിക്കുന്നത് വിദ്യാഭ്യാസ നിലവാരത്തെ പ്രതികൂലമായി ബാധിക്കുകയും അതുവഴി ഈ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ഭാവിയെ ബാധിക്കുകയും ചെയ്യും. ഈ യു.ഐ.എമ്മുകൾ ലാഭത്തിൽ പ്രവർത്തിക്കുന്ന സ്വാശ്രയസ്ഥാപനങ്ങളാണെന്ന വസ്തുത കണക്കിലെടുത്ത് ഈ സ്ഥാപനങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി കൂടുതൽ വിദ്യാർത്ഥികളെ പ്രവേശനം നേടാൻ പ്രോത്സാഹിപ്പിക്കുന്നതിന് എല്ലാ നടപടികളും സ്വീകരിക്കേണ്ടതാണ്.

യു.ഐ.റ്റികൾക്കും യു.ഐ.എമ്മുകൾക്കും സ്വന്തം കെട്ടിടങ്ങൾ ഏറ്റെടുക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചതായി സർക്കാർ (2021 ഡിസംബർ 13) മറുപടി നൽകി. സർവകലാശാല നേരിട്ട് നടത്തുന്ന സ്വാശ്രയസ്ഥാപനങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് 2021–22 ലെ ബജറ്റ് പ്രസംഗത്തിൽ ₹ ഒരു കോടി വകയിരുത്തിയിട്ടുണ്ട്.

### 5.1.2. കേരള സർവകലാശാല ലൈബ്രറിയിൽ സ്മാർട്ട് കാർഡ് സംവിധാനം നടപ്പാക്കാത്തത്

കേരള സർവകലാശാല ലൈബ്രറിയിൽ സ്മാർട്ട് കാർഡ് സംവിധാനം എന്ന പദ്ധതിയുടെ നടത്തിപ്പിനായി ₹50 ലക്ഷത്തിന് കേരള സർക്കാർ (ആഗസ്റ്റ് 2013) ഭരണാനുമതി നൽകി. എളുപ്പത്തിലുള്ള വസ്തുവിവരപ്പട്ടികാ നിയന്ത്രണവും സ്റ്റോക്ക് പരിശോധനയും കൂടാതെ സമയം, ചെലവ്, അധ്വാനം എന്നിവ ലാഭിക്കുക, സർക്കുലേഷൻ ടേബിളുകളിലെ തിരക്ക് കുറയ്ക്കുക തുടങ്ങിയവയാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. കരാർ പ്രകാരം പ്രോജക്റ്റിന് നാല് ഘട്ടങ്ങളുണ്ട്. ലൈബ്രറി മാനേജ്മെന്റ് സോഫ്റ്റ്‌വെയർ (കെ.ഒ.എച്ച്.എ) നടപ്പിലാക്കൽ, റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ ടാഗുകളുടെ (ആർ.എഫ്.ഐ.ഡി) വിതരണവും ടാഗിംഗും, അംഗത്വകാർഡുകളുടെ വിതരണം സ്റ്റാഫ് സ്റ്റേഷൻ സ്ഥാപിക്കലും കെ.ഒ.എച്ച്.എയുമായുള്ള ആർ.എഫ്.ഐ.ഡി സംയോജനവും.

2017 മാർച്ചിൽ കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ (കെൽട്രോൺ) ₹49.70 ലക്ഷത്തിന് പ്രവൃത്തി ഏൽപ്പിച്ചു. കരാർ പ്രകാരം, വർക്ക് ഓർഡർ (2017 മാർച്ച് 14) ലഭിച്ച് 120 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ ഈ സംവിധാനം സർവകലാശാല ലൈബ്രറിയിൽ സ്ഥാപിക്കുകയും കമ്മീഷൻ ചെയ്യുകയും വേണം.

ടാഗിംഗ് പൂർത്തിയാക്കി സ്മാർട്ട് കാർഡുകൾ അംഗങ്ങൾക്ക് വിതരണം ചെയ്യുകയും ചെയ്താൽ മാത്രമെ ഈ സംവിധാനം നടപ്പിലാക്കാൻ കഴിയൂ എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ആർ.എഫ്.ഐ.ഡി ടാഗിംഗിനായി കണ്ടെത്തിയ 2,80,000 പുസ്തകങ്ങളിൽ 48,696 പുസ്തകങ്ങൾ ഇനിയും ആർ.എഫ്.ഐ.ഡി ടാഗ് ചെയ്യേണ്ടതായിട്ടുണ്ട് (2021 സെപ്റ്റംബർ). ഡ്രോപ്പ് ബോക്സ്, കിയോസ്ക്, സ്റ്റാഫ് സ്റ്റേഷൻ എന്നിവ സ്ഥാപിക്കുന്ന ജോലി 2021 സെപ്റ്റംബറോടെ

മാത്രമേ കെൽട്രോണിന് പൂർത്തിയാക്കാനായുള്ളൂ. കെൽട്രോണിന് ₹37.47 ലക്ഷം നൽകിയതായി ഓഡിറ്റ് ശ്രദ്ധയിൽപ്പെട്ടു.

സ്മാർട്ട് കാർഡ് സംവിധാനം നടപ്പിലാക്കാൻ 2013 ആഗസ്റ്റിൽ ₹50 ലക്ഷം അനുവദിച്ചെങ്കിലും മൂന്നരവർഷത്തിനു ശേഷമാണ് (2017 മാർച്ച്) പ്രവൃത്തി ഏൽപ്പിച്ചത്. 2017 ജൂലൈയിൽ പൂർത്തിയാക്കി കമ്മീഷൻ ചെയ്യേണ്ട ജോലികൾ നാലുവർഷം കഴിഞ്ഞിട്ടും (2021 ആഗസ്റ്റ്) പൂർത്തീകരിച്ചിട്ടില്ലെന്നതും ശ്രദ്ധയിൽപ്പെട്ടു. അതിനാൽ സ്മാർട്ട് കാർഡ് സംവിധാനത്തിന്റെ നേട്ടങ്ങൾ ഇനിയും യാഥാർഥ്യമായിട്ടില്ല.

സ്മാർട്ട് കാർഡുകളുടെ വിതരണത്തിനായി ക്വട്ടേഷനുകൾ ക്ഷണിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചതായി സർക്കാർ (2021 ഡിസംബർ 13) മറുപടി നൽകി.

ഉപയോക്താക്കൾക്കുള്ള സ്മാർട്ട് കാർഡുകളുടെ വിതരണം ഇപ്പോഴും പൂർത്തിയാകാത്തതിനാൽ, ഭരണാനുമതി ലഭിച്ച് എട്ട് വർഷം കഴിഞ്ഞിട്ടും പദ്ധതി അപൂർണമായി തുടരുകയാണ്.

## 5.2. ആരോഗ്യപരിപാലന സൗകര്യം

1978-ലെ കേരള യൂണിവേഴ്സിറ്റി ഫസ്റ്റ് ഓർഡിനൻസസ്സിലെ പതിനൊന്നാം അദ്ധ്യായം അനുസരിച്ച്, ഓരോ വിദ്യാർത്ഥിയും താൻ അവസാനം പഠിച്ച സ്കൂളിലോ കോളേജിലോ നിന്നുള്ള മെഡിക്കൽ പരിശോധനാ റിപ്പോർട്ടോ ഹെൽത്ത് കാർഡോ[51] ഹാജരാക്കണം. ഓരോ വിദ്യാർത്ഥിയും സർവകലാശാലയ്ക്കു കീഴിലുള്ള കോഴ്സിലേക്കുള്ള പ്രവേശന സമയത്തും. കൂടാതെ എല്ലാ ഒന്നിടവിട്ടുള്ള വർഷങ്ങളിലും മെഡിക്കൽ പരിശോധനയ്ക്ക് വിധേയരാകേണ്ടതുണ്ട്. സർവകലാശാല എല്ലാ വിദ്യാർത്ഥികളിൽ നിന്നും മെഡിക്കൽ പരിശോധനാ ഫീസ് വാങ്ങുന്നുവെന്നും, 2016-2021 കാലയളവിൽ ഇത് ₹10 മുതൽ ₹50 വരെയാണെന്നും, സർവകലാശാല പിരിച്ചെടുത്ത ആകെ തുക ₹16.30 ലക്ഷം[52] ആണെന്നും ഓഡിറ്റ് നിരീക്ഷിച്ചു. എന്നാൽ അങ്ങനെ സമാഹരിച്ച ഫണ്ട് വിദ്യാർത്ഥികളുടെ മെഡിക്കൽ പരിശോധനയ്ക്ക് ഉപയോഗിക്കാതെ സർവകലാശാല സ്വന്തം അക്കൗണ്ടിലേക്ക് വരവു വയ്ക്കുന്നതായി ഓഡിറ്റിൽ നിരീക്ഷിച്ചു. പരിശോധനയിലുൾപ്പെട്ട കാലയളവിൽ വിദ്യാർത്ഥികൾക്കായി മെഡിക്കൽ പരിശോധനകളൊന്നും നടത്തിയിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

---

51 പ്രതിരോധ കുത്തിവയ്പ്പ് രേഖകൾ, ദ്വിവത്സര പരിശോധനകൾ, ജനനം മുതലുള്ള ആരോഗ്യ പ്രശ്നങ്ങൾ, രോഗങ്ങൾ, അവരുടെ വളർച്ചയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, കുട്ടികളുടെ നിലവിലെ ആരോഗ്യ പ്രശ്നങ്ങളുടെ വിവരങ്ങൾ എന്നിവയുൾപ്പെടെ വിദ്യാർത്ഥികളുടെ പൂർണ്ണമായ ആരോഗ്യരേഖകൾ ഇതിൽ ഉണ്ടായിരിക്കും.

52 2016-17 – ₹2.25 ലക്ഷം, 2017-18 – ₹4.30 ലക്ഷം, 2018-19 – ₹1.79 ലക്ഷം, 2019-20 – ₹4.16 ലക്ഷം, 2020-21 – ₹3.80 ലക്ഷം

സർവകലാശാലയിലെ ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും അടിയന്തര പരിചരണം നൽകുന്നതിന് തിരുവനന്തപുരത്ത് കാര്യവട്ടം കാമ്പസിലും സെനറ്റ് ഹാൾ (എസ്.എച്ച്) കാമ്പസിലും രണ്ട് സർവകലാശാല ആരോഗ്യകേന്ദ്രങ്ങൾ (യു.എച്ച്.സി) പ്രവർത്തിക്കുന്നു. ഇതിൽ കാര്യവട്ടം ആരോഗ്യ കേന്ദ്രത്തിൽ മാത്രമാണ് ഡോക്ടറുടെ സേവനം ലഭ്യമായിരുന്നത്. 2017 മാർച്ച് 31 വരെ പാളയം എസ്.എച്ച് ക്യാമ്പസിലെ യു.എച്ച്.സിയിൽ ഡോക്ടർമാരുടെ സേവനം ലഭ്യമായിരുന്നു. അതിനുശേഷം ഒരു നഴ്സിന്റെ സേവനം ലഭ്യമായിരുന്നു. നഴ്സ് വിരമിച്ചതിന് ശേഷം, 2020 മാർച്ച് മുതൽ സെന്റർ പ്രവർത്തനരഹിതമാണ്. മേൽക്കൂര ചോർന്നൊലിക്കുന്ന ജീർണിച്ച കെട്ടിടത്തിലാണ് കാര്യവട്ടത്തെ യുഎച്ച്സി[53] പ്രവർത്തിച്ചിരുന്നത്. എക്സ്-റേ, ഇ.സി.ജി മെഷീനുകൾ യഥാക്രമം 2005, 2019 മുതൽ പ്രവർത്തനരഹിതമാണ്. യു.എച്ച്.സിയിൽ വീൽചെയറുകളോ സ്ട്രെച്ചറുകളോ ഓക്സിജൻ സിലിണ്ടറുകളോ ഇല്ല ഉപയോഗിച്ച സിറിഞ്ചുകൾ യു.എച്ച്.സിയിൽ കൂട്ടിയിട്ടിരിക്കുന്നു.







*ചിത്രം 5.1: കാര്യവട്ടത്തെ സർവകലാശാല ആരോഗ്യ കേന്ദ്രത്തിലെ ജീർണിച്ചതും ചോർന്നൊലിക്കുന്നതുമായ മേൽക്കൂര, ഉപയോഗിച്ച സിറിഞ്ചുകൾ കൂട്ടിയിട്ടിരിക്കുന്നു. 06.09.2021-ന് ഓഡിറ്റ് പാർട്ടി എടുത്ത ചിത്രങ്ങൾ.*

---

53 ജീവനക്കാരുടെ വിശദാംശങ്ങൾ – റസിഡന്റ് മെഡിക്കൽ ഓഫീസർ, നഴ്സ്, മെഡിക്കൽ അറ്റൻഡർ, റേഡിയോഗ്രാഫർ, ലാബ് ടെക്നീഷ്യൻ,ക്ലിനിക്കൽ സൈക്കോളജിസ്റ്റ് (ഒന്ന് വീതം)

1978-ലെ കേരള യൂണിവേഴ്സിറ്റി ഫസ്റ്റ് ഓർഡിനൻസസ്സിൽ വിഭാവനം ചെയ്തിട്ടുള്ള മെഡിക്കൽ സാക്ഷ്യപത്രം / ആരോഗ്യ കാർഡ് എന്നിവ വിദ്യാർത്ഥികളിൽ നിന്ന് ശേഖരിക്കുന്നില്ലെന്ന് സർവകലാശാല മറുപടി നൽകി. ഇസിജി യന്ത്രം, സെൻട്രിഫ്യൂജ്[54], സെമി ഓട്ടോ അനലൈസർ[55] എന്നിവ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുകയാണെന്ന് സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13). ട്രോളിയും ഓക്സിജൻ സിലിണ്ടറും വാങ്ങുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട അധികാരികൾക്ക് സമർപ്പിച്ചു. സർവകലാശാലാവിഭാഗങ്ങളിൽ പ്രവേശനം നേടിയ എല്ലാ വിദ്യാർത്ഥികൾക്കും ആരോഗ്യ കാർഡ് നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. പാളയത്തെ സർവകലാശാല ആരോഗ്യ കേന്ദ്രത്തിൽ ഓണററി ഡയറക്ടറെ നിയമിക്കുന്നത് പരിഗണനയിലാണ്.

ഫീസ് ഈടാക്കിയിട്ടും വിദ്യാർത്ഥികളുടെ മെഡിക്കൽ പരിശോധന നടത്താത്തത് ക്രമവിരുദ്ധമാണ്. സർവകലാശാലയിലെ വിദ്യാർത്ഥികൾക്ക് അടിയന്തിര വൈദ്യചികിത്സ നൽകാൻ വേണ്ടി നടത്തുന്ന തിരുവനന്തപുരത്തെ രണ്ട് യു.എച്ച്.സികൾ ഒന്നുകിൽ പ്രവർത്തന രഹിതമോ അല്ലെങ്കിൽ വളരെ ജീർണാവസ്ഥയിലോ ആണ്.

### 5.2.1. വിദ്യാർത്ഥികൾക്കുള്ള മെഡിക്കൽ കം ആക്സിഡന്റൽ ഇൻഷുറൻസ് പോളിസിയുടെ (എം.എ.ഐ.പി.എസ്) നടത്തിപ്പിലെ അപാകത

സർവകലാശാല നടപ്പിലാക്കിയിരുന്ന സ്റ്റുഡന്റ് ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് സ്കീമിന് (എസ്.ജി.പി.എ.ഐ.എസ്)[56] പകരമായി പൊതു മേഖലാ സ്ഥാപനമായ ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി ലിമിറ്റഡ് മുഖേന 2017-18 മുതൽ 'മെഡിക്കൽ കം ആക്സിഡന്റൽ ഇൻഷുറൻസ് പോളിസി ഫോർ സ്റ്റുഡന്റ്സ് (എം.എ.ഐ.പി.എസ്)' എന്ന പുതിയ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കാൻ സിൻഡിക്കേറ്റ് 2017 മേയ് 12-ന് തീരുമാനിച്ചു. ഒരു വിദ്യാർത്ഥിക്ക് പ്രതിവർഷം ₹240 നിരക്കിൽ, ₹ മൂന്ന് ലക്ഷത്തിന്റെ അപകട മരണ കവറേജും അസുഖത്തിന് ₹20,000-വും അപകടങ്ങൾക്ക് ₹50,000-വും കമ്പനി വാഗ്ദാനം ചെയ്തു. 2017-18 കാലയളവിൽ 36,163 വിദ്യാർത്ഥികളിൽ നിന്നും പിരിച്ചെടുത്ത ₹86.79 ലക്ഷം[57] നിയമപരമായ രേഖകളോ ധാരണാപത്രമോ ഉണ്ടാക്കാതെ ഇൻഷുറൻസ് കമ്പനിക്ക് നൽകി. പിന്നീട് എം.എ.ഐ.പി.എസ് നിർത്തലാക്കാനും എസ്.ജി.പി.എ.ഐ.എസ് തുടരാനും സിൻഡിക്കേറ്റ് 2018 ആഗസ്റ്റ് 31-ന് തീരുമാനമെടുത്തു. തുടർന്ന്, 2018 നവംബർ 16-ന് നടന്ന യോഗത്തിൽ, ഇൻഷുറൻസ് കമ്പനിക്ക് അടച്ച തുക തിരിച്ചുപിടിക്കുന്നതിനുള്ള

---

54 രക്തകോശങ്ങളെ സെറം/പ്ലാസ്മയിൽ നിന്ന് വേർതിരിക്കുന്നതിനുള്ള ഉപകരണങ്ങൾ

55 രക്തം, സെറം, പ്ലാസ്മ, മൂത്രം എന്നിവയുടെ സാമ്പിളുകൾ പരിശോധിക്കാൻ ഉപയോഗിക്കുന്ന ഉപകരണങ്ങൾ

56 റെഗുലർ വിദ്യാർത്ഥികളുടെ ചികിത്സാച്ചെലവും അപകട മരണം മൂലമുണ്ടാകുന്ന നഷ്ടവും നികത്തുന്നതിനായി, കേരള സർവകലാശാല 2008-09 അധ്യയന വർഷം മുതൽ (2008 ഒക്ടോബർ 25) ഒരു വിദ്യാർത്ഥിക്ക് പ്രതിവർഷം ₹25 നിരക്കിൽ പ്രീമിയം നൽകി നടപ്പിലാക്കി.

57 2017 സെപ്റ്റംബർ 28-ന് ₹75,62,160, 2017 ഡിസംബർ 29-ന് ₹1,50,240, 2018 ജനുവരി 12-ന് ₹9,66,720

നിയമനടപടികൾ ആരംഭിക്കാനും നിയമോപദേശകനെ ചുമതലപ്പെടുത്താനും, ധാരണാപത്രം ഇല്ലാതെ ഇൻഷുറൻസ് കമ്പനിക്ക് പ്രീമിയം തുക കൈമാറിയതിന് ഉത്തരവാദികളായ വ്യക്തികൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകാനും സിൻഡിക്കേറ്റ് തീരുമാനിച്ചു. ഇൻഷുറൻസ് കമ്പനിക്കെതിരെ തിരുവനന്തപുരത്തെ ബഹു. കേരള സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിൽ (2019 ആഗസ്റ്റ്) കേസ് ഫയൽ ചെയ്തെങ്കിലും ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല.

അന്തിമ വിധി വരുന്നതുവരെ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കരുതെന്ന് നിയമോപദേശം ലഭിച്ചെന്നും, ഇക്കാര്യത്തിൽ സർവകലാശാലയിലെ ജീവനക്കാർക്കെതിരെയുള്ള നടപടി കോടതിയിൽ സർവകലാശാലയുടെ അവകാശവാദത്തെ പ്രതികൂലമായി ബാധിക്കുമെന്നും സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13).

ഒരു കരാറും/ധാരണാപത്രവുമില്ലാതെ ഒരു സർവകലാശാല ഉദ്യോഗസ്ഥൻ ഇൻഷുറൻസ് സ്ഥാപനത്തിന് ഗണ്യമായ തുക കൈമാറുന്നത് സർവകലാശാലയിലെ നിയന്ത്രണ സംവിധാനത്തിന്റെ അപര്യാപ്തതയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

## 5.3. ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സൗകര്യങ്ങൾ

1995-ലെ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ട് വിഭാവനം ചെയ്യുന്നത് ഭിന്നശേഷിയുള്ളവർക്ക് എല്ലാ തലങ്ങളിലുമുള്ള വിദ്യാഭ്യാസം ലഭിക്കണം എന്നാണ്. യു.ജി.സിയുടെ 12-ാം പഞ്ചവത്സര പദ്ധതി പ്രകാരം പുറപ്പെടുവിച്ച 'ഉന്നത വിദ്യാഭ്യാസരംഗത്തെ സമഗ്രവും ഗുണപരവുമായ വിപുലീകരണത്തെ'ക്കുറിച്ചുള്ള റിപ്പോർട്ടിൽ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രവേശനം നൽകാൻ സാധിക്കുന്ന തരത്തിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ വിഭാവനം ചെയ്യുന്നു. കൂടാതെ, സ്ഥാപനത്തിന്റെ അക്രഡിറ്റേഷൻ സമയത്ത് സ്ഥാപനത്തിൽ ലിഫ്റ്റുകൾ, റാമ്പുകൾ/ റെയിലുകൾ, സഹായസാങ്കേതിക വിദ്യകളും സൗകര്യങ്ങളും, ഭിന്നശേഷി സൗഹൃദ ശുചിമുറികൾ, പരീക്ഷകൾക്കുള്ള പകരമെഴുത്തുകാർ, നൈപുണ്യവികസനം തുടങ്ങിയ ഭൗതിക സൗകര്യങ്ങളുടെ ലഭ്യത എൻ.എ.എ.സി പരിഗണിക്കുന്നു.

14 വകുപ്പുകളിലും 15 സ്ഥാപനങ്ങളിലും ഓഡിറ്റ് നടത്തിയ പരിശോധനയിൽ നാല് വകുപ്പുകളിലും ഒമ്പത് സ്ഥാപനങ്ങളിലും റാമ്പുകൾ ലഭ്യമല്ല. ബഹുനില കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന പതിനൊന്ന് വകുപ്പുകളിലും ആറ് സ്ഥാപനങ്ങളിലും ലിഫ്റ്റുകൾ ലഭ്യമല്ല. ഒരു സ്ഥാപനത്തിലും, വകുപ്പുകളിലും ബ്രെയിലി സോഫ്റ്റ്‌വെയർ ലഭ്യമല്ല; ആറ് വകുപ്പുകളിലും പതിനൊന്ന് സ്ഥാപനങ്ങളിലും ഭിന്നശേഷി സൗഹൃദ ശൗചാലയങ്ങൾ ലഭ്യമല്ല. വിശദാംശങ്ങൾ **അനുബന്ധം 5.3**-ൽ നൽകിയിരിക്കുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങളെ കൂടുതൽ സ്വീകാര്യത ഉള്ളതാക്കാൻ ഭിന്നശേഷി സൗഹൃദ സൗകര്യങ്ങൾ അനിവാര്യമാണ്. ഈ സ്ഥാപനങ്ങളിലെ സൗകര്യങ്ങളുടെ അഭാവം ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസം നേടുന്നതിന് തടസ്സമാകും.

സർവകലാശാല കെട്ടിടത്തിലേക്കുള്ള തടസ്സരഹിത പ്രവേശനം സർവകലാശാല ഇതിനോടകം നടപ്പിലാക്കിയിട്ടുണ്ടെന്നും എല്ലാ പുതിയ പദ്ധതികളിലും അംഗപരിമിതർക്ക് ലിഫ്റ്റ്/റാമ്പ്, ഭിന്നശേഷിക്കാർക്കായി പ്രത്യേക ടോയ്‌ലറ്റ് എന്നിങ്ങനെയുള്ള തടസ്സരഹിത സംവിധാനങ്ങളോടെയാണ് ആസൂത്രണം ചെയ്യുന്നതെന്നും സർക്കാർ മറുപടി നൽകി. 29.10.2021 മുതൽ കേരള സർവകലാശാല ലൈബ്രറിയിൽ ബ്രെയിലി സോഫ്റ്റ്‌വെയർ ലഭ്യമാക്കി.

29 സ്ഥാപനങ്ങളിൽ പരിശോധന നടത്തിയതിൽ മിക്കതിനും അനുബന്ധത്തിൽ വിവരിച്ചിരിക്കുന്നത് പോലെ ഭിന്നശേഷി സൗഹൃദ സൗകര്യങ്ങൾ ഇല്ലാത്തതിനാൽ മറുപടി സ്വീകാര്യമല്ല.

### 5.3.1. യൂണിവേഴ്സിറ്റി ലൈബ്രറിയിൽ ഭിന്നശേഷിക്കാർക്കായി ലൈബ്രറി സേവനങ്ങൾ നടപ്പാക്കാത്തത്

"കേരള സർവകലാശാല ലൈബ്രറിയിൽ ഭിന്നശേഷിക്കാർക്കായി ലൈബ്രറി സേവനങ്ങൾ നടപ്പാക്കൽ[58]" എന്ന പദ്ധതിക്കായി ₹50 ലക്ഷം അനുവദിച്ച് കേരള സർക്കാർ ഭരണാനുമതി നൽകി (2015 ജൂൺ).

സർവകലാശാല ലൈബ്രറിയിൽ കാഴ്ച വൈകല്യം നേരിടുന്ന ഉപയോക്താക്കൾക്കായി റിസോഴ്സ് സെന്റർ സ്ഥാപിക്കുന്നതിന്, താഴത്തെ നിലയിൽ യൂണിവേഴ്സിറ്റി ലൈബ്രേറിയന്റെ മുറിയോട് ചേർന്ന് കുറച്ച് മാറ്റങ്ങളും അറ്റകുറ്റപ്പണികളും ആവശ്യമായ ഒരു സ്ഥലം കണ്ടെത്തി. റിസോഴ്സ് സെന്ററിന്റെ സിവിൽ, ഇലക്ട്രിക്കൽ ജോലികൾക്കായി ₹4.18 ലക്ഷത്തിന്റെയും സ്റ്റാക്ക് റൂമിൽ ലിഫ്റ്റ് സ്ഥാപിക്കുന്നതിന് ₹25 ലക്ഷത്തിനും യൂണിവേഴ്സിറ്റി എഞ്ചിനീയർ 2018 ഒക്ടോബറിൽ അടങ്കൽ തയ്യാറാക്കി. ലൈബ്രറിയിൽ റിസോഴ്സ് സെന്റർ സ്ഥാപിക്കലും സ്റ്റാക്ക് റൂമിൽ ലിഫ്റ്റ് നിർമാണവും മൂന്ന് മാസത്തിനകം പൂർത്തിയാക്കുമെന്ന് മോണിറ്ററിംഗ് കമ്മിറ്റിയിൽ യൂണിവേഴ്സിറ്റി എഞ്ചിനീയർ റിപ്പോർട്ട് ചെയ്തു (2019 മാർച്ച് 11). എന്നാൽ, 2020 മാർച്ചിലും 2019 നവംബറിലും യഥാക്രമം ₹2.05 ലക്ഷത്തിന്റെ സിവിൽ, ഇലക്ട്രിക്കൽ ജോലികൾ മാത്രമാണ് പൂർത്തിയാക്കിയത്. ലിഫ്റ്റ് സ്ഥാപിക്കുന്ന ജോലികൾ ആരംഭിച്ചിട്ടില്ല, കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടില്ല (2021 സെപ്റ്റംബർ) അങ്ങനെ, 2015-ൽ വിഭാവനം ചെയ്ത ഭിന്നശേഷിക്കാർക്കുള്ള ലൈബ്രറി സേവനങ്ങൾ (2021 സെപ്റ്റംബർ) ഇതുവരെ നടപ്പാക്കിയിട്ടില്ല.

---

[58] കാഴ്ച വൈകല്യമുള്ള ഉപയോക്താക്കൾക്കായി റിസോഴ്സ് സെന്റർ സ്ഥാപിക്കൽ, ലിഫ്റ്റ് നിർമ്മാണം, കമ്പ്യൂട്ടർ/ഹാർഡ് വെയർ ഘടകങ്ങൾ വാങ്ങി സ്ഥാപിക്കൽ, കാഴ്ച വൈകല്യം നേരിടുന്ന ഉപയോക്താക്കൾക്കായി പ്രത്യേക ഉപകരണങ്ങളും സോഫ്റ്റ്‌വെയറുകളും സ്ഥാപിക്കൽ എന്നിവ പദ്ധതിയിൽ ഉൾപ്പെട്ടിരുന്നു.

ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് കൂടുതൽ ഉൾക്കൊള്ളാവുന്നതും ഉപകാര പ്രദവുമായ രീതിയിൽ ഗുണനിലവാരമുള്ള വിദ്യാഭ്യാസത്തിന് തുല്യ അവസരങ്ങൾ ഉറപ്പാക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ ക്രമീകരിക്കേണ്ടതുണ്ട്.

ലിഫ്റ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13) കാഴ്ച വൈകല്യമുള്ളവർക്കുള്ള റിസോഴ്സ് സെന്റർ അടുത്തിടെ ഉന്നത വിദ്യാഭ്യാസ മന്ത്രി ഉദ്ഘാടനം ചെയ്യുകയും അങ്ങനെ സർവകലാശാല നടപടികളിലേക്കും കടന്നു.

ഭിന്നശേഷിക്കാർക്ക് ലൈബ്രറിയിലേക്കുള്ള പ്രവേശനം എളുപ്പമാക്കുന്ന പ്രോജക്റ്റിന്റെ പ്രധാന ഘടകമായ "ലിഫ്റ്റ് സ്ഥാപിക്കൽ" പൂർത്തിയാകാതെ പദ്ധതി ഇപ്പോഴും അപൂർണ്ണമായി തുടരുന്നതിനാൽ മറുപടി സ്വീകാര്യമല്ല. കമ്പ്യൂട്ടറുകളുടെ വിതരണത്തെക്കുറിച്ചും ഹാർഡ് വെയറിന്റെയും സോഫ്റ്റ്‌വെയറിന്റെയും സംയോജനത്തെക്കുറിച്ചും മറുപടിയിൽ പരാമർശിച്ചിട്ടില്ല.

## 5.4. സർവകലാശാലാ സോഫ്റ്റ്‌വെയറിലെ അപര്യാപ്തതകൾ

കേരള സർവകലാശാലയുടെ കമ്പ്യൂട്ടർസെന്റർ (കെ.യു.സി.സി) വികസിപ്പിച്ചെടുത്ത സോഫ്റ്റ്‌വെയറാണ് 2001 മുതൽ ഉപയോഗിച്ചുവരുന്നത്. സർവകലാശാല ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറുകളിൽ നിന്നും തെരഞ്ഞെടുത്തവയുടെ പര്യാപ്തത ഓഡിറ്റ് പരിശോധിച്ചു. ഓഡിറ്റിലെ കണ്ടെത്തലുകൾ താഴെ വിശദമായി പ്രതിപാദിച്ചിരിക്കുന്നു.

### 5.4.1. സർവകലാശാലയിൽ തന്നെ വികസിപ്പിച്ച സോഫ്റ്റ്‌വെയറിലെ ഡോക്യുമെന്റേഷന്റെ അപര്യാപ്തത

സർവകലാശാലയിൽ വികസിപ്പിച്ച 52 സോഫ്റ്റ്‌വെയർ[59] സംവിധാനങ്ങളിൽ മൂന്നെണ്ണത്തിൽ മാത്രമെ ഉപയോക്തൃ ആവശ്യകതാമാനദണ്ഡങ്ങൾ (യൂ.ആർ.എസ്)/ സിസ്റ്റം ഡിസൈൻ ഡോക്യുമെന്റേഷൻ (എസ്.ഡി.ഡി) നിലവിലുള്ളുവെന്ന് സർവകലാശാല ഓഡിറ്റിനെ അറിയിച്ചു. മാറ്റം വരുത്താനുള്ള അഭ്യർത്ഥനകളുടെ അടിസ്ഥാനത്തിലോ സോഫ്റ്റ്‌വെയറുകളുടെ പോരായ്മകൾ പരിഹരിക്കുന്നതിനു വേണ്ടിയോ പരീക്ഷാ ഐ.ടി സെല്ലിലും കെ.യു.സി.സിയിലും കൈകാര്യം ചെയ്യുന്ന സോഫ്റ്റ്‌വെയറുകളിൽ ധാരാളം സോഫ്റ്റ്‌വെയർ പരിഷ്ക്കരണങ്ങൾ (പ്രതിമാസം 15–20 മാറ്റങ്ങളെങ്കിലും) നടത്തുന്നുണ്ടെന്നും ഓഡിറ്റ് നിരീക്ഷിച്ചു. രേഖപ്പെടുത്താതെ

[59] സർവകലാശാലയുടെ കമ്പ്യൂട്ടർ സെന്ററിൽ വികസിപ്പിച്ചെടുത്ത 59 സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകളിൽ (വെബ്സൈറ്റുകളും പോർട്ടലുകളും ഉൾപ്പെടെ) 52 സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകൾ നിലവിൽ ഉപയോഗത്തിലുണ്ട്. ക്യാഷ് കൗണ്ടർ സോഫ്റ്റ്‌വെയർ, യു.ജി അഡ്മിഷൻ സോഫ്റ്റ്‌വെയർ, പി.ജി അഡ്മിഷൻ സോഫ്റ്റ്‌വെയർ, ഓൺലൈൻ പേയ്മെന്റ് പോർട്ടൽ, റെഗുലർ കോഴ്സുകൾക്കായുള്ള ഓൺലൈൻ പരീക്ഷാ പോർട്ടൽ, സി.ബി.സി.എസ് 2013 കോഴ്സുകൾക്കായുള്ള ബി.എഡ് ടാബുലേഷൻ സോഫ്റ്റ്‌വെയർ, ബി.ആർക്ക് കോഴ്സിനായുള്ള ടാബുലേഷൻ സോഫ്റ്റ്‌വെയർ തുടങ്ങിയവയാണ് പ്രധാന സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകൾ.

സോഫ്റ്റ്‌വെയറിൽ വരുത്തുന്ന മാറ്റങ്ങൾ, ഡെവലപ്പർ നടത്തുന്ന പ്രാഥമിക പരിശോധനയും ഉപയോക്തൃ സ്വീകാര്യതാപരിശോധനയും ഒഴികെ ഈ സോഫ്റ്റ്‌വെയർ പരിഷ്ക്കരണങ്ങൾ മറ്റാരും സാക്ഷ്യപ്പെടുത്തുകയോ രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. ആയിരക്കണക്കിന് വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾ നിറവേറ്റുന്ന ഒരു സർവകലാശാലയിൽ യൂ.ആർ.എസ്/ എസ്.ഡി.ഡി എന്നിവയുടെ അഭാവവും സോഫ്റ്റ്‌വെയർ പരിഷ്കരണങ്ങളുടെ ഡോക്യുമെന്റേഷൻ ഇല്ലാത്തതും ഗുരുതരമായ പ്രശ്നമാണ്.

മതിയായ ജീവനക്കാർ ഇല്ലാത്തതും നിശ്ചിത സമയപരിധിക്കുള്ളിൽ സോഫ്റ്റ്‌വെയർ തയ്യാറാക്കി നൽകാനുള്ള സമ്മർദ്ദവും കാരണം കെ.യു.സി.സി സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ് ലൈഫ് സൈക്കിളിന്റെ തത്വങ്ങൾ പാലിക്കാൻ കഴിയാതെ വന്നതായുള്ള ഓഡിറ്റ് നിരീക്ഷണം സർക്കാർ അംഗീകരിച്ചു.

സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ് ലൈഫ് സൈക്കിൾ തത്ത്വങ്ങൾ പാലിക്കാത്തതിന്റെ ആഘാതങ്ങൾ ഖണ്ഡിക 5.4.2-ൽ ചേർത്തിട്ടുണ്ട്.

### 5.4.2. ഡാറ്റാബേസിലേക്കുള്ള ഡയറക്ട് ആക്സസ്

മാർക്ക് എൻട്രി, ഫലം പ്രസിദ്ധീകരിച്ചതിന് ശേഷം വരുത്തുന്ന മാറ്റങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട സാധാരണ തിരുത്തലുകൾക്കായുള്ള ഫ്രണ്ട് എൻഡ് ഇന്റർഫേസുകൾ സോഫ്റ്റ്‌വെയറിൽ ലഭ്യമാണെന്ന് സർവകലാശാല അറിയിച്ചു (2021 ജനുവരി 16). സുരക്ഷാ/സാധൂകരണ നടപടികൾ ഫ്രണ്ട് എൻഡിൽ ചേർത്തിരിക്കുന്നതിനാലും കൂടാതെ, ഇതിൽ നടത്തുന്ന മാറ്റങ്ങളുടെ ലോഗ് സൃഷ്ടിക്കപ്പെടുമെന്നതിനാലും ഇത് വളരെ അത്യന്താപേക്ഷിതമായിരുന്നു.

ഡാറ്റാബേസിൽ തിരുത്തലുകൾ നടത്തുന്നതിനുള്ള നിർദേശങ്ങൾ സർവകലാശാലയിലെ അക്കാദമിക് സെക്ഷനുകൾ ഉത്തരവുകൾ പുറപ്പെടുവിക്കുകയും ഈ തിരുത്തലുകൾ ഇന്റർഫേസുകളിലൂടെയും കൈകാര്യം ചെയ്യാൻ കഴിയാത്തതിനാൽ, ബാക്ക് എൻഡിലൂടെ നേരിട്ട് (ഡാറ്റാബേസിലൂടെ) മാറ്റുന്നുവെന്നും അത്തരം മാറ്റങ്ങൾക്ക് ലോഗ് സൃഷ്ടിക്കപ്പെടുന്നില്ലെന്നും ഓഡിറ്റ് നിരീക്ഷിച്ചു. ഇത്തരം പ്രത്യേക ഉത്തരവുകളെ സംബന്ധിച്ച് കെ.യു.സി.സി യാതൊരു രേഖകളും സൂക്ഷിക്കുന്നില്ല. ബാക്കെൻഡിലേക്കുള്ള പ്രവേശനം, വിദ്യാർത്ഥികൾക്ക് നൽകുന്ന മാർക്കിന്റെ അനധികൃതമായ മാറ്റത്തിന് കാരണമാകും. കൂടാതെ മാർക്കുകൾ പോലെയുള്ള സെൻസിറ്റീവ് ഡാറ്റകൾ എൻക്രിപ്റ്റ് ചെയ്യാത്തതും[60] അപകടസാധ്യത വർദ്ധിപ്പിക്കുന്നു. ലോഗുകൾ സൃഷ്ടിക്കപ്പെടാത്തതിനാൽ ബാക്ക് എൻഡിലൂടെയുള്ള അനധികൃത മാറ്റങ്ങൾ

---

[60] കോഡ് ചെയ്ത വിവരങ്ങളാക്കി മാറ്റംവരുത്തി ഡാറ്റയുടെ രഹസ്യസ്വഭാവം സംരക്ഷിക്കുന്നതിനുള്ള രീതിയാണ് ഡാറ്റ എൻക്രിപ്ഷൻ. കമ്പ്യൂട്ടർ സംവിധാനത്തിൽ സംഭരിക്കുകയും ഇന്റർനെറ്റ് അല്ലെങ്കിൽ മറ്റ് കമ്പ്യൂട്ടർ നെറ്റ്‌വർക്കുകൾ ഉപയോഗിച്ച് കൈമാറ്റം ചെയ്യുകയും ചെയ്യുന്നതിനാൽ ഡിജിറ്റൽ ഡാറ്റയുടെ രഹസ്യസ്വഭാവം സംരക്ഷിക്കുക എന്നതാണ് ഡാറ്റ എൻക്രിപ്ഷന്റെ ലക്ഷ്യം.

തിരിച്ചറിയാൻ കഴിയാതെ വരുന്നതും തെറ്റുകൾ സമയത്ത് കൈകാര്യം ചെയ്യാൻ സാധിക്കാത്തതും ഗുരുതര നിയന്ത്രണ അപാകതകൾക്ക് കാരണമാകുന്നു. നിലവിലെ സാഹചര്യത്തിൽ, ഏത് ഉപയോക്തൃ ഐഡിയിൽ നിന്നാണ് ഡാറ്റാബേസിൽ നേരിട്ട് മാറ്റങ്ങൾ വരുത്തിയതെന്ന് കണ്ടെത്തുന്നതിനുള്ള മാർഗങ്ങളില്ലെന്നും ഓഡിറ്റിനെ അറിയിച്ചു. ഇത് ഈ സംവിധാനത്തെ ദുരുപയോഗത്തിന് സഹജമായി വഴങ്ങുന്നതാക്കുന്നു.

ആസൂത്രണഘട്ടത്തിൽ, ഉപയോക്തൃതലത്തിലെ ആവശ്യങ്ങളുടെ അടിസ്ഥാനത്തിലുള്ള ഡോക്യുമെന്റേഷന്റെ അഭാവമാണ് ബാക്ക് എൻഡിലൂടെ ഡാറ്റാ മാറ്റങ്ങൾ വരുത്തേണ്ടതിന്റെ ആവശ്യകതയുണ്ടാക്കിയതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. എസ്.ആർ.എസ്/ യു.ആർ.എസ് തയ്യാറാക്കുന്നതിലെ അപാകത നിമിത്തം ഉപയോക്താക്കളുടെ ആവശ്യങ്ങൾ കൃത്യമായി നിർണ്ണയിക്കാനും പ്രവർത്തനാവശ്യത്തിനനുസൃതമായി സോഫ്റ്റ്‌വെയർ തയ്യാറാക്കാനും കഴിഞ്ഞില്ല.

സോഫ്റ്റ്‌വെയർ പ്രവർത്തനക്ഷമമായി കഴിഞ്ഞാൽ, തൽസമയഡാറ്റയുടെ അക്സസ്, വകുപ്പുശ്രേണിക്കും പ്രവർത്തനപരമായ ആവശ്യങ്ങൾക്കും അനുസൃതമായി ബന്ധപ്പെട്ട വകുപ്പുകളെ ഏൽപ്പിക്കണം. ബന്ധപ്പെട്ട വകുപ്പുകൾക്ക് ഡാറ്റയിൽ മാറ്റം വരുത്താനുള്ള ഉത്തരവാദിത്തവും അധികാരവും ഉണ്ടായിരിക്കണം. എന്നാൽ, ബന്ധപ്പെട്ട എല്ലാ സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നവർക്കും ഡാറ്റാബേസിലേക്ക് പൂർണ്ണമായ അക്സസ് ഉണ്ടായിരുന്നെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

റിലീസിനും അതിന് ശേഷമുള്ള സേവനങ്ങൾക്കുമായി പ്രത്യേക വിഭാഗങ്ങൾ ഇല്ലാത്തതിനാലാണ് പ്രോഗ്രാമർമാർക്ക് തത്സമയ ഡാറ്റാബേസിലേക്ക് ആക്സസ് അനുവദിച്ചിട്ടുള്ളതെന്ന് സർക്കാർ പ്രസ്താവിച്ചു (2021 ഡിസംബർ 13). കൂടാതെ, ഡാറ്റാബേസിൽ നേരിട്ടുവരുത്തുന്ന എല്ലാ തിരുത്തലുകളേയും ലോഗ് ചെയ്യാനുള്ള രീതി ആരംഭിക്കാൻ തീരുമാനിക്കുകയും അതിലൂടെ പിന്നീടൊരവസരത്തിൽ മാറ്റം വരുത്തിയതിന്റെ കാരണങ്ങൾ കണ്ടെത്താനാകുമെന്നും പ്രസ്താവിച്ചു. ഇന്റർഫേസ് വഴി കൈകാര്യം ചെയ്യാൻ സാധിക്കാത്ത തിരുത്തലുകൾ മാത്രമേ ഡാറ്റബേഡ് വഴി നേരിട്ട് ചെയ്തിട്ടുള്ളുവെന്നും ഇതിൽ പരീക്ഷ രജിസ്റ്റ്രേഷന് ശേഷമുള്ള ഇല്ക്റ്റീവ് പേപ്പറിലെ മാറ്റങ്ങൾ, വിഷയതലത്തിലെ മാറ്റങ്ങൾ, തുടർച്ചയായ മാർക്ക് വിലയിരുത്തലിന്റെ വിശദാംശങ്ങൾ തുടങ്ങിയവ ഉൾപ്പെട്ടിട്ടുണ്ടെന്നും മാർക്കിലെ തിരുത്തലുകൾ ഇന്റർഫേസ് വഴി മാത്രമാണ് ചെയ്തിട്ടുള്ളതെന്നും പറഞ്ഞു.

വിദ്യാർത്ഥികളുടെ നിരന്തര വിലയിരുത്തൽ മാർക്കിന്റെ വിവരങ്ങൾ പോലുള്ള നിർണ്ണായകമായ മേഖലകളിൽ ബാക്ക്എൻഡിലൂടെ ഡാറ്റബേസിലേക്ക് നേരിട്ടുള്ള പ്രവേശനം വളരെ അപകടസാധ്യതയുള്ളതും, വിവരങ്ങളുടെ അനധികൃതമായ തിരുത്തലുകൾക്ക് സാധ്യത ഉണ്ടെന്നതിനാലും മറുപടി സ്വീകാര്യമല്ല.

### 5.4.3. ഓഡിറ്റ് ട്രയിലിന്റെ അപര്യാപ്തത

ഒരു ഇടപാട് എങ്ങനെ ആരംഭിച്ചു, എന്തെല്ലാം നടപടിക്രമങ്ങൾക്ക് വിധേയമാക്കി, എങ്ങനെ സംഗ്രഹിച്ചു എന്നിവ വിശദമാക്കുന്ന തെളിവാണ് ഓഡിറ്റ് ട്രയിൽ. സോഫ്റ്റ്‌വെയർ അഡ്മിനിസ്ട്രേറ്റർമാർക്കും മാനേജ്മെന്റിനും ലോഗ് ഫയലുകൾ ഉത്തരവാദിത്തം നൽകുന്നു. ഓഡിറ്റ് ട്രയലിലൂടെ അനധികൃതമാറ്റങ്ങൾ കണ്ടെത്താനാവും. അനധികൃത മാറ്റങ്ങൾ കണ്ടെത്തുന്നതിന് മാനേജ്മെന്റ് ലോഗുകൾ ഇടക്കിടെ അവലോകനം ചെയ്യേണ്ടതാണ്.

സോഫ്റ്റ്‌വെയറിലെ മാറ്റങ്ങൾ പ്രോഗ്രാമർമാരാണ് ചെയ്യുന്നതെന്നും ഇത്തരം മാറ്റങ്ങളെ സംബന്ധിച്ച രേഖകൾ/സ്ഥിതിവിവരക്കണക്കുകൾ, പരിശോധനാഫലങ്ങൾ എന്നിവ കമ്പ്യൂട്ടർ സെന്ററിൽ സൂക്ഷിച്ചിരുന്നില്ലെന്നും ഓഡിറ്റ് നിരീക്ഷിച്ചു. പ്രത്യേക പരിശോധനാ സംഘം രൂപീകരിച്ചിട്ടില്ല എന്നതുമാത്രമല്ല ഉപയോക്തൃതലത്തിലെ സ്വീകാര്യത മാത്രമാണ് കണക്കിലെടുത്തത്. കമ്പ്യൂട്ടർ സംവിധാനത്തിലെ സാങ്കേതികതയെക്കുറിച്ചും ബാക്ക് എൻഡിലുണ്ടാകുന്ന പരിണിത ഫലത്തെക്കുറിച്ചും ഉപയോക്താക്കൾക്ക് പൂർണ്ണമായ അറിവുണ്ടായിരുന്നില്ല. ഈ സംവിധാനം, ഒരേ തരത്തിലുള്ള ഇടപാടുകൾ സ്ഥിരമായി കൈകാര്യം ചെയ്യുന്നതിനാൽ, തെറ്റായ കമ്പ്യൂട്ടർ പ്രോഗ്രാമിൽ നിന്നുണ്ടാകുന്ന ഏതെങ്കിലും തെറ്റായ പ്രസ്താവനകൾ സമാനമായ ഇടപാടുകളിൽ സ്ഥിരമായി സംഭവിക്കുകയും ധാരാളം റെക്കോഡുകളെ ബാധിക്കുകയും ചെയ്യും.

നിലവിൽ ഉപയോഗിക്കുന്ന പരീക്ഷാസംബന്ധമായ സോഫ്റ്റ്‌വെയറുകളിൽ ഭൂരിഭാഗവും 2001–ൽ വികസിപ്പിച്ച പഴയ സോഫ്റ്റ്‌വെയർ അടിസ്ഥാനമാക്കിയുള്ളതും, പല ഇന്റർഫേസുകളും അടുത്തിടെമാത്രം കൂട്ടിച്ചേർത്തതും ലോഗിംഗ് സൗകര്യങ്ങൾ ഇല്ലാത്തതുമാണ് എന്ന് സർക്കാർ പ്രസ്താവിച്ചു (2021 ഡിസംബർ). ഗ്രേസ് മാർക്ക് ചേർക്കൽ, പേപ്പർ റദ്ദാക്കൽ, പരീക്ഷാഫലം പ്രസിദ്ധീകരിച്ചതിന് ശേഷമുള്ള അവസാന സെമസ്റ്റർ മൂല്യനിർണ്ണയത്തിൽ ലഭിക്കുന്ന മാർക്കിൽ മാറ്റം വരുത്തൽ തുടങ്ങിയവയ്ക്കുള്ള അടിസ്ഥാന സംവിധാനം സോഫ്റ്റ്‌വെയറിൽ ചേർത്തു വരികയാണെന്നും പറഞ്ഞു. പ്രവർത്തനത്തിലിരിക്കുന്ന ഡാറ്റാബേസിലല്ലാതെ പകരം പ്രത്യേകമായി സൂക്ഷിക്കുന്ന ഡാറ്റാബേസിലാണ് സോഫ്റ്റ്‌വെയർ വികസന പ്രവർത്തനങ്ങൾ നടത്തുന്നത്. സോഫ്റ്റ്‌വെയർ ഇന്റർഫേസിലൂടെ കൈകാര്യം ചെയ്യാൻ കഴിയാത്ത തിരുത്തലുകൾ മാത്രമാണ് ഡാറ്റാബേസിൽ നേരിട്ട് നടത്തുന്നതെന്നും ഇത്തരത്തിലുള്ള തിരുത്തലുകൾ പരീക്ഷാഫല പ്രസിദ്ധീകരണവേളയിലുള്ള മുൻഗണനയിലുള്ള അഭ്യർത്ഥനകൾ കാരണമാണെന്നും പിന്നീട്ടുള്ള റഫറൻസിനായി ഡാറ്റാബേസിൽ നേരിട്ടു മാറ്റം വരുത്തുമ്പോഴെല്ലാം ലോഗ് ചേർക്കുന്നരീതി ആരംഭിച്ചതായും പ്രസ്താവിച്ചു.

നിർണ്ണായക ഡാറ്റാബേസിലേക്ക്, സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നവർക്ക് അനിയന്ത്രിതമായ പ്രവേശനം അനുവദിക്കുന്നതും ലോഗ്ഫയലുകളിൽ വിശദാംശങ്ങളുടെ അഭാവം ഉള്ളതും ഗുരുതരമായ ആശങ്കയുളവാക്കുന്ന

പ്രശ്നങ്ങളാണ്. ടാബുലേഷൻ സോഫ്റ്റ്‌വെയർ മാറ്റി കൂടുതൽ ശക്തമായ ഒരു മോഡ്യൂൾ സ്ഥാപിക്കേണ്ടതാണ്.

### 5.4.4. വെബ്സൈറ്റുകളുടേയും സോഫ്റ്റ്‌വെയറിന്റേയും സുരക്ഷാ ഓഡിറ്റ്

കേരള സർക്കാർ ഉത്തരവ് (സ.ഉ (എംഎസ്) നം. 8/2019/വിവര സാങ്കേതിക വകുപ്പ്, തീയതി 22 ഏപ്രിൽ 2019) അനുസരിച്ച് സംസ്ഥാന ഡാറ്റാസെന്ററിലോ മറ്റെവിടെയെങ്കിലുമോ ഹോസ്റ്റ് ചെയ്യേണ്ട ഇ-ഗവേണൻസ് ആപ്ലിക്കേഷൻ പ്രവർത്തനമാരംഭിക്കുന്നതിനു മുൻപ് സുരക്ഷാ ഓഡിറ്റ് ചെയ്യേണ്ടതും പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുന്നതിനുമുൻപ് സി.ഈ.ആർ.ടി-ഇൻ എംപാനൽ ചെയ്ത സെക്യൂരിറ്റി ഓഡിറ്റിംഗ് ഏജൻസിയിൽ നിന്നും "സേഫ് ടു ഹോസ്റ്റ്" സർട്ടിഫിക്കേഷൻ നേടേണ്ടതുമാണ്. സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ ഹോസ്റ്റ് ചെയ്തിട്ടുള്ള എല്ലാ വെബ്സൈറ്റുകളും സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകളും അവ ഹോസ്റ്റ് ചെയ്യപ്പെടുന്നതിന് മുൻപോ ആപ്ലിക്കേഷനിൽ മാറ്റം വരുത്തുമ്പോഴോ സമ്പൂർണ്ണസുരക്ഷാ ഓഡിറ്റ് പ്രക്രിയയിലൂടെ കടന്നുപോകേണ്ടതുണ്ട്. സുരക്ഷാ ഓഡിറ്റും പെനിട്രേഷൻ പരിശോധനയും നടത്തിയതിന് ശേഷം അവയുടെ ദൗർബല്യങ്ങൾ ലഘൂകരിക്കാനും, ആപ്ലിക്കേഷന്റെയും അതിന്റെ സാഹചര്യത്തിന്റെയും സുരക്ഷ ശക്തിപ്പെടുത്താനുമായി തുടർന്ന് ശക്തമാക്കേണ്ടതുമാണ്. കുറഞ്ഞത് രണ്ടു വർഷത്തിലൊരിക്കൽ സോഫ്റ്റ്‌വെയർ സുരക്ഷാ ഓഡിറ്റുകൾ നടത്തേണ്ടതാണ്.

വെബ്സൈറ്റുകളും ആപ്ലിക്കേഷനുകളും സർവകലാശാല ഹോസ്റ്റ് ചെയ്തിരിക്കുന്നത് സ്റ്റേറ്റ് ഡാറ്റാസെന്ററിലും സർവകലാശാല ഡാറ്റാ സെന്ററിലുമാണ്. 59 സോഫ്റ്റ്‌വെയർ/ വെബ്സൈറ്റുകളിൽ സ്റ്റേറ്റ് ഡാറ്റാസെന്ററിൽ ഹോസ്റ്റ് ചെയ്തിരിക്കുന്ന ഒരു വെബ്സൈറ്റ്[61] സുരക്ഷാ ഓഡിറ്റ് നടത്തുന്നതിനു വേണ്ട പ്രക്രിയയിലും സർവകലാശാലാ ഡാറ്റാ സെന്ററിൽ ഹോസ്റ്റ് ചെയ്തിരിക്കുന്ന ഒരു വെബ്സൈറ്റ്[62] സുരക്ഷാ ഓഡിറ്റ് ചെയ്തതുമാണ്. സർവകലാശാല നൽകിയ മറുപടികൾ പ്രകാരമുള്ള സോഫ്റ്റ്‌വെയർ/ വെബ്സൈറ്റുകളുടെ ഓഡിറ്റ് സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 5.4**-ൽ കൊടുത്തിരിക്കുന്നു.

സുരക്ഷാ ഓഡിറ്റ് നടത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നതായും പരീക്ഷാപോർട്ടലിന്റെ സുരക്ഷാ ഓഡിറ്റ് പൂർത്തിയായതായും സർവകലാശാലയുടെ പ്രധാന വെബ്സൈറ്റിന്റെ ഓഡിറ്റ് പുരോഗമിക്കുന്നതായും സർക്കാർ പ്രസ്താവിച്ചു (2021 ഡിസംബർ). സി.ബി.സി.എസ്.എസ് ടാബുലേഷൻ സോഫ്റ്റ്‌വെയറിന്റെ ഓഡിറ്റ് ചുമതല സി-ഡാകിനെ ഏൽപ്പിക്കാൻ സിൻഡിക്കേറ്റ് തീരുമാനിച്ചു. ധാരണാപത്രം തയ്യാറാക്കുന്നതു വരെ തുടർനടപടികൾ എത്തിനിൽക്കുന്നു.

റെമിറ്റൻസുകൾ കൈകാര്യം ചെയ്യുന്ന ക്യാഷ് കൗണ്ടർ സോഫ്റ്റ്‌വെയർ, ഓൺലൈൻ പെയ്മെന്റ് പോർട്ടൽ എന്നിവയും ടാബുലേഷൻ

61 സർവകലാശാലയുടെ ഔദ്യോഗിക വെബ്സൈറ്റ്

62 ഓൺലൈൻ പരീക്ഷാ പോർട്ടൽ

സോഫ്റ്റ്‌വെയറും പോലെയുള്ള പ്രധാനപ്പെട്ട സോഫ്റ്റ്‌വെയറുകൾ സുരക്ഷാഓഡിറ്റ് ചെയ്തിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

### 5.4.5. കാഷ് കൗണ്ടർ സോഫ്റ്റ്‌വെയറിലെ പോരായ്മകൾ

കാര്യക്ഷമമായ നിരീക്ഷണവും സുരക്ഷയും ഉറപ്പുവരുത്താൻ ഇൻപുട്ട് നിയന്ത്രണങ്ങൾ ശക്തമായിരിക്കണം. കാഷ് കൗണ്ടർ വഴി ഫീസ് ഒടുക്കുമ്പോൾ പണമൊടുക്കിയയാളിന്റെ പേര്, പണമടച്ചതിന്റെ ഉദ്ദേശ്യം, ഫീസ് തുക, രസീതിന്റെ തരം (പരീക്ഷ/വകുപ്പുതലം/പൊതുവായത്) എന്നിവ കാഷ് കൗണ്ടർ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുന്നുണ്ട്. ഫീസ് ഒടുക്കുന്ന വിദ്യാർത്ഥികളുടെ കോഡ്/ രജിസ്ട്രേഷൻ നമ്പർ എന്നിവ പണമടയ്ക്കുന്ന കൗണ്ടറിൽ രേഖപ്പെടുത്തുന്നില്ല. പണമടയ്ക്കലിന്റെ ഉദ്ദേശ്യം തെരഞ്ഞെടുക്കുമ്പോൾ അടയ്ക്കേണ്ട തുക സ്വയമേ വരാത്തതിനാൽ കാഷ് കൗണ്ടർ ജീവനക്കാർ ഫീസ് തുകകൾ ടൈപ്പ് ചെയ്യുന്നു. പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുമ്പോൾ പണമടയ്ക്കുന്ന രസീത് നമ്പറും വിദ്യാർത്ഥിയുടെ കോഡ്/രജിസ്റ്റർ നമ്പറും (ഓരോ സർവകലാശാലാ വിദ്യാർത്ഥിയ്ക്കും നൽകിയിരിക്കുന്ന തനത് കോഡ്) നിർബന്ധിത ഫീൽഡുകളാണ്. ഓഡിറ്റിൽ ശ്രദ്ധയിൽപ്പെട്ട സോഫ്റ്റ്‌വെയറിലെ പാളിച്ചകൾ ചുവടെ വിശദമായി പ്രതിപാദിച്ചിരിക്കുന്നു.

- വിദ്യാർത്ഥികളുടെ കോഡ്/രജിസ്റ്റർ നമ്പർ കാഷ് കൗണ്ടറിൽ രേഖപ്പെടുത്താത്തതിനാൽ, ഓൺലൈൻ പരീക്ഷാ രജിസ്ട്രേഷൻ സമയത്ത് രസീതു നമ്പർ പ്രകാരമുള്ള വിദ്യാർത്ഥിയാണോ യഥാർത്ഥത്തിൽ പണമടച്ചതെന്ന് സോഫ്റ്റ്‌വെയറിൽ പരിശോധിക്കാൻ സാധിക്കുന്നില്ല. അങ്ങനെ മറ്റൊരു വിദ്യാർത്ഥിക്ക് പണമടയ്ക്കാതെ തന്നെ പരീക്ഷയ്ക്ക് (മറ്റൊരു വിദ്യാർത്ഥിയുടെ പണമടച്ച രസീത് നമ്പർ വിവരങ്ങൾ നേടിയെടുക്കാൻ കഴിയുന്ന) വിജയകരമായി രജിസ്റ്റർ ചെയ്യാമെന്ന അനർഹമായ നേട്ടത്തിനുള്ള സാധ്യതയുണ്ട്.

  കാഷ് കൗണ്ടർ സോഫ്റ്റ്‌വെയറിൽ വിദ്യാർത്ഥിയുടെ കോഡ്/ രജിസ്ട്രേഷൻ നമ്പർ എന്നിവ നൽകാനുള്ള സൗകര്യം നടപ്പിലാക്കിയിരുന്നെങ്കിലും ഓരോ പരീക്ഷാ രസീതിലും കൗണ്ടർ ജീവനക്കാർ 10 അക്ക വിദ്യാർത്ഥി കോഡ് ടൈപ്പ് ചെയ്യുമ്പോളുണ്ടാകാനിടയുള്ള പിഴവുകൾ ചൂണ്ടിക്കാട്ടി അത് പ്രവർത്തനരഹിതമാക്കിയതായി സർക്കാർ പ്രസ്താവിച്ചു (2021 ഡിസംബർ). ഒരു വിദ്യാർത്ഥിക്ക് സേവനം നൽകാൻ ലഭ്യമായ സമയം ഒന്നു മുതൽ മൂന്ന് മിനിട്ടു വരെയാണ്. പ്രതിദിനം ആയിരത്തോളം വിദ്യാർത്ഥികൾക്ക് സേവനം നൽകേണ്ടതായിട്ടുണ്ട്.

  വിദ്യാർത്ഥികളുടെ കോഡ്/രജിസ്ട്രേഷൻ നമ്പർ നൽകാനുള്ള സോഫ്റ്റ്‌വെയറിലെ സംവിധാനം പ്രവർത്തന രഹിതമാക്കിയതിലൂടെ തെറ്റുകൾ/തിരിമറികൾക്കുള്ള ഉണ്ടാകാനുള്ള സാധ്യത സർവകലാശാല അനുവദിച്ചതിനാൽ മറുപടി സ്വീകാര്യമല്ല. വിദ്യാർത്ഥികളുടെ എണ്ണം കൂടിയതിനാൽ സോഫ്റ്റ്‌വെയറിലെ

സംവിധാനം പ്രവർത്തനരഹിതമാക്കി എന്ന മറുപടിയും സ്വീകാര്യമല്ല കാരണം ഫീസ് സ്വീകരിക്കുന്നതിന് കൂടുതൽ കൗണ്ടറുകൾ തുറന്ന് വിദ്യാർത്ഥികളെ നിയന്ത്രിക്കാൻ സർവകലാശാലയ്ക്ക് കഴിയുമായിരുന്നു.

- ഫീസ് തുക തെറ്റായി രേഖപ്പെടുത്തിയതിനാലാണ് രസീതുകൾ പലതും റദ്ദാക്കിയത്[63]. നിർദ്ദേശിച്ചിട്ടുള്ള ഫീസ് തുകകളുടെ സാധ്യമായ ഡാറ്റാ എൻടി വാല്യൂസിൽ പരിമിതപ്പെടുത്താത്തതും സാധ്യമായ ഫീസ് ഒടുക്കലുകളുടെ ഡ്രോപ്പ് ഡൗൺ മെനു നടപ്പിൽ വരുത്താത്തതും കൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്.

  വിവിധ പണമടയ്ക്കലുമായി ബന്ധപ്പെട്ട് നിശ്ചയിച്ചിട്ടുള്ള ഫീസുകളുടെ മാസ്റ്റർ ഡാറ്റാ ഇതുവരെ തയ്യാറാക്കി സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിനായി കമ്പ്യൂട്ടർ സെന്ററിൽ നൽകിയിട്ടില്ലെന്ന് സർക്കാർ പ്രസ്താവിച്ചു (2021 ഡിസംബർ).

  ഫീസ് സംബന്ധിച്ച മാസ്റ്റർ ഡാറ്റ തയ്യാറാക്കി കമ്പ്യൂട്ടർ സെന്ററിലേക്ക് കൈമാറുന്നത് വിവരങ്ങൾ തെറ്റായി രേഖപ്പെടുത്തുന്നത് കുറയ്ക്കാൻ സർവകലാശാലയെ സഹായിക്കുമായിരുന്നു.

- സെക്ഷൻ ഓഫീസർ, അതാത് രസീത് ഫോമിൽ തന്നെ റദ്ദാക്കൽ രേഖപ്പെടുത്തുകയും കാഷ് കൗണ്ടറിൽ നിന്നും ഇതിനു പകരം പുതിയ രസീത് നൽകുകയും ചെയ്യുന്നു. റദ്ദാക്കിയ രസീതിനു പകരമായുള്ള പുതിയ രസീതിന്റെ വിവരങ്ങൾ ഡാറ്റാബേസിൽ ഉൾക്കൊള്ളിക്കുന്നില്ല. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ പഴയ രസീതിനുപകരമാണോ പുതിയ രസീത് നൽകിയതെന്ന് ഉറപ്പാക്കാമായിരുന്നു. 2016-2017 മുതൽ 2020-21 വരെയുള്ള കാലയളവിൽ ₹5.99 കോടിയുടെ ഇടപാടുകൾ റദ്ദാക്കിയതായി നിരീക്ഷിച്ചു.

  രസീതുകൾ റദ്ദാക്കുമ്പോൾ ഉപയോക്താക്കൾക്കായുള്ള പരാമർശങ്ങൾ രേഖപ്പെടുത്തുന്നതിന് പ്രത്യേകം സ്ഥലം ഉണ്ടായിരുന്നിട്ടും ഉപയോക്തൃ ഇന്റർഫേസിലെ പ്രസ്തുത സ്ഥലവും ഫീൽഡും ശൂന്യമായി സൂക്ഷിച്ചിരിക്കുകയാണെന്നും ബന്ധപ്പെട്ട ഉപയോക്താക്കളുടെ ഉചിതമായ അഭിപ്രായങ്ങൾ ചേർത്ത് കാലാനുസൃതമായ മാറ്റം വരുത്തുന്നില്ലെന്നും സർക്കാർ പ്രസ്താവിച്ചു (2021 ഡിസംബർ).

  റദ്ദാക്കിയ രസീതുകളുമായി ബന്ധപ്പെട്ട അപകടസാധ്യത ഇല്ലാതാക്കുന്നതിനോ/കുറയ്ക്കുന്നതിനോ വേണ്ടി അത് പകരം അനുവദിച്ച പുതിയ രസീതുകളുമായി ബന്ധപ്പെടുത്തേണ്ടതും, കൂടാതെ

[63] യഥാർത്ഥ ഫീസ് തുക ₹50 ആയിരുന്നപ്പോൾ ടൈപ്പിംഗ് പിശകിൽ ₹50000 ആയി

രസീത് റദ്ദാക്കാനുള്ള കാരണം നിർദ്ദിഷ്ട കോളത്തിൽ ഉൾപ്പെടുത്തേണ്ടതുമാണ് എന്നതിനാൽ മറുപടി സ്വീകാര്യമല്ല.

### 5.4.6. വിവരസാങ്കേതിക ആസ്തികളുടെ ആനുകാലിക സ്റ്റോക്ക് പരിശോധന

കേരള ഫിനാൻഷ്യൽ കോഡിലെ ചട്ടം 158 ലെ വ്യവസ്ഥകൾ അനുസരിച്ച് ഓരോ വകുപ്പിലും നിർദ്ദേശിച്ചിരിക്കുന്ന വിധത്തിൽ എല്ലാ സ്റ്റോക്കുകളും വർഷത്തിലൊരിക്കലെങ്കിലും ആനുകാലികമായി പരിശോധിക്കണം. ഫർണിച്ചർ, കംപ്യൂട്ടർ, അതിന്റെ അനുബന്ധ ഉപകരണങ്ങൾ എന്നിവ ഉൾപ്പെടെയുള്ള സ്റ്റോക്ക് പരിശോധിക്കണം. ഓരോ പരിശോധനയ്ക്കുശേഷവും ഓഫീസ് മേധാവി പരിശോധന സാക്ഷ്യപത്രത്തിൽ ഒപ്പിട്ട് നിയന്ത്രണ അധികാരിയ്ക്ക് സമർപ്പിക്കണം.

2016–17 മുതൽ 2020–21 വരെയുള്ള കാലയളവിൽ വിവരസാങ്കേതിക ആസ്തികളുടെ ആനുകാലിക സ്റ്റോക്ക് പരിശോധന നടത്തിയിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

സർവകലാശാല പ്രവർത്തനത്തിന് വിവരസാങ്കേതിക ആസ്തികൾ നിർണ്ണായകമാണെന്ന വസ്തുത കണക്കിലെടുത്ത്, സ്റ്റോക്ക് പരിശോധന കാലാനുസൃതമായി നടത്തേണ്ടതായിരുന്നു.

ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുവേണ്ട വിവരങ്ങൾ ക്രോഡീകരിക്കുന്നതിനായി സെക്ഷനുകളിൽ ഉപയോഗിക്കുന്ന കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, സ്കാനറുകൾ എന്നിവ സംബന്ധിച്ച വിവരങ്ങളും, സെക്ഷനുകളുടെ സ്റ്റോക്കിലുള്ള കംപ്യൂട്ടറുകൾ, പ്രിന്ററുകൾ, സ്കാനറുകൾ എന്നിവയുടെ മൊത്തം എണ്ണവും അയച്ചുതരണമെന്ന് എല്ലാ സെക്ഷനുകൾക്കും സർവകലാശാല നിർദ്ദേശം നൽകിയതായി സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13).

മുകളിൽ നൽകിയ മറുപടിയിൽ നിന്നും, സ്റ്റോക്ക് രജിസ്റ്റർ ഏകീകരിക്കുന്നതിനുവേണ്ടിയുള്ള വിവരസാങ്കേതിക ആസ്തികളെ സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിക്കുന്ന പ്രക്രിയ സർവകലാശാല ഇപ്പോഴും തുടരുകയാണെന്ന് വ്യക്തമാണ്.

## 5.5. കേരള സർവകലാശാലയുടെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവൃത്തികളുടെ നടത്തിപ്പിലെ പോരായ്മകൾ

കേരള സർവകലാശാലയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക എന്ന പ്രാഥമിക ലക്ഷ്യത്തോടെയാണ് സർവകലാശാല എഞ്ചിനീയറുടെ നേതൃത്വത്തിൽ കേരള സർവകലാശാലയുടെ എഞ്ചിനീയറിംഗ് വിഭാഗം സ്ഥാപിച്ചത്. എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവൃത്തികളുടെ നടത്തിപ്പിൽ കണ്ടെത്തിയ പോരായ്മകൾ ചുവടെ ചേർക്കുന്നു.

### 5.5.1. പ്രാദേശിക അധികാരികളുടെ അനുമതിയില്ലാതെ കെട്ടിടങ്ങളുടെ നിർമ്മാണം

കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ്, 1999, ചട്ടം 4 അനുസരിച്ച്, സെക്രട്ടറിയിൽ നിന്ന് പ്രത്യേക ബിൽഡിംഗ് പെർമിറ്റ് ആദ്യമേ വാങ്ങാതെ ഒരു വ്യക്തിയും കെട്ടിടം നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ കൂട്ടിച്ചേർക്കുകയോ വിപുലീകരിക്കുകയോ മാറ്റം വരുത്തുകയോ ചെയ്യരുത്.

ഒരു കെട്ടിടത്തിന്റെ നിർമ്മാണത്തിനോ പുനർനിർമ്മാണത്തിനോ അല്ലെങ്കിൽ മാറ്റം വരുത്താനോ കൂട്ടിച്ചേർക്കാനോ വിപുലീകരിക്കാനോ ഉള്ള ജോലി നിർവഹിക്കുന്നതിന് പ്രാദേശിക അതോറിറ്റി സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുമതിയോ അംഗീകാരമോ ആണ് ബിൽഡിംഗ് പെർമിറ്റ്. എന്നാൽ ഏതെങ്കിലും വ്യക്തി പെർമിറ്റ് വാങ്ങുന്നതിൽ പരാജയപ്പെടുകയോ അല്ലെങ്കിൽ നിയമവിരുദ്ധമായി ആരംഭിച്ചതോ നടപ്പിലാക്കുന്നതോ പൂർത്തിയാക്കിയതോ ആയ നിർമ്മാണ പ്രവർത്തനങ്ങൾ ക്രമപ്പെടുത്തുന്നതിൽ പരാജയപ്പെട്ടാൽ ക്രമരഹിതമായി നിർമ്മിച്ച കെട്ടിടമോ കെട്ടിടത്തിന്റെ ഒരു ഭാഗമോ പൊളിക്കാനുള്ള നിർദ്ദേശം നൽകാൻ സെക്രട്ടറിക്ക് അധികാരമുണ്ട്.

സർവകലാശാല എഞ്ചിനീയറിംഗ് യൂണിറ്റാണ് പദ്ധതി ഫണ്ടിന് കീഴിൽ (കേന്ദ്ര, സംസ്ഥാന ഫണ്ടുകൾ) സർവകലാശാലയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്. ഓഡിറ്റ് കാലയളവിൽ, 16 കെട്ടിടങ്ങളുടെ നിർമ്മാണം (**അനുബന്ധം 5.5**) സർവകലാശാല ഏറ്റെടുത്തു. എന്നാൽ കെട്ടിടങ്ങളൊന്നും നിർമ്മാണാനുമതി വാങ്ങാതെയാണ് നിർമ്മിച്ചിരിക്കുന്നതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. നാല് കെട്ടിടങ്ങൾക്കുള്ള അനുമതിക്കായി സർവകലാശാല അപേക്ഷിച്ചിരുന്നുവെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും അത് നൽകിയില്ല. കെട്ടിട പെർമിറ്റിന്റെ അഭാവത്തിൽ ഈ കെട്ടിടങ്ങൾക്ക് ഓക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല.

കേരള സർവകലാശാല നിർമ്മിച്ച കെട്ടിടങ്ങൾ പൊതു ആവശ്യങ്ങൾക്ക് വേണ്ടിയുള്ളതാണെന്ന് സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13). നിർമ്മാണ പ്രവർത്തനങ്ങൾക്ക് തദ്ദേശസ്ഥാപനങ്ങളിൽ നിന്നുള്ള അനുമതി വാങ്ങുന്നതിൽ നിന്ന് സർവകലാശാലയ്ക്ക് ഇളവ് നൽകണമെന്നാവശ്യപ്പെട്ട് രജിസ്ട്രാർ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് അപേക്ഷ നൽകി. മറുപടിക്കായി കാത്തിരിക്കുന്നു.

കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികളാണ് ബിൽഡിംഗ് പെർമിറ്റുകളും ഓക്യുപ്പൻസി സർട്ടിഫിക്കറ്റുകളും. ധാരാളം ഉപയോക്താക്കൾ സർവകലാശാല കെട്ടിടങ്ങൾ ഉപയോഗിക്കുന്നതിനാൽ, പെർമിറ്റുകൾ / സർട്ടിഫിക്കറ്റുകൾ ലഭിക്കാത്തത് ഒരു വീഴ്ചയാണ്. ഇത് മുൻഗണനാടിസ്ഥാനത്തിൽ പരിഹരിക്കേണ്ടതായിട്ടുണ്ട്.

### 5.5.2. വൈകിയ / അപൂർണ്ണമായ പ്രവൃത്തികൾ

2011 മുതൽ 2017 വരെയുള്ള കാലയളവിൽ ഭരണാനുമതി ലഭിച്ച ₹9.70 കോടി ഉൾപ്പെട്ട അഞ്ച് പ്രധാന അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾക്ക് തടസ്സ രഹിത ഭൂമി നൽകുന്നതിൽ സർവകലാശാലയ്ക്ക് ഉണ്ടായ പരാജയം, എസ്റ്റിമേറ്റ് പുതുക്കുന്നതിലെ കാലതാമസം, കൺസൾട്ടന്റുമാർ ഡ്രോയിംഗ് നൽകുന്നതിലെ കാലതാമസം, അപകടസാധ്യത, നഷ്ടോത്തരവാദിത്ത വ്യവസ്ഥ നടപ്പാക്കാതിരിക്കുക തുടങ്ങിയ കാരണങ്ങളാൽ അപൂർണമായി തുടരുന്നതായി ഓഡിറ്റിൽ ശ്രദ്ധയിൽപ്പെട്ടു. അഞ്ച് പ്രവൃത്തികളുടെ വിശദാംശങ്ങൾ **അനുബന്ധം 5.6**–ൽ നൽകിയിരിക്കുന്നു. ഭൂരിഭാഗം കേസുകളിലും, സമയവും ചെലവും അധികരിച്ചിട്ടുണ്ടെങ്കിലും, അതിന്റെ ഉത്തരവാദിത്തം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിലോ കൺസൾട്ടന്റുകളിലോ കരാറുകാരിലോ ചുമത്താൻ സർവകലാശാല ഒരു നടപടിയും സ്വീകരിച്ചിട്ടില്ല.

## 5.6. ഉപസംഹാരം

സർവകലാശാലയുടെ നിയന്ത്രണത്തിലുള്ള ചില സ്ഥാപനങ്ങളിൽ പലമേഖലകളിലും അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടായിരുന്നില്ല. ആരോഗ്യപരിരക്ഷാ സൗകര്യങ്ങളുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ സർവകലാശാല പാലിച്ചില്ല. സർവകലാശാലയുമായി ബന്ധപ്പെട്ട രണ്ട് ആരോഗ്യകേന്ദ്രങ്ങൾ കാര്യക്ഷമമായി പ്രവർത്തിച്ചിരുന്നില്ല. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള സൗകര്യങ്ങൾ അപര്യാപ്തമായിരുന്നു. സ്റ്റേറ്റ് ഡാറ്റാ സെന്ററിലും യൂണിവേഴ്സിറ്റി ഡാറ്റാ സെന്ററിലും വിന്യസിച്ചിട്ടുള്ള യൂണിവേഴ്സിറ്റി ഉപയോഗിക്കുന്ന മിക്ക സോഫ്റ്റ്‌വെയറുകളും/ വെബ്സൈറ്റുകളും സുരക്ഷാ ഓഡിറ്റ് ചെയ്യിട്ടില്ല. സർവകലാശാല ഏറ്റെടുത്ത ഭൗതിക അടിസ്ഥാന സൗകര്യപ്രവൃത്തികളിൽ ഒട്ടുമിക്കതും അപൂർണമായിരിക്കുന്നത് ഒരു ലോകോത്തര സർവകലാശാലയുടെ സൗകര്യങ്ങൾ വിദ്യാർഥികൾക്ക് നിഷേധിക്കപ്പെടുന്നു.

## 5.7. ശിപാർശകൾ

- **നിലവിലുള്ള യു.ജി.സി മാനദണ്ഡങ്ങളനുസരിച്ച് സർവകലാശാല നൽകേണ്ട പ്രാഥമിക അടിസ്ഥാന സൗകര്യങ്ങളെങ്കിലും തങ്ങളുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ നൽകുന്നുണ്ടെന്ന് സർവകലാശാല ഉറപ്പുവരുത്തേണ്ടതാണ്. നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളിലെ പോരായ്മകൾ ഇല്ലാതാക്കാൻ സമയബന്ധിതമായ പരിപാടികൾ ആവിഷ്കരിക്കേണ്ടതാണ്.**

*(ഖണ്ഡിക 5.1.1)*

- **സർവകലാശാല എല്ലാവകുപ്പുകളിലും അതിന്റെ നിയന്ത്രണത്തിലുള്ള എല്ലാ സ്ഥാപനങ്ങളിലും ഭിന്നശേഷിസൗഹൃദ അടിസ്ഥാന**

സൗകര്യങ്ങൾ സൃഷ്ടിച്ചുകൊണ്ട് ഉന്നതവിദ്യാഭ്യാസം കൂടുതൽ സമഗ്രമാക്കാനുള്ള എല്ലാശ്രമങ്ങളും നടത്തേണ്ടതാണ്.

*(ഖണ്ഡിക 5.3)*

- സർവകലാശാലയിൽ സോഫ്റ്റ്‌വെയർ വിന്യസിക്കുന്നതിനുമുൻപ്, സർക്കാരിന്റെ വിവരസാങ്കേതിക വകുപ്പുമായി കൂടിയാലോചിച്ച്, ഉപയോക്താക്കളുടെ സ്വീകാര്യതാ പരിശോധന, ബാഹ്യ പ്രാമാണീകരണം, സുരക്ഷാ ഓഡിറ്റ് തുടങ്ങി മുൻകൂർ ചെയ്യേണ്ടവ നിർബന്ധമായും പാലിക്കേണ്ടതാണ്.

*(ഖണ്ഡിക 5.4)*

- ബാധ്യതാരഹിതമായ ഭൂമിയുടെ ലഭ്യത പോലെയുള്ള വ്യവസ്ഥകൾ തൃപ്തികരമാണെന്ന് ഉറപ്പുവരുത്തിയശേഷം മാത്രമേ പുതിയ പദ്ധതികൾക്ക് അംഗീകാരം നൽകാൻ പാടുള്ളൂ.

*(ഖണ്ഡിക 5.5.2)*

(അനിം ചെറിയാൻ)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ
(ഓഡിറ്റ് I), കേരള

തിരുവനന്തപുരം,
2022 ജൂലൈ 01

**മേലൊപ്പിട്ടത്**

(ഗിരീഷ് ചന്ദ്ര മുർമു)
ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ

ന്യൂഡൽഹി,
2022 ജൂലൈ 04




# അനുബന്ധങ്ങൾ

**അനുബന്ധം 1.1**

**ഘടനാ ചിത്രം**

***(പരാമർശം: ഖണ്ഡിക 1.1)***

**എ) സർവകലാശാല അധികാരികൾ**




**ബി) സർവകലാശാലയിലെ ഉദ്യോഗസ്ഥർ**



## അനുബന്ധം 1.2

## കേരള സർവകലാശാലയിലെ സ്ഥാപനങ്ങളുടെയും സഹായകേന്ദ്രങ്ങളുടെയും പട്ടിക

***(പരാമർശം: ഖണ്ഡിക 1.1)***

| | |
|---|---|
| സർവകലാശാലയിലെ സെന്ററുകളും മറ്റു സ്ഥാപനങ്ങളും | സെന്ററുകൾ–60 നിഘണ്ടു വകുപ്പ്, യു.ഐ.റ്റികൾ–34, യു.ഐ.എമ്മുകൾ–7 കെ.യു.സി.റ്റി.ഇകൾ–10 യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, യു.ജി.സി ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് സെന്റർ (അക്കാദമിക് സ്റ്റാഫ് കോളേജ്), സെന്റർ ഫോർ അഡൽട്ട് കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ ആന്റ് എക്സ്റ്റെൻഷൻ (സി.എ.സി.ഇ.ഇ) |
| സഹായസേവന കേന്ദ്രങ്ങളും മറ്റു വിഭാഗങ്ങളും | കേരള സർവകലാശാല കമ്പ്യൂട്ടർ സെന്റർ, ഇൻസ്ട്രുമെന്റേഷൻ ഫെസിലിറ്റേഷനു വേണ്ട കേന്ദ്ര ലൈബ്രറി, കേരള സർവകലാശാല ലൈബ്രറി, സർവകലാശാല അച്ചടിശാല, എഞ്ചിനീയറിംഗ് യൂണിറ്റ്, ആരോഗ്യ കേന്ദ്രം–2, വിദ്യാർത്ഥിസേവന വിഭാഗം, കായികവിദ്യാഭ്യാസ വിഭാഗം, പ്രസിദ്ധീകരണ വിഭാഗം, എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോ, പ്ലേസ്മെന്റ് സെൽ, ഫിനിഷിംഗ് സ്കൂൾ |
| അനുബന്ധ സ്ഥാപനങ്ങൾ | ആർട്സ് ആന്റ് സയൻസ് കോളേജുകൾ–111, ഹോട്ടൽ മാനേജ്മെന്റ്–3, സ്പെഷ്യൽ എഡ്യൂക്കേഷൻ–1, ഫിസിക്കൽ എഡ്യൂക്കേഷൻ–1, മ്യൂസിക് ആന്റ് ഫൈൻ ആർട്ട്സ്–3, ടീച്ചർ എഡ്യൂക്കേഷൻ–48, എം.സി.എ/എം.ബി.എ–13, നിയമം–7, ഫാഷൻ ടെക്നോളജി–1, എഞ്ചിനീയറിങ്–1 |
| ഗവേഷണ കേന്ദ്രങ്ങൾ (സർവകലാശാലാ വിഭാഗങ്ങൾക്കും സെന്ററുകൾക്കും പുറമെ) | 66 (അഫിലിയേറ്റഡ് കോളേജുകളിലെ ഗവേഷണ വികസന സ്ഥാപനങ്ങളും ബിരുദാനന്തര വിഭാഗങ്ങളും) |

**അനുബന്ധം 1.3**

**ഓഡിറ്റിൽ ഉൾപ്പെടുത്തിയ സ്ഥാപനങ്ങളുടെ പട്ടിക**

***(പരാമർശം: ഖണ്ഡിക 1.4)***

1. കമ്പ്യൂട്ടർ സെന്റർ, ലൈബ്രറി, എഞ്ചിനീയറിംഗ് വിഭാഗം, അച്ചടിശാല, പ്രസിദ്ധീകരണ വിഭാഗം, ആരോഗ്യകേന്ദ്രം, ഹോസ്റ്റലുകൾ, അതിഥിമന്ദിരങ്ങൾ തുടങ്ങിയ സർവകലാശാല ഭരണനിർവ്വഹണ വിഭാഗങ്ങളും സഹായസേവന കേന്ദ്രങ്ങളും.
2. കായികവിദ്യാഭ്യാസ വിഭാഗം
3. വിദൂരവിദ്യാഭ്യാസ വിഭാഗം
4. യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്
5. ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് സെന്റർ (അക്കാദമിക് സ്റ്റാഫ് കോളേജ്)
6. സെന്റർ ഫോർ അഡൽട്ട് കണ്ടിന്യൂയിംങ് എഡ്യൂക്കേഷൻ ആന്റ് എക്സ്റ്റെൻഷൻ (സി.എ.സി.ഇ.ഇ)
7. നിഘണ്ടു വിഭാഗം
8. 43 അധ്യാപന ഗവേഷണ വിഭാഗങ്ങളിൽ 14 എണ്ണം
    1. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരള
    2. ലൈബ്രറിയും ഇൻഫർമേഷൻ സയൻസ് വിഭാഗം
    3. മലയാളം വിഭാഗം
    4. ഭാഷാ ശാസ്ത്ര വിഭാഗം
    5. തമിഴ് വിഭാഗം
    6. സസ്യശാസ്ത്ര വിഭാഗം
    7. ബയോടെക്നോളജി വിഭാഗം
    8. ജലജീവശാസ്ത്രവും മത്സ്യബന്ധന വിഭാഗം
    9. ഭൗതികശാസ്ത്ര വിഭാഗം
    10. സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം
    11. രാഷ്ട്രതന്ത്ര വിഭാഗം
    12. മനശ്ശാസ്ത്ര വിഭാഗം
    13. കമ്പ്യൂട്ടർ സയൻസ് വിഭാഗം
    14. ഫ്യൂച്ചർ സ്റ്റഡീസ് വിഭാഗം
9. 34 യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ ഒമ്പത് എണ്ണം
    1. യു.ഐ.റ്റി റീജണൽ സെന്റർ, അഴൂർ
    2. യു.ഐ.റ്റി മണ്ണഞ്ചേരി
    3. യു.ഐ.റ്റി റീജണൽ സെന്റർ, കൊല്ലം
    4. യു.ഐ.റ്റി റീജണൽ സെന്റർ, വേളി
    5. യു.ഐ.റ്റി റീജണൽ സെന്റർ, ശാസ്താംകോട്ട
    6. യു.ഐ.റ്റി റീജണൽ സെന്റർ, യേരൂർ
    7. യു.ഐ.റ്റി, അടൂർ
    8. യു.ഐ.റ്റി റീജണൽ സെന്റർ, കരുവാറ്റ
    9. യു.ഐ.റ്റി, മണ്ണടി
10. 64 അക്കാദമിക് സ്റ്റഡി സെന്ററുകളിൽ 16 എണ്ണം
    1. മഹാത്മ അയ്യൻകാളി ചെയർ
    2. കേരള പഠനത്തിനുള്ള അന്താരാഷ്ട്ര കേന്ദ്രം
    3. പാർലമെന്ററി കാര്യങ്ങൾക്കായുള്ള വി.കെ സുകുമാരൻ നായർ ചെയർ

4. സെന്റർ ഫോർ സിസ്റ്റംസ് ആന്റ് സിന്തറ്റിക് ബയോളജി
5. സെന്റർ ഫോർ റിന്യൂവബിൾ എനർജി ആന്റ് മെറ്റീരിയൽസ്
6. സാമൂഹിക സാംസ്കാരിക മാറ്റത്തിനായുള്ള ക്രിസ്ത്യൻപഠന കേന്ദ്രം
7. സെന്റർ ഫോർ ഓസ്ട്രേലിയൻ സ്റ്റഡീസ്
8. സംരംഭകത്വ വികസന സെൽ
9. മനോൻമണീയം സുന്ദരനാർ ദ്രാവിഡ പഠന കേന്ദ്രം
10. സർവകലാശാല ആരോഗ്യ കേന്ദ്രം
11. സെന്റർ ഫോർ ലാറ്റിൻ അമേരിക്കൻ സ്റ്റഡീസ്
12. സെന്റർ ഫോർ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് റിസർച്ച്
13. ജനസംഖ്യ, വാർദ്ധക്യം, ആരോഗ്യം എന്നിവയ്ക്കുള്ള ഡോ.രാംകുമാർ സ്മാരകകേന്ദ്രം
14. പശ്ചിമേഷ്യൻ പഠനകേന്ദ്രം
15. മലയാളത്തിനായുള്ള സാങ്കേതികവിദ്യ വിഭവകേന്ദ്രം
16. സെന്റർ ഫോർ പെർഫോമിംഗ് ആന്റ് വിഷ്വൽ ആർട്സ്

11. 10 കേരള സർവകലാശാല അധ്യാപക പരിശീലന കോളേജുകളിൽ മൂന്നെണ്ണം
    1. കേരള സർവകലാശാല അധ്യാപക പരിശീലന കോളേജ്, കാര്യവട്ടം
    2. കേരള സർവകലാശാല അധ്യാപക പരിശീലന കോളേജ്, അഞ്ചൽ
    3. കേരള സർവകലാശാല അധ്യാപക പരിശീലന കോളേജ്, ആര്യാട്, ആലപ്പുഴ

12. ഏഴ് സർവകലാശാല മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ രണ്ടെണ്ണം
    1. യു.ഐ.എം ആലപ്പുഴ
    2. യു.ഐ.എം അടൂർ

**അനുബന്ധം 1.4**

## 2010 മാർച്ച് 31-ന് അവസാനിച്ച വർഷത്തേയ്ക്കുള്ള ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ (സിവിൽ) റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്ന "കേരള സർവകലാശാലയുടെ പ്രവർത്തനം" എന്ന പ്രവർത്തനക്ഷമതാ ഓഡിറ്റിന്റെ ചർച്ചയ്ക്കുശേഷമുള്ള പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ സംഗ്രഹങ്ങളും ശിപാർശകളും

***(പരാമർശം: ഖണ്ഡിക 1.4)***

1. യു.ജി.സി ധനസഹായം ഗണ്യമായി വർദ്ധിച്ചിട്ടും പദ്ധതി അനുബന്ധ ധനസഹായം കാര്യക്ഷമമായി വിനിയോഗിക്കുന്നതിൽ സർവകലാശാലകൾ അത്രയധികം തൽപരരല്ലെന്നും ഭരണപരമായ ചെലവ് ഫാക്കൽറ്റി ചെലവിനെക്കാൾ വളരെ കൂടുതലാണെന്നും കമ്മിറ്റിയെ അറിയിച്ചു. യു.ജി.സി, ഭാരതസർക്കാർ തുടങ്ങി വിവിധ ഏജൻസികൾ അനുവദിക്കുന്ന ഫണ്ട് ഉന്നത വിദ്യാഭ്യാസ വകുപ്പ് നിരീക്ഷിക്കുകയും, അനുവദിച്ച ഫണ്ട് ഭാവിയിൽ ലാപ്സായി പോകാതിരിക്കാനുള്ള ഉറപ്പാക്കാൻ ആവശ്യമായ നടപടികളെടുക്കുകയും ചെയ്യേണ്ടതാണെന്ന് കമ്മിറ്റി അഭിപ്രായപ്പെടുന്നു.

2. സർവകലാശാലയുടെ വാർഷിക ബജറ്റ് യാഥാർത്ഥ്യബോധമില്ലാതെ തയ്യാറാക്കുന്നതിലൂടെ സർവകലാശാല അധികൃതർ കാണിക്കുന്ന ഭരണപരമായ അലംഭാവത്തെ കമ്മിറ്റി വിമർശിക്കുകയും സർവകലാശാലയുടെ വാർഷികബജറ്റ് പ്രാധാന്യമുള്ളതും യാഥാർത്ഥ്യബോധമുള്ളതും ആയിരിക്കണമെന്ന് അഭിപ്രായപ്പെടുകയും ചെയ്യുന്നു.

3. ആഭ്യന്തരവരവുകൾ, ഭാരത സർക്കാർ, യു.ജി.സി തുടങ്ങിയവയിൽ നിന്നുള്ള വരവുകൾ എന്നീ വിവരങ്ങൾ ഉൾപ്പെടുത്തി 2010-11 വരെ പദ്ധതിയേതര ശീർഷകത്തിലെ വരവിന്റെ കാലികമാക്കിയ എസ്റ്റിമേറ്റുകളും യഥാർത്ഥ ചെലവുകളും സമർപ്പിക്കാൻ ഉന്നത വിദ്യാഭ്യാസവകുപ്പിന് കമ്മിറ്റി നിർദ്ദേശം നൽകുന്നു. കേരള സർവകലാശാലയിലെ ഒഴിവുകളുടെ എണ്ണവും അവയുടെ നിലവിലെ സ്ഥിതിയും കാണിക്കുന്ന റിപ്പോർട്ട് എത്രയും പെട്ടെന്ന് സമർപ്പിക്കാൻ ഉന്നത വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെടുന്നു.

4. സർവകലാശാലകളുടെ സാമ്പത്തിക സ്ഥിതി പഠിക്കുന്നതിനായി നിയോഗിച്ച രവീന്ദ്രൻനായർ കമ്മിറ്റിയുടെ റിപ്പോർട്ട് പരിഗണിച്ച് അതിലുള്ള ശിപാർശകൾ നടപ്പിലാക്കണമെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പിന് കമ്മിറ്റി നിർദ്ദേശം നൽകുന്നു.

5. വിവിധ പദ്ധതികൾക്കുകീഴിലുള്ള സ്കോളർഷിപ്പ് /ഫെല്ലോഷിപ്പിനുള്ള യോഗ്യതാമാനദണ്ഡങ്ങൾ ഒന്നുതന്നെയാണെന്ന് കമ്മിറ്റി നിരീക്ഷിച്ചു. അതിനാൽ ഒരേ വിദ്യാർത്ഥികൾ തന്നെ ഒന്നിലേറെ സ്കോളർഷിപ്പ് പദ്ധതികളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിനാൽ സ്കോളർഷിപ്പുകൾ വിതരണം ചെയ്യാനാകാതിരിക്കുകയും ചെയ്യുന്നു.

6. മറ്റ് സ്കോളർഷിപ്പ് /ഫെല്ലോഷിപ്പുകളുടെ കീഴിൽ വരാത്ത വിദ്യാർത്ഥികൾക്കും പ്രയോജനം ലഭിക്കത്തക്കവിധം സംസ്ഥാന സ്കോളർഷിപ്പുകളുടെ മാനദണ്ഡങ്ങൾ ഇളവു ചെയ്യണമെന്ന് കമ്മിറ്റി ശക്തമായി ശിപാർശ നൽകുന്നു. സ്കോളർഷിപ്പിനു വേണ്ടി വകയിരുത്തുന്ന പണം ലാപ്സാകുന്നില്ലെന്ന് ഉറപ്പു വരുത്താൻ ഉന്നത വിദ്യാഭ്യാസ വകുപ്പ് വേണ്ട നടപടികളെടുക്കണമെന്നും കമ്മിറ്റി നിർദ്ദേശിക്കുന്നു.

7. സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതി തുടരുന്നതിനോടൊപ്പം തന്നെ രവീന്ദ്രൻനായർ കമ്മിറ്റി ശിപാർശ ചെയ്ത സർവകലാശാലാ ജീവനക്കാർക്കുള്ള പ്രത്യേക പെൻഷൻ ഫണ്ട് രൂപീകരിക്കുന്നതു സംബന്ധിച്ച സാധ്യതാപഠനം നടത്താൻ കമ്മിറ്റി ഉന്നതവിദ്യാഭ്യാസ വകുപ്പിന് ശിപാർശ നൽകുന്നു.

8. വാർഷിക അക്കൗണ്ടുകൾ അന്തിമമാക്കാൻ വേണ്ട ആത്മാർത്ഥമായ ശ്രമം സർവകലാശാലകളുടെ ഭാഗത്തു നിന്നും എത്രയും വേഗം ഉണ്ടാകണമെന്നും ഇതു സംബന്ധിച്ച ഏറ്റവും പുതിയ സ്ഥിതി കമ്മിറ്റിയെ അറിയിക്കണമെന്നും കമ്മിറ്റി അഭിപ്രായപ്പെടുന്നു.

9. എല്ലാ സാമ്പത്തിക ഇടപാടുകൾക്കും അക്കൗണ്ടിംഗിനും വേണ്ടി ഒരു പൊതു സമ്പ്രദായം നടപ്പാക്കുന്നതിന് സർവകലാശാലകൾക്കു വേണ്ട ഫിനാൻസ് അക്കൗണ്ട്സ് മാനുവൽ തയ്യാറാക്കേണ്ടതിന്റെ ആവശ്യകത കമ്മിറ്റി ഊന്നിപ്പറയുന്നു.

10. ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കുറവു ചെയ്ത പ്രോവിഡന്റ് ഫണ്ട് തുക സർവകലാശാലയുടെ ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കാതെ സർവകലാശാലയുടെ സ്ഥാപനചെലവുകൾ നടത്തുന്നതിന് വിനിയോഗിച്ചതിന് കമ്മിറ്റി സർവകലാശാല അധികൃതരെ ശക്തമായി വിമർശിക്കുന്നു.

11. പ്രോവിഡന്റ് ഫണ്ടിനു വേണ്ടി ശമ്പളത്തിൽ നിന്നും കുറവുചെയ്ത പണം വകമാറ്റി ചെലവഴിച്ചത് ആ ഫണ്ടിന്റെ ഉദ്ദേശത്തെ തന്നെ പരാജയപ്പെടുത്തിയതായും ഭാവിയിൽ ഇത്തരം വകമാറ്റൽ ഒഴിവാക്കുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പ് ജാഗ്രത പാലിക്കണമെന്നും കമ്മിറ്റി നിർദ്ദേശിക്കുന്നു. ഭാവിയിൽ ഇത്തരം വകമാറ്റം ഉണ്ടാവുകയാണെങ്കിൽ അതിനു കാരണക്കാരനായ വ്യക്തിക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കണമെന്നും കമ്മിറ്റി ശിപാർശ ചെയ്യുന്നു.

12. പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിക്കാനുള്ള മിച്ചം തുക എത്രയും പെട്ടെന്ന് നിക്ഷേപിക്കാൻ വേണ്ട നടപടികൾ സർവകലാശാല അധികൃതർ എടുക്കണമെന്ന് കമ്മിറ്റി നിർദ്ദേശിക്കുന്നു.

13. നടപ്പിലാക്കിയ പരിഹാരനടപടികളുടെ (ആർ.എം.ടി) പത്രിക യഥാസമയം സമർപ്പിക്കുന്നതിൽ സർവകലാശാല അധികൃതർ പരാജയപ്പെട്ടതായി കമ്മിറ്റി കണ്ടെത്തുകയും ഇത് സമർപ്പിക്കാത്തത് കമ്മിറ്റിയോടുള്ള അനാദരവാണെന്ന് ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു.

14. സർവകലാശാലകളുടെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ വകയിരുത്തുന്ന ഫണ്ടിന്റെ പൂർണ്ണവും ഫലപ്രദവുമായ വിനിയോഗത്തിന് ഭാവിയിൽ ഫണ്ട് ലാപ്സാകാതിരിക്കാൻ സർവകലാശാല അധികൃതർ നിർണ്ണായകവും കൃത്യവുമായ ആസൂത്രണം നടത്തേണ്ടതാണെന്ന് കമ്മിറ്റി അഭിപ്രായപ്പെടുന്നു.

15. ബിരുദ ബിരുദാനന്തര തലങ്ങൾക്കായി ബോർഡ് ഓഫ് സ്റ്റഡീസ് രൂപീകരിക്കുമ്പോൾ കേരള സർവകലാശാലയുടെ 1977-ലെ ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്സിലെ, അദ്ധ്യായം XI-ൽ നിഷ്കർഷിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന് കമ്മിറ്റി ഓർമ്മപ്പെടുത്തുന്നു. കൂടാതെ, ബോർഡ് ഓഫ് സ്റ്റഡീസിൽ യോഗ്യതയില്ലാത്ത ഏതെങ്കിലും അംഗങ്ങളുണ്ടെങ്കിൽ അവരെ നീക്കം ചെയ്യാൻ വേണ്ട നടപടികൾ ഉന്നത വിദ്യാഭ്യാസ വകുപ്പ് കൈക്കൊള്ളേണ്ടതാണെന്നും ശിപാർശ ചെയ്യുന്നു. ബോർഡ് ഓഫ് സ്റ്റഡീസിൽ യോഗ്യതയില്ലാത്ത വ്യക്തികൾ നാമനിർദ്ദേശം ചെയ്യപ്പെടുന്നത് ഒഴിവാക്കാൻ വേണ്ട കർശന നടപടികളെടുക്കണമെന്നും കമ്മിറ്റി നിർദ്ദേശിക്കുന്നു.

16. കൈയ്യെഴുത്ത് പ്രതികളുടെ സംരക്ഷണത്തിന് ഇന്ത്യൻ നാഷണൽ ട്രസ്റ്റ് ഫോർ ആർട്ട് ആന്റ് കൾച്ചറൽ ഹെറിറ്റേജ് (ഐ.എൻ.ടി.എ.സി.എച്ച്) പുറപ്പെടുവിച്ച മാർഗനിർദ്ദേശങ്ങൾ, മാനുസ്ക്രിപ്റ്റ് ലൈബ്രറിയിൽ പാലിക്കപ്പെടുന്നുണ്ടോയെന്ന് കമ്മിറ്റി സംശയം പ്രകടിപ്പിക്കുന്നു. ഈ അമൂല്യമായ സമ്പത്ത് ഉചിതമായ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത കമ്മിറ്റി ഊന്നിപ്പറയുകയും ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും പ്രസ്തുത മേഖലയിലെ ഒന്നോ രണ്ടോ വിദഗ്ദ്ധരും ചേർന്ന ഒരു സംഘം രൂപീകരിച്ച് മാനുസ്ക്രിപ്റ്റ് ലൈബ്രറിയിൽ രേഖകൾ സംരക്ഷിക്കുന്നത് പരിശോധിച്ച് എത്രയും പെട്ടെന്ന് കമ്മിറ്റിയ്ക്ക് റിപ്പോർട്ട് നൽകുകയും ചെയ്യണമെന്നും നിർദ്ദേശിക്കുന്നു.

17. സ്വാശ്രയ കോളേജുകൾക്ക് സ്ഥിര അംഗത്വം നൽകുന്നതിനു മുൻപ്, സർവകലാശാല സ്റ്റാറ്റ്യൂട്ടുകളിൽ വിഭാവനം ചെയ്തിരിക്കുന്നതനുസരിച്ച് കാലാകാലങ്ങളിൽ നടത്തേണ്ട പരിശോധനകൾ പൂർത്തിയാക്കണമെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പിനോട് കമ്മിറ്റി ശക്തമായി ശിപാർശ ചെയ്യുന്നു.

18. അടിസ്ഥാന സൗകര്യങ്ങളെക്കാൾ അക്കാദമിക് കാര്യങ്ങൾക്ക് മുൻഗണന നൽകണമെന്ന് കമ്മിറ്റി അഭിപ്രായപ്പെടുന്നു. പ്രസക്തമായ എല്ലാം മാനദണ്ഡങ്ങളും പാലിക്കുന്നതിൽ പരാജയപ്പെട്ട സ്ഥാപനങ്ങളുടെ അഫിലിയേഷൻ കർശനമായി പുനഃപരിശോധിക്കണമെന്നും അവയെ പ്രോത്സാഹിപ്പിക്കരുതെന്നും കമ്മിറ്റി ശിപാർശചെയ്യുന്നു. സംസ്ഥാനത്ത് നിലവാരമുള്ള പ്രൊഫഷണൽ വിദ്യാഭ്യാസസമ്പ്രദായം ഉറപ്പാക്കാനും നിലനിർത്താനും വേണ്ട നടപടികളെടുക്കണമെന്ന് കമ്മിറ്റി ഉന്നതവിദ്യാഭ്യാസ

വകുപ്പിനോട് നിർദ്ദേശിക്കുകയും എടുത്ത നടപടികൾ കമ്മിറ്റിയെ അറിയിക്കണമെന്ന് ഓർമ്മിപ്പിക്കുകയും ചെയ്യുന്നു.

19. സർവകലാശാലയുടെ അഫിലിയേഷനുള്ള പ്രൊഫഷണൽ കോളേജുകളിൽ യോഗ്യതയുള്ള വിദ്യാർത്ഥികളാണ് പ്രവേശനം നേടുന്നതെന്ന് ഉറപ്പുവരുത്താനാവശ്യമായ ഒരു ഉചിതമായ സംവിധാനം സർവകലാശാല തയ്യാറാക്കേണ്ടതിന്റെ ആവശ്യകത കമ്മിറ്റി ഊന്നിപ്പറയുന്നു. പ്രൊഫഷണൽ കോഴ്സുകൾക്ക് യോഗ്യതയില്ലാത്ത വിദ്യാർത്ഥികൾ പ്രവേശനം നേടുന്നത് ഒഴിവാക്കാനായി വകുപ്പ് കൈക്കൊള്ളാനുദ്ദേശിക്കുന്ന പ്രതിരോധ നടപടികൾ വിശദമാക്കുന്ന ഒരു റിപ്പോർട്ട് സമർപ്പിക്കണമെന്നും കമ്മിറ്റി ഉന്നതവിദ്യാഭ്യാസ വകുപ്പിനോടാവശ്യപ്പെടുന്നു.

20. സ്വാശ്രയകോളേജുകൾ സർക്കാരിന്റെ അനുമതിയോ അംഗീകാരമോ ഇല്ലാതെ അവരുടെ സ്വന്തം താൽപര്യപ്രകാരം സീറ്റുകൾ വർദ്ധിപ്പിക്കുന്ന പ്രവണതയെ സംബന്ധിച്ച് കമ്മിറ്റി കടുത്ത ആശങ്ക രേഖപ്പെടുത്തുകയും അത്തരം നടപടികൾ ഒഴിവാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു.

21. ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം നടത്തുന്നതിലെ കാലതാമസം ഒഴിവാക്കാൻ കർശന നടപടികൾ സ്വീകരിക്കണമെന്ന് കമ്മിറ്റി നിർദ്ദേശിക്കുന്നു. ഉത്തരപുസ്തകങ്ങൾ നഷ്ടപ്പെട്ടതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എടുത്ത അച്ചടക്ക നടപടികളുടെ വിവരങ്ങൾ സമർപ്പിക്കാൻ ഉന്നതവിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകുന്നു. അമിതമായ കാലതാമസവും വിദ്യാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ടുകളും ഒഴിവാക്കാനായി ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയം സർവകലാശാലയുടെ പരീക്ഷാ മാനുവലിൽ വിഭാവനം ചെയ്തതു പോലെ സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് കമ്മിറ്റി ശക്തമായി അഭിപ്രായപ്പെടുന്നു. വിദ്യാർത്ഥികളുടെ ഉപരിപഠനത്തെയും തൊഴിലവസരങ്ങളേയും പ്രതികൂലമായി ബാധിക്കുമെന്നതിനാൽ റാങ്ക് പട്ടിക തയ്യാറാക്കുന്നതിലെ അസാധാരണമായ കാലതാമസം ഒഴിവാക്കണമെന്ന് സർവകലാശാല അധികൃതരോട് കമ്മിറ്റി ആവശ്യപ്പെട്ടു.

22. ഗവേഷണപ്രവർത്തനങ്ങളെ സംബന്ധിച്ച് പ്രോജക്ട് വർക്കുകൾ പൂർത്തിയാക്കിയതിനു ശേഷവും അക്കൗണ്ടുകൾ തീർപ്പാക്കുന്നതിൽ ക്രമാതീതമായ കാലതാമസം നേരിട്ടതായി കമ്മിറ്റിയെ അറിയിച്ചു. കൂടാതെ ഗവേഷണവിദ്യാർത്ഥികളുടെ അക്കൗണ്ടുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിൽ സർവകലാശാല ജാഗ്രത പുലർത്തണമെന്നും നിർദ്ദേശിക്കുന്നു. അധ്യാപക തസ്തികകൾ അനുവദിക്കുന്നതിലെ വിട്ടുവീഴ്ച അഭിലഷണീയമല്ലെന്നും എന്തെല്ലാം പ്രതിബന്ധങ്ങളുണ്ടെങ്കിലും ആവശ്യമായ അധ്യാപകരുടെ തസ്തികകൾ അനുവദിക്കണമെന്നും കമ്മിറ്റി അഭിപ്രായപ്പെടുന്നു.

## അനുബന്ധം 2.1

## മാസ്റ്റർ പ്ലാനിന് കീഴിൽ സർവകലാശാല നിർവ്വഹിച്ച പ്രവർത്തനങ്ങളുടെ പട്ടിക

*(പരാമർശം: ഖണ്ഡിക 2.1)*

2015-ൽ കേരള സർവകലാശാലയ്ക്ക് വേണ്ടി ഐ.ക്യു.എ.സി തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ കഴിഞ്ഞ ആറ് വർഷമായി താഴെപ്പറയുന്ന തലങ്ങൾക്ക് കീഴിൽ വൈവിധ്യത്തോടെ നടത്തി വരുന്നു:

| കേന്ദ്രീകൃത മേഖല | കൈക്കൊണ്ട നടപടി |
|---|---|
| 1. വിഷൻ, ഫ്രെയിംവർക്ക്, ബെഞ്ച്മാർക്കിംഗ് | സാമൂഹിക പ്രതിബദ്ധതയോടെ പ്രവർത്തിക്കാൻ സർവകലാശാല നിരന്തരം പരിശ്രമിക്കുന്നു. ഇനിപ്പറയുന്ന നിരവധി തന്ത്ര പ്രധാന പദ്ധതികളിൽ/ പ്ലാനുകളിൽ നിന്ന് ഇത് വ്യക്തമാണ്:<br>• റിസർച്ച് ഫെലോഷിപ്പുകളിലെ വർദ്ധനവ്<br>• വിദ്യാർത്ഥി സേവനങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നു<br>• കുറഞ്ഞ ചെലവ്, വിദ്യാർത്ഥി സേവനങ്ങൾക്ക് സബ്സിഡി<br>• പ്രസിദ്ധീകരണ ഗ്രാന്റുകൾ<br>• പഠനത്തോടൊപ്പം വരുമാനം നേടുക എന്നതിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികളുടെ ഫെലോഷിപ്പുകൾ<br>കാഴ്ചവെല്ലുവിളി നേരിടുന്നവർ, പുസ്തകം പങ്കിടൽ തുടങ്ങിയവയ്ക്കായി ലൈബ്രറി കോർണറിൽ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള സേവനങ്ങൾ സർവകലാശാല നൽകിവരുന്നു.<br>വിഷൻ സ്റ്റേറ്റ്മെന്റ് നേടുന്നതിന്റെ ഭാഗമായി ഈ കാലയളവിൽ പുതിയ അടിസ്ഥാന സൗകര്യ പദ്ധതികൾ, നൂതന അക്കാദമിക് പ്രോഗ്രാമുകൾ, പുതിയ വകുപ്പുകൾ എന്നിവ ഏറ്റെടുത്തു |
| 2. ഗവേഷണവും നവീകരണവും | മാസ്റ്റർ പ്ലാനിന്റെ ഭാഗമായി ഇനിപ്പറയുന്ന നടപടികൾ ആരംഭിച്ചു:<br>• ഗവേഷണ നയത്തിന്റെ പരിഷ്കരണം<br>• നവീകരിച്ച ഗവേഷണ പോർട്ടൽ<br>• ഐ.പി.ആർ രൂപീകരിക്കുന്നതിനുള്ള സാമ്പത്തിക പിന്തുണ<br>• ഉർകുന്ദിനൊപ്പം കോപ്പിയടി പരിശോധനയ്ക്കായി ഐ-തെന്റിക്കേറ്റ് എന്ന പുതിയ സോഫ്റ്റ്‌വെയർ ചേർക്കൽ<br>• കേരള യൂണിവേഴ്സിറ്റി ബിസിനസ് ഇന്നൊവേഷൻ ആന്റ് ഇൻകുബേഷൻ സെന്റർ (കെ.യു.ബി.ഐ.ഐ.സി) എന്ന നവീകരിച്ച സ്റ്റാർട്ട് അപ്പ് ഇക്കോസിസ്റ്റം<br>• പുതിയ അന്തർ സർവകലാശാല ഗവേഷണ കേന്ദ്രങ്ങളും ബാഹ്യ ഗവേഷണ കേന്ദ്രങ്ങളും ആരംഭിച്ചു<br>• കേന്ദ്രീകൃത ലബോറട്ടറിയുടെ വൻതോതിലുള്ള വിപുലീകരണം |
| 3. അദ്ധ്യാപനം, പഠനം, മൂല്യനിർണ്ണയം | ഇനിപ്പറയുന്ന നടപടികൾ ആരംഭിച്ചു:<br>• ഒ.ബി.ഇ മോഡിന് കീഴിലുള്ള എല്ലാ പ്രോഗ്രാമുകൾക്കുമുള്ള പാഠ്യപദ്ധതിയുടെ പുനരവലോകനം നടത്തി.<br>• ഓൺലൈൻ പഠനത്തിനായി ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം (എൽ.എം.എസ്) ആരംഭിച്ചു<br>• സി.എസ്.എസ്സിന് കീഴിൽ പുതിയ ഇന്റർ ഡിസിപ്ലിനറി ആഡ് ഓൺ കോഴ്സുകളുടെ അവതരണം<br>• പാഠ്യപദ്ധതി രൂപകല്പനയിലും അവതരണത്തിലും പഠനത്തോടുള്ള സമഗ്രമായ സമീപനത്തിലും അധ്യാപകർക്ക് വിപുലമായ പരിശീലനം<br>• ചില മാസ്റ്റേഴ്സ് പ്രോഗ്രാമുകൾക്കുള്ള ഇന്റേൺഷിപ്പ്<br>• 'സ്വയം' പദ്ധതിയ്ക്ക് കീഴിലുള്ള ഐച്ഛിക വിഷയങ്ങളുടെ അവതരണം |

| കേന്ദ്രീകൃത മേഖല | കൈക്കൊണ്ട നടപടി |
|---|---|
| 4. സ്കൂളുകൾ, വിഭാഗങ്ങൾ, കേന്ദ്രങ്ങൾ | • കേരള പഠനത്തിൽ ഒരു പുതിയ വിഭാഗവും നാനോ സയൻസിന് ഒരു പ്രത്യേക വിഭാഗവും ആരംഭിച്ചു<br>• വ്യവസായിക സഹകരണ കേന്ദ്രത്തിനായുള്ള 'അക്കാദമിക് ആന്റ് ഇൻഡസ്ട്രിയൽ കൊളാബറേഷൻ' വിദേശ വിദ്യാർത്ഥികളെ ആകർഷിക്കുന്നതിനായുള്ള 'സെന്റർ ഫോർ ഗ്ലോബൽ അക്കാദമിക്സ്' എന്നിവയ്ക്ക് വേണ്ടി വെവ്വേറെ കേന്ദ്രങ്ങൾ രൂപീകരിച്ചു<br>• മാർക്സിയൻ പഠന കേന്ദ്രങ്ങൾ, ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ അഡ്വാൻസ്ഡ് മെറ്റീരിയൽ റിസർച്ച്, അഡ്വാൻസ്ഡ് സെന്റർ ഫോർ റീജനറേറ്റീവ് മെഡിസിൻ ആന്റ് സ്റ്റെം സെൽസ് റിസർച്ച് ഇൻ ക്യൂട്ടേനിയസ് ബയോളജി എന്നിവയുടെ രൂപീകരണം |
| 5. വിദ്യാർത്ഥി വികസനം | • പ്ലേസ്മെന്റ് സപ്പോർട്ട് സേവനങ്ങളുടെ വിപുലീകരണം. കരിയർ ഗൈഡൻസ് ആന്റ് എംപ്ലോയ്മെന്റ് സെന്റർ, ഫിനിഷിംഗ് സ്കൂൾ, മുതിർന്നവർക്കുള്ള തുടർ വിദ്യാഭ്യാസ വികസന കേന്ദ്രം.<br>• ഒരു സ്റ്റുഡന്റ് അമെനിറ്റി സെന്റർ ആരംഭിച്ചു<br>• സ്റ്റുഡന്റ് ലൈഫ് സൈക്കിൾ മാനേജ്മെന്റ് സിസ്റ്റത്തിന് കീഴിൽ, പ്രവേശനം മുതൽ മാർക്ക് ലിസ്റ്റുകളുടെയും സർട്ടിഫിക്കറ്റുകളുടെയു വിതരണം വരെയുള്ള എല്ലാ വിദ്യാർത്ഥി സേവനങ്ങളും ഡിജിറ്റൈസ് ചെയ്യുന്നു<br>• ലൈബ്രറി സേവനങ്ങൾക്കുള്ള ആർ.എഫ്.ഐ.ഡി സപ്പോർട്ട്<br>• കേരള സർക്കാർ അധീനതയിലുള്ള എ.എസ്.എ.പിക്ക് കീഴിലുള്ള നൈപുണ്യ ചട്ടക്കൂട്<br>• ത്രീ ടയർ ഇൻഡക്ഷൻ പ്രോഗ്രാം<br>• സി.എസ്.എസ്സിന് കീഴിലുള്ള ക്രെഡിറ്റ് ബാസ്കറ്റ്. |
| 6. ഭരണം | ഇനിപ്പറയുന്ന നടപടികൾ ആരംഭിച്ചു:<br>• ഡിജിറ്റൽ ഡോക്യുമെന്റ് ഫയലിംഗ് സിസ്റ്റം (ഡി.ഡി.എഫ്.എസ്) വഴി ഭരണ നിർവ്വഹണം ശക്തിപ്പെടുത്തുന്നു<br>• ബൗദ്ധിക സ്വത്തവകാശം, പ്ലേജരിസം, ഗവേഷണം, എന്നിവയ്ക്കായുള്ള നയങ്ങൾ സർവകലാശാല സ്വീകരിച്ചിട്ടുണ്ട് നിയമാനുസൃതമായ ഓഡിറ്റുകൾക്ക് പുറമെ താഴെപ്പറയുന്ന രീതികളിൽ ഓഡിറ്റിന് വിധേയമാക്കി – ജെൻഡർ ഓഡിറ്റ്, എനർജി ഓഡിറ്റ്. ആക്സസബിലിറ്റി ഓഡിറ്റ്, ലൈബ്രറി ഓഡിറ്റ്, എൻവയോൺമെന്റ് ഓഡിറ്റ്, അക്കാദമിക് ഓഡിറ്റ്, അവയിൽ നിന്നുള്ള ഇൻപുട്ടുകൾ എന്നിവ നയരൂപീകരണത്തെ പിന്തുണയ്ക്കുന്നു. |
| 7. വിപുലീകരണം | വിപുലീകരണം എന്ന ശീർഷകത്തിൻ കീഴിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുന്നതിന് പുറമെ ഗ്രാമം ദത്തെടുക്കൽ, സ്കൂൾ ദത്തെടുക്കൽ എന്നിവ സർവകലാശാല നിർവ്വഹിച്ചു. കേരള സർവകലാശാല ഭാരത സർക്കാറിന്റെ ഡി.എസ്.റ്റിയുടെ[64] ശാസ്ത്രീയ സാമൂഹിക ഉത്തരവാദിത്തം (എസ്.എസ്.ആർ) ഏറ്റെടുത്തു. |

[64] ശാസ്ത്ര സാങ്കേതിക വകുപ്പ്

## അനുബന്ധം 2.2

## ബോർഡ്സ് ഓഫ് സ്റ്റഡിയുടെ രൂപീകരണത്തിലെ പോരായ്മകൾ

*(പരാമർശം: ഖണ്ഡിക 2.3)*

എ) ബിരുദതലത്തിലെ ബോർഡ്സ് ഓഫ് സ്റ്റഡിയുടെ രൂപീകരണത്തിലെ പോരായ്മകൾ

| ക്രമ നമ്പർ | ബി.ഒ.എസ്സിന്റെ പേര് | മൊത്തം എണ്ണം | കേരള സർവകലാശാല | കേരള സർക്കാർ | സ്വകാര്യം | ബാഹ്യ വിദഗ്ധൻ |
|---|---|---|---|---|---|---|
| ആവശ്യമായ പ്രതിനിധികളുടെ എണ്ണം | | 10 | 1 | 3 | 5 | 1 |
| 1 | ഹോം സയൻസ് (പാസ്) | 10 | 1 | 3 | 5 | 1 |
| 2 | അറബിക് (പാസ്) | 7 | 1 | 3 | 3 | 0 |
| 3 | കമ്പ്യൂട്ടർ സയൻസ് (പാസ്) | 10 | 1 | 3 | 5 | 1 |
| 4 | സംഗീതം (പാസ്) | 7 | 1 | 3 | 2 | 1 |
| 5 | സംസ്കൃതം (പാസ്) | 8 | 1 | 3 | 4 | 0 |
| 6 | തമിഴ് (പാസ്) | 6 | 2 | 2 | 2 | 0 |
| 7 | നിയമം (പാസ്) | 7 | 2 | 5 | 0 | 0 |
| 8 | സുവോളജി (പാസ്) | 5 | 1 | 1 | 3 | 0 |
| 9 | ബയോടെക്നോളജി (പാസ്) | 9 | 1 | 3 | 5 | 0 |
| 10 | വിദ്യാഭ്യാസം (പാസ്) | 5 | 1 | 1 | 3 | 0 |
| 11 | ബിസിനസ് മാനേജ്മെന്റ് (പാസ്) | 5 | 1 | 0 | 4 | 0 |
| 12 | ഇംഗ്ലീഷ് (പാസ്) | 5 | 1 | 1 | 3 | 0 |
| 13 | ഫിലോസഫി (പാസ്) | 5 | 0 | 2 | 2 | 1 |
| 14 | സാമ്പത്തിക ശാസ്ത്രം (പാസ്) | 5 | 1 | 2 | 1 | 1 |
| 15 | ചരിത്രം (പാസ്) | 5 | 1 | 1 | 2 | 1 |
| 16 | പൊളിറ്റിക്കൽ സയൻസ് (പാസ്) | 5 | 1 | 1 | 2 | 1 |
| 17 | ബോട്ടണി (പാസ്) | 5 | 1 | 2 | 1 | 1 |
| 18 | ജിയോളജി (പാസ്) | 5 | 1 | 2 | 1 | 1 |
| 19 | ഗണിതം (പാസ്) | 5 | 1 | 2 | 2 | 0 |
| 20 | കോമേഴ്സ് (പാസ്) | 5 | 1 | 1 | 3 | 0 |
| 21 | ഭൗതികശാസ്ത്രം (പാസ്) | 5 | 1 | 1 | 3 | 0 |
| 22 | സ്റ്റാറ്റിസ്റ്റിക്സ് (പാസ്) | 5 | 1 | 2 | 1 | 1 |
| 23 | സോഷ്യോളജി (പാസ്) | 5 | 1 | 2 | 2 | 0 |
| 24 | ഹിന്ദി (പാസ്) | 5 | 1 | 1 | 2 | 1 |
| 25 | മലയാളം (പാസ്) | 5 | 1 | 1 | 3 | 0 |
| 26 | രസതന്ത്രം (പാസ്) | 5 | 1 | 2 | 2 | 0 |
| 27 | സൈക്കോളജി (പാസ്) | 5 | 1 | 2 | 1 | 1 |

ബി) ബിരുദാനന്തര ബിരുദതലത്തിലെ ബോർഡ്സ് ഓഫ് സ്റ്റഡിയുടെ രൂപീകരണത്തിലെ പോരായ്മകൾ

| ക്രമ നമ്പർ | ബി.ഒ.എസ്സിന്റെ പേര് | മൊത്തം എണ്ണം | കേരള സർവകലാശാല | കേരള സർക്കാർ | സ്വകാര്യം | ബാഹ്യ വിദഗ്ധൻ |
|---|---|---|---|---|---|---|
| ആവശ്യമായ പ്രതിനിധികളുടെ എണ്ണം | | 10 | 3 | 2 | 3 | 2 |
| 1 | ബയോടെക്നോളജി പി.ജി | 9 | 3 | 2 | 3 | 1 |
| 2 | ഹോം സയൻസ് പി.ജി | 9 | 3 | 2 | 4 | 0 |
| 3 | അറബിക് പി.ജി | 8 | 2 | 2 | 3 | 1 |
| 4 | സംസ്കൃതം പി.ജി | 8 | 2 | 3 | 2 | 1 |
| 5 | തമിഴ് പി.ജി | 7 | 3 | 2 | 2 | 0 |

| ക്രമ നമ്പർ | ബി.ഒ.എസ്സിന്റെ പേര് | മൊത്തം എണ്ണം | കേരള സർവകലാശാല | കേരള സർക്കാർ | സ്വകാര്യം | ബാഹ്യ വിദഗ്ധൻ |
|---|---|---|---|---|---|---|
| 6 | നിയമം പി.ജി | 5 | 2 | 2 | 0 | 1 |
| 7 | കമ്പ്യൂട്ടർ സയൻസ് പി.ജി | 10 | 4 | 1 | 4 | 1 |
| 8 | വിദ്യാഭ്യാസം പി.ജി | 5 | 3 | 0 | 2 | 0 |
| 9 | ബിസിനസ് മാനേജ്മെന്റ് പി.ജി | 6 | 4 | 0 | 2 | 0 |
| 10 | ഇംഗ്ലീഷ് പി.ജി | 5 | 3 | 1 | 1 | 0 |
| 11 | ഫിലോസഫി പി.ജി | 6 | 1 | 1 | 2 | 2 |
| 12 | സംഗീതം പി.ജി | 5 | 1 | 2 | 2 | 0 |
| 13 | സാമ്പത്തികശാസ്ത്രം പി.ജി | 7 | 3 | 1 | 2 | 1 |
| 14 | ചരിത്രം പി.ജി | 5 | 2 | 1 | 1 | 1 |
| 15 | പൊളിറ്റിക്കൽ സയൻസ് പി.ജി | 6 | 3 | 1 | 1 | 1 |
| 16 | ബോട്ടണി പി.ജി | 6 | 3 | 1 | 1 | 1 |
| 17 | ജിയോളജി പി.ജി | 5 | 3 | 0 | 0 | 2 |
| 18 | ഗണിതം പി.ജി | 5 | 2 | 1 | 1 | 1 |
| 19 | ഭൗതിക ശാസ്ത്രം പി.ജി | 5 | 2 | 1 | 1 | 1 |
| 20 | സ്റ്റാറ്റിസ്റ്റിക്സ് പി.ജി | 6 | 2 | 1 | 2 | 1 |
| 21 | സോഷ്യോളജി പി.ജി | 5 | 3 | 0 | 1 | 1 |
| 22 | ഹിന്ദി പി.ജി | 5 | 2 | 0 | 2 | 1 |
| 23 | മലയാളം പി.ജി | 5 | 3 | 0 | 1 | 1 |
| 24 | രസതന്ത്രം പി.ജി | 5 | 2 | 0 | 2 | 1 |
| 25 | സൈക്കോളജി പി.ജി | 5 | 2 | 1 | 0 | 2 |
| 26 | കോമേഴ്സ് പി.ജി | 5 | 2 | 1 | 1 | 1 |
| 27 | സുവോളജി പി.ജി | 5 | 2 | 1 | 1 | 1 |

**അനുബന്ധം 2.3**

**മൂന്ന് വർഷത്തിലേറെയായി സിലബസ് പരിഷ്കരിക്കാത്ത കോഴ്സുകളുടെ പട്ടിക**

***(പരാമർശം: ഖണ്ഡിക 2.3)***

| ക്രമ നമ്പർ | വിഭാഗങ്ങൾ | കോഴ്സുകൾ | സിലബസ് അവസാനമായി പരിഷ്കരിച്ചത് | വർഷങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1. | ഇംഗ്ലീഷ് (പാസ്) | ഇംഗ്ലീഷ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് | 2015 | 6 |
| 2. | ഫിലോസഫി (പാസ്) | ഫിലോസഫി | 2017 | 4 |
| 3. | ഫ്രെഞ്ചും ലാറ്റിനും | ലാറ്റിൻ | 2014 | 7 |
| 4. | ചരിത്രം (പാസ്) | ചരിത്രം | 2014 | 7 |
| 5. | പൊളിറ്റിക്കൽ സയൻസ് (പാസ്) | പൊളിറ്റിക്കൽ സയൻസ് | 2017 | 4 |
| 6. | അറബിക് (പാസ്) | കമ്മ്യൂണിക്കേറ്റീവ് അറബിക് | 2015 | 6 |
| 7. | ഭാഷാശാസ്ത്രം | ഭാഷാശാസ്ത്രം | 2010 | 11 |
| 8. | കെമിസ്ട്രി (പാസ്) | കെമിസ്ട്രിയും ഇൻഡസ്ട്രിയൽ കെമിസ്ട്രിയും | 2015 | 6 |
| 9. | മൈക്രോബയോളജി | മൈക്രോബയോളജി | 2014 | 7 |
| 10. | സംസ്കൃതം (പാസ്) | സംസ്കൃതം സ്പെഷ്യൽ വ്യാകരണ | 2014 | 7 |
| 11. | സംസ്കൃതം (പാസ്) | സംസ്കൃതം സ്പെഷ്യൽ വേദാന്ത | 2010 | 11 |
| 12. | സംസ്കൃതം (പാസ്) | സംസ്കൃതം സ്പെഷ്യൽ ന്യായ | 2014 | 7 |
| 13. | സംസ്കൃതം (പാസ്) | സംസ്കൃതം സ്പെഷ്യൽ ജ്യോതിഷ | 2017 | 4 |
| 14. | സംസ്കൃതം (പാസ്) | സംസ്കൃതം സ്പെഷ്യൽ സാഹിത്യ | 2014 | 7 |
| 15. | ബിസിനസ് മാനേജ്മെന്റ് (പാസ്) | ബാച്ചിലർ ഓഫ് ബിസിനസ് അഡ്മിനിസ്ട്രേഷൻ (ബി.ബി.എ) | 2017 | 4 |
| 16. | ബിസിനസ് മാനേജ്മെന്റ് (പാസ്) | ബാച്ചിലർ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് (ഹോട്ടൽ മാനേജ്മെന്റ്) | 2017 | 4 |
| 17. | കമ്പ്യൂട്ടർ സയൻസ് (പാസ്) | ബി.വോക് സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ് (2014 മുതൽ പ്രാബല്യത്തിൽ) | 2014 | 7 |
| 18. | ബിസിനസ് മാനേജ്മെന്റ് (പാസ്) | ബി.വോക് ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് | 2014 | 7 |
| 19. | അപ്ലൈഡ് ആർട്സ് | ബി.എഫ്.എ | 2006 | 15 |
| 20. | അപ്ലൈഡ് ആർട്സ് | എം.എഫ്.എ | 2005 | 16 |
| 21. | അപ്ലൈഡ് ആർട്സ് | ബി.ഡെസ് ഫാഷൻ ഡിസൈൻ | 2014 | 7 |
| 22. | അപ്ലൈഡ് ആർട്സ് | ബി.എഫ്.എ(എച്ച്.ഐ) | 2013 | 8 |
| 23. | വിദ്യാഭ്യാസം (പാസ്) | ബി.എഡ്(സ്പെഷ്യൽ) | 2015 | 6 |
| 24. | നിയമം (പി.ജി) | എം.ബി.എൽ (രണ്ടു വർഷം) | 2009 | 12 |
| 25. | ഇംഗ്ലീഷ് (പി.ജി) | എം.എ ഇംഗ്ലീഷ് | 2017 | 4 |
| 26. | കെമിസ്ട്രി (പി.ജി) | എം.എസ്.സി ബയോകെമിസ്ട്രി | 2013 | 8 |
| 27. | സൈക്കോളജി (പി.ജി) | കൗൺസലിംഗ് സൈക്കോളജി | 2013 | 8 |
| 28. | മൈക്രോബയോളജി | എം.എസ്.സി മൈക്രോബയോളജി | 2013 | 8 |

**അനുബന്ധം 3.1**

**സർവകലാശാലയിലെ വിവിധ വിഭാഗങ്ങളിൽ അധ്യാപക ഒഴിവുകളുടെ പട്ടിക, 2021 ഒക്ടോബർ വരെയുള്ളത്**

***(പരാമർശം: ഖണ്ഡിക 3.1.3)***

| ക്രമ നമ്പർ | വിഭാഗം | തസ്തിക | തസ്തികയിൽ ഒഴിവുണ്ടായ തീയതി | 01/10/2021-ലെ ഒഴിവുകളുടെ കാലയളവ് |
|---|---|---|---|---|
| 1 | ബയോടെക്നോളജി | അസോസിയേറ്റ് പ്രൊഫസർ | 01-04-2012 | 9 വർഷം 6 മാസം |
| 2 | ബയോടെക്നോളജി | അസിസ്റ്റന്റ് പ്രൊഫസർ | 01-05-2021 | 0 വർഷം 5 മാസം |
| 3 | സസ്യശാസ്ത്രം | അസോസിയേറ്റ് പ്രൊഫസർ | 14-11-2019 | 1 വർഷം 10 മാസം |
| 4 | സസ്യശാസ്ത്രം | അസിസ്റ്റന്റ് പ്രൊഫസർ | 01-06-2019 | 2 വർഷം 4 മാസം |
| 5 | ആശയവിനിമയവും പത്രപ്രവർത്തനവും | പ്രൊഫസർ | 01-09-1995 | 26 വർഷം 1 മാസം |
| 6 | ആശയവിനിമയവും പത്രപ്രവർത്തനവും | അസോസിയേറ്റ് പ്രൊഫസർ | 01-04-2017 | 4 വർഷം 6 മാസം |
| 7 | ജനസംഖ്യാശാസ്ത്രം | പ്രൊഫസർ | 01-06-2005 | 16 വർഷം 4 മാസം |
| 8 | ജനസംഖ്യാശാസ്ത്രം | അസോസിയേറ്റ് പ്രൊഫസർ | 01-04-2005 | 16 വർഷം 6 മാസം |
| 9 | ജനസംഖ്യാശാസ്ത്രം | അസിസ്റ്റന്റ് പ്രൊഫസർ | 01-06-2021 | 0 വർഷം 4 മാസം |
| 10 | ഗണിതം | പ്രൊഫസർ | 01-07-1994 | 27 വർഷം 3 മാസം |
| 11 | ഗണിതം | അസോസിയേറ്റ് പ്രൊഫസർ | 01-08-2008 | 13 വർഷം 2 മാസം |
| 12 | ഭൗതികശാസ്ത്രം | അസോസിയേറ്റ് പ്രൊഫസർ | 01-04-2007 | 14 വർഷം 6 മാസം |
| 13 | ഭൗതികശാസ്ത്രം | അസിസ്റ്റന്റ് പ്രൊഫസർ | 13-03-2020 | 1 വർഷം 6 മാസം |
| 14 | ബയോകെമിസ്ട്രി | പ്രൊഫസർ | 01-04-2015 | 6 വർഷം 6 മാസം |
| 15 | ബയോകെമിസ്ട്രി | അസോസിയേറ്റ് പ്രൊഫസർ | 01-04-2020 | 1 വർഷം 6 മാസം |
| 16 | സോഷ്യോളജി | അസിസ്റ്റന്റ് പ്രൊഫസർ | 01-05-2019 | 2 വർഷം 5 മാസം |
| 17 | ജല ജീവശാസ്ത്രവും മത്സ്യബന്ധനവും | പ്രൊഫസർ | 01-10-2003 | 18 വർഷം 0 മാസം |
| 18 | ജല ജീവശാസ്ത്രവും മത്സ്യബന്ധനവും | അസോസിയേറ്റ് പ്രൊഫസർ | 01-05-2008 | 13 വർഷം 5 മാസം |
| 19 | ജല ജീവശാസ്ത്രവും മത്സ്യബന്ധനവും | അസോസിയേറ്റ് പ്രൊഫസർ | 01-04-2013 | 8 വർഷം 6 മാസം |
| 20 | ജല ജീവശാസ്ത്രവും മത്സ്യബന്ധനവും | അസിസ്റ്റന്റ് പ്രൊഫസർ | 01-05-2019 | 2 വർഷം 5 മാസം |
| 21 | ജല ജീവശാസ്ത്രവും മത്സ്യബന്ധനവും | അസിസ്റ്റന്റ് പ്രൊഫസർ | 01-04-2015 | 6 വർഷം 6 മാസം |
| 22 | ജർമ്മൻ | പ്രൊഫസർ | 01-04-1990 | 31 വർഷം 6 മാസം |
| 23 | ജർമ്മൻ | അസിസ്റ്റന്റ് പ്രൊഫസർ | 01-04-2014 | 7 വർഷം 6 മാസം |
| 24 | സംഗീതം | പ്രൊഫസർ | 01-06-2003 | 18 വർഷം 4 മാസം |
| 25 | സംഗീതം | അസോസിയേറ്റ് പ്രൊഫസർ | 01-04-2013 | 8 വർഷം 6 മാസം |
| 26 | ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് | പ്രൊഫസർ | 01-04-2007 | 14 വർഷം 6 മാസം |

| ക്രമ നമ്പർ | വിഭാഗം | തസ്തിക | തസ്തികയിൽ ഒഴിവുണ്ടായ തീയതി | 01/10/2021-ലെ ഒഴിവുകളുടെ കാലയളവ് |
|---|---|---|---|---|
| 27 | ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് | അസോസിയേറ്റ് പ്രൊഫസർ | 01-06-2017 | 4 വർഷം 4 മാസം |
| 28 | ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് | അസിസ്റ്റന്റ് പ്രൊഫസർ | 01-04-2016 | 5 വർഷം 6 മാസം |
| 29 | സാമ്പത്തികശാസ്ത്രം | പ്രൊഫസർ | 01-05-1991 | 30 വർഷം 5 മാസം |
| 30 | സാമ്പത്തികശാസ്ത്രം | അസോസിയേറ്റ് പ്രൊഫസർ | 01-05-2021 | 0 വർഷം 5 മാസം |
| 31 | രസതന്ത്രം | പ്രൊഫസർ | 01-04-1998 | 23 വർഷം 6 മാസം |
| 32 | രസതന്ത്രം | അസോസിയേറ്റ് പ്രൊഫസർ | 01-04-2008 | 13 വർഷം 6 മാസം |
| 33 | രസതന്ത്രം | അസോസിയേറ്റ് പ്രൊഫസർ | 01-06-2012 | 9 വർഷം 4 മാസം |
| 34 | രസതന്ത്രം | അസിസ്റ്റന്റ് പ്രൊഫസർ | 01-04-2019 | 2 വർഷം 6 മാസം |
| 35 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് | പ്രൊഫസർ | 01-04-2005 | 16 വർഷം 6 മാസം |
| 36 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് | അസിസ്റ്റന്റ് പ്രൊഫസർ | 01-05-2019 | 2 വർഷം 5 മാസം |
| 37 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് | അസിസ്റ്റന്റ് പ്രൊഫസർ | 01-07-2020 | 1 വർഷം 3 മാസം |
| 38 | സംസ്കൃതം | പ്രൊഫസർ | 01-06-2011 | 10 വർഷം 4 മാസം |
| 39 | ഒപ്റ്റോഇലക്ട്രോണിക്സ് | അസിസ്റ്റന്റ് പ്രൊഫസർ | 28-12-2017 | 3 വർഷം 9 മാസം |
| 40 | ഒപ്റ്റോഇലക്ട്രോണിക്സ് | അസിസ്റ്റന്റ് പ്രൊഫസർ | 01-06-2019 | 2 വർഷം 4 മാസം |
| 41 | സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ | അസിസ്റ്റന്റ് പ്രൊഫസർ | 01-07-2006 | 15 വർഷം 3 മാസം |
| 42 | സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ | അസിസ്റ്റന്റ് പ്രൊഫസർ | 01-06-2014 | 7 വർഷം 4 മാസം |
| 43 | സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ | അസിസ്റ്റന്റ് പ്രൊഫസർ | 01-04-2014 | 7 വർഷം 6 മാസം |
| 44 | സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ | അസിസ്റ്റന്റ് പ്രൊഫസർ | 01-04-2016 | 5 വർഷം 6 മാസം |
| 45 | സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ | അസിസ്റ്റന്റ് പ്രൊഫസർ | 01-04-2016 | 5 വർഷം 6 മാസം |
| 46 | സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ | അസിസ്റ്റന്റ് പ്രൊഫസർ | 14-03-2020 | 1 വർഷം 6 മാസം |
| 47 | സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ | അസിസ്റ്റന്റ് പ്രൊഫസർ | 01-06-2020 | 1 വർഷം 4 മാസം |
| 48 | സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ | അസിസ്റ്റന്റ് പ്രൊഫസർ | 01-06-2021 | 0 വർഷം 4 മാസം |
| 49 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരള | അസിസ്റ്റന്റ് പ്രൊഫസർ | 01-04-2016 | 5 വർഷം 6 മാസം |
| 50 | വിദ്യാഭ്യാസം | പ്രൊഫസർ | 01-02-2000 | 21 വർഷം 8 മാസം |
| 51 | വിദ്യാഭ്യാസം | അസോസിയേറ്റ് പ്രൊഫസർ | 01-04-2004 | 17 വർഷം 6 മാസം |
| 52 | വിദ്യാഭ്യാസം | അസിസ്റ്റന്റ് പ്രൊഫസർ | 01-04-2019 | 2 വർഷം 6 മാസം |
| 53 | ചരിത്രം | പ്രൊഫസർ | 01-11-1992 | 28 വർഷം 11 മാസം |
| 54 | ചരിത്രം | അസോസിയേറ്റ് പ്രൊഫസർ | 01-04-2017 | 4 വർഷം 6 മാസം |
| 55 | പുരാവസ്തുശാസ്ത്രം | പ്രൊഫസർ | 20-02-2004 | 17 വർഷം 7 മാസം |
| 56 | പുരാവസ്തുശാസ്ത്രം | അസിസ്റ്റന്റ് പ്രൊഫസർ | 01-04-2020 | 1 വർഷം 6 മാസം |
| 57 | ഇസ്ലാമിക പഠനം | പ്രൊഫസർ | 01-04-2003 | 18 വർഷം 6 മാസം |

| ക്രമ നമ്പർ | വിഭാഗം | തസ്തിക | തസ്തികയിൽ ഒഴിവുണ്ടായ തീയതി | 01/10/2021-ലെ ഒഴിവുകളുടെ കാലയളവ് |
|---|---|---|---|---|
| 58 | മലയാളം | പ്രൊഫസർ | 01-05-2019 | 2 വർഷം 5 മാസം |
| 59 | മലയാളം | അസോസിയേറ്റ് പ്രൊഫസർ | 01-06-2019 | 2 വർഷം 4 മാസം |
| 60 | ഫിലോസഫി | അസിസ്റ്റന്റ് പ്രൊഫസർ | 01-06-2020 | 1 വർഷം 4 മാസം |
| 61 | പൊളിറ്റിക്കൽ സയൻസ് | അസോസിയേറ്റ് പ്രൊഫസർ | 01-06-2019 | 2 വർഷം 4 മാസം |
| 62 | മനഃശാസ്ത്രം | അസോസിയേറ്റ് പ്രൊഫസർ | 01-04-1993 | 28 വർഷം 6 മാസം |
| 63 | മനഃശാസ്ത്രം | അസോസിയേറ്റ് പ്രൊഫസർ | 01-02-2002 | 19 വർഷം 8 മാസം |
| 64 | മനഃശാസ്ത്രം | അസിസ്റ്റന്റ് പ്രൊഫസർ | 01-04-2018 | 3 വർഷം 6 മാസം |
| 65 | റഷ്യൻ | അസോസിയേറ്റ് പ്രൊഫസർ | 01-02-1997 | 24 വർഷം 8 മാസം |
| 66 | നിയമം | പ്രൊഫസർ | 01-11-2008 | 12 വർഷം 11 മാസം |
| 67 | നിയമം | അസിസ്റ്റന്റ് പ്രൊഫസർ | 03-05-2018 | 3 വർഷം 4 മാസം |
| 68 | അറബിക് | പ്രൊഫസർ | 01-06-2012 | 9 വർഷം 4 മാസം |
| 69 | അറബിക് | അസോസിയേറ്റ് പ്രൊഫസർ | 01-06-2012 | 9 വർഷം 4 മാസം |
| 70 | പരിസ്ഥിതി ശാസ്ത്രം | അസോസിയേറ്റ് പ്രൊഫസർ | 01-04-2010 | 11 വർഷം 6 മാസം |
| 71 | കോമേഴ്സ് | അസിസ്റ്റന്റ് പ്രൊഫസർ | 01-04-2020 | 1 വർഷം 6 മാസം |
| 72 | കമ്പ്യൂട്ടർ സയൻസ് | അസോസിയേറ്റ് പ്രൊഫസർ | 01-04-2009 | 12 വർഷം 6 മാസം |
| 73 | കമ്പ്യൂട്ടർ സയൻസ് | അസിസ്റ്റന്റ് പ്രൊഫസർ | 03-05-2018 | 3 വർഷം 4 മാസം |
| 74 | ഫ്യൂച്ചർ സ്റ്റഡീസ് | അസോസിയേറ്റ് പ്രൊഫസർ | 01-04-2010 | 11 വർഷം 6 മാസം |
| 75 | ഫ്യൂച്ചർ സ്റ്റഡീസ് | അസിസ്റ്റന്റ് പ്രൊഫസർ | 14-03-2020 | 1 വർഷം 6 മാസം |
| 76 | ജിയോളജി | അസിസ്റ്റന്റ് പ്രൊഫസർ | 14-03-2020 | 1 വർഷം 6 മാസം |
| 77 | ജിയോളജി | അസിസ്റ്റന്റ് പ്രൊഫസർ | 01-05-2020 | 1 വർഷം 5 മാസം |
| 78 | ഭാഷാശാസ്ത്രം | പ്രൊഫസർ | 19-02-1986 | 35 വർഷം 7 മാസം |
| 79 | ഭാഷാശാസ്ത്രം | അസോസിയേറ്റ് പ്രൊഫസർ | 01-04-1997 | 24 വർഷം 6 മാസം |
| 80 | ഭാഷാശാസ്ത്രം | അസോസിയേറ്റ് പ്രൊഫസർ | 01-09-1998 | 23 വർഷം 1 മാസം |
| 81 | ഭാഷാശാസ്ത്രം | അസിസ്റ്റന്റ് പ്രൊഫസർ | 01-06-2018 | 3 വർഷം 4 മാസം |
| 82 | സ്റ്റാറ്റിസ്റ്റിക്സ് | അസോസിയേറ്റ് പ്രൊഫസർ | 01-07-2006 | 15 വർഷം 3 മാസം |
| 83 | സ്റ്റാറ്റിസ്റ്റിക്സ് | അസോസിയേറ്റ് പ്രൊഫസർ | 01-05-1993 | 28 വർഷം 5 മാസം |
| 84 | സ്റ്റാറ്റിസ്റ്റിക്സ് | അസോസിയേറ്റ് പ്രൊഫസർ | 01-06-2012 | 9 വർഷം 4 മാസം |
| 85 | സ്റ്റാറ്റിസ്റ്റിക്സ് | അസിസ്റ്റന്റ് പ്രൊഫസർ | 22-10-2020 | 0 വർഷം 11 മാസം |
| 86 | തമിഴ് | പ്രൊഫസർ | 01-03-1984 | 37 വർഷം 7 മാസം |

| ക്രമ നമ്പർ | വിഭാഗം | തസ്തിക | തസ്തികയിൽ ഒഴിവുണ്ടായ തീയതി | 01/10/2021-ലെ ഒഴിവുകളുടെ കാലയളവ് |
|---|---|---|---|---|
| 87 | തമിഴ് | അസോസിയേറ്റ് പ്രൊഫസർ | 01-01-1995 | 26 വർഷം 9 മാസം |
| 88 | സുവോളജി | പ്രൊഫസർ | 01-04-1994 | 27 വർഷം 6 മാസം |
| 89 | സുവോളജി | അസോസിയേറ്റ് പ്രൊഫസർ | 01-04-2011 | 10 വർഷം 6 മാസം |
| 90 | സുവോളജി | അസോസിയേറ്റ് പ്രൊഫസർ | 01-06-2021 | 0 വർഷം 4 മാസം |
| 91 | കമ്പ്യൂട്ടേഷണൽ ബയോളജിയും ബയോ ഇൻഫോർമാറ്റിക്സും | പ്രൊഫസർ | 28-03-2019 | 2 വർഷം 6 മാസം |
| 92 | കമ്പ്യൂട്ടേഷണൽ ബയോളജിയും ബയോ ഇൻഫോർമാറ്റിക്സും | അസോസിയേറ്റ് പ്രൊഫസർ | 28-03-2019 | 2 വർഷം 6 മാസം |
| 93 | കമ്പ്യൂട്ടേഷണൽ ബയോളജിയും ബയോ ഇൻഫോർമാറ്റിക്സും | അസോസിയേറ്റ് പ്രൊഫസർ | 28-03-2019 | 2 വർഷം 6 മാസം |
| 94 | കമ്പ്യൂട്ടേഷണൽ ബയോളജിയും ബയോ ഇൻഫോർമാറ്റിക്സും | അസിസ്റ്റന്റ് പ്രൊഫസർ | 28-03-2019 | 2 വർഷം 6 മാസം |
| 95 | കമ്പ്യൂട്ടേഷണൽ ബയോളജിയും ബയോ ഇൻഫോർമാറ്റിക്സും | അസിസ്റ്റന്റ് പ്രൊഫസർ | 28-03-2019 | 2 വർഷം 6 മാസം |
| 96 | കമ്പ്യൂട്ടേഷണൽ ബയോളജിയും ബയോ ഇൻഫോർമാറ്റിക്സും | അസിസ്റ്റന്റ് പ്രൊഫസർ | 28-03-2019 | 2 വർഷം 6 മാസം |
| 97 | കമ്പ്യൂട്ടേഷണൽ ബയോളജിയും ബയോ ഇൻഫോർമാറ്റിക്സും | അസിസ്റ്റന്റ് പ്രൊഫസർ | 28-03-2019 | 2 വർഷം 6 മാസം |

## അനുബന്ധം 4.1

### പരീക്ഷ നടത്തിപ്പിലും ഫലപ്രസിദ്ധീകരണത്തിലുമുണ്ടായ കാലതാമസം

*(പരാമർശം: ഖണ്ഡിക 4.1)*

**സി.ബി.സി.എസ് ബിരുദ പ്രോഗ്രാമിന് കീഴിലെ പരീക്ഷാ നടത്തിപ്പിന്റെയും ഫലപ്രസിദ്ധീകരണത്തിന്റെയും തീയതികൾ**

| പരീക്ഷയുടെ പേര് | പരീക്ഷാ തീയതി | | കാലതാമസം (ദിവസങ്ങൾ) | ഫലപ്രസിദ്ധീകരണം | | കാലതാമസം (ദിവസങ്ങൾ) |
|---|---|---|---|---|---|---|
| | പരീക്ഷാ കലണ്ടർ പ്രകാരം | നടത്തിയ തീയതി | | പരീക്ഷാ കലണ്ടർ പ്രകാരം | ഫലം പ്രസിദ്ധീകരിച്ച തീയതി | |
| (2016–2017 പ്രവേശനം) | | | | | | |
| സെമ. I | 09.11.2016 – 23.11.2016 | 10.01.2017–30.01.2017 | 62 | 31.01.2017 | 22.02.2018 | 386 |
| സെമ. II | 03.07.2017 – 14.07.2017 | 20.07.2017–11.08.2017 | 17 | 31.08.2017 | 04.06.2018 | 277 |
| സെമ. III | 19.10.2017–30.10.2017 | 14.12.2017–12.01.2018 | 55 | 15.12.2017 | 30.07.2018 | 227 |
| സെമ. IV | 12.03.2018–28.03.2018 | 11.07.2018–30.07.2018 | 121 | 15.05.2018 | 19.12.2018 | 216 |
| സെമ. V | 04.12.2018–14.12.2018 | 14.12.2018–10.01.2019 | 10 | 30.01.2019 | 24.05.2019 | 113 |
| സെമ. VI | 01.04.2019–12.04.2019 | 08.04.2019–29.04.2019 | 7 | 27.05.2019 | 25.05.2019 | – |
| (2017–18 പ്രവേശനം) | | | | | | |
| സെമ. I | 08.11.2017 – 22.11.2017 | 26.03.2018 – 09.04.2018 | 135 | 08.01.2018 | 11.10.2018 | 276 |
| സെമ. II | 19.03.2018 – 28.03.2018 | 12.10.2018 – 31.10.2018 | 206 | 15.05.2018 | 08.05.2019 | 359 |
| സെമ. III | 08.01.2019 – 18.01.2019 | 28.01.2019 – 26.02.2019 | 20 | 05.03.2019 | 04.07.2019 | 121 |
| സെമ. IV | 09.07.2019 – 19.07.2019 | 26.07.2019 – 16.08.2019 | 17 | 04.09.2019 | 20.02.2020 | 169 |
| സെമ. V | 04.12.2019 – 18.12.2019 | 05.12.2019 – 06.01.2020 | – | 05.02.2020 | 23.06.2020 | 138 |
| സെമ. VI | 23.03.2020 – 03.04.2020 | 02.06.2020 – 10.06.2020 | 71* | 30.04.2020 | 27.08.2020 | 119* |

* 2020 മാർച്ച് 24 മുതൽ ലോക്ക്ഡൗൺ പ്രഖ്യാപിച്ചു.

## അനുബന്ധം 4.2

## കോളേജുകൾ ചോദ്യപേപ്പർ കെട്ടുകൾ തെറ്റായി തുറന്നത്

*(പരാമർശം: ഖണ്ഡിക 4.3)*

| ക്രമ നമ്പർ | കോളേജിന്റെ പേര് | പരീക്ഷയുടെ പേര് | വിഷയം | പരീക്ഷ തീയതി | ചോദ്യപേപ്പർ തുറന്ന തീയതി | പരീക്ഷയുടെ പുതുക്കിയ തീയതി | തെറ്റായി തുറക്കുന്നതിനുള്ള കാരണം |
|---|---|---|---|---|---|---|---|
| 1. | ശ്രീ അയ്യപ്പ കോളേജ്, എരമല്ലിക്കര | എസ്5 സി.ബി.സി.എസ്.എസ് ബി.എസ്.സി ഗണിതം | എം.എം 1545 – അബ്സ്ട്രാക്റ്റ് ആൾജിബ്ര – 2014 പ്രവേശനം | 03.01.2017 | 23.12.2016 | 03.01.2017 | 23.12.2016–ന് ചോദ്യപേപ്പറുകൾ തെറ്റായി തുറന്നുവെന്ന് കോളേജ് അധികൃതർ അറിയിച്ചു |
| | | | എം.എം 1545 – കമ്പ്യൂട്ടർ പ്രോഗ്രാമിംഗ് – I – 2013 പ്രവേശനം | | | | |
| 2. | എംജി കോളേജ്, തിരുവനന്തപുരം | എസ്6 സി.ബി.സി.എസ്.എസ് ബി.എ/ ബി.എസ്.സി / ബി.കോം | ബി.എ. ഇംഗ്ലീഷ് – കോർ കോഴ്സ് XIV – വിമെൻസ് റൈറ്റിംഗ് ഇ.എൻ 1644 | 08.06.2020 | 06.06.2020 | 15.06.2020 | 06.06.2020–ന് ചോദ്യപേപ്പറുകൾ അബദ്ധത്തിൽ തുറന്നതായി കോളേജ് അധികൃതർ അറിയിച്ചു |
| | | | ബി.എ. ഇക്കണോമിക്സ് – കോർ കോഴ്സ് XIV – ഇ.സി 1644 ഇന്റർനാഷണൽ ഇക്കണോമിക്സ് (2013–ഉം 2014–ഉം പ്രവേശനം) | | | | |
| | | | ബി.എ. സാമ്പത്തികശാസ്ത്രം – കോർ കോഴ്സ് XIV – ഇ.സി 1644 ഇന്റർനാഷണൽ ഇക്കണോമിക്സ് (2015 പ്രവേശനം) | | | | |
| | | | ഹിസ്റ്ററി കോർ കോഴ്സ് XIV എച്ച്.വൈ 1644 – ഇരുപതാം നൂറ്റാണ്ടിലെ വിപ്ലവങ്ങൾ | | | | |
| | | | സോഷ്യോളജി കോർ കോഴ്സ് XIV – എസ്.ജി 1644.2 സോഷ്യോളജി ഓഫ് എഡ്യൂക്കേഷൻ | | | | |
| | | | ഹിന്ദി കോർ കോഴ്സ് XIV – എച്ച്.എൻ 1644 ഫിലിം: ഹിസ്റ്ററി ആന്റ് പ്രൊഡക്ഷൻ (2013 മുതൽ 2016 വരെ പ്രവേശനം) | | | | |
| | | | ഹിന്ദി കോർ കോഴ്സ് XIV – എച്ച്.എൻ 1644 ഫിലിം: ഹിസ്റ്ററി ആന്റ് പ്രൊഡക്ഷൻ (2017 പ്രവേശനം) | | | | |
| | | | മലയാളം കോർ കോഴ്സ് XIV – വിവർത്തനം (2014 പ്രവേശനം മുതൽ) | | | | |
| | | എസ്5 ബി.എസ്.സി സി.ബി.സി.എസ്.എസ് | സി.എച്ച് 1542 – ഇനോർഗാനിക് കെമിസ്ട്രി III (2017 പ്രവേശനം) | 11.12.2019 | 09.12.2019 | 19.12.2019 | ചോദ്യപേപ്പറുകൾ തെറ്റായി തുറന്നതായി കോളേജ് അധികൃതർ അറിയിച്ചു |
| | | എസ്5 ബി.എസ്.സി സി.ബി.സി.എസ്.എസ് | സി.എച്ച് 1542 – ഇനോർഗാനിക് കെമിസ്ട്രി III (2014 മുതൽ 2016 വരെ പ്രവേശനം) | 11.12.2019 | 09.12.2019 | 19.12.2019 | ചോദ്യപേപ്പറുകൾ തെറ്റായി തുറന്നതായി കോളേജ് അധികൃതർ അറിയിച്ചു |

| ക്രമ നമ്പർ | കോളേജിന്റെ പേര് | പരീക്ഷയുടെ പേര് | വിഷയം | പരീക്ഷ തീയതി | ചോദ്യപേപ്പർ തുറന്ന തീയതി | പരീക്ഷയുടെ പുതുക്കിയ തീയതി | തെറ്റായി തുറക്കുന്നതിനുള്ള കാരണം |
|---|---|---|---|---|---|---|---|
| 3. | വലിയ കുന്നമ്പായിക്കുളം കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി | എസ്1 എസ്2 ബി.ടെക് | എഞ്ചിനീയറിംഗ് കെമിസ്ട്രി | 10.04.2019-ൽ നിന്നും 20.05.2019-ലേയ്ക്ക് മാറ്റിവച്ചു | 10.04.2019 | 12.06.2019 | പരീക്ഷ മാറ്റിവച്ച വിവരം അറിഞ്ഞില്ലായിരുന്നുവെന്ന് കോളേജ് അധികൃതർ അറിയിച്ചു |
| 4. | മുസ്ലിം അസോസിയേഷൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, വെഞ്ഞാറമൂട് | എസ്1 എസ്2 ബി.ടെക് | എഞ്ചിനീയറിംഗ് കെമിസ്ട്രി | 10.04.2019-ൽ നിന്നും 20.05.2019-ലേയ്ക്ക് മാറ്റിവച്ചു | 10.04.2019 | 12.06.2019 | ചോദ്യപേപ്പറുകൾ തെറ്റായി തുറന്നതായി കോളേജ് അധികൃതർ അറിയിച്ചു |
| 5. | ബി.ജെ.എം.ജി.സി | ബി.കോം വാർഷികം ഭാഗം III മാർച്ച്/ഏപ്രിൽ 2020 | ബി.കോം – പേപ്പർ XIV – മാനേജ്മെന്റ് അക്കൗണ്ടിംഗ് | 09.06.2020 | 08.06.2020 | 26.08.2020 | പരീക്ഷയുടെ പുനഃക്രമീകരണം സംബന്ധിച്ച ഇ-മെയിൽ 03.06.2020-ന് സർവകലാശാലയിൽ നിന്ന് അയച്ചു. പത്രക്കുറിപ്പും പുറത്തിറക്കി. പ്രിൻസിപ്പലിൽ നിന്ന് ലഭിച്ച ഇമെയിൽ പ്രകാരം, ഇന്റർനെറ്റ് ലഭ്യമല്ലാതിരുന്നതിനാൽ പ്രസ്തുത പേപ്പറിന്റെ പുനഃക്രമീകരണം 09.06.2020-ന് മാത്രമാണ് ശ്രദ്ധയിൽപ്പെട്ടത് |
| 6. | എസ്.എൻ കോളേജ്, ചേർത്തല | എസ് 4 ബി.എ/ ബി.എസ്.സി / ബി.കോം സി.ബി.സി.എസ്.എസ് | പി.എസ്- 1431 – ഇന്റർനാഷണൽ പൊളിറ്റിക്സ് (2017 പ്രവേശനം) | 20.03.2020 | 20.03.2020 | 11.09.2020 | കോവിഡ്-19 പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗൺ കാരണം, 20.03.2020-ലെ പരീക്ഷകൾ മാറ്റിവച്ചത് അറിഞ്ഞില്ലെന്ന് കോളേജ് അധികൃതർ അറിയിച്ചു. |
| 7. | എസ്.എൻ വനിതാ കോളേജ്, കൊല്ലം | എസ്6 സി.ബി.സി.എസ്.എസ് ബി.എ/ ബി.എസ്.സി / ബി.കോം | എസ്.റ്റി 1431.3 (2013-2016 പ്രവേശനം)<br>എസ്.റ്റി 1431.3 (2013-2017 പ്രവേശനം)<br>എം.എൽ 1431.3 (2014-2017 പ്രവേശനം)<br>എം.എൽ 1431.1 (2018 പ്രവേശനം)<br>സി.എച്ച് 1431.7 (2016 പ്രവേശനം)<br>പി.എസ് 1431 (2014-2016 പ്രവേശനം)<br>പി.എസ് 1431 (2014-2017 പ്രവേശനം)<br>സി.ഒ 1431 (2018 പ്രവേശനം)<br>സി.ഒ 1431 (2014-2017 പ്രവേശനം) | 20.03.2020 | 20.03.2020 | 11.09.2020 | കോവിഡ്-19 പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗൺ കാരണം, 20.03.2020 ലെ പരീക്ഷകൾ മാറ്റിവച്ചത് അറിഞ്ഞില്ലെന്ന് കോളേജ് അധികൃതർ അറിയിച്ചു. |

| ക്രമ നമ്പർ | കോളേജിന്റെ പേര് | പരീക്ഷയുടെ പേര് | വിഷയം | പരീക്ഷ തീയതി | ചോദ്യപേപ്പർ തുറന്ന തീയതി | പരീക്ഷയുടെ പുതുക്കിയ തീയതി | തെറ്റായി തുറക്കുന്നതിനുള്ള കാരണം |
|---|---|---|---|---|---|---|---|
| | | | ബി.ഒ 1431 (2013 പ്രവേശനം) | | | | |
| | | | ബി.ഒ 1431 (2014 പ്രവേശനം) | | | | |
| | | | എസ്.കെ 1431.3 (2013 പ്രവേശനം) | | | | |
| | | | സി.ജി 1472 (2013 പ്രവേശനം) | | | | |
| | | | സി.ഒ 1431 (2013 പ്രവേശനം | | | | |
| 8. | എസ്.ജി കോളേജ്, കൊട്ടാരക്കര | എസ്. 4 സി.ബി.സി.എസ്.എസ് ബി.എ/ ബി.എസ്.സി / ബി.കോം | ബി.ഒ 1431 | 20.03.2020 | 20.03.2020 | 11.09.2020 | കോവിഡ്-19 പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗൺ കാരണം, 20.03.2020 ലെ പരീക്ഷകൾ മാറ്റിവച്ചത് അറിഞ്ഞില്ലെന്ന് കോളേജ് അധികൃതർ അറിയിച്ചു. |
| | | | സി.ഒ 1431 | | | | |
| | | | ബി.ഒ 1431 | | | | |

## അനുബന്ധം 4.3

## റദ്ദാക്കിയ ചോദ്യപേപ്പറുകൾ ഉപയോഗിച്ചുള്ള പരീക്ഷാ നടത്തിപ്പ്

*(പരാമർശം: ഖണ്ഡിക 4.3)*

| ക്രമ നമ്പർ | കോളേജിന്റെ പേര് | പരീക്ഷയുടെ പേര് | വിഷയം | പരീക്ഷ തീയതി | പരീക്ഷാ നടത്തിയതിന് കോളേജ് അതോറിറ്റി പറഞ്ഞ കാരണം |
|---|---|---|---|---|---|
| 1. | എൻ.എസ്.എസ്. കോളേജ്, നിലമേൽ | എസ് 6 സി.ബി.സി.എസ്.എസ് ബി.എ/ ബി.എസ്.സി / ബി.കോം | ഇംഗ്ലീഷ് 1644/സി.ജി 1642 വിമെൻസ് റൈറ്റിംഗ് ചോദ്യപേപ്പർ കോഡ് ജെ – 1661<br>ഇ.സി 1644 ഇന്റർനാഷണൽ ഇക്കണോമിക്സ് ചോദ്യപേപ്പർ കോഡ് ജെ 1795<br>എച്ച്.വൈ 1644 ഇരുപതാം നൂറ്റാണ്ടിലെ വിപ്ലവങ്ങൾ ചോദ്യപേപ്പർ കോഡ് ജെ – 1679<br>എം.എൽ 1644 വിവർത്തനം ചോദ്യപേപ്പർ കോഡ് ജെ – 1765 | 15.06.2020 | റദ്ദാക്കിയ ചോദ്യപേപ്പർ, കോളേജ് അധികൃതർ വിതരണം ചെയ്തു (ശരിയായ ചോദ്യപേപ്പറിന് പകരം 06.06.2020–ന് എം.ജി. കോളേജ് തെറ്റായി തുറന്നു.) |
| 2. | എസ്.എൻ കോളേജ്, ചെങ്ങന്നൂർ | എസ് 5 ബി.എസ്.സി മാത്തമാറ്റിക്സ് സി.ബി.സി.എസ് 2013, 2014 ഡിഗ്രി പരീക്ഷകൾ | അബ്സ്ട്രാക്റ്റ് ആൾജിബ്ര (2014 അഡ്മിഷന് വേണ്ടിയുള്ള എം.എം 1545), കമ്പ്യൂട്ടർ പ്രോഗ്രാമിംഗ്–1 (2013 അഡ്മിഷന് വേണ്ടിയുള്ള എം.എം 1545) | 03.01.2017 | വിതരണം ചെയ്ത ചോദ്യപേപ്പറുകൾ തിരിച്ചുവിളിക്കാനും നിശ്ചയിച്ച തീയതി (03.01.2017) പ്രകാരം പുതിയ ചോദ്യപേപ്പർ ഉപയോഗിച്ച് പരീക്ഷ നടത്താനും വൈസ് ചാൻസലർ (2016 ഡിസംബർ 29) ഉത്തരവിട്ടിരുന്നുവെങ്കിലും 23.12.2016 ന് എരമല്ലിക്കര ശ്രീ അയ്യപ്പ കോളേജ് തെറ്റായി തുറന്നതിനെ തുടർന്ന് റദ്ദാക്കിയ ചോദ്യപേപ്പറുമായി കോളേജ് അധികൃതർ പരീക്ഷ നടത്തി. |
| 3. | എൻ.എസ്.എസ് കോളേജ്, പന്തളം | എസ് 5 ബി.എസ്.സി മാത്തമാറ്റിക്സ് സി.ബി.സി.എസ് 2013, 2014 ഡിഗ്രി പരീക്ഷകൾ | അബ്സ്ട്രാക്റ്റ് ആൾജിബ്ര (2014 അഡ്മിഷന് വേണ്ടിയുള്ള എം.എം 1545), കമ്പ്യൂട്ടർ പ്രോഗ്രാമിംഗ്–1 (2013 അഡ്മിഷന് വേണ്ടിയുള്ള എം.എം 1545) | 03.01.2017 | വിതരണം ചെയ്ത ചോദ്യപേപ്പറുകൾ തിരിച്ചുവിളിക്കാനും നിശ്ചയിച്ച തീയതി (03.01.2017) പ്രകാരം പുതിയ ചോദ്യപേപ്പർ ഉപയോഗിച്ച് പരീക്ഷ നടത്താനും വൈസ് ചാൻസലർ (2016 ഡിസംബർ 29) ഉത്തരവിട്ടിരുന്നുവെങ്കിലും 23.12.2016 ന് എരമല്ലിക്കര ശ്രീ അയ്യപ്പ കോളേജ് തെറ്റായി തുറന്നതിനെ തുടർന്ന് റദ്ദാക്കിയ ചോദ്യപേപ്പറുമായി കോളേജ് അധികൃതർ പരീക്ഷ നടത്തി. |

## അനുബന്ധം 4.4

## സർവകലാശാലയിൽ നിന്ന് നഷ്ടപ്പെട്ട ഉത്തരക്കടലാസുകൾ

***(പരാമർശം: ഖണ്ഡിക 4.5.1)***

| വർഷം | പരീക്ഷ | നഷ്ടമായ ഉത്തര കടലാസുകളുടെ എണ്ണം | സ്വീകരിച്ച പരിഹാര നടപടികൾ | ഉത്തരവാദിത്വം നിശ്ചയിച്ചിട്ടുണ്ടോ എന്ന് |
|---|---|---|---|---|
| 2013-14 | അവസാനവർഷ ബി.എ അറബിക് ഡിഗ്രി പരീക്ഷ ഏപ്രിൽ / മേയ് 2014 (പേപ്പർ II), എം.എസ്.എം കോളേജ്, കായംകുളം | 1 | 16.03.2017 ന് പ്രത്യേക പരീക്ഷ നടത്തി 29.03.2017 ന് ഫലം പ്രസിദ്ധീകരിച്ചു | ഇല്ല, സെക്ഷൻ ഓഫീസറും അന്നത്തെ അസിസ്റ്റന്റ് രജിസ്ട്രാറും വിഷയം ഉന്നത ഉദ്യോഗസ്ഥരെ അറിയിക്കുക പോലും ചെയ്തിട്ടില്ല |
| 2015-16 | ബി.എ സി.ബി.സി.എസ്.എസ്, എസ് 1, 2016 ഡിസംബർ - ഹിന്ദി കെ.എൻ.എം കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ്, കാഞ്ഞിരംകുളം | 10 | 2018 ജനുവരിയിലും നവംബറിലും നടത്തിയ സപ്ലിമെന്ററി പരീക്ഷയ്ക്കും തുടർന്നുള്ള അവസരങ്ങളിലും വിദ്യാർത്ഥികൾ ഹാജരായി. ഫീസ് അടയ്ക്കാതെ പരീക്ഷാർത്ഥികൾക്ക് പരീക്ഷ എഴുതാൻ അനുവാദമില്ലായിരുന്നു ക്രൈംബ്രാഞ്ച് അന്വേഷണം പുരോഗമിക്കുകയാണ്. | ഇല്ല |
| 2016-17 | ബി.എ ഇംഗ്ലീഷും കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷും, എസ് 3, 2017 ഡിസംബർ, നാഷണൽ കോളേജ്, അമ്പലത്തറ | 2 | പ്രത്യേക പരീക്ഷ നടത്തുമെന്ന് അറിയിച്ചിരുന്നെങ്കിലും വിഷയത്തിൽ വിദ്യാർത്ഥികൾ പ്രതികരിച്ചില്ല | ഇല്ല |
| 2016-17 | ബി.എസ്.സി സി.ബി.സി.എസ്.എസ് എസ് 5, 2017 ഡിസംബർ, എം.എം 1541 റിയൽ അനാലിസിസ് I, മാത്തമാറ്റിക്സ്, എസ്.ഡി കോളേജ്, ആലപ്പുഴ | 5 | പ്രത്യേക പരീക്ഷയൊന്നും നടത്തിയില്ല | ഇല്ല |
| 2017-18 | എം.എസ്.സി ഫിസിക്സ്, എസ് 1, ഗവൺമെന്റ് കോളേജ്, കാര്യവട്ടം | 1 | 23.07.2019-ന് പ്രത്യേക പരീക്ഷ നടത്തി 28.11.2019-ന് ഫലം പ്രസിദ്ധീകരിച്ചു. ക്രൈംബ്രാഞ്ചിൽ കേസ് രജിസ്റ്റർ ചെയ്തു. അന്വേഷണം നടക്കുന്നു (08.01.2021) | ഇല്ല |
| 2017-18 | ബി.എ വാർഷികം പാർട്ട് II, 2018 ഏപ്രിൽ / മേയ്, ഹിന്ദി | 15 | 07.03.2019 ന് നടന്ന സപ്ലിമെന്ററി പരീക്ഷ (2018 സെപ്റ്റംബർ) എഴുതാൻ പരീക്ഷാർത്ഥികളെ അനുവദിച്ചു, അതിൽ ആ വർഷം വിജയിച്ചത് ഏഴ് പേർ മാത്രമാണ്. സംസ്ഥാന പോലീസ് മേധാവിക്ക് കേസ് റിപ്പോർട്ട് ചെയ്തു | ഇല്ല (ഒരു ഹിയറിംഗ് മാത്രമാണ് നടത്തിയത്) |
| 2017-18 | എസ് 1, എസ് 2 ബി.ടെക് ഡിഗ്രി പേപ്പർ III - എഞ്ചിനീയറിംഗ് കെമിസ്ട്രി, (2013 സ്കീം), 2018 ഏപ്രിൽ, രാജധാനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി, ആറ്റിങ്ങൽ | 5 | പരീക്ഷാർത്ഥികൾ സപ്ലിമെന്ററി പരീക്ഷയ്ക്കും പ്രത്യേക പരീക്ഷയ്ക്കും ഹാജരായി സപ്ലിമെന്ററി പരീക്ഷ (ഫെബ്രുവരി 2019) 12.6.2019-നും പ്രത്യേക പരീക്ഷ 05.8.2019-നും നടത്തി. പ്രത്യേക പരീക്ഷയുടെ ഫലം 05.09.2019-ന് അപ്‌ലോഡ് ചെയ്തു | ഇല്ല |

| വർഷം | പരീക്ഷ | നഷ്ടമായ ഉത്തര കടലാസുകളുടെ എണ്ണം | സ്വീകരിച്ച പരിഹാര നടപടികൾ | ഉത്തരവാദിത്വം നിശ്ചയിച്ചിട്ടുണ്ടോ എന്ന് |
|---|---|---|---|---|
| 2017-18 | ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, എസ് 2 ഫിനാൻഷ്യൽ അക്കൗണ്ടിംഗ്, 2018 ആഗസ്റ്റ് | 2 | പ്രത്യേക പരീക്ഷ 10.06.2020-ന് നടത്തി 13.08.2020-ന് ഫലം പ്രസിദ്ധീകരിച്ചു | സെൻട്രൽ വാല്യുവേഷൻ ക്യാമ്പ് II (സി.വി.സി II വിഭാഗം) ലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഹിയറിംഗ് നടത്താനുണ്ട് |
| 2018-19 | എം.എ.എസ്.എൽ.പി, എസ് 4, 2018 ജൂലൈ, ഫ്ലുവൻസി ഡിസോർഡേഴ്സ്, നിഷ് | 9 | പരീക്ഷാർത്ഥികൾക്കായി 23.3.2019-ന് നടത്തിയ പുനഃപരീക്ഷാ ഫലം 27.03.2019-ന് പ്രസിദ്ധീകരിച്ചു. | ഇല്ല, എക്സാമിനറും കൊറിയർ കമ്പനിയും തമ്മിലുള്ള കരാർ ആയതിനാൽ കൊറിയർ കമ്പനിക്കെതിരെ നിയമനടപടി സ്വീകരിക്കാൻ കഴിഞ്ഞില്ലെന്ന് മറുപടി നൽകി. |
| 2019-20 | സി.ബി.സി.എസ്.എസ് ബി.എ ഇക്കണോമിക്സ്, എസ് 3, 2019 ഒക്ടോബർ, എസ്.ഡി കോളേജ്, ആലപ്പുഴ | 1 | പ്രത്യേക പരീക്ഷ നടത്താൻ നടപടിയെടുത്തിട്ടില്ല. ഫയൽ നടപടികൾ പുരോഗമിക്കുന്നു. | ഇല്ല |
| 2019-20 | ബി.കോം കൊമേഴ്സ് ആന്റ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ബിരുദം - എസ് 2, 2019 മേയ്, എസ്.എൻ കോളേജ്, ശിവഗിരി | 1 | പരീക്ഷാർത്ഥിക്കായി 21.10.2020-ന് പുനഃപരീക്ഷ നടത്തി, മാർക്ക് ലിസ്റ്റ് 23.10.2020-ന് അപ് ലോഡ് ചെയ്തു. | 05.03.2021 ലെ സിൻഡിക്കേറ്റ് മിനിറ്റ്സ് പ്രകാരം, അസിസ്റ്റന്റ് രജിസ്ട്രാർ, ഓഫീസ് സൂപ്രണ്ട്, പി.സി.വി.സി സെക്ഷനിലെ ജീവനക്കാർ എന്നിവരിൽ നിന്ന് പരീക്ഷാ നടത്തിപ്പിനായി ₹10,000 ഈടാക്കാൻ തീരുമാനിച്ചു. |
| 2019-20 | സി.ബി.സി.എസ്.എസ് ബി.എ ഇംഗ്ലീഷ്, എസ് 2, 2019 മേയ്, എസ്.ഡി കോളേജ്, ആലപ്പുഴ | 3 | നടപടിയെടുത്തിട്ടില്ല. ഫയൽ നടപടികൾ പുരോഗമിക്കുന്നു. | ഇല്ല |
| 2019-20 | എം.കോം (ഫിനാൻസ്) ഡിഗ്രി പ്രൈവറ്റ് രജിസ്ട്രേഷൻ പരീക്ഷ 2019 ജനുവരി / ഫെബ്രുവരി | 1 | ഏതെങ്കിലും പരീക്ഷ നടത്തിയതിനെക്കുറിച്ച് പരാമർശമില്ല. | ബന്ധപ്പെട്ട ഉദ്യോഗസ്ഥനെതിരെ ഉത്തരവാദിത്വം നിശ്ചയിച്ചതിനെക്കുറിച്ച് പരാമർശമില്ല. |
| **മൊത്തം നഷ്ടമായ പേപ്പറുകൾ** | | 56 | | |

## അനുബന്ധം 4.5

## കോളേജിൽ നിന്ന് / മൂല്യനിർണ്ണയത്തിന് നിയോഗിക്കപ്പെട്ട അധ്യാപകരിൽ നിന്ന് നഷ്ടപ്പെട്ട ഉത്തര കടലാസുകൾ

*(പരാമർശം: ഖണ്ഡിക 4.5.1)*

| വർഷം | പരീക്ഷ | നഷ്ടമായ ഉത്തര കടലാസുകളുടെ എണ്ണം | സ്വീകരിച്ച നടപടി | ഉത്തരവാദിത്വം നിശ്ചയിച്ചിട്ടുണ്ടോ എന്ന് |
|---|---|---|---|---|
| 2015-16 (കോളേജ്) | എസ് 1 ബി.എ മലയാളം ഇംപ്രൂവ്മെന്റ് പരീക്ഷ 2016, എൻ.എസ്.എസ് കോളേജ്, നിലമേൽ | 1 | പരീക്ഷാ നടത്തിപ്പിനെക്കുറിച്ച് പരാമർശമില്ല | ഉത്തരവാദിത്വം നിശ്ചയിച്ചിട്ടില്ല. അഡീഷണൽ സൂപ്രണ്ടിനും ഇൻവിജിലേറ്റർക്കും ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കരുതെന്ന താക്കീത് മാത്രമാണ് നൽകിയത് |
| 2015-16 (അഡീഷണൽ എക്സാമിനർ) | ബി.കോം ഡിഗ്രി പരീക്ഷ, പേപ്പർ IV – ഫിനാൻഷ്യൽ അക്കൗണ്ടിംഗ് | 4 | ഇവർക്കായി പ്രത്യേക പരീക്ഷ നടത്തിയിട്ടില്ല | 11.01.2017 ന് ചേർന്ന സ്റ്റാൻഡിംഗ് കമ്മിറ്റി അഡീഷണൽ എക്സാമിനറുടെ വാദം കേൾക്കുകയും കർശനമായ മുന്നറിയിപ്പ് നൽകാനും ഉത്തരവാദിയായ വ്യക്തിയെ പരീക്ഷാ ചുമതലകളിൽ നിന്നും സ്ഥിരമായി വിലക്കാനും ശുപാർശ ചെയ്തു. പിഴ ചുമത്തിയിട്ടുണ്ടോയെന്ന് കണ്ടെത്താനായിട്ടില്ല. |
| 2017-18 (ഫാക്കൽറ്റി) | ബി.ഡെസ് എസ് 5 2018 ജനുവരി ഹിസ്റ്ററി ഓഫ് ഡിസൈൻ ആന്റ് ഫാഷൻ | 1 | 14.01.2019-ന് പ്രത്യേക പരീക്ഷ നടത്തി 24.01.2019-ന് ഫലം പ്രസിദ്ധീകരിച്ചു. | അധ്യാപകന്റെ വാദം കേൾക്കാൻ 19.02.2019-ന് തീരുമാനമെടുത്തു. ആർക്കെതിരെയും ഉത്തരവാദിത്വം നിശ്ചയിച്ചിട്ടില്ല. |
| 2018-19 (കോളേജ്) | എസ് 4 ബി.എ സി.ബി.സി.എസ്.എസ് പരീക്ഷ (വിഷയം ഇ.എൻ 1411.1 – റീഡിംഗ്സ് ഇൻ ലിറ്ററേച്ചർ) ജൂലൈ 2018 | 1 | 06.06.2019-ന് പ്രത്യേക പരീക്ഷ നടത്തി 07.06.2019-ന് ഫലം പ്രസിദ്ധീകരിച്ചു. | ബന്ധപ്പെട്ട വ്യക്തിക്കെതിരെ യാതൊരു ഉത്തരവാദിത്വവും നിശ്ചയിച്ചിട്ടില്ല. ചെമ്പഴന്തി എസ്എൻ കോളേജ് പ്രിൻസിപ്പലിന്റെയും ചീഫ് സൂപ്രണ്ടിന്റെയും വാദം കേൾക്കൽ നടപടികൾ ശേഷിക്കുന്നു |

| വർഷം | പരീക്ഷ | നഷ്ടമായ ഉത്തര കടലാസുകളുടെ എണ്ണം | സ്വീകരിച്ച നടപടി | ഉത്തരവാദിത്വം നിശ്ചയിച്ചിട്ടുണ്ടോ എന്ന് |
|---|---|---|---|---|
| 2018-19 (ചീഫ് എക്സാമിനർ) | എസ് 2 എം.എസ്.സി കമ്പ്യൂട്ടർ സയൻസ് (എസ്.ഡി.ഇ) പരീക്ഷ 2018 നവംബർ - ഗ്രാഫിക്സ് ആന്റ് മൾട്ടിമീഡിയ സിസ്റ്റംസ് | 3 | ഗ്രാഫിക്സ്, മൾട്ടിമീഡിയ സിസ്റ്റംസ് - എന്ന പേപ്പറിന്റെ പരീക്ഷ 12.12.2018-ന് നടന്നു, 21.08.2019-ന് ഫലം പ്രസിദ്ധീകരിച്ചു. പരീക്ഷാർത്ഥികൾ പുനർമൂല്യനിർണയത്തിന് അപേക്ഷിച്ചു. പുനർമൂല്യനിർണയത്തിന് അപേക്ഷിക്കാനുള്ള അവസാന തീയതി 12.09.2019 ആയിരുന്നു, പുനർമൂല്യനിർണയ ഫലം 02.10.2019 ന് പ്രസിദ്ധീകരിക്കാൻ നിശ്ചയിച്ചിരുന്നു. പേപ്പർ വീണ്ടെടുക്കാനാകാത്ത വിധം നഷ്ടപ്പെട്ടതിനാൽ മൂന്ന് പരീക്ഷാർത്ഥികളുടെ ഫലം പ്രസിദ്ധീകരിച്ചില്ല | ചീഫ് എക്സാമിനറുടെവാദം കേൾക്കൽ നടപടികൾ ശേഷിക്കുന്നു |
| 2019-20 (യു.ഐ.എം) | എസ് 3 എം.ബി.എ ഡിഗ്രി പരീക്ഷ, 2019-മേയ് ഇന്റഗ്രേറ്റഡ് മാർക്കറ്റിംഗ് കമ്മ്യൂണിക്കേഷൻ (ഐ.എം.സി) - യു.ഐ.എം വടക്കൽ | 32 | പ്രത്യേക പുനഃപരീക്ഷ 07.01.2020-ന് നടത്തി 17.01.2020-ന് ഫലം പ്രസിദ്ധീകരിച്ചു. 32 പരീക്ഷാർത്ഥികളിൽ നാലുപേർ മാത്രമാണ് പരീക്ഷ എഴുതിയത്. ഇതേ പേപ്പറിനുള്ള സപ്ലിമെന്ററി പരീക്ഷ 24.01.2020-ന് നടന്നു. 32 പേരിൽ 28 പേർ ഹാജരായി. 32 വിദ്യാർത്ഥികളും സപ്ലിമെന്ററി പരീക്ഷാ ഫീസ് അവരുടെ കാൻഡിഡേറ്റ് പ്രൊഫൈൽ വഴി ഓൺലൈനായി അടച്ചു. | ആലപ്പുഴ വടക്കൽ യു.ഐ.എമ്മിലെ പ്രിൻസിപ്പൽ ഇൻ ചാർജിനെ, 2021 മാർച്ച് വരെ ഒരു വർഷത്തേക്ക് പരീക്ഷാ ഡ്യൂട്ടിയിൽ നിന്ന് ഡീബാർ ചെയ്തു. |
| **മൊത്തം നഷ്ടമായ പേപ്പറുകൾ** | | 42 | | |

**അനുബന്ധം 4.6**

**വിദഗ്ദ്ധ സമിതിയുടെ ശിപാർശകളിൽ സർവകലാശാല നടപ്പാക്കാത്തവ**

***(പരാമർശം: ഖണ്ഡിക 4.6)***

| ക്രമ നമ്പർ | ശിപാർശകൾ | നടപ്പിലാക്കിയോ |
|---|---|---|
| 1 | മോഡറേഷൻ സംവിധാനം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി എസ്.ക്യു.എൽ ഡാറ്റാബേസിന്റെ ഘടന പരിഷ്കരിക്കേണ്ടതുണ്ട് | അതെ |
| 2 | സോഫ്റ്റ്‌വെയർ സംവിധാനം മികച്ചതാക്കുന്നതിന് ഒരു ബാഹ്യഏജൻസിയെ ഉപയോഗിച്ച് സോഫ്റ്റ്‌വെയറിന്റെ മറ്റ് മൊഡ്യൂളുകൾ പരിശോധിക്കുക | ഇല്ല |
| 3 | എല്ലാ പരീക്ഷാ സോഫ്റ്റ്‌വെയറുകളും ബാഹ്യഏജൻസിയെ ഉപയോഗിച്ച് ആനുകാലികമായി ഓഡിറ്റ് ചെയ്യണം | ഇല്ല |
| 4 | എസ്.റ്റി.ക്യു.സി, സി.ഈ.ആർ.റ്റി പോലുള്ള ബാഹ്യഏജൻസികളെ ഉപയോഗിച്ച് സുരക്ഷാ ഓഡിറ്റ് നടപ്പാക്കണം | ഇല്ല |
| 5 | സോഫ്റ്റ്‌വെയർ സംവിധാനം കൂടുതൽ സുരക്ഷിതമാക്കുന്നതിന് നിലവിലുള്ള ഉപയോക്തൃ ഐഡിക്കും പാസ് വേഡിനും പുറമേ അധിക ലെയർ ബയോമെട്രിക് സുരക്ഷ | ഇല്ല |
| 6 | പരീക്ഷാ സംവിധാനത്തിന്റെ ഫലപ്രദമായ പ്രവർത്തനത്തിനു വേണ്ടി എല്ലാ സോഫ്റ്റ്‌വെയറുകളും സുരക്ഷാസംവിധാനങ്ങളും ഉൾപ്പെടെയുള്ള മൊത്തം വർക്ക്ഫ്ലോ സംവിധാനവും പഠിക്കാൻ ഒരു ബാഹ്യ ഏജൻസിയെ ഏൽപ്പിക്കുക | ഇല്ല |
| 7 | കമ്പ്യൂട്ടർ സെന്ററും ഐ.ടി സെല്ലും തമ്മിലുള്ള ഏകോപനം നിലനിർത്തുന്നതിന് അധികാര നിയോഗവും അധികാര നിയന്ത്രണ സംവിധാനങ്ങളും ഉരുത്തിരിയേണ്ടതാണ്. | അതെ |
| 8 | മോഡറേഷനിൽ വ്യക്തത നിലനിർത്തുന്നതിന് പരീക്ഷാ വിഭാഗം പ്രത്യേക ശ്രദ്ധചെലുത്തേണ്ടതാണ്. ഡെപ്യൂട്ടി രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള ത്രിതല സംവിധാനത്തിലൂടെ മോഡറേഷൻ നൽകേണ്ടതാണ്. | ഇല്ല |
| 9 | സോഫ്റ്റ്‌വെയർ സംവിധാനത്തിന്റെ ഓരോ തലത്തിലും ആക്സസിബിലിറ്റിയുടെ വിശദാംശങ്ങൾ ഉൾപ്പെടെ എല്ലാ ഉദ്യോഗസ്ഥർക്കും വിവരസാങ്കേതിക പരിശീലനം നൽകണം | അതെ |
| 10 | മോഡറേഷൻ നൽകുകയും റിസൽട്ട് ഷീറ്റ് തയ്യാറാക്കുകയും ചെയ്തശേഷം ഡാറ്റാ ബേസ് ലോക്ക് ചെയ്യേണ്ടതാണ്. പരീക്ഷാ കൺട്രോളറുടെ ഉത്തരവോടുകൂടി മാത്രമെ തുടർന്നുള്ള മാറ്റങ്ങൾ വരുത്താവൂ. അത് കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ് | അതെ |
| 11 | അന്വേഷണത്തിന്റെ ബാക്കി ഭാഗം അന്തിമ തീർപ്പിനായി സൈബർസെൽ വിദഗ്ദ്ധർക്ക് വിടണം | ഇല്ല |

## അനുബന്ധം 5.1

## യു.ഐ.റ്റികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്

*(പരാമർശം: ഖണ്ഡിക 5.1.1)*

| യു.ഐ.റ്റിയുടെ പേര് | യു.ജി.സി പ്രകാരമുള്ള ആവശ്യകതകൾ | യു.ഐ.റ്റി അടൂർ | യു.ഐ.റ്റി കൊല്ലം | യു.ഐ.റ്റി ഏരൂർ | യു.ഐ.റ്റി കരുവാറ്റ | യു.ഐ.റ്റി ശാസ്താംകോട്ട | യു.ഐ.റ്റി മണ്ണടി | യു.ഐ.റ്റി വേളി | യു.ഐ.റ്റി അഴൂർ | യു.ഐ.റ്റി മണ്ണാഞ്ചേരി |
|---|---|---|---|---|---|---|---|---|---|---|
| പ്രവർത്തനം ആരംഭിച്ച വർഷം | ബാധകമല്ല | 1995 | 1996 | 2006 | 2012 | 2012 | 2015 | 2017 | 2017 | 2017 |
| **ഏതെങ്കിലും ഭൂമി നീക്കിവച്ചിട്ടുണ്ടോ എന്ന്** | മെട്രോപൊളിറ്റൻ നഗരത്തിലാണെങ്കിൽ രണ്ട് ഏക്കറിൽ കുറയാത്തതും മറ്റ് പ്രദേശങ്ങളിലാണെങ്കിൽ അഞ്ച് ഏക്കറിൽ കുറയാത്തതുമായ തർക്ക രഹിത ഭൂമിയുടെ ഉടമസ്ഥതയും കൈവശാവകാശവും | സ്വന്തം 50 സെന്റ് | കൊല്ലം കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള 50 സെന്റ് | സർക്കാർ സ്കൂളിന്റെ ഭൂമി. അത് നീക്കിവച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കിയിട്ടില്ല | പാട്ട ഭൂമി – 62 സെന്റ് | സ്വന്തം 60 സെന്റ് | സ്വന്തം 20 സെന്റ് | പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളത് – 1.50 ഏക്കർ | വ്യക്തമാക്കിയിട്ടില്ല | പാട്ടത്തിന് – 40 സെന്റ് |
| **യു.ഐ.റ്റിയുടെ പ്രവർത്തനം** | ഫാക്കൽറ്റികൾ, ലക്ചർ / സെമിനാർ റൂമുകൾ, ലൈബ്രറി, ലബോറട്ടറികൾ എന്നിവ ഉൾക്കൊള്ളാൻ പര്യാപ്തമായ അക്കാദമിക് കെട്ടിടം. ഓരോ വിദ്യാർത്ഥിക്കും കുറഞ്ഞത് 15 ചതുരശ്ര അടി വിസ്തീർണ്ണം ഉറപ്പാക്കുന്ന വിധമുള്ള ലക്ചർ /സെമിനാർ റൂമുകൾ/ ലൈബ്രറികൾ, ഓരോ വിദ്യാർത്ഥിക്കും 20 ചതുരശ്ര അടി വിസ്തീർണ്ണം ഉറപ്പാക്കുന്നവിധമുള്ള ലബോറട്ടറികൾ | വാടക കെട്ടിടം | സ്വന്തം കെട്ടിടം | സ്വന്തം കെട്ടിടം | സ്വന്തം കെട്ടിടം | പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാടക കെട്ടിടം | വാടക കെട്ടിടം | സ്വന്തം കെട്ടിടം | വാടക കെട്ടിടം | പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം |
| **ക്ലാസ്റൂമുകൾ** | ലക്ചർ റൂമുകളിൽ ഒരു വിദ്യാർത്ഥിക്ക് 15 ചതുരശ്ര അടി | 6 | 13 | 8 | 10 | 8 | 5 | 2 | 6 | 6 |

| യു.ഐ.റ്റിയുടെ പേര് | യു.ജി.സി പ്രകാരമുള്ള ആവശ്യകതകൾ | യു.ഐ.റ്റി അടൂർ | യു.ഐ.റ്റി കൊല്ലം | യു.ഐ.റ്റി ഏരൂർ | യു.ഐ.റ്റി കരുവാറ്റ | യു.ഐ.റ്റി ശാസ്താംകോട്ട | യു.ഐ.റ്റി മണ്ണടി | യു.ഐ.റ്റി വേളി | യു.ഐ.റ്റി അഴൂർ | യു.ഐ.റ്റി മണ്ണാഞ്ചേരി |
|---|---|---|---|---|---|---|---|---|---|---|
| കമ്പ്യൂട്ടർ ലാബ് | ഓരോ ലബോറട്ടറിയിലും ഓരോ വിദ്യാർത്ഥിക്കും 20 ചതുരശ്ര അടി. | അതെ | അതെ | അതെ | അതെ | അതെ | അതെ | ഇല്ല | അതെ | ഇല്ല |
| സെമിനാർ ഹാൾ | ലക്ചർ / സെമിനാർ മുറികൾ / ലൈബ്രറി എന്നിവയിൽ ഒരു വിദ്യാർത്ഥിക്ക് കുറഞ്ഞത് 15 ചതുരശ്ര അടി | ഇല്ല | അതെ | ഇല്ല | ഇല്ല | അതെ | ഇല്ല | ഇല്ല | ഇല്ല | അതെ |
| ലൈബ്രറി | ഓരോ വിദ്യാർത്ഥിക്കും കുറഞ്ഞത് 15 ചതുരശ്ര അടി വിസ്തീർണം ലഭിക്കത്തക്കവിധമുള്ള സെമിനാർ റൂമുകൾ, ലൈബ്രറികൾ, ലബോറട്ടറികൾ എന്നിവ ഉൾക്കൊള്ളാൻ പര്യാപ്തമായ അക്കാദമിക് കെട്ടിടം | അതെ | അതെ | അതെ | അതെ | അതെ | ഇല്ല | ഇല്ല | അതെ | ഇല്ല |
| പ്രിൻസിപ്പലിന്റെ റൂം | ഫാക്കൽറ്റികളെ ഉൾക്കൊള്ളാനാവുന്ന വിധമുള്ള അക്കാദമിക് കെട്ടിടം | അതെ | അതെ | ഇല്ല | അതെ | അതെ | അതെ | അതെ | അതെ | അതെ |
| സ്റ്റാഫ് റൂം | | അതെ | അതെ | അതെ | അതെ | അതെ | അതെ | അതെ | അതെ | അതെ |
| ഓഫീസ് | | അതെ | അതെ | അതെ | അതെ | അതെ | അതെ | ഇല്ല | അതെ | അതെ |
| ചോദ്യപേപ്പറുകളും ഉത്തരക്കടലാസുകളും സൂക്ഷിക്കുന്നതിന് സി.സി.ടി.വിയോടു കൂടിയ സ്ട്രോങ് റൂം | പ്രത്യേക മാനദണ്ഡങ്ങളൊന്നുമില്ല | പ്രിൻസിപ്പലിന്റെ മുറിയിൽ പക്ഷേ സിസിടിവി ഇല്ല | 2 (ഒരു മുറിയും പ്രിൻസിപ്പലിന്റെ മുറിയും) സിസിടിവി ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | അതെ (സിസിടിവി ഇല്ല) | ഇല്ല | അതെ, സിസിടിവി ഇല്ല |
| സ്മാർട്ട് ക്ലാസ്റൂമുകൾ | പ്രത്യേക മാനദണ്ഡങ്ങളൊന്നുമില്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | അതെ | ഇല്ല | ഇല്ല | ഇല്ല |
| കാന്റീൻ | പ്രാദേശിക ആവശ്യങ്ങൾ പരിഗണിച്ച് സർവകലാശാല തീരുമാനിക്കുന്നത് | ഇല്ല | ഇല്ല | ഇല്ല | കാന്റീനായിട്ടില്ല, വിദ്യാർത്ഥികൾക്ക് ലഘു ഭക്ഷണം നൽകുന്നതിനുള്ള ഒരു ചെറിയ സൗകര്യം | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

| യു.ഐ.റ്റിയുടെ പേര് | യു.ജി.സി പ്രകാരമുള്ള ആവശ്യകതകൾ | യു.ഐ.റ്റി അടൂർ | യു.ഐ.റ്റി കൊല്ലം | യു.ഐ.റ്റി ഏറ്റുർ | യു.ഐ.റ്റി കരുവാറ്റ | യു.ഐ.റ്റി ശാസ്താംകോട്ട | യു.ഐ.റ്റി മണ്ണടി | യു.ഐ.റ്റി വേളി | യു.ഐ.റ്റി അഴൂർ | യു.ഐ.റ്റി മണ്ണാഞ്ചേരി |
|---|---|---|---|---|---|---|---|---|---|---|
| **സുരക്ഷ** | പ്രത്യേക മാനദണ്ഡങ്ങളൊന്നുമില്ല | ഇല്ല | ഇല്ല | അതെ | അതെ | അതെ | അതെ | അതെ | അതെ | ഇല്ല |
| **സ്റ്റേഷനറി സ്റ്റോറുകളും റിപ്രോഗ്രാഫിക്സും** | | ഇല്ല | അതെ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| **ഓഡിറ്റോറിയം** | പ്രാദേശിക ആവശ്യങ്ങൾ പരിഗണിച്ച് സർവകലാശാല തീരുമാനിക്കുന്നത് | ഇല്ല | ഇല്ല, ഒരു സ്റ്റേജ് മാത്രം | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല, പ്രവൃത്തി പൂർത്തികരിച്ചിട്ടില്ല |
| **ഫസ്റ്റ് എയ്ഡ് കം സിക്ക് റൂം** | പ്രാദേശിക ആവശ്യങ്ങൾ പരിഗണിച്ച് സർവകലാശാല തീരുമാനിക്കുന്നത് | അതെ | ഇല്ല | ഇല്ല | അതെ | അതെ | ഇല്ല | ഇല്ല | അതെ | അതെ |
| **ടോയ്‌ലറ്റുകൾ (സ്ത്രീകൾക്കും പുരുഷൻമാർക്കും)** | കേന്ദ്ര/സംസ്ഥാന പൊതുമരാമത്ത് വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായുള്ള വെള്ളം, വൈദ്യുതി, വെന്റിലേഷൻ, ടോയ്‌ലറ്റുകൾ, സ്വീവറേജ് തുടങ്ങിയ അവശ്യസൗകര്യങ്ങൾ. | 4 | 9 | 2 | 3 | 5 | 3 | 3 | 4 | 6 |
| **ആൺകുട്ടികളുടെ കോമൺ റൂം** | പ്രാദേശിക ആവശ്യങ്ങൾ പരിഗണിച്ച് സർവകലാശാല തീരുമാനിക്കുന്നത് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| **പെൺകുട്ടികളുടെ കോമൺ റൂം** | | അതെ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| **കളിസ്ഥലം / കായിക സൗകര്യങ്ങൾ** | | ഇല്ല | ഇല്ല | ഇല്ല | ഇല്ല | അതെ | ഇല്ല | അതെ | ഇല്ല | അതെ |
| **ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഹോസ്റ്റൽ സൗകര്യങ്ങൾ** | | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| **വാഹനങ്ങൾക്കുള്ള പാർക്കിംഗ് സൗകര്യം** | പ്രത്യേക മാനദണ്ഡങ്ങളൊന്നുമില്ല | ഇല്ല | അതെ | ഇല്ല | അതെ | അതെ | ഇല്ല | അതെ | അതെ | അതെ |

| യു.ഐ.റ്റിയുടെ പേര് | യു.ജി.സി പ്രകാരമുള്ള ആവശ്യകതകൾ | യു.ഐ.റ്റി അടൂർ | യു.ഐ.റ്റി കൊല്ലം | യു.ഐ.റ്റി ഏനാത്ത് | യു.ഐ.റ്റി കരുവാറ്റ | യു.ഐ.റ്റി ശാസ്താംകോട്ട | യു.ഐ.റ്റി മണ്ണടി | യു.ഐ.റ്റി വേളി | യു.ഐ.റ്റി അഴൂർ | യു.ഐ.റ്റി മണ്ണാഞ്ചേരി |
|---|---|---|---|---|---|---|---|---|---|---|
| **ഇന്റർനെറ്റ് സൗകര്യങ്ങളുള്ള കമ്പ്യൂട്ടറുകളുടെ എണ്ണം** | | നെറ്റ് കണക്റ്റിവിറ്റി യുള്ള 21 കമ്പ്യൂട്ടറുകൾ | 19 കമ്പ്യൂട്ടറുകളിൽ മൂന്നെണ്ണത്തിൽ നെറ്റ് കണക്ഷൻ ഉണ്ട് | 19 കമ്പ്യൂട്ടറുകളിൽ ഏഴ് എണ്ണം പ്രവർത്തനക്ഷമമാണ്. നാല് എണ്ണത്തിൽ നെറ്റ് കണക്ഷൻ ഉണ്ട് | 17 കമ്പ്യൂട്ടറുകളിൽ ഒന്നിൽ നെറ്റ് കണക്ഷൻ ഉണ്ട് | 14 കമ്പ്യൂട്ടറുകളിൽ രണ്ടെണ്ണത്തിൽ നെറ്റ് കണക്ഷൻ ഉണ്ട് | വൈഫൈ യുള്ള 20 കമ്പ്യൂട്ടറുകൾ | 3 കമ്പ്യൂട്ടറുകളിൽ ഒന്നിൽ നെറ്റ് കണക്ഷൻ ഉണ്ട് | 28 കമ്പ്യൂട്ടറുകളിൽ. മൂന്നെണ്ണത്തിൽ നെറ്റ് കണക്ഷൻ ഉണ്ട് | നെറ്റ് കണക്ഷൻ ഉള്ള ഒരു കമ്പ്യൂട്ടർ |
| **കാരണങ്ങൾ** | | സ്ഥലത്തിന്റെ അഭാവം – വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു | ക്ലറിക്കൽ സ്റ്റാഫിന്റെ നിയമനം മാത്രമാണ് ആവശ്യം | മറുപടി ലഭ്യമല്ല | പി.ടി.എ ഫണ്ട് പര്യാപ്തമല്ല | പരിമിതമായ സൗകര്യമുള്ള വാടക കെട്ടിടം | സ്ഥലത്തിന്റെ അഭാവം | അപര്യാപ്തതകൾ സർവകലാശാലയിൽ റിപ്പോർട്ട് ചെയ്തു. പുതിയ കെട്ടിടത്തിന്റെ നിർമാണവും നിലവിലുള്ള കെട്ടിടത്തിന്റെ നവീകരണവും പൂർത്തിയാകുന്ന മുറയ്ക്ക് സൗകര്യമൊരുക്കും | സ്ഥിരമായ സംവിധാനത്തിലേയ്ക്ക് മാറാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. യു.ഐ.റ്റിയുടെ സുഗമമായ പ്രവർത്തനത്തിന് കൂടുതൽ ഫണ്ട് ആവശ്യമാണ് | അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സർവകലാശാലയെ നിരന്തരമായി സമീപിച്ചുകൊണ്ടിരിക്കുന്നു. എം.എൽ.എ/ എം.പി ഫണ്ടുകളിൽ നിന്നും പണം കണ്ടെത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

## അനുബന്ധം 5.2

## യു.ഐ.എമ്മുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്

*(പരാമർശം: ഖണ്ഡിക 5.1.1)*

| അടിസ്ഥാന സൗകര്യങ്ങൾ | എ.ഐ.സി.റ്റി.ഇ ഹാൻഡ്ബുക്ക് 2019-20 പ്രകാരമുള്ള ആവശ്യകതകൾ | യു.ഐ.എം അടൂർ | യു.ഐ.എം ആലപ്പുഴ |
|---|---|---|---|
| പ്രവർത്തനം ആരംഭിച്ച വർഷം | | 2005 | 2003 |
| യു.ഐ.എമ്മിന്റെ പ്രവർത്തനം | അനുബന്ധം 4.1 – സാങ്കേതിക സ്ഥാപനങ്ങൾക്കുള്ള ഭൂമി ആവശ്യകത – മാനേജ്മെന്റ് – ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾ (എം.സി.എ/ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ/ എം.ബി.എ) മാത്രം വാഗ്ദാനം ചെയ്യുന്ന സ്ഥാപനങ്ങൾക്ക് ഗ്രാമപ്രദേശങ്ങളിൽ ഒരേക്കറും നഗരപ്രദേശങ്ങളിൽ 0.5 ഏക്കർ ഭൂമിയും ആവശ്യമാണ്. | വാടക കെട്ടിടത്തിൽ | കേരള സർവകലാശാലയുടെ ഉടമസ്ഥതയിലുള്ള 27 സെന്റ് സ്ഥലത്തെ സ്വന്തം കെട്ടിടം |
| ട്യൂട്ടോറിയൽ മുറികൾ | അനുബന്ധം 4.2.1 (ഐ) – ഇൻസ്ട്രക്ഷണൽ ഏരിയ പ്രകാരം മൊത്തം ക്ലാസ് റൂമുകളുടെ 25 ശതമാനം ആവശ്യമാണ്. | അതെ, 4 | ഇല്ല |
| കമ്പ്യൂട്ടർ സെന്റർ | അനുബന്ധം 4.2.1 (ഐ) – ഇൻസ്ട്രക്ഷണൽ ഏരിയ പ്രകാരം ഒരു കമ്പ്യൂട്ടർ സെന്റർ ആവശ്യമാണ് | അതെ, 1 | ഇല്ല |
| ചോദ്യപേപ്പറുകളും ഉത്തരക്കടലാസുകളും സൂക്ഷിക്കുന്നതിനുള്ള സ്ട്രോങ് റൂം | ചോദ്യപേപ്പറുകളും ഉത്തരക്കടലാസുകളും സൂക്ഷിക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങളൊന്നുമില്ല. അദ്ധ്യായം VI – മാനദണ്ഡങ്ങളും ആവശ്യകതകളും – 6.6 (സി) – കാമ്പസിലെ സുരക്ഷാ, ഭദ്രത നടപടികൾ – സ്ഥാപനത്തിന്റെ കാമ്പസിൽ ഉചിതമായ സ്ഥലങ്ങളിൽ സിസിടിവി സ്ഥാപിക്കേണ്ടതാണ്. | അതെ, 1, എന്നാൽ സിസിടിവി ക്യാമറ ഇല്ല | ഇല്ല |
| കാന്റീൻ | എ.ഐ.സി.റ്റി.ഇ ഹാൻഡ് ബുക്ക് 2019-20 അനുബന്ധം 4.2.3 അമെനിറ്റീസ് ഏരിയ – പ്രകാരം ഒരു കഫറ്റീരിയ ആവശ്യമാണ് | ഇല്ല | ഇല്ല |
| സുരക്ഷ | അനുബന്ധം 4.2.2 – അഡ്മിനിസ്ട്രേറ്റീവ് ഏരിയ പ്രകാരം ഒരു മുറി ആവശ്യമാണ് | ഇല്ല | ഇല്ല |
| സ്റ്റേഷനറി സ്റ്റോറുകളും റിപ്രോഗ്രാഫിക്സും | എ.ഐ.സി.റ്റി.ഇ ഹാൻഡ് ബുക്ക് 2019-20 അനുബന്ധം 4.2.3 – അമെനിറ്റീസ് ഏരിയ പ്രകാരം ഒരു മുറി ആവശ്യമാണ് | ഇല്ല | ഇല്ല |
| ഫസ്റ്റ് എയ്ഡ് കം സിക്ക് റൂം | എ.ഐ.സി.റ്റി.ഇ ഹാൻഡ് ബുക്ക് 2019-20 അനുബന്ധം 6, (ഇനം നമ്പർ.26) പ്രകാരം സാങ്കേതിക സ്ഥാപനങ്ങളിൽ അത്യന്താപേക്ഷിതമാണ്. അനുബന്ധം 4.2.3 – അമെനിറ്റീസ് ഏരിയ പ്രകാരം ഒരെണ്ണം ആവശ്യമാണ്. | ഇല്ല | അതെ |
| ആൺകുട്ടികളുടെ കോമൺ റൂം | എ.ഐ.സി.റ്റി.ഇ ഹാൻഡ് ബുക്ക് 2019-20 അനുബന്ധം 4.2.3 – അമെനിറ്റീസ് ഏരിയ പ്രകാരം ഒരെണ്ണം ആവശ്യമാണ്. | ഉണ്ട്, 1 | ഇല്ല |

| അടിസ്ഥാന സൗകര്യങ്ങൾ | എ.ഐ.സി.റ്റി.ഇ ഹാൻഡ്ബുക്ക് 2019–20 പ്രകാരമുള്ള ആവശ്യകതകൾ | യു.ഐ.എം അടൂർ | യു.ഐ.എം ആലപ്പുഴ |
|---|---|---|---|
| പെൺകുട്ടികളുടെ കോമൺ റൂം | എ.ഐ.സി.റ്റി.ഇ ഹാൻഡ് ബുക്ക് 2019–20 അനുബന്ധം 4.2.3 – അമെനിറ്റീസ് ഏരിയ പ്രകാരം ഒരെണ്ണം ആവശ്യമാണ്. | ഉണ്ട്, 1 | ഇല്ല |
| വാഹനങ്ങൾക്കുള്ള പാർക്കിംഗ് സൗകര്യം | മാനദണ്ഡങ്ങളുടെ അനുബന്ധം 6 (ക്രമ നമ്പർ 37) പ്രകാരം സാങ്കേതിക സ്ഥാപനങ്ങളിൽ അത്യന്താപേക്ഷിതമാണ്. | ഇല്ല | ഇല്ല |
| സിസിടിവി ഉള്ള പരീക്ഷാ ഹാളുകൾ | അദ്ധ്യായം VI – മാനദണ്ഡങ്ങളും ആവശ്യകതകളും – 6.6 (സി) – കാമ്പസിലെ സുരക്ഷാ, ഭദ്രത നടപടികൾ – സ്ഥാപനത്തിന്റെ കാമ്പസിൽ ഉചിതമായ സ്ഥലങ്ങളിൽ സിസിടിവി സ്ഥാപിക്കേണ്ടതാണ് | സിസിടിവി ഉള്ള ഹാളുകളില്ല | സിസിടിവി ഉള്ള ഹാളുകളില്ല |
| സ്മാർട്ട് ക്ലാസ് മുറികൾ | അനുബന്ധം 4.2.1 (ഐ) – ഇൻസ്ട്രക്ഷണൽ ഏരിയ – മാനേജ്മെന്റ് (പി.ജി.ഡി.എം/ എം.ബി.എ) പ്രകാരം ഒരു വർഷം ഒരു ഡിവിഷനു വേണ്ടി ഒരു ക്ലാസ് മുറി ആവശ്യമാണ്. ഓരോ ക്ലാസ് മുറിയിലും എൽ.സി.ഡി പ്രൊജക്ടർ, സ്മാർട്ട് ബോർഡ്, ഇന്റർനെറ്റ് കണക്ഷൻ മുതലായവ ഉണ്ടായിരിക്കണം. | ഉണ്ട് | ഇല്ല |
| മാസ്സിവ് ഓപ്പൺ ഓൺലൈൻ കോഴ്സസ് ഫെസിലിറ്റി സെന്ററും ഇന്നൊവേഷൻ ലബോറട്ടറിയും | അനുബന്ധം 4.2.1 (ഐ) – സ്ഥാപനങ്ങൾക്ക് മാസ്സിവ് ഓപ്പൺ ഓൺലൈൻ കോഴ്സസ് ഫെസിലിറ്റി സെന്ററും ഇന്നൊവേഷൻ ലബോറട്ടറിയും ഉണ്ടായിരിക്കണം | ഇല്ല | ഇല്ല |
| ഇന്റർനെറ്റ് സൗകര്യങ്ങളുള്ള കമ്പ്യൂട്ടറുകളുടെ എണ്ണം | അനുബന്ധം 5 – കമ്പ്യൂട്ടറുകൾ / സോഫ്റ്റ്‌വെയർ / ഇന്റർനെറ്റ് / പ്രിന്റർ എന്നിവയ്ക്കുള്ള മാനദണ്ഡങ്ങൾ പ്രകാരം പിസികളുടെ എണ്ണം/ ലാപ്ടോപ്പ്, വിദ്യാർത്ഥി അനുപാതം (കുറഞ്ഞത് 20 പിസികൾ) 1:6 അംഗീകൃത പ്രവേശനം 300 വിദ്യാർത്ഥികൾ വരെ – ഇന്റർനെറ്റ് വേഗത 32 എം.ബി.പി.എസ് ആവശ്യമാണ് | ഹൈ–സ്പീഡ് നെറ്റ് കണക്ഷനുള്ള ഒരു പി.സി | 12 എം.ബി.പി.എസ് നെറ്റ് കണക്ഷനുള്ള ഒരു പിസി |
| സൗകര്യക്കുറവിന്റെ കാരണങ്ങൾ | | വാടക കെട്ടിടത്തിലായതു കാരണമുള്ള പരിമിതികൾ | മറുപടി കിട്ടിയില്ല |

## അനുബന്ധം 5.3

## ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ലഭ്യമായ സൗകര്യങ്ങളുടെ വിശദാംശങ്ങൾ

*(പരാമർശം: ഖണ്ഡിക 5.3)*

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | റാമ്പ് | ബഹുനിലകെട്ടിടങ്ങളിലായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ ലിഫ്റ്റ് | ഭിന്നശേഷി സൗഹൃദ ശൗചാലയങ്ങൾ | ബ്രയിലി സോഫ്റ്റ്‌വെയർ സൗകര്യങ്ങൾ |
|---|---|---|---|---|---|
| 1. | അക്വാട്ടിക് ബയോളജി ആന്റ് ഫിഷറീസ് | ഉണ്ട് | ബഹുനിലകെട്ടിടം-ലിഫ്റ്റ് ഇല്ല | ഉണ്ട് | ഇല്ല |
| 2. | ഫിസിക്സ് | ഉണ്ട് | ബഹുനിലകെട്ടിടം-ലിഫ്റ്റ് ഇല്ല | ഉണ്ട് | ഇല്ല |
| 3. | സൈക്കോളജി | ഇല്ല | ബഹുനിലകെട്ടിടം-ലിഫ്റ്റ് ഇല്ല | ഇല്ല | ഇല്ല |
| 4. | ബോട്ടണി | ഉണ്ട് | ബഹുനിലകെട്ടിടം-ലിഫ്റ്റ് ഇല്ല | ഉണ്ട് | ഇല്ല |
| 5. | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരള | ഉണ്ട് | ബഹുനിലകെട്ടിടം-ലിഫ്റ്റ് ഇല്ല | ഉണ്ട് | ഇല്ല |
| 6. | ബയോടെക്നോളജി | ഉണ്ട് | ബഹുനിലകെട്ടിടം-ലിഫ്റ്റ് ഇല്ല | ഇല്ല | ഇല്ല |
| 7. | സ്റ്റാറ്റിസ്റ്റിക്സ് | ഇല്ല | ബഹുനിലകെട്ടിടം-ലിഫ്റ്റ് ഇല്ല | ഇല്ല | ഇല്ല |
| 8. | കമ്പ്യൂട്ടർ സയൻസ് | ഉണ്ട് | ബഹുനിലകെട്ടിടം-ലിഫ്റ്റ് ഇല്ല | ഇല്ല | ഇല്ല |
| 9. | തമിഴ് | ഉണ്ട് | ബഹുനിലകെട്ടിടം-ലിഫ്റ്റ് ഉണ്ട് | ഉണ്ട് | ഇല്ല |
| 10. | മലയാളം | ഉണ്ട് | ബഹുനിലകെട്ടിടം-ലിഫ്റ്റ് ഉണ്ട് | ഉണ്ട് | ഇല്ല |
| 11. | ലിംഗ്വിസ്റ്റിക്സ് | ഉണ്ട് | ബഹുനിലകെട്ടിടം-ലിഫ്റ്റ് ഉണ്ട് | ഉണ്ട് | ഇല്ല |
| 12. | ഫ്യൂച്ചർ സ്റ്റഡീസ് | ഇല്ല | ബഹുനിലകെട്ടിടം-ലിഫ്റ്റ് ഇല്ല | ഇല്ല | ഇല്ല |
| 13. | പൊളിറ്റിക്കൽ സയൻസ് | ഉണ്ട് | ബഹുനിലകെട്ടിടം-ലിഫ്റ്റ് ഇല്ല | ഉണ്ട് | ഇല്ല |
| 14. | ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് | ഇല്ല | ബഹുനിലകെട്ടിടം-ലിഫ്റ്റ് ഇല്ല | ഇല്ല | ഇല്ല |
| 15. | യു.ഐ.റ്റി വേളി | ഇല്ല | ഒറ്റനില കെട്ടിടം | ഇല്ല | ഇല്ല |
| 16. | യു.ഐ.റ്റി അഴൂർ | ഇല്ല | ഒറ്റനില കെട്ടിടം | ഇല്ല | ഇല്ല |
| 17. | യു.ഐ.റ്റി അടൂർ | ഇല്ല | ഒറ്റനില കെട്ടിടം | ഉണ്ട് | ഇല്ല |
| 18. | യു.ഐ.റ്റി മണ്ണടി | ഇല്ല | ഒറ്റനില കെട്ടിടം | ഇല്ല | ഇല്ല |
| 19. | യു.ഐ.റ്റി മണ്ണാഞ്ചേരി | ഉണ്ട് | ഒറ്റനില കെട്ടിടം | ഇല്ല | ഇല്ല |
| 20. | യു.ഐ.റ്റി കൊല്ലം | ഉണ്ട് | ബഹുനിലകെട്ടിടം -ലിഫ്റ്റ് ഇല്ല | ഇല്ല | ഇല്ല |
| 21. | യു.ഐ.റ്റി ശാസ്താംകോട്ട | ഇല്ല | ഒറ്റനില കെട്ടിടം | ഉണ്ട് | ഇല്ല |
| 22. | യു.ഐ.റ്റി കരുവാറ്റ | ഉണ്ട് | ഒറ്റനില കെട്ടിടം | ഉണ്ട് | ഇല്ല |
| 23. | യു.ഐ.റ്റി ഏത്തൂർ | ഉണ്ട് | ഒറ്റനില കെട്ടിടം | ഇല്ല | ഇല്ല |
| 24. | യു.ഐ.എം അടൂർ | ഇല്ല | ബഹുനിലകെട്ടിടം -ലിഫ്റ്റ് ഇല്ല | ഇല്ല | ഇല്ല |
| 25. | യു.ഐ.എം ആലപ്പുഴ | ഇല്ല | ബഹുനിലകെട്ടിടം -ലിഫ്റ്റ് ഇല്ല | ഇല്ല | ഇല്ല |
| 26. | കെ.യു.സി.റ്റി.ഇ കാര്യവട്ടം | ഇല്ല | ബഹുനിലകെട്ടിടം -ലിഫ്റ്റ് ഇല്ല | ഇല്ല | ഇല്ല |
| 27. | കെ.യു.സി.റ്റി.ഇ അഞ്ചൽ | ഇല്ല | ബഹുനിലകെട്ടിടം -ലിഫ്റ്റ് ഇല്ല | ഇല്ല | ഇല്ല |
| 28. | കെ.യു.സി.റ്റി.ഇ ആര്യാട് | ഉണ്ട് | ഒറ്റനില കെട്ടിടം | ഉണ്ട് | ഇല്ല |
| 29. | യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടം | ഉണ്ട് | ബഹുനിലകെട്ടിടം -ലിഫ്റ്റ് ഇല്ല | ഇല്ല | ഇല്ല |

## അനുബന്ധം 5.4

## സോഫ്റ്റ്‌വെയർ /വെബ്സൈറ്റുകളുടെ സുരക്ഷാ ഓഡിറ്റുമായി ബന്ധപ്പെട്ട വിവരങ്ങൾ

*(പരാമർശം: ഖണ്ഡിക 5.4.4)*

| ക്രമ നമ്പർ | ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറിന്റെ പേര് | സോഫ്റ്റ്‌വെയർ വികസിപ്പിച്ച വർഷം | സർവകലാശാലയിൽ വികസിപ്പിച്ചതാണോ പുറത്ത് നിന്ന് വാങ്ങിയതാണോ | സോഫ്റ്റ്‌വെയറിൽ നിന്നും സാമ്പത്തിക റിപ്പോർട്ടുകൾ തയ്യാറാക്കുന്നുണ്ടോ | സുരക്ഷാ ഓഡിറ്റ് നടത്തിയിട്ടുണ്ടോ (അതെ/ ഇല്ല) | സുരക്ഷാ ഓഡിറ്റ് നടത്തിയ ഏജൻസിയുടെ പേര് | ചുമതലപ്പെടുത്തിയ സോഫ്റ്റ്‌വെയർ സുരക്ഷാ ഓഡിറ്റിന്റെ പുരോഗതി |
|---|---|---|---|---|---|---|---|
| 1. | കേരള സർവകലാശാലയുടെ ഔദ്യോഗികവെബ്സൈറ്റ് | 2016 | സർവകലാശാലയിൽ | ഇല്ല | അതെ | സി-ഡാക് | പുരോഗമിക്കുന്ന ആദ്യതലം റിപ്പോർട്ട് ചെയ്തു |
| 2. | പ്രവേശന സോഫ്റ്റ്‌വെയർ (യുജി, പിജി, സി.എസ്.എസ് പി.ജി, എം.ഫിൽ, ബി.എഡ്, എം.ബി.എ, ഐ.എം.കെ, യു.ഐ.എം, ഈവനിങ്, എം.ടെക്) | പിജി-2011, യുജി-2012, സി.എസ്.എസ് പി.ജി -2016, എം.ബി.എ - 2017, എംടെക് - 2018, ബി.എഡ്-2020 | സർവകലാശാലയിൽ | ഇല്ല | ഇല്ല | | |
| 3. | ഓൺലൈൻ പെയ്മെന്റ് പോർട്ടൽ | 2017 | സർവകലാശാലയിൽ | അതെ | ഇല്ല | | |
| 4. | ഐക്യുഎസി വെബ്സൈറ്റ് | 2016 | സർവകലാശാലയിൽ | ഇല്ല | ഇല്ല | | |
| 5. | റഗുലർ അധ്യാപക തസ്തികകൾക്കുള്ള റിക്രൂട്ട്മെന്റ് സോഫ്റ്റ്‌വെയർ | 2017 | സർവകലാശാലയിൽ | ഇല്ല | ഇല്ല | | |
| 6. | കെയുസിസി വെബ്സൈറ്റ് | 2018 | സർവകലാശാലയിൽ | ഇല്ല | ഇല്ല | | |
| 7. | ഐക്യുഎസിയ്ക്കുള്ള വിവരശേഖരണം | 2019 | സർവകലാശാലയിൽ | ഇല്ല | ഇല്ല | | |
| 8. | കരാർ അധ്യാപക തസ്തികകളിലേക്കുള്ള റിക്രൂട്ട്മെന്റ് സോഫ്റ്റ്‌വെയർ | 2019 | സർവകലാശാലയിൽ | ഇല്ല | ഇല്ല | | |
| 9. | ഡിജിറ്റൽ ഗാർഡൻ | 2020 | സർവകലാശാലയിൽ | ഇല്ല | ഇല്ല | | |
| 10. | യൂകെഏഏ വെബ്സൈറ്റ് | 2020 | സർവകലാശാലയിൽ | ഇല്ല | ഇല്ല | | |
| 11. | അനധ്യാപക കരാർ തസ്തികകളിലേക്കുള്ള റിക്രൂട്ട്മെന്റ് സോഫ്റ്റ്‌വെയർ | 2020 | സർവകലാശാലയിൽ | ഇല്ല | ഇല്ല | | |
| 12. | കാഷ്വൽ തൊഴിലാളികൾക്കുള്ള റിക്രൂട്ട്മെന്റ് സോഫ്റ്റ്‌വെയർ (ദിവസവേതനം) | 2020 | സർവകലാശാലയിൽ | ഇല്ല | ഇല്ല | | |
| 13. | ക്യാഷ് കൗണ്ടർ സോഫ്റ്റ്‌വെയർ | 2015 | സർവകലാശാലയിൽ | അതെ | ഇല്ല | | |
| 14. | വാർഷിക സ്കീം വിദ്യാർത്ഥികൾക്കുള്ള പരീക്ഷ രജിസ്ട്രേഷൻ | 2015 | സർവകലാശാലയിൽ | ഇല്ല | ഇല്ല | | |

| ക്രമ നമ്പർ | ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറിന്റെ പേര് | സോഫ്റ്റ്‌വെയർ വികസിപ്പിച്ച വർഷം | സർവകലാശാലയിൽ വികസിപ്പിച്ചതാണോ പുറത്ത് നിന്ന് വാങ്ങിയതാണോ | സോഫ്റ്റ്‌വെയറിൽ നിന്നും സാമ്പത്തിക റിപ്പോർട്ടുകൾ തയ്യാറാക്കുന്നുണ്ടോ | സുരക്ഷാ ഓഡിറ്റ് നടത്തിയിട്ടുണ്ടോ (അതെ/ ഇല്ല) | സുരക്ഷാ ഓഡിറ്റ് നടത്തിയ ഏജൻസിയുടെ പേര് | ചുമതലപ്പെടുത്തിയ സോഫ്റ്റ്‌വെയർ സുരക്ഷാ ഓഡിറ്റിന്റെ പുരോഗതി |
|---|---|---|---|---|---|---|---|
| 15. | വാർഷിക സ്കീം വിദ്യാർത്ഥികൾക്കുള്ള പ്രവേശന പോർട്ടൽ | 2015 | സർവകലാശാലയിൽ | ഇല്ല | ഇല്ല | | |
| 16. | എസ്.ഡി.ഇ സെമസ്റ്റർ വിദ്യാർത്ഥികൾക്കുള്ള പരീക്ഷാ രജിസ്ട്രേഷൻ പോർട്ടൽ | 2017 | സർവകലാശാലയിൽ | ഇല്ല | ഇല്ല | | |
| 17. | ഗവേഷണ പ്രവേശനം | 2014 | സർവകലാശാലയിൽ | ഇല്ല | ഇല്ല | | |
| 18. | ഗവേഷണ പോർട്ടൽ | 2010 | സർവകലാശാലയിൽ | ഇല്ല | ഇല്ല | | |
| 19. | ഡിഡിഎഫ്എസ് | | പുറത്ത് നിന്ന് | | ഇല്ല | | |
| 20. | സി വി ക്യാമ്പ് | 2014 | സർവകലാശാലയിൽ | ഇല്ല | ഇല്ല | | |
| 21. | പരീക്ഷാ പോർട്ടൽ | 2018 | സർവകലാശാലയിൽ | ഇല്ല | അതെ | ഐടി മിഷൻ | |
| 22. | ഹോസ്റ്റൽ പോർട്ടൽ | 2017 | സർവകലാശാലയിൽ | ഇല്ല | ഇല്ല | | |
| 23. | ഹോസ്റ്റൽ പോർട്ടൽ പുതിയത് | 2020 | സർവകലാശാലയിൽ | ഇല്ല | ഇല്ല | | |
| 24. | ഇൻഡക്സ് കാർഡ് | 2012 | സർവകലാശാലയിൽ | ഇല്ല | ഇല്ല | | |
| 25. | മൈഗ്രേറ്റിങ് ജോലികൾ(സ്റ്റേജിങ് സെർവർ) | 2013 | സർവകലാശാലയിൽ | ഇല്ല | ഇല്ല | | |
| 26. | ഓൺലൈൻ പരീക്ഷ | 2017 | സർവകലാശാലയിൽ | ഇല്ല | ഇല്ല | | |
| 27. | കായിക വിദ്യാഭ്യാസ പോർട്ടൽ | 2017 | സർവകലാശാലയിൽ | ഇല്ല | ഇല്ല | | |
| 28. | എസ്ഡിഇ ഭരണ നിർവ്വഹണം | | സർവകലാശാലയിൽ | ഇല്ല | ഇല്ല | | |
| 29. | എസ്ഡിഇ പ്രവേശനം | | സർവകലാശാലയിൽ | ഇല്ല | ഇല്ല | | |
| 30. | എസ്ഡിഇ വിദ്യാർത്ഥി പോർട്ടൽ സെമസ്റ്റർ രജിസ്ട്രേഷൻ സീ ഏ മാർക്ക് പ്രസിദ്ധീകരണ ഫീസ് രജിസ്ട്രേഷൻ | | സർവകലാശാലയിൽ | ഇല്ല | ഇല്ല | | |
| 31. | പ്രൈവറ്റ് രജിസ്ട്രേഷൻ പ്രവേശനം പരീക്ഷാ രജിസ്ട്രേഷൻ പോർട്ടൽ പ്രൈവറ്റ് രജിസ്ട്രേഷൻ അഡ്മിഷൻ -സ്റ്റാഫ് | 2015 | സർവകലാശാലയിൽ | | ഇല്ല | | |
| 32. | കാമ്പസ് ലൈബ്രറി സ്റ്റാഫ് അഡ്മിൻ പേജ് | 2019 | സർവകലാശാലയിൽ | | ഇല്ല | | |
| 33. | കാമ്പസ് ലൈബ്രറി ഒപിഎസി | 2019 | സർവകലാശാലയിൽ | | ഇല്ല | | |
| 34. | കേരള സർവകലാശാല ലേണിങ് മാനേജ്മെന്റ് സംവിധാനം (മൂഡിൽ) | 2019 | സർവകലാശാലയിൽ | | ഇല്ല | | |
| 35. | കേരള സർവകലാശാലയുടെ ഒപിഎസി-ലൈബ്രറി | 2017 | സർവകലാശാലയിൽ | | ഇല്ല | | |

| ക്രമ നമ്പർ | ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറിന്റെ പേര് | സോഫ്റ്റ്‌വെയർ വികസിപ്പിച്ച വർഷം | സർവകലാശാലയിൽ വികസിപ്പിച്ചതാണോ പുറത്ത് നിന്ന് വാങ്ങിയതാണോ | സോഫ്റ്റ്‌വെയറിൽ നിന്നും സാമ്പത്തിക റിപ്പോർട്ടുകൾ തയ്യാറാക്കുന്നുണ്ടോ | സുരക്ഷാ ഓഡിറ്റ് നടത്തിയിട്ടുണ്ടോ (അതെ/ ഇല്ല) | സുരക്ഷാ ഓഡിറ്റ് നടത്തിയ ഏജൻസിയുടെ പേര് | ചുമതലപ്പെടുത്തിയ സോഫ്റ്റ്‌വെയർ സുരക്ഷാ ഓഡിറ്റിന്റെ പുരോഗതി |
|---|---|---|---|---|---|---|---|
| 36. | ജേണലുകളിലും പത്രങ്ങളിലും പ്രസിദ്ധീകരിച്ച ലേഖനങ്ങളുടെ ബിബ്ലിയോഗ്രാഫിക് വിവരങ്ങൾ | 2020 | സർവകലാശാലയിൽ | | ഇല്ല | | |
| 37. | ഒഫിഷ്യൽ മെയിൽ മാനേജ്മെന്റ് പോർട്ടൽ | 2016 | സർവകലാശാലയിൽ | | ഇല്ല | | |
| 38. | കേരള സർവകലാശാല അധ്യാപകരുടെ ജേണലുകളുടേയും പ്രസിദ്ധീകരണങ്ങളുടേയും വിവരങ്ങൾ | 2019 | സർവകലാശാലയിൽ | | ഇല്ല | | |
| 39. | ബി.ടെക്, ബി.ടെക് പാർട്ട് ടൈം കോഴ്സുകളുടെ ടാബുലേഷൻ സോഫ്റ്റ്‌വെയർ | 2002 | സർവകലാശാലയിൽ | | ഇല്ല | | |
| 40. | ബി.ടെക് റിസ്ട്രക്ചേഡ് കോഴ്സുകളുടെ ടാബുലേഷൻ സോഫ്റ്റ്‌വെയർ | 2012 | സർവകലാശാലയിൽ | | ഇല്ല | | |
| 41. | ബി.ആർക്ക് കോഴ്സിന്റെ ടാബുലേഷൻ സോഫ്റ്റ്‌വെയർ | 2011 | സർവകലാശാലയിൽ | | ഇല്ല | | |
| 42. | ബി.എഡ് കോഴ്സിന്റെ ടാബുലേഷൻ സോഫ്റ്റ്‌വെയർ | 2008 | സർവകലാശാലയിൽ | | ഇല്ല | | |
| 43. | ബി.എഡ് സ്പെഷ്യൽ എജ്യുക്കേഷൻ കോഴ്സിന്റെ ടാബുലേഷൻ സോഫ്റ്റ്‌വെയർ | 2015 | സർവകലാശാലയിൽ | | ഇല്ല | | |
| 44. | ബി.പി.എഡ് സ്പെഷ്യൽ എജ്യുക്കേഷൻ കോഴ്സിന്റെ ടാബുലേഷൻ സോഫ്റ്റ്‌വെയർ | 2013 | സർവകലാശാലയിൽ | | ഇല്ല | | |
| 45. | പി.ജി സ്പെഷ്യൽ എജ്യുക്കേഷൻ കോഴ്സിന്റെ ടാബുലേഷൻ സോഫ്റ്റ്‌വെയർ | 2001 | സർവകലാശാലയിൽ | | ഇല്ല | | |
| 46. | എം.ടെക് സ്പെഷ്യൽ എജ്യുക്കേഷൻ കോഴ്സിന്റെ ടാബുലേഷൻ സോഫ്റ്റ്‌വെയർ | 2011 | സർവകലാശാലയിൽ | | ഇല്ല | | |
| 47. | എം.ബി.എ സ്പെഷ്യൽ എജ്യുക്കേഷൻ കോഴ്സിന്റെ ടാബുലേഷൻ സോഫ്റ്റ്‌വെയർ | 2011 | സർവകലാശാലയിൽ | | ഇല്ല | | |
| 48. | എം.സി.എ സ്പെഷ്യൽ എജ്യുക്കേഷൻ കോഴ്സിന്റെ ടാബുലേഷൻ സോഫ്റ്റ്‌വെയർ | 2011 | സർവകലാശാലയിൽ | | ഇല്ല | | |
| 49. | എൽ.എൽ.ബി സ്പെഷ്യൽ എജ്യുക്കേഷൻ കോഴ്സിന്റെ ടാബുലേഷൻ സോഫ്റ്റ്‌വെയർ | 2011 | സർവകലാശാലയിൽ | | ഇല്ല | | |
| 50. | ബി.എം.എം.എ.എം സ്പെഷ്യൽ എജ്യുക്കേഷൻ കോഴ്സിന്റെ ടാബുലേഷൻ സോഫ്റ്റ്‌വെയർ | 2015 | സർവകലാശാലയിൽ | | ഇല്ല | | |

| ക്രമ നമ്പർ | ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറിന്റെ പേര് | സോഫ്റ്റ്‌വെയർ വികസിപ്പിച്ച വർഷം | സർവകലാശാലയിൽ വികസിപ്പിച്ചതാണോ പുറത്ത് നിന്ന് വാങ്ങിയതാണോ | സോഫ്റ്റ്‌വെയറിൽ നിന്നും സാമ്പത്തിക റിപ്പോർട്ടുകൾ തയ്യാറാക്കുന്നുണ്ടോ | സുരക്ഷാ ഓഡിറ്റ് നടത്തിയിട്ടുണ്ടോ (അതെ/ ഇല്ല) | സുരക്ഷാ ഓഡിറ്റ് നടത്തിയ ഏജൻസിയുടെ പേര് | ചുമതലപ്പെടുത്തിയ സോഫ്റ്റ്‌വെയർ സുരക്ഷാ ഓഡിറ്റിന്റെ പുരോഗതി |
|---|---|---|---|---|---|---|---|
| 51. | സി.ബി.സി.എസ് പ്രയർ ടു 2013 കോഴ്സിന്റെ ടാബുലേഷൻ സോഫ്റ്റ്‌വെയർ | 2010 | സർവകലാശാലയിൽ | | ഇല്ല | | |
| 52. | സി.ബി.സി.എസ് 2013 കോഴ്സിന്റെ ടാബുലേഷൻ സോഫ്റ്റ്‌വെയർ | 2013 | സർവകലാശാലയിൽ | | ഇല്ല | | |
| 53. | ബി.എസ്.സി ഇലക്ട്രോണിക്സ്/ കമ്പ്യൂട്ടർ സയൻസ്/ബി.ബി.എ (2008) ന്റെ ടാബുലേഷൻ സോഫ്റ്റ്‌വെയർ | 2008 | സർവകലാശാലയിൽ | | ഇല്ല | | |
| 54. | ബി.എസ്.സി ഇലക്ട്രോണിക്സ്/ കമ്പ്യൂട്ടർ സയൻസ്/ബി.ബി.എ (2005) ന്റെ ടാബുലേഷൻ സോഫ്റ്റ്‌വെയർ | 2005 | സർവകലാശാലയിൽ | | ഇല്ല | | |
| 55. | ബി.വോക് കോഴ്സിന്റെ ടാബുലേഷൻ സോഫ്റ്റ്‌വെയർ | 2014 | സർവകലാശാലയിൽ | | ഇല്ല | | |
| 56. | ബി.എച്ച്.എം കോഴ്സിന്റെ ടാബുലേഷൻ സോഫ്റ്റ്‌വെയർ | 2014 | സർവകലാശാലയിൽ | | ഇല്ല | | |
| 57. | ഹിയറിങ് ഇമ്പയേഡ് ടാബുലേഷൻ സോഫ്റ്റ്‌വെയർ | 2013 | സർവകലാശാലയിൽ | | ഇല്ല | | |
| 58. | ആന്വൽ സ്കീം ടാബുലേഷൻ സോഫ്റ്റ്‌വെയർ | 2014 | സർവകലാശാലയിൽ | | ഇല്ല | | |
| 59. | സി.എസ്.എസ്സിന്റെ ഒഫിഷ്യൽ വെബ്സൈറ്റ്, കേരള സർവകലാശാല | 2020 | സർവകലാശാലയിൽ | | ഇല്ല | | |

## അനുബന്ധം 5.5

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള അനുമതിയില്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ പട്ടിക

*(പരാമർശം: ഖണ്ഡിക 5.5.1)*

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | കെട്ടിട പെർമിറ്റ് നമ്പർ | പൂർത്തീകരിച്ച തീയതി | ഓക്യുപൻസി സർട്ടിഫിക്കറ്റ് (സാങ്ഷൻ നമ്പർ) |
|---|---|---|---|---|
| 1 | ജിയോളജി വകുപ്പിൽ ജിയോളജിക്കൽ മ്യൂസിയവും റോക്ക് ഗാർഡനും നിർമ്മിക്കുന്നത് (സിവിൽ ഇലക്ട്രിക്കൽ പ്രവൃത്തികൾ) | അപേക്ഷിച്ചിട്ടില്ല | 17.03.2020 | അപേക്ഷിച്ചിട്ടില്ല |
| 2 | സ്കൂളുകൾക്ക് വേണ്ടിയുള്ള പ്ലാറ്റിനം ജൂബിലി അക്കാദമിക് സമുച്ചയം (സിവിൽ ഇലക്ട്രിക്കൽ പ്രവൃത്തികൾ) | അപേക്ഷിച്ചിട്ടില്ല | 31.12.2018 | അപേക്ഷിച്ചിട്ടില്ല |
| 3 | കാര്യവട്ടം കാമ്പസിലെ മൾട്ടിപർപ്പസ് കോൺഫറൻസ് ഹാൾ | അപേക്ഷിച്ചിട്ടില്ല | പൂർത്തിയാക്കിയിട്ടില്ല | അപേക്ഷിച്ചിട്ടില്ല |
| 4 | സെനറ്റ് ഹൗസ് കാമ്പസിലെ മൾട്ടിപർപ്പസ് ഇൻഡോർ കോർട്ട് | കെട്ടിട പെർമിറ്റിന് അപേക്ഷിച്ചു. ഫയൽ നം. ഇ11/ബിഎ/0237/2014 | 18.05.2016 | അപേക്ഷിച്ചിട്ടില്ല |
| 5 | പാളയത്തെ സർവകലാശാല ലൈബ്രറിയുടെ മുകളിലേക്കുള്ള വിപുലീകരണം | കെട്ടിട പെർമിറ്റിന് അപേക്ഷിച്ചു. ഫയൽ നം. ഇ10/ബിഎ/0251/2015 | 18.06.2018 | അപേക്ഷിച്ചിട്ടില്ല |
| 6 | കാര്യവട്ടം കാമ്പസിലെ വനിത ഹോസ്റ്റൽ കെട്ടിടത്തിന്റെ മുകളിലേക്കുള്ള വിപുലീകരണം | അപേക്ഷിച്ചിട്ടില്ല | 23.03.2017 | അപേക്ഷിച്ചിട്ടില്ല |
| 7 | കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിനു വേണ്ടി പുതിയ കെട്ടിടത്തിന്റെ നിർമ്മാണം | അപേക്ഷിച്ചിട്ടില്ല | 15.11.2016 | അപേക്ഷിച്ചിട്ടില്ല |
| 8 | സെനറ്റ് ഹൗസ് കാമ്പസിലെ വിദ്യാർത്ഥികളുടെ അമിനിറ്റി സെന്ററിന്റെ നിർമ്മാണം | കെട്ടിട പെർമിറ്റിന് അപേക്ഷിച്ചു. ഫയൽ നം. ഇ11/ബിഎ/0274/2014 | 26.11.2016 | അപേക്ഷിച്ചിട്ടില്ല |
| 9 | കാര്യവട്ടത്ത് റൂസഫണ്ട് ഉപയോഗിച്ച് എസ്.ഐ.സി.സി കെട്ടിടത്തിന്റെ നിർമ്മാണം | അപേക്ഷിച്ചിട്ടില്ല | 24.12.2018 | അപേക്ഷിച്ചിട്ടില്ല |
| 10 | കമ്പ്യൂട്ടർ സയൻസ് കെട്ടിടത്തിന്റെ ഒന്നാം നില വിപുലീകരണം | അപേക്ഷിച്ചിട്ടില്ല | 16.01.2018 | അപേക്ഷിച്ചിട്ടില്ല |
| 11 | ഐഎംകെ-ഐഡിഇ കെട്ടിടത്തിന്റെ മുകളിലേക്കുള്ള വിപുലീകരണം | കെട്ടിട പെർമിറ്റിന് അപേക്ഷിച്ചു. ഫയൽ നം. ഇ11/ബിഎ/0237/2014 | പൂർത്തിയാക്കിയിട്ടില്ല | അപേക്ഷിച്ചിട്ടില്ല |
| 12 | സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയ്ക്ക് വേണ്ടി പുതിയ കെട്ടിടത്തിന്റെ നിർമ്മാണം | അപേക്ഷിച്ചിട്ടില്ല | 02.05.2019 | അപേക്ഷിച്ചിട്ടില്ല |
| 13 | എൻവയോൺമെന്റ് സയൻസ് വിഭാഗത്തിന്റെ പുതിയ ബ്ലോക്കിന്റെ മുകളിലേക്കുള്ള വിപുലീകരണം(രണ്ട് നിലകൾ) | അപേക്ഷിച്ചിട്ടില്ല | 08.06.2019 | അപേക്ഷിച്ചിട്ടില്ല |
| 14 | സെനറ്റ് ഹൗസ് കാമ്പസിലെ പുതിയ കാന്റീൻ കെട്ടിടത്തിന്റെ നിർമ്മാണം | അപേക്ഷിച്ചിട്ടില്ല | 06.11.2015 | അപേക്ഷിച്ചിട്ടില്ല |
| 15 | സെനറ്റ് ഹൗസ് കാമ്പസിലെ സി.ഇ കെട്ടിടത്തിന്റെ വിപുലീകരണം | അപേക്ഷിച്ചിട്ടില്ല | 31.01.2019 | അപേക്ഷിച്ചിട്ടില്ല |
| 16 | ബയോഡൈവേഴ്സിറ്റി കെട്ടിടത്തിന്റെ നിർമ്മാണം | അപേക്ഷിച്ചിട്ടില്ല | 18.07.2019 | അപേക്ഷിച്ചിട്ടില്ല |

## അനുബന്ധം 5.6

## കാലതാമസം വന്ന/പൂർത്തിയാകാത്ത പ്രവൃത്തികൾ

***(പരാമർശം: ഖണ്ഡിക 5.5.2)***

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | അനുമതി ലഭിച്ച തീയതിയും ഭരണാനുമതി ലഭിച്ച തുകയും | ഇപ്പോഴത്തെ സ്ഥിതി | കാലതാമസത്തിന്റെ കാരണം |
|---|---|---|---|---|
| 1. | ജിയോളജിക്കൽ മ്യൂസിയവും റോക്ക് ഗാർഡനും | 2012 ജൂലൈയിലും 2013 ആഗസ്റ്റിലും ഭരണാനുമതി: ₹2 കോടി | ₹1.39 കോടി ചെലവിൽ സിവിൽ ഇലക്ട്രിക്കൽ പ്രവൃത്തികൾ പൂർത്തീകരിച്ച (2020 മാർച്ച്). ഇന്റീരിയർ വർക്കുകൾ, ലാൻഡ് സ്കേപ്പിങ്, ഉപകരണങ്ങൾ വാങ്ങുന്നത് എന്നിവയുൾപ്പെട്ട ബാക്കി പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. | ആർക്കിടെക്ചറൽ കൺസൾട്ടന്റ് 2014 ജൂണിൽ തന്നെ വിശദമായ എസ്റ്റിമേറ്റും രൂപരേഖയും നൽകിയിരുന്നെങ്കിലും, നിരവധി പൊരുത്തക്കേടുകൾ കണ്ടു എസ്റ്റിമേറ്റ് പൂർണ്ണരൂപത്തിലായിരുന്നുമില്ല. അന്തിമ എസ്റ്റിമേറ്റുകളും രൂപരേഖയും 2015 ഫെബ്രുവരിയിൽ മാത്രമാണ് കൺസൾട്ടന്റ് സമർപ്പിച്ചത്. 2015 ജൂണിൽ സിവിൽ പ്രവൃത്തികൾക്ക് ദർഘാസ് ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ തുകയുള്ള കരാറുകാരന് പ്രവൃത്തി നൽകുകയും ചെയ്തു. മരങ്ങൾ മുറിക്കുന്നതിനെതിരെയുള്ള വിദ്യാർത്ഥികളുടെ പ്രക്ഷോഭം കാരണം പദ്ധതിയുടെ സ്ഥാനം മറ്റൊരിടത്തേയ്ക്ക് മാറ്റി. 2016 ജനുവരിയിൽ മാത്രമാണ് പുതിയ സ്ഥലം കരാറുകാരന് കൈമാറിയത്.<br>സിവിൽ പ്രവൃത്തികൾ പൂർത്തിയാക്കേണ്ടത് 2016 ഒക്ടോബറിലായിരുന്നു. (സ്ഥലം കൈമാറിയ തീയതി മുതൽ 270 ദിവസങ്ങൾ). എന്നാൽ സിവിൽ പ്രവൃത്തികൾ 2020 മാർച്ചിൽ മാത്രമാണ് പൂർത്തിയായത്. അതേ സമയം, പദ്ധതിയുടെ സ്ഥാനം മാറിയതുകാരണം എസ്റ്റിമേറ്റ് പുതുക്കേണ്ടിവന്നു. അത് കൺസൾട്ടന്റ് 2017 നവംബറിൽ മാത്രമാണ് സമർപ്പിച്ചത്. സർവകലാശാലയ്ക്ക് പൂർണ്ണതോതിൽ പ്രവർത്തിക്കുന്ന ഒരു എഞ്ചിനീയറിംഗ് വിഭാഗമുണ്ടായിരുന്നിട്ടും, പുതുക്കിയ എസ്റ്റിമേറ്റ് പ്രായോഗികമാണോ എന്നറിയാനായി വിദഗ്ധ അഭിപ്രായം ലഭ്യമാക്കാൻ സർവകലാശാല തീരുമാനിച്ചു (2018 ഫെബ്രുവരി). ഒരു വിദഗ്ധ അഭിപ്രായം ലഭിച്ചതിനുശേഷം പുതുക്കിയ എസ്റ്റിമേറ്റ് സർവ്വകലാശാല 2019 ഫെബ്രുവരിയിൽ അംഗീകരിച്ചു.<br>അങ്ങനെ തടസ്സരഹിതമായ ഭൂമി നൽകുന്നതിലും പുതുക്കിയ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിലും സർവകലാശാലയുടെ ഭാഗത്തുനിന്നുണ്ടായ കാലതാമസവും കൺസൾട്ടന്റിന്റേയും കരാറുകാരന്റേയും ഭാഗത്തു നിന്നുണ്ടായ കാലതാമസവും പദ്ധതി പൂർത്തീകരിക്കാതിരിക്കാൻ കാരണമായി.<br>പ്രവൃത്തിയുടെ നടത്തിപ്പിലുണ്ടായ കാലതാമസത്തിന് കരാറുകാരനിൽ നിന്നും ₹14.90 ലക്ഷം പിഴയായി ഈടാക്കിയതായി കണ്ടു. |
| ജിയോളജിക്കൽ മ്യൂസിയവും റോക്ക്ഗാർഡനും– പ്രവൃത്തി 2020 മാർച്ച് 17ന് എല്ലാ അർത്ഥത്തിലും പൂർത്തിയായതായും ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ₹14.90 ലക്ഷം പിഴയായി ഈടാക്കിയതായും സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13).<br>പുതുക്കിയ എസ്റ്റിമേറ്റുകൾ അംഗീകരിക്കുന്നതിൽ സർവകലാശാലയുടെ ഭാഗത്തുനിന്നുണ്ടായ കാലതാമസത്തിനെ സംബന്ധിച്ച് മൗനം പാലിക്കുന്നതിനാൽ മറുപടി അംഗീകരിക്കത്തക്കതല്ല. കൂടാതെ എസ്റ്റിമേറ്റുകളും രൂപരേഖയും നൽകിയതിലെ കാലതാമസത്തിനും ഇന്റീരിയർ വർക്കുകളുടേയും ലാൻഡ് സ്കേപ്പിങ്ങിന്റേയും രൂപരേഖ സമർപ്പിക്കാത്തതിനും കൺസൾട്ടന്റിൽ നിന്നും പിഴ ഈടാക്കുന്നതിൽ സർവകലാശാല പരാജയപ്പെട്ടു. 2020 മാർച്ചിൽ സിവിൽ പ്രവൃത്തികൾ പൂർത്തിയായെങ്കിലും ലാൻഡ് സ്കേപ്പിങ്ങിന്റേയും ഇന്റീരിയർ പ്രവൃത്തികളുടേയും പ്രവൃത്തികൾ തുടങ്ങാതിരുന്നതിനാൽ പദ്ധതി ഇനിയും പൂർത്തിയായിട്ടില്ല (2021 ആഗസ്റ്റ്). | | | | |

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | അനുമതി ലഭിച്ച തീയതിയും ഭരണാനുമതി ലഭിച്ച തുകയും | ഇപ്പോഴത്തെ സ്ഥിതി | കാലതാമസത്തിന്റെ കാരണം |
|---|---|---|---|---|
| 2. | കേരള സർവകലാശാല ലൈബ്രറിയുടെ മുകളിലേക്കുള്ള വിപുലീകരണം | 2011 മാർച്ച് ഭരണാനുമതി: ₹ 3 കോടി | 2018 ജൂണിൽ സിവിൽ പ്രവൃത്തികൾ പൂർത്തിയാക്കുകയും ഇലക്ട്രിക്കൽ പ്രവൃത്തികൾ 2020 ഒക്ടോബറിൽ കരാറുകാരനെ ഏൽപിക്കുകയും ചെയ്തു. ലിഫ്റ്റിന്റെയും എയർകണ്ടീഷണറിന്റെയും സപ്ലൈയും സ്ഥാപിക്കലും പരിശോധനയും ഇപ്പോഴും പൂർത്തിയാക്കിയിട്ടില്ല (2021 ആഗസ്റ്റ്). ഇതുവരെ ₹1.15 കോടി ചെലവായിട്ടുണ്ട്. | 2014 ജനുവരിയിൽ സർവകലാശാല, ആർക്കിടെക്ചറൽ കൺസൾട്ടന്റുമായി രൂപരേഖയും എസ്റ്റിമേറ്റും 12 ആഴ്ചയ്ക്കകം സമർപ്പിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് കരാറിലേർപ്പെട്ടു. എന്നാൽ കൺസൾട്ടന്റ് 2015 ജൂലൈയിൽ മാത്രമാണ് സമർപ്പിച്ചത്. സമർപ്പിച്ച എസ്റ്റിമേറ്റിൽ പൊരുത്തക്കേടുകളുണ്ടെന്നും ബിൽ ഓഫ് ക്വാണ്ടിറ്റീസ് സമർപ്പിച്ചിട്ടില്ലെന്നും സർവകലാശാല എഞ്ചിനീയർ റിപ്പോർട്ട് ചെയ്തു. അതനുസരിച്ച് എസ്റ്റിമേറ്റിന്റെ അന്തിമ പകർപ്പും ബിൽ ഓഫ് ക്വാണ്ടിറ്റീസും കൺസൾട്ടന്റ് 2015 ഡിസംബറിൽ സമർപ്പിച്ചു.<br>തുടർന്ന്, പ്രവൃത്തിയുടെ ദർഘാസ് ക്ഷണിക്കുകയും ഒരു കരാറുകാരന് 2016 ഫെബ്രുവരിയിൽ പ്രവൃത്തികരാർ നൽകുകയും ചെയ്തു. സ്ഥലം 2016 ഫെബ്രുവരിയിൽ കൈമാറുകയും പൂർത്തീകരണതീയതി 2016 ഡിസംബർ ആയി തീരുമാനിക്കുകയും ചെയ്തു. (സ്ഥലം കൈമാറി 300 ദിവസത്തിനകം)<br>പ്രവൃത്തി പുരോഗമിക്കവേ, കൺസൾട്ടന്റ് നൽകിയ രൂപരേഖയിൽ പുതുക്കൽ ആവശ്യമുണ്ടെന്ന് കണ്ടെത്തി. അതനുസരിച്ച് കൺസൾട്ടന്റ് രൂപരേഖ പുതുക്കുകയും 2017 ഫെബ്രുവരിയിൽ സമർപ്പിക്കുകയും ചെയ്തു. ഇത് സിവിൽ പ്രവൃത്തികൾക്ക് കാലതാമസമുണ്ടാക്കാൻ ഇടയാക്കി.<br>സിവിൽ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ കാലതാമസം നേരിട്ടതിനാൽ ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് കരാർ നൽകിയിരുന്ന (2016 ഡിസംബർ) കരാറുകാരൻ കരാർ റദ്ദാക്കാൻ ആവശ്യപ്പെട്ടു. ഇലക്ട്രിക്കൽ പ്രവൃത്തികൾ വീണ്ടും ദർഘാസ് ചെയ്യുകയും (2019 ഒക്ടോബർ) ഒരു കരാറുകാരന് 2020 ഒക്ടോബറിൽ നൽകുകയും ചെയ്തു.<br>എസ്റ്റിമേറ്റുകളും രൂപരേഖയും സമർപ്പിക്കുന്നതിൽ കൺസൾട്ടന്റിനുണ്ടായ കാലതാമസവും സിവിൽപ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കരാറുകാരന്റെ ഭാഗത്തുണ്ടായ കാലതാമസവും സർവകലാശാല എഞ്ചിനീയറിങ് വിഭാഗത്തിന്റെ ഭാഗത്തുനിന്നുള്ള പരിശോധനയുടെ കുറവും പ്രവൃത്തി പൂർത്തിയാകാത്തതിന് കാരണമായി.<br>കാലതാമസത്തിന് ₹50,000-ഉം ₹1.50 ലക്ഷവും യഥാക്രമം കൺസൾട്ടന്റിൽ നിന്നും കരാറുകാരനിൽ നിന്നും പിഴയായി ചുമത്തിയതായി കണ്ടു. എന്നാൽ രൂപരേഖ തയ്യാറാക്കുന്നതിന് 20 മാസത്തെ കാലതാമസത്തിനും തദ്വാരാ പ്രവൃത്തിയുടെ ദർഘാസ് ക്ഷണിക്കുന്നതിന് കാലതാമസമുണ്ടായതിനും കാരണക്കാരനായ കൺസൾട്ടന്റിന് പിഴ ചുമത്തിയില്ല. |

പാളയത്തെ കേരള സർവകലാശാല ലൈബ്രറിയുടെ മുകളിലേക്കുള്ള വിപുലീകരണത്തിന്റെ സിവിൽ പ്രവൃത്തികൾ 18.06.2018 നും ഇലക്ട്രിക്കൽ പ്രവൃത്തികൾ 16.04.2021 നും പൂർത്തിയായതായി സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13).
മറുപടി അംഗീകരിക്കത്തക്കതല്ല. കൺസൾട്ടന്റും സർവകലാശാല എഞ്ചിനീയർമാരും കരാറുകാരും തമ്മിൽ മതിയായ ഏകോപനമില്ലാത്തതിനാൽ സിവിൽ പ്രവൃത്തികളും ഇലക്ട്രിക്കൽ പ്രവൃത്തികളും നിർവ്വഹിക്കുന്നതിൽ കാലതാമസമുണ്ടാവുകയും മറ്റു മൈനർ പ്രവൃത്തികൾ (ലിഫ്റ്റ്, എയർകണ്ടീഷണർ തുടങ്ങിയവ സ്ഥാപിക്കുന്നത്) പൂർത്തിയാവാതിരിക്കുകയും ഉദ്ദേശിച്ച ഗുണഫലം ലഭ്യമാവാതിരിക്കുന്നതിന് കാരണമാവുകയും ചെയ്തു. കെട്ടിടം ഇതുവരെയും ഉപയോഗിക്കാനായിട്ടില്ല (2021 ആഗസ്റ്റ്) കൂടാതെ, കൺസൾട്ടന്റുമായി 01.01.2014 ൽ കരാറിൽ ഏർപ്പെട്ടിട്ടും ഇ-ടെണ്ടറിങ്ങിനുവേണ്ട അന്തിമ ബിൽ ഓഫ് ക്വാണ്ടിറ്റി 03.12.2015-നുമാത്രമാണ് സമർപ്പിച്ചത്. ഇതു കാരണം ഇ-ടെണ്ടറിങ്ങിന് (08.01.2016) കാലതാമസം നേരിട്ടു. ഇതിന് പിഴയീടാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | അനുമതി ലഭിച്ച തീയതിയും ഭരണാനുമതി ലഭിച്ച തുകയും | ഇപ്പോഴത്തെ സ്ഥിതി | കാലതാമസത്തിന്റെ കാരണം |
|---|---|---|---|---|
| 3. | സെനറ്റ് ഹൗസ് കാമ്പസിലെ പഴയ ഗസ്റ്റ് ഹൗസിന്റെ പുനരുദ്ധാരണം | 2016 ഡിസംബർ ഭരണാനുമതി: ₹55 ലക്ഷം | പ്രവൃത്തിയുടെ പുരോഗതിയിലെ മന്ദത കാരണം കരാറുകാരന്റെ റിസ്ക് ആന്റ് കോസ്റ്റിൽ കരാർ അവസാനിപ്പിച്ചു. (2019 ഒക്ടോബർ) പ്രവൃത്തി റൂസാഫണ്ടിൽ നിന്നും ഒഴിവാക്കിയതിനാൽ ധനലഭ്യതയില്ലായ്മ കാരണം പ്രവൃത്തി പുനർ ക്രമീകരിക്കാനായില്ലെന്ന് സർവകലാശാല അറിയിച്ചു. | സ്ഥലം കൈമാറിയതിനുശേഷം 180 ദിവസത്തിനകം പൂർത്തീകരണ കാലാവധി നിഷ്കർഷിച്ചാണ് പ്രവൃത്തി കരാറുകാരനെ ഏൽപ്പിച്ചത് (2017 നവംബർ). സ്ഥലം കരാറുകാരന് 2017 ഡിസംബറിൽ കൈമാറി. പ്രവൃത്തി പൂർത്തീകരിക്കാനുള്ള കർശനിർദ്ദേശം സിൻഡിക്കേറ്റ് നൽകിയിട്ടും 2018 ഡിസംബറിൽ പ്രവൃത്തിയുടെ ആറു ശതമാനം മാത്രമേ കരാറുകാരന് പൂർത്തീകരിക്കാനായുള്ളൂ. റൂസ പരിശോധകസംഘം പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തിയതിനുശേഷം റൂസ ഫണ്ട് ധനസഹായത്തിൽ നിന്നും ഒഴിവാക്കാൻ തീരുമാനിച്ചു. പ്രവൃത്തിയുടെ മന്ദഗതിയിലുള്ള പുരോഗതികാരണം കരാറുകാരന്റെ റിസ്ക് ആന്റ് കോസ്റ്റിൽ കരാർ അവസാനിപ്പിച്ചു (2019 ഒക്ടോബർ). പൊതുമരാമത്ത് വകുപ്പ് മാനുവലിൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരം, റിസ്ക് ആന്റ് കോസ്റ്റ് തുക കരാറുകാരനിൽ നിന്നും സർവകലാശാല ഇനിയും ഈടാക്കേണ്ടതുണ്ടെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. കൂടാതെ,കരാറുകാരനെതിരായി ഒരു സിവിൽ നടപടിയും ഫയൽചെയ്തിട്ടില്ല. ബാക്കി നിന്ന പ്രവൃത്തി പൂർത്തിയാക്കാൻ സർവകലാശാല ഒരു നടപടിയുമെടുത്തിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഇക്കാരണങ്ങളാൽ, വിവിധ സെക്ഷനുകൾ, എസ്.ബി.ഐ ശാഖ തുടങ്ങിയവ സ്ഥിതി ചെയ്യുന്ന ഗസ്റ്റ് ഹൗസ് ജീർണ്ണാവസ്ഥയിൽ തുടരുന്നു. |
| സെനറ്റ് ഹൗസ് കാമ്പസിലെ പഴയ ഗസ്റ്റ് ഹൗസ് കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവൃത്തിയുടെ ആദ്യത്തെ കരാർ കരാറുകാരന്റെ റിസ്ക് ആന്റ് കോസ്റ്റിൽ അവസാനിപ്പിച്ചതായും പ്രവൃത്തി പുനർദർഘാസ് ചെയ്യുകയും 05.09.2021 ൽ തുറക്കുകയും ചെയ്തതായും സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13) കരാർ പൂർത്തിയായതിനുശേഷം മാത്രമേ ആദ്യത്തെ കരാറുകാരന്റെ ബാധ്യത തിട്ടപ്പെടുത്താനാകൂ. പ്രവൃത്തികൾ പൂർത്തിയാക്കിയതിനുശേഷം പണം ഈടാക്കാനുള്ള നടപടികളെടുക്കും.<br>പൊതുമരാമത്ത് വകുപ്പ് മാനുവലിന്റെ സെക്ഷൻ 2116.2–ൽ[65] പ്രതിപാദിച്ചിരിക്കുന്ന പ്രകാരം റിസ്ക് ആന്റ് കോസ്റ്റ് ക്ലോസ് നടപ്പാക്കുന്നതിനെ സംബന്ധിച്ചും സെക്ഷൻ 2117–ൽ[66] പറഞ്ഞിരിക്കുന്ന പ്രകാരം ബാക്കിയായ പ്രവൃത്തി ഏർപ്പാടാക്കുന്നതിനെ സംബന്ധിച്ചും മറുപടി നിശ്ശബ്ദമാണ്. പൊതുമരാമത്ത് വകുപ്പ് മാനുവൽ (2116.2.1) നിബന്ധനകൾ പ്രകാരം ബാക്കിയായ പ്രവൃത്തിയുടെ അംഗീകൃതനിരക്കനുസരിച്ചുള്ള ചെലവിന്റെ 30 ശതമാനം മറ്റൊരു കരാറുകാരന് പ്രവൃത്തി നൽകാതെ തന്നെ സർവകലാശാലയ്ക്ക് ഈടാക്കാവുന്നതായിരുന്നു. അതിനാൽ പ്രവൃത്തി പൂർത്തിയാകാൻ കാത്തിരിക്കുകയാണെന്നുള്ള സർവകലാശാലയുടെ മറുപടി അംഗീകരിക്കത്തക്കതല്ല. | | | | |
| 4. | മറൈൻ മ്യൂസിയം സ്ഥാപിക്കുന്നത് | 2012 ജൂലൈയിലും 2013 ആഗസ്റ്റിലും ഭരണാനുമതി: ₹2 കോടി | പ്രവൃത്തി പൂർത്തിയായിട്ടില്ല കോവിഡ്–19 മഹാമാരികാരണം സംസ്ഥാനമൊട്ടാകെ ലോക്ക് ഡൗൺ ആയിരുന്നതിനാൽ 2021 ആഗസ്റ്റുവരെ സമയം നീട്ടി നൽകിയതായി സർവകലാശാല അറിയിച്ചു (2021 സെപ്റ്റംബർ). ഇപ്പോൾ കരാറുകാരൻ വീണ്ടും 75 ദിവസം കൂടി നീട്ടി | ജില്ലാ പഞ്ചായത്ത് ആക്കുളത്ത് സർവകലാശാലയ്ക്ക് കൈമാറി നൽകിയ ഭൂമിയിലാണ് പദ്ധതി നടപ്പാക്കാനുദ്ദേശിച്ചിരുന്നത്. എന്നാൽ, ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച തർക്കം കാരണം നിർദ്ദിഷ്ടസ്ഥലത്ത് പ്രവൃത്തി പുരോഗമിക്കാനായില്ല. തുടർന്ന്, 2017 മാർച്ചിൽ, കാര്യവട്ടത്തെ സർവ്വകലാശാലാ കാമ്പസിൽ മ്യൂസിയം സ്ഥാപിക്കാനുള്ള പുതുക്കിയ നിർദ്ദേശം സമർപ്പിച്ചു. അതനുസരിച്ച്, മറൈൻ മ്യൂസിയത്തിന്റെ സിവിൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സിൻഡിക്കേറ്റ് അംഗീകരിക്കുകയും (2019 ഡിസംബർ) ഒരു കരാറുകാരനെ പ്രവൃത്തി ഏൽപ്പിക്കുകയും ചെയ്തു. (2020 സെപ്റ്റംബർ) 2020 ഡിസംബറിൽ പുതിയ സ്ഥലം 180 |

[65] കരാറുകാരൻ കൃത്യസമയത്തിന് സ്ഥലം ഏറ്റെടുക്കാത്ത പക്ഷം കരാർ അവസാനിപ്പിക്കുന്നതിനെ സംബന്ധിച്ച്

[66] എത്രയും പെട്ടെന്ന് (കരാർ അവസാനിപ്പിച്ച് 90 ദിവസങ്ങൾക്കകം)

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | അനുമതി ലഭിച്ച തീയതിയും ഭരണാനുമതി ലഭിച്ച തുകയും | ഇപ്പോഴത്തെ സ്ഥിതി | കാലതാമസത്തിന്റെ കാരണം |
|---|---|---|---|---|
| | | | നൽകാൻ അപേക്ഷിച്ചിരിക്കുകയാണ്. പ്രവൃത്തി പുരോഗമിക്കുന്നു. | ദിവസത്തിനകം പൂർത്തീകരിക്കാൻ കരാറുകാരന് കൈമാറുകയും ചെയ്തു. (പൂർത്തീകരിക്കേണ്ട തീയതി 2021 ജൂൺ 14).<br>അങ്ങനെ, തടസരഹിതമായ ഭൂമി കണ്ടെത്തുന്നതിലെ സർവകലാശാലയുടെ പരാജയം കാരണം 2013-ൽ അംഗികാരം നൽകിയ പദ്ധതി, ഇപ്പോഴും പൂർത്തിയാകാതെ അവശേഷിക്കുന്നു. |
| മറൈൻ മ്യൂസിയം സ്ഥാപിക്കാൻ പ്രവൃത്തി കരാറുകാരന് നൽകിയത് 2020 സെപ്റ്റംബറിലാണെന്ന് സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13). പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. ഇലക്ട്രിക്കൽ പ്രവൃത്തിയുടെ ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. ദർഘാസ് തുറക്കുന്നത് 23.11.2021 ലാണ്.<br>2012-13 ലും 2013-14 ലും പദ്ധതിയ്ക്കുവേണ്ടി ₹ ഒരു കോടി വീതം അനുവദിച്ചതിനാൽ മറുപടി അംഗീകരിക്കത്തക്കതല്ല. ₹69.00 ലക്ഷം എസ്റ്റിമേറ്റ് തുകയോടുകൂടി തുടങ്ങിയത് സിവിൽ പ്രവൃത്തികൾ മാത്രമായിരുന്നു. മ്യൂസിയത്തിനാവശ്യമായ മാതൃകകളുടെ ശേഖരം പ്രദർശനത്തിനുവേണ്ട സൗകര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഇനിയും ആരംഭിച്ചിട്ടില്ല. ഏഴ് വർഷം മുൻപ് സർക്കാർ ₹ രണ്ട് കോടി അനുവദിച്ചിട്ടും സമുദ്രങ്ങളുടെ പ്രസക്തിയെക്കുറിച്ചും അതിലെ ജൈവവൈവിധ്യത്തെക്കുറിച്ചും മനസിലാക്കാനും ടാക്സോണമിസ്റ്റുകൾക്കും ബയോ ടെക്നോളജിസ്റ്റുകൾക്കും അവരുടെ ഗവേഷണം തുടരാനുമാവശ്യമായ ഒരു പഠനോപാധിയായി ഒരു മറൈൻ മ്യൂസിയം സ്ഥാപിക്കുന്നതിന്റെ ലക്ഷ്യങ്ങൾ നേടിയെടുക്കാനായില്ല. | | | | |
| 5. | ഐ.എം.കെ-ഐ.ഡി.ഇ കെട്ടിടത്തിന്റെ മുകളിലേക്കുള്ള വിപുലീകരണം | 2017 മാർച്ച് ഭരണാനുമതി: ₹2.15 കോടി | 2021 ജനുവരി വരെ 35 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു. പിഴയീടാക്കാതെ പ്രവൃത്തി പൂർത്തിയാക്കാൻ അഞ്ച് മാസം സമയം നൽകണമെന്ന് കരാറുകാരൻ അപേക്ഷിച്ചു (2021 ജൂലൈ). | 2017 ജൂണിൽ സിവിൽ പ്രവൃത്തികൾക്ക് ദർഘാസ് ക്ഷണിക്കുകയും ഒരു കരാറുകാരനെ ഏൽപ്പിക്കുകയും ചെയ്തു. സ്ഥലം കൈമാറ്റം ചെയ്ത് 240 ദിവസത്തിനകം പ്രവൃത്തി പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ, നിർദ്ദിഷ്ട സ്ഥലത്ത് പഴയ കേടായ ഫർണീച്ചറുകളും ഉപയോഗശൂന്യമായ വസ്തുക്കളും കൂട്ടിയിട്ടിരുന്നതിനാൽ 2019 മാർച്ചിൽ മാത്രമേ സർവകലാശാലയ്ക്ക് സ്ഥലം കൈമാറാനായുള്ളൂ എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. തുടർന്ന്, കരാറുകാരൻ പ്രവൃത്തി ആരംഭിച്ചെങ്കിലും പ്രവൃത്തിയുടെ പുരോഗതി മന്ദഗതിയിലായിരുന്നതിനാൽ 2021 ജനുവരിയിൽ 35 ശതമാനം മാത്രമേ പൂർത്തീകരിക്കാനായുള്ളൂ.<br>കൂടാതെ, കെട്ടിടത്തിന്റെ താഴത്തെ നില സർവകലാശാല പരീക്ഷാപേപ്പറുകൾ സൂക്ഷിക്കാനായി ഉപയോഗിക്കുന്നത് പ്രവൃത്തി നടത്താൻ തടസ്സമുണ്ടാക്കുന്നതായി കരാറുകാരൻ സർവകലാശാലയെ അറിയിച്ചു. എന്നാൽ സർവകലാശാല ഈ കാര്യത്തിൽ ഒരു തീരുമാനം. ഇതുവരെയും എടുത്തിട്ടില്ല.<br>അങ്ങനെ, തടസരഹിതമായ സ്ഥലം കൈമാറുന്നതിൽ സർവകലാശാലയ്ക്കുണ്ടായ കാലതാമസം പദ്ധതിയുടെ പൂർത്തീകരണത്തിന് കാലതാമസം നേരിടുന്നതിനിടയാക്കി. |
| സെനറ്റ് ഹൗസ് കാമ്പസിലെ ഐ.എം.കെ-ഐ.ഡി.ഇ കെട്ടിടത്തിന്റെ മുകളിലേക്കുള്ള വിപുലീകരണത്തിൽ പ്രവൃത്തിയിലുണ്ടായ പ്രധാനപ്പെട്ട കാലതാമസം കരാറുകാരന്റെ ഭാഗത്തുനിന്നാണുണ്ടായതെന്ന് സർക്കാർ മറുപടി നൽകി (2021 ഡിസംബർ 13). കരാർ പ്രകാരം പ്രവൃത്തി 22.11.2019 ന് പൂർത്തിയാക്കേണ്ടതായിരുന്നു. പൂർത്തീകരണ കാലാവധി നീട്ടിനൽകാനുള്ള അനുബന്ധ കരാറിലേർപ്പെടുന്നതിൽ കരാറുകാരൻ പരാജയപ്പെട്ടു. അതിനാൽ, കാരണം കാണിക്കൽ നോട്ടീസ് നൽകുകയും മറുപടിയായി കരാറുകാരൻ ലീഗൽ നോട്ടീസ് നൽകുകയും ചെയ്തു.<br>കരാറിലേർപ്പെട്ട് 18 മാസത്തെ കാലതാമസത്തിനുശേഷമാണ് സ്ഥലം കൈമാറിയതെന്നതിനാൽ മറുപടി അംഗീകരിക്കത്തക്കതല്ല. കൂടാതെ, കരാറുകാരൻ പൂർത്തീകരണ സമയം നീട്ടി നൽകാൻ അപേക്ഷിച്ചില്ലെങ്കിലും, പൂർത്തികരണ കാലാവധി കഴിഞ്ഞിട്ടും സർവകലാശാല കരാർ നിർത്തലാക്കാനുള്ള ഒരു നടപടിയുമെടുത്തില്ല. അങ്ങനെ, സർവകലാശാലയുടെ അടിസ്ഥാനസൗകര്യങ്ങൾ ശക്തിപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ട് 2013 സെപ്റ്റംബറിൽ ആരംഭിച്ച പദ്ധതി, തടസരഹിതമായ ഭൂമി കൈമാറുന്നതിന്റെ കാലതാമസവും സർവകലാശാല അധികൃതരുടെ നിരീക്ഷണത്തിന്റെയും മേൽനോട്ടത്തിന്റെയും അഭാവവും കാരണം ഇതുവരെയും പൂർത്തീകരിക്കാനായിട്ടില്ല (2021 ആഗസ്റ്റ്). | | | | |




© ഇന്ത്യയുടെ കംപ്ട്രോളർ ആന്റ്
ഓഡിറ്റർ ജനറൽ
https://cag.gov.in

https://cag.gov.in/ag1/kerala/en